
# കരയോഗ സൗഹൃദം


*സത്യം പരം ധീമഹീ*

**Rs. 6**

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം** **Pages 68**

വാല്യം - 13 ലക്കം - 11 തുലാം - 1197 നവംബർ 2021

# എറണാകുളം കരയോഗം നവരാത്രി ആഘോഷം - 2021





# എഡിറ്റോറിയൽ

## ആവർത്തിക്കുന്ന പ്രളയദുരന്തങ്ങൾ

പ്രകൃതിയുടെ സംഹാരതാണ്ഡവം വീണ്ടും. ഒക്ടോബർ 15, 16 തീയതികളിലുണ്ടായ അമിതവർഷം മൂലം ആർത്തിരമ്പി ഒഴുകിയ ജലപ്രവാഹത്തിൽ നഷ്ടമായത് 30-ഓളം ജീവനുകൾ. ഇടുക്കി, കോട്ടയം ജില്ലകളുടെ പാരിസ്ഥിതികമായി അതീവ ലോലപ്രദേശങ്ങളിൽ താമസിച്ചിരുന്ന ഹതഭാഗ്യരായ പാവം ജനങ്ങൾക്കാണ് ജീവൻ നഷ്ടമായത്. ജീവനാശത്തിൽ നിന്നും കഷ്ടിച്ച് രക്ഷപെട്ട ആയിരങ്ങളുടെ അവസ്ഥ അതിദയനീയമാണ്. ഒരു ജീവിതകാലം മുഴുവനും വിയർപ്പൊഴുക്കി, അധ്വാനിച്ച് കരുപ്പിടിപ്പിച്ചത് സകലതും ഒറ്റ നിമിഷം കൊണ്ട് ഇല്ലാതാകുന്നത് കണ്ട് മാറത്തടിച്ച് നിലവിളിക്കുന്ന ജനങ്ങളുടെ ദു:ഖം വർണ്ണനാതീതമാണ്.

ആ രണ്ട് ദിവസം കൊണ്ട് അത്രയും പ്രദേശങ്ങൾ ശരിക്ക് പ്രേതഭൂമിക്കു സമാനമായ ദുരന്തനുഭൂമിയായി മാറി. ഏതാണ്ട് 60-ൽ പരം സ്ഥലങ്ങളിൽ ചെറുതും വലുതുമായ ഉരുൾ പൊട്ടലുകൾ ഉണ്ടായതായാണ് പറയപ്പെടുന്നത്. തുടർച്ചയായി നമ്മുടെ സംസ്ഥാനത്തിന്റെ ചില പ്രത്യേക പ്രദേശങ്ങൾ ഇതുപോലെയുള്ള പ്രകൃതിദുരന്തങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടേയിരിക്കുന്നു. ഇതിനൊരു പരിഹാരം കാണേണ്ടേ? അതോ ഓരോ ദുരന്തം കഴിയുന്തോറും നാം കാണുന്ന രാഷ്ട്രീയ മുതലക്കണ്ണുനീരും ആരൊക്കെയോ നല്കുന്ന സഹായങ്ങളും കിറ്റുകളും വാങ്ങി വെറുതെയിരുന്നാൽ മതിയോ?

# ഉള്ളടക്കം

വാല്യം 13 | ലക്കം 11 | നവംബർ 2021


എഡിറ്റോറിയൽ.......... 3
സെക്രട്ടറിയുടെ പംക്തി.......... 6
ബാലലോകം.......... 8
വാസ്തു.......... 12
ക്ഷേത്രങ്ങളിലൂടെ.......... 14
ശ്രീമഹാഭാഗവതം.......... 17
രാമായണത്തിലെ സ്ത്രീ സാന്നിധ്യം.......... 22
ബോറഡി നല്ലതാണ്.......... 25
ആരോഗ്യം.......... 27
സംഭവാമി യുഗേ യുഗേ ഗൂഢാർത്ഥം.......... 32
.ഭാരതത്തിന്റെ ശാസ്ത്ര പൈതൃകം.......... 37
ബ്രഹ്മവും ജഗത്തും.......... 39
പാതഞ്ജലയോഗദർശനം.......... 44
അംബ.......... 46
ശാസ്ത്രഗവേഷണം.......... 49
ശരീരത്രയങ്ങൾ.......... 52
പുരുഷാർത്ഥങ്ങൾ.......... 56
മിന്നലാട്ടം.......... 58
മാസഫലം.......... 62
മാട്രിമോണിയൽ.......... 63


## പത്രാധിപസമിതി


ആലപ്പാട്ട് മുരളീധരൻ (മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ

ഏറ്റവും കൂടുതൽ ദുരിതം വിതച്ചത് കൂട്ടിക്കലിലാണ്. മണിമലയാറിന്റെ ഒരു പോഷക നദിയായ പുല്ലകയാറിനോട് ചേർന്ന് കിടക്കുന്ന ഒരു പ്രദേശമാണ് കൂട്ടിക്കൽ. ഇതിന്റെ സമീപ പ്രദേശങ്ങളായ മുണ്ടക്കയം, കൊക്കയാർ തുടങ്ങിയ പ്രദേശങ്ങളിലും മലവെള്ളം പാഞ്ഞൊഴുകിയെങ്കിലും കൂട്ടിക്കലിലെ പോലെ നാശം വിതച്ചില്ല. കൂട്ടിക്കൽ അതിലോലമായ മലപ്രദേശമാണെന്ന് നേരത്തെ തന്നെ കണ്ടെത്തിയിട്ടുള്ളതാണ്. 16-ാം തീയതി രാവിലെ തുടങ്ങിയ മലവെള്ളപ്പാച്ചിൽ ഏതാണ്ട് ഒരു മണിവരെ തുടർന്നു. കലിതുള്ളി ആർത്തിരമ്പിയ മലവെള്ളത്തിൽ പെട്ട് കടപുഴകിയ വൃക്ഷങ്ങളും കല്ലും മണ്ണും വീടുകളും എല്ലാം ഒഴുകിപ്പോയി. പ്രാണരക്ഷാർത്ഥം ജനങ്ങൾ എവിടെയൊക്കെയോ ഓടിക്കയറി-ഉടുതുണിക്ക് മറുതുണിയില്ലാതെ, എല്ലാം നഷ്ടപ്പെട്ട്. ഇതിനിടയിൽ ഒരു വീടും ആ വീട്ടിൽ ഉണ്ടായിരുന്ന 6 പേരും അങ്ങനെ തന്നെ വെള്ളത്തിൽ ഒഴുകിപ്പോയി. അവശേഷിച്ച വീടുകളിലൊക്കെത്തന്നെ 5 ഉം 6ഉം അടി പൊക്കത്തിൽ മണ്ണും ചെളിയും കല്ലും എല്ലാം നിറഞ്ഞ് കിടക്കുകയാണ്. ഇതെല്ലാം വൃത്തിയാക്കി താമസയോഗ്യമാക്കി എടുക്കണമെങ്കിൽ കുറഞ്ഞത് 6 മാസമെങ്കിലും എടുക്കും.

2018-ൽ ഉണ്ടായ വമ്പിച്ച പ്രളയവും അതേ തുടർന്നുണ്ടായ ആളപായവും നാശനഷ്ടങ്ങളും ഇപ്പോഴും മറക്കാറായിട്ടില്ല. വീണ്ടും തുടരെത്തുടരെ ഇങ്ങനെ ദുരന്തങ്ങൾ ആവർത്തിക്കുമ്പോഴും നാം അവലംബിക്കുന്ന ഈ നിസ്സംഗത - ഇത് ഭയാനകമാണ്. ഇങ്ങനെയുള്ള ദുരന്തങ്ങൾ ഉണ്ടാവുമെന്നും അതുണ്ടാവാതിരിക്കണമെങ്കിൽ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും പ്രൊഫ. മാധവ് ഗാഡ്ഗിൽ 2011ൽ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ട് കേരളത്തിലെ മലകളെ മാത്രമല്ല, പശ്ചിമഘട്ടമല നിരകളെക്കുറിച്ച് മുഴുവനായുള്ള സമഗ്രമായ ഒരു പഠന റിപ്പോർട്ട് ആണ്. ഈ മലനിരകളിലെ ഓരോ പ്രദേശത്തെക്കുറിച്ചും വളരെ വിശദമായ പഠനങ്ങൽക്ക് ശേഷമാണ് അദ്ദേഹം ആ റിപ്പോർട്ട് തയ്യാറാക്കിയത്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഈ മലനിരകളെ നാലായി തരംതിരിച്ചിട്ടുണ്ട്. ഒന്നാമത്തേത് പാരിസ്ഥിതികമായി അതീവ ലോലപ്രദേശം രണ്ടാമത്തേത് ലോലപ്രദേശം. മൂന്നാമത്തേത് താരതമ്യേന ലോലപ്രദേശം എന്ന് കണക്കാക്കാവുന്ന സ്ഥലം നാലാമത്തേത് സംരക്ഷിതവനമേഖല. ഇതിൽ പാരിസ്ഥിതികമായി അതിലോലപ്രദേശം എന്ന് കാണിച്ചിട്ടുള്ള സ്ഥലങ്ങളാണ് കൊക്കയാറും കൂട്ടിക്കലും. അതുപോലെതന്നെ മുണ്ടക്കയത്തും പെരുവന്താനത്തും ഈ ഒന്നാം സോണിൽ വരുന്ന അതീവലോലപ്രദേശങ്ങളുണ്ട്. ഇവിടങ്ങളിൽ ചെയ്യാവുന്നതും ചെയ്യരുതാത്തതുമായ പ്രവർത്തികൾ ഗാഡ്ഗിൻ വളരെ വിശദമായി തന്റെ റിപ്പോർട്ടിൽ പ്രതിപാദിപ്പിട്ടുണ്ട്. പക്ഷെ ജനങ്ങളുടെ ജീവനും സുരക്ഷയും ഉറപ്പാക്കേണ്ടവർ അത് മറന്ന് വോട്ട് ബാങ്ക് പ്രീണനം നടത്തുവാൻ അന്ന് സമരക്കാരോടൊപ്പം നില്ക്കുകയായിരുന്നല്ലോ. 'ഗാഡ്ഗിൽ ഗൊ ബാക്ക്' പ്ലാക്കാർഡുമായി കുറെ ആളുകൾ സമരരംഗത്തിറങ്ങിയപ്പോൾ. ഗാഡ്ഗിൽ റിപ്പോർട്ട് കിട്ടിയ ശേഷവും നമ്മുടെ മലനിരകളെ കാർന്ന് തിന്നുന്ന ജെ സി ബി കളും പാതാളം വരെ തുരന്ന് പാറപൊട്ടിക്കുന്ന ക്വോറിപ്രവർത്തനങ്ങളും നിർബാധം തുടരുകയാണ്. ഏറെ അതിശയം മരണപ്പെട്ടവരുടെ ബന്ധുക്കൾ ഉൾപ്പെടെ നാശനഷ്ടങ്ങൾ സംഭവിച്ചവരിൽ പോലും ചിലർ ഇപ്പോഴും ഗാഡ്ഗിൽ റിപ്പോർട്ടിനെ തള്ളി പറയുന്ന അത്ഭുതപ്രതിഭാസമാണ് നാം കാണുന്നത്. ഇത്തരക്കാരെ മുമ്പിൽ നിർത്തിയാണ് ചിലർ രാഷ്ട്രീയം കളിക്കുന്നതും. എങ്ങനെ ഈ നാട് നന്നാവും-ചിന്തിക്കുക.

കഴിഞ്ഞ മാസം കേരളത്തിലുണ്ടായ പ്രളയക്കെടുതിയെക്കുറിച്ചും നാശഷ്ടങ്ങളെക്കുറിച്ചും ജീവനാശങ്ങളെപ്പറ്റിയും പ്രൊഫ. മാധവ് ഗാഡ്ഗിൽ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. കേരളത്തിലെ പ്രകൃതി ധ്വംസനങ്ങൾ ജനങ്ങൾ ഒരു തരത്തിലും അനുവദിക്കരുത് എന്നും നാശനഷ്ടങ്ങളുടെയും ദുരന്തങ്ങളുടെയും വേദനിപ്പിക്കുന്ന വാർത്തകൾ കേട്ട് അതീവദുഖിതനാണ് താനെന്നും അദ്ദേഹം പറഞ്ഞു. പാരിസ്ഥിതിക ദുർബ്ബലപ്രദേശങ്ങൾ ഖനനത്തിനും, കൊള്ളയ്ക്കും വിട്ടുകൊടുക്കുന്ന സർക്കാർ വരും തലമുറയോട് മഹാപാപമാണ് ചെയ്യുന്നത്. ഈ തലമുറ എല്ലാം അനുഭവിക്കേണ്ടി വരും. തുടർന്ന് അനുഭവിക്കാൻ വരും തലമുറ ഉണ്ടാവണമെന്നില്ല എന്നും അദ്ദേഹം പറഞ്ഞു. ഇതിൽ പരം ഒരു മുന്നറിയിപ്പ് നമുക്ക് തരാനുണ്ടോ? എന്നിട്ടും ചെയ്യേണ്ടവർ ഉറക്കം നടിക്കുന്നു. എന്തു ചെയ്യാം, സഹിക്കാം, അത്ര തന്നെ.

ഈ പ്രളയവേളയിൽ കടൽക്ഷോഭമുണ്ടാകാതിരുന്നതു കാരണം കുട്ടനാട് രക്ഷപെട്ടു. കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളിലടക്കം മലവെള്ളം ഒഴുകിയെത്തിയെങ്കിലും ശാന്തമായി കടലിലേയ്ക്ക് വേഗം തന്നെ പ്രളയജലം ഒഴുകിപ്പോയി. ഒരു പക്ഷേ ഈ സമയത്ത് കടൽ പ്രക്ഷുബ്ധമായിരുന്നെങ്കിൽ കഥ മറ്റൊന്നായേനെ.

2018-ലെ പ്രളയം കഴിഞ്ഞപ്പോൾ പ്രഖ്യാപിച്ചതാണ് റീബിൽഡ് കേരള എന്ന പദ്ധതി. ഇന്നും അത് പൂർത്തീയാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന ദുഖസത്യം നിലനില്ക്കുമ്പോഴാണ് വീണ്ടും വീണ്ടും പ്രളയക്കെടുതികളുണ്ടാകുന്നത്. 1700-ൽ പരം വീടുകളാണ് 2018-ൽപൂർണ്ണമായും തകർന്നതെന്നായിരുന്നു റിപ്പോർട്ടെന്ന് കേൾക്കുന്നത്. ഇത്രയും കാലമായിട്ടും അതിന്റെ പകുതിയോളം ആളുകൾക്ക് മാത്രമേ വീട് നൽകുവാൻ കഴിഞ്ഞിട്ടുള്ളുവെന്നും കേൾക്കുന്നു. ഇങ്ങനെ തുടരെത്തുടരെ പ്രളയം ഉണ്ടാകുമ്പോൾ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ഏന്ന് പരിഹരിക്കാനാകും. അതിനാൽ ഇങ്ങനെ ജീവനും സ്വത്തും എല്ലാം നഷ്ടപ്പെട്ടശേഷം ശേഷിക്കുന്നവർക്ക് ആശ്വാസം പകരുന്നതിനേക്കാൾ എത്രയോ പ്രയോജനപ്രദമാണ് ഇതുപോലെയുള്ള ദുരിതങ്ങളുണ്ടാകാതെയിരിക്കുവാനുള്ള കരുതൽ നടപടികൾ കൈക്കൊള്ളുക. “prevention is better than cure" എന്നല്ലെ? രോഗം വന്നിട്ട് ചികിത്സിക്കുന്നതിലും ഭേദം രോഗം വരാതിരിക്കാനുള്ള മുൻകരുതലല്ലേ ഉചിതം.? അതുകൊണ്ട് സർക്കാർ ഉണർന്ന് പ്രവർത്തിക്കണം. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം. കേരളത്തെ ഈ ആവർത്തന ദുരന്തങ്ങളിൽ നിന്ന് രക്ഷിക്കുവാൻ അതുമാത്രമേ മാർഗ്ഗം ഉള്ളൂ.

ദുരമൂത്ത മനുഷ്യന്റെ അഹന്തയാണ് പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സർവ്വനാശങ്ങളും വരുത്തിവെയ്ക്കുന്നത്. പ്രകൃതിയിന്മേലും സർവ്വജീവജാലങ്ങളിന്മേലുമുള്ള മേൽക്കോയ്മ തനിക്കാണെന്ന അഹന്ത. ആ അഹന്ത മനസ്സിൽ വെച്ചുകൊണ്ട് വൃക്ഷലതാദികളെ മുഴുവനും വെട്ടിനശിപ്പിക്കുന്നു. മലകൾ മുഴുവനും മൊട്ടകുന്നുകളായി മാററുന്നു. അങ്ങനെ മണ്ണിനെ ബലമായി പിടിച്ചു നിർത്തുന്ന വേരുകൾ മുഴുവൻ ഉണങ്ങി നശിക്കുന്നു. മണ്ണിനു കരുത്തും ബലവും നല്കുന്ന പാറകൾ മുഴുവനും പിളർന്നെടുക്കുന്നു. തനിക്കും ഈ ഭൂമിയിലെ ഒരു ചെറിയ എറുമ്പിനും പ്രകൃതി ഒരേ അവകാശമാണ് തന്നിരിക്കുന്നതെന്ന ബോധം മനുഷ്യർക്കുണ്ടാവണം. പ്രകൃതിയെ നോവിച്ചാൽ പ്രകൃതി പത്തിരിട്ടി ശക്തിയോടെ തിരിച്ചടിക്കും. അതുകൊണ്ട് പ്രകൃതിയിലെ വലിയവൻ താനെന്ന ചിന്ത വെടിയുക. ശ്രീമഹാഭാഗവതത്തിലെ ഈ വരികൾ ഓർക്കുക, എപ്പോഴും ഓർത്തുവെയ്ക്കുക.

ഈശനും പ്രപഞ്ചവുമെകമെന്നുറച്ചു ഞാൻ
ഈശനെദ്ദേശികനന്നറിഞ്ഞു തെളിഞ്ഞപ്പോൾ
ദേശിക പാദപദ്മമെന്നുള്ളിലുറപ്പിച്ചപ്പോൾ
ദേശികാജ്ഞയാപരമാനന്ദസമന്വിതം
ഈശനും പ്രപഞ്ചവും ദേശികൻ താനും ഞാനും
ഈശന്റെ കാരുണ്യത്താൽ കേവലമൊന്നായ്ക്കണ്ടേൻ

** * **

## കലണ്ടർ 2022




എറണാകുളം കരയോഗത്തിന്റെ 2022-ലെ കലണ്ടർ ഡിസംബർ 25 മുതൽ കരയോഗം ഓഫീസിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

ജനങ്ങൾ സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുവാനുള്ള തയ്യാറെടുപ്പിലാണ്. കഴിഞ്ഞ 19 മാസങ്ങളായി സാമൂഹികമായ ബന്ധങ്ങളും, ഒത്തു ചേരലുകളും, കൂടിക്കാഴ്ചകളും, ആഘോഷങ്ങളും, ഒഴിവാക്കി ഒരു മഹാമാരിയുടെ ഭീതിയിൽ തങ്ങളുടെ വാസസ്ഥലങ്ങളിൽ ഒതുങ്ങികൂടി ജീവിക്കുവാൻ നിർബന്ധിതരായിരുന്നു അവർ. എന്നാൽ ഇപ്പോഴും ആ ഭീതി പൂർണ്ണമായി ഒഴിഞ്ഞുപോയി എന്ന് പറയാറായിട്ടുമില്ല. സാധാരണ ജനങ്ങൾക്കും ചെറുകിട കച്ചവടക്കാർക്കും സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നയിക്കുന്നവർക്കും ഈ മഹാമാരി ഏല്പിച്ച ആഘാതം ചെറുതല്ല. ജീവിതത്തിൽ നാം അനുഷ്ഠിച്ചു പോരുന്ന പല ചിട്ടവട്ടങ്ങളും ആകെ മാറിമറിഞ്ഞിരിക്കുന്നു. നമ്മുടെ സാംസ്കാരികവും പൈതൃകവുമായ ആചാരനുഷ്ഠാനങ്ങൾക്കു പോലും കാതലായ മാറ്റം സംഭവിച്ചിരിക്കുന്നു. ഇത് അധികം നാൾ തുടർന്നു പോകുവാൻ കഴിയില്ല - കഴിയരുത്.

എൽ.കെ.ജി മുതൽ ഉള്ള കുട്ടികളുടെ കൈയ്യിൽ ഇന്ന് കളിപ്പാട്ടമായി ഉപയോഗിക്കുന്നത് സ്മാർട്ട് ഫോണുകളാണ്. ലോക്ഡൗൺ കാലത്ത് വിദ്യാഭ്യാസം മുടങ്ങാതിരിക്കുവാൻ സമൂഹം ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കുപോലും സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് മുതലായവ വിദ്യാഭ്യാസം മുടങ്ങാതിരിക്കുവാൻ നാം എത്തിച്ചു നല്കി. ഒരു വശത്ത് ആധുനികമായ സാങ്കേതികവിദ്യയുടെ ബലത്തിൽ നമ്മളുടെ കുട്ടികളുടെ സ്വന്തം വിരൽതുമ്പിലൂടെ ഭൂമിക്കും ആകാശത്തിനുമിടയിലുള്ള എല്ലാ അറിവുകളെ നേടാനും അതു സ്വായത്തമാക്കുവാനും കഴിഞ്ഞു എന്നുള്ളതിൽ തർക്കമില്ല. എന്നാൽ ഈ ആധുനിക സൗകര്യത്തിന്റെ ദോഷഫലങ്ങളും നമ്മുടെ യുവതലമുറയിൽ കണ്ടു തുടങ്ങിയിരിക്കുന്നു എന്നത് ദു:ഖകരമാണ്. കഴിഞ്ഞ കുറച്ചു നാളുകളായി നടക്കുന്ന കൊലപാതകങ്ങളും, ബാലപീഡനങ്ങളും, സ്ത്രീവിരുദ്ധപ്രവർത്തനങ്ങളും, ലഹരി ഉപയോഗവും, അതിന്റെ വിപണനവും എല്ലാം അതിനുദാഹരണങ്ങളാണ്. പുതിയ തലമുറ സ്വീകരിച്ച് വരുന്ന അക്രമവാസനയുടെ ഭീകരതയും നാം കണ്ടു കൊണ്ടിരിക്കുകയാണ്. സ്വന്തം ഭർത്താവിനെയോ, ഭാര്യയേയോ, മാതാപിതാക്കളെയോ, മക്കളെയോ, കമിതാക്കളെയോ ഭീകരമായി കഴുത്തറുത്ത് വധിക്കുന്ന ക്രൂരതയും നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. 15 വയസ്സുള്ള ഒരു കുട്ടി ഒരു മുതിർന്ന സ്ത്രീയെ ബലാത്ക്കാരം ചെയ്ത വാർത്ത കഴിഞ്ഞ ദിവസം നാം വായിച്ച് ഞെട്ടിയതാണ്. അതുപോലെ കേരളത്തിന്റെ സാംസ്ക്കാരികനഗരം എന്ന വിഖ്യാതമായ സ്ഥലത്ത് ഒരു കലാലയത്തിൽ ഒരു പ്രമുഖ യുവജനസംഘടന പഠനോത്സവത്തിന്റെ ഭാഗമായി പ്രദർശിപ്പിച്ച ബോർഡിലെ വാചകം നമ്മളെ അത്ഭുതപ്പെടുത്തിയിരിക്കുന്നു, "തുറിച്ചു നോക്കണ്ടാ ഒന്നു ചിന്തിക്കൂ ഞാനും നീയും എല്ലാം എങ്ങനെ ഉണ്ടായി" അതോടൊപ്പം അതി..... ഹരമായ ഒരു ചിത്രവും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും നമുക്ക് നമ്മുടെ യുവതലമുറയിലുള്ള കുട്ടികൾ എവിടെവരെ ചിന്തിക്കുന്നുവെന്നും കുട്ടിക്കളുടെ സർഗ്ഗാത്മകമായ ചിന്തകളുടെ അതിർവരമ്പുകൾ എവിടെ എത്തിനിൽക്കുന്നു എന്നും ചിന്തിക്കുക., എന്താണ് അവരുടെ ലക്ഷ്യം? അവരുടെ ഭാവി എന്ത്? ഭയത്തോടും നിരാശയോടും കൂടിയാണ്, അല്ല ഒരു മടുത്ത മനസ്സോടുകൂടിയാണ് നമ്മുടെ സമൂഹവും പഴയ തലമുറയും മുന്നോട്ടു പോകുന്നത് എന്ന് പറയുന്നതിൽ ദു:ഖമുണ്ട്.

ഇവിടെയാണ് നമ്മളെപ്പോലെയുള്ള മുതിർന്ന പൗരന്മാരും, സാംസ്കാരികചിന്തകരും, സാമൂഹികപരിഷ്ക്കർത്താക്കളും പുതിയ തലമുറയുടെ അതിരു കടന്ന അക്രമവാസനക്കും, ആവേശത്തിനും തെറ്റായ പ്രവർത്തനങ്ങൾക്കുമെതിരെ ഒരു ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അല്ലെങ്കിൽ ഇവരെ തിരുത്തുവാനും, പറഞ്ഞു മനസ്സിലാക്കുവാനും, നേർവഴിക്കു കൊണ്ടു വരുവാനുമുള്ള വഴികൾ സമൂഹം കണ്ടെത്തണം. മേൽപ്പറഞ്ഞ എല്ലാ വിഷയങ്ങളെയും കൂട്ടുകുടുംബ കൂട്ടായ്മയിലുടെ അഥവാ കുടുംബകൂട്ടായ്മയിലൂടെ നമ്മുടെ പുതിയ തലമുറയിലെ കുട്ടികളെ ബോധവല്കരിക്കുന്നതിനുള്ള 'കുടുംബസംഗമം' പോലുള്ള പരിപാടികൾ' ബഹുമാനപ്പെട്ട കരയോഗത്തിലെ മുതിർന്ന അംഗങ്ങൾ അവർ വസിക്കുന്ന പ്രദേശത്ത് പത്തോ, പതിനഞ്ചോ കുടുംബങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഏറ്റെടുത്ത് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുവേണ്ട വിഷയവുമായി ബന്ധപ്പെട്ട് പ്രഭാഷകരെയോ മറ്റ് സഹായങ്ങളോ എറണാകുളം കരയോഗത്തിൽ നിന്നു നല്കുവാൻ തയ്യാറാണ് എന്നതിനോടൊപ്പം സമുദായ ഭേദമെന്യേ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ നിങ്ങൾക്കു കഴിയണമെന്നും അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തെ സംബന്ധിച്ച് ഇന്നത്തെ ഈ പ്രത്യേക കാലഘട്ടത്തിൽ വിപുലമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തുവാൻ കഴിയില്ല എന്നിരിക്കിലും നവരാത്രിയോടനുബന്ധിച്ചുള്ള മത്സരങ്ങളും ഒമ്പത് ദിവസത്തെ കലാപരിപാടികളും മിതമായി ടി.ഡി.എം ഹാളിൽ വെച്ച് നടത്തുകയുണ്ടായി കോവിഡ് പ്രോട്ടോക്കോളനുസരിച്ച് പൊതുജനങ്ങൾക്ക് കാണുവാനുള്ള സൗകര്യവും ഒരുക്കിയിരുന്നു.

2021ലെ മണ്ഡലകാലത്തോടനുബന്ധിച്ച് ടി.ഡി.എം ഹാളിൽ ശ്രീ അയ്യപ്പ ഭാഗവതപാരായണം നവംബർ 16,17,18 (വൃശ്ചികം 1 മുതൽ 3 വരെ) രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ ഉണ്ടായിരിക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

നവംബർ 17-ാം തീയതി പ്രതിമാസ കഥകളിയുടെ ഭാഗമായി ടി.ഡി.എം ഹാളിൽ 'കാട്ടാളനും ദമയന്തിയും' കഥകളി ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം ഡോ. സദനം കൃഷ്ണൻ കുട്ടിയുടെ കലാജീവിതത്തെ ആസ്പദമാക്കി സൗമ്യ ബിനുരാജ് നിർമ്മിച്ച് കലാപീഠം ബിനുരാജ് സംവിധാനം ചെയ്ത 'കൃഷ്ണായനം' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും അന്നേ ദിവസം 5.30 ന് ടി.ഡി.എം ഹാളിൽ വെച്ച് നടത്തപ്പെടുന്നു.

2021 ഡിസംബർ 13-ാം തീയതി ഗുരുവായൂർ നാരായണീയ ദിനത്തോടനുബന്ധിച്ച് സമ്പൂർണ്ണ നാരായണീയ പാരായണം രാവിലെ 7.00 മണി മുതൽ ടി.ഡി. എം ഹാളിൽ വെച്ച് നടത്തപ്പെടുന്നു.

എറണാകുളം കരയോഗത്തിന്റെ എല്ലാ പരിപാടികളിലും ആഘോഷങ്ങളിലും കരയോഗാംഗങ്ങൾ നേരിട്ട് സജീവമായി പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## കളിമുറ്റം

പ്രിയപ്പെട്ട കൂട്ടുകാരേ,

എല്ലാവർക്കും സുഖമല്ലേ? സ്ക്കൂളുകൾ തുറക്കാൻ പോവുകയാണ്. ചങ്ങാതിമാരൊത്ത് ചിരിച്ചും കളിച്ചും രസിച്ചും ഇണങ്ങിയും പിണങ്ങിയും-----, വീണ്ടും സ്ക്കൂൾ കാലം വരുന്നു. സന്തോഷമായില്ലേ കൊച്ചു കൂട്ടുകാർക്ക് ഇക്കുറി കുറച്ചു കളികളും രസങ്ങളുമായാണ് ബാലലോകം. നിങ്ങൾക്ക് ഇഷ്ടപ്പെടുമെന്ന് കരുതുന്നു.

വീട്ടുമുറ്റത്ത് മണ്ണപ്പം ചുട്ടും കഞ്ഞിയും കറിയും വെച്ചുകളിച്ചും, പട്ടംപറപ്പിച്ചും, പൂമ്പാറ്റയ്ക്കു പിൻപേ പാത്തും പതുങ്ങിയും നടന്നൊരു ബാല്യം പണ്ട് പലർക്കും സ്വന്തമായിരുന്നു. ഇന്ന് മുറ്റങ്ങളില്ലാത്ത വീടുകൾക്കുള്ളിലിരുന്നാണ് കളിയും തമാശയും കാര്യവും.

കുഞ്ഞുകൂട്ടുകാരുടെ കളിമുറ്റം മനസ്സിൽ കണ്ട് ചിലനുറുങ്ങുകളികളും കാര്യമുള്ള ചിലതും. പരിചയപ്പെട്ടോളൂ.

ഇതാ രസകരമായൊരു കളി. മത്സരമെന്ന് കരുതിയാലും തെറ്റില്ല. താഴെകൊടുത്തിരിക്കുന്ന അക്ഷരം കൊണ്ട് എത്ര വാക്കുകൾ ഉണ്ടാക്കാമെന്ന് നോക്കൂ.

## ‘ന്ന’

ഏറ്റവും കൂടുതൽ വാക്ക് എഴുതിയയക്കുന്നവർക്ക് ഉറപ്പായിട്ടും ഒരു സമ്മാനമുണ്ട്. കരയോഗ സൗഹൃദത്തിന് കത്തെഴുതൂ സമ്മാനം നേടൂ.


**ഇനി താഴെയുള്ള ചെറിയ ചിത്രം നോക്കി വലിയ ചിത്രത്തിന് നിറം കൊടുക്കൂ.**



സൂര്യനെ സ്വീകരിക്കാനൊരാൾ തലയുയർത്തിപ്പിടിച്ചു നിൽപ്പുണ്ട്. കണ്ടുപിടിക്കണ്ടേ? 1 മുതൽ 21 വരെയുള്ള കുത്തുകൾ യോജിപ്പിച്ചു നോക്കൂ.



സൂര്യനെ കാത്തു നിൽക്കുന്നവന്റെ ഇംഗ്ലീഷിലുള്ള പേര് എന്തെന്നറിയേണ്ടേ? കുത്തിട്ട ഭാഗങ്ങളിൽ മാത്രം നിറം കൊടുത്തു നോക്കൂ...വായിക്കാം.



കുറച്ചു കടം കഥകൾ ഇതാ

അക്കരെ നിന്നിക്കരയ്ക്കു കാലുനീട്ടി

അങ്ങതാ തെളിയുന്നു, കാണുന്നില്ല

അഞ്ചു പക്ഷികൾ ഒരു കൂട്ടിൽ മുട്ടയിട്ടു.

അടി പാറ നടുവടി മീതേ കുട

(ഉത്തരം– പാലം, മിന്നാമിനുങ്ങ്, കൈയിൽ ചോറുരുള, ചേന).

താഴെയുള്ള ചിത്രത്തിൽ ചിലർ ഇടതുവശത്തേക്കു പറക്കുന്നവരാണ്. ചിലർ വലതുവശത്തേക്കും ഇടതുവശത്തേക്കു പറക്കുന്നവർ ആരൊക്കെയെന്നു നോക്കി മനസ്സിലാക്കൂ.



# തത്തയുടെ കാരുണ്യം

കാടിനുള്ളിലെ മരക്കൂട്ടങ്ങൾക്കിടയിലൂടെ പാഞ്ഞുപോയ മാൻ കൂട്ടത്തിനൊപ്പം, തൊട്ടു പിന്നാലെ ശരവേഗംപോലെ വേടനും, മാനൊന്നിനെ വേട്ടയാടിപിടിക്കണമെന്ന ലക്ഷ്യത്തോടെ കുതിച്ചു. ഏറെ നേരമായിക്കാണും മാൻകൂട്ടവും വേടനും ഇങ്ങനെ മത്സരിച്ചു പായുന്നത്.

ഒടുവിൽ ഗത്യന്തരമില്ലാതെ വേടൻ മാൻ കൂട്ടത്തെ ലക്ഷ്യമാക്കി വിഷം പുരട്ടിയ ഒരമ്പയച്ചു. ഉന്നം തെറ്റി പാഞ്ഞ ശരം അവിടെ പടർന്നു പന്തലിച്ചു നിന്നിരുന്ന ഭീമാകാരനായ ഒരു വടവൃക്ഷത്തിൽ ചെന്നു തറച്ചു.

വിഷത്തിന്റെ ശക്തിമൂലം വൃക്ഷം നാൾക്കുനാൾ ക്ഷയിച്ചു വന്നു.

പലതരം പക്ഷികളുടേയും ജീവികളുടേയും വാസസ്ഥലമായിരുന്നു ആ വൃക്ഷം. ഇലകൾ വാടി, തടി ഉണങ്ങി വൃക്ഷം ശുഷ്കിച്ച ഒരവസ്ഥയായതോടെ അതിൽ വസിച്ചിരുന്ന പക്ഷികളും, ഇഴജന്തുക്കളും, അണ്ണാൻ, എലി തുടങ്ങിയ ജീവികളും അതിനെ ഉപേക്ഷിച്ചു പോയി.

എന്നാൽ അതിൽ വസിച്ചിരുന്ന ഒരു തത്ത മാത്രം ആ വൃക്ഷം ഉപേക്ഷിച്ചു പോകാൻ മടിച്ചു നിന്നു.

കൂട്ടുകാർ പലവട്ടം പറഞ്ഞു.

നീ മാത്രമെന്തിനിവിടെ തനിച്ചാകണം. പോകാം നമുക്കടുത്ത വൃക്ഷശിഖരം തേടി.

പറന്നുവന്ന് പലതവണ മറ്റു കിളികൾ വിളിച്ചു

പോരൂ നീ ഞങ്ങൾക്കൊപ്പം. കരിഞ്ഞുണങ്ങി അടർന്നു വീഴാൻ ഇതിനിനി അധികനാളില്ല. അപ്പോൾ നീ എന്തു ചെയ്യും. മഞ്ഞും മഴയും വെയിലും കൊള്ളാതെ മറ്റൊരിടത്ത് സുരക്ഷിതമാകുന്നതാണ് ബുദ്ധി. പറഞ്ഞേക്കാം.

എന്നിട്ടും തത്ത പോയില്ല. ആ വൃക്ഷത്തോടുള്ള കടപ്പാടും സ്നേഹവും അതിന് മറക്കാൻ കഴിയില്ലായിരുന്നു. അതേ സ്മരണയിൽ മനംനൊന്ത് തത്ത മാത്രം അതിൽ ഇരുന്നു.

ലോകത്തെ അതിശയിപ്പിക്കുന്ന വാർത്തയായി പിന്നീടത് മാറി. ദിനങ്ങൾ കൊണ്ട് മൂന്നു ലോകങ്ങളിലും വാർത്തയെത്തി.

തത്തയുടെ കാരുണ്യവും കൃതജ്ഞതയും കേട്ടറിഞ്ഞ് ദേവേന്ദ്രൻ തത്തയെ പരീക്ഷിക്കണമെന്ന് നിശ്ചയിച്ചു.

ഒരു വൃദ്ധ താപസന്റെ വേഷത്തിൽ ഇന്ദ്രാധിപൻ തത്തയ്ക്കു മുന്നിലെത്തി. അദ്ദേഹം ചോദിച്ചു.

"നീ മാത്രമെന്തേ ഈ വൃക്ഷത്തെ ഉപേക്ഷിക്കാഞ്ഞത് പറയൂ". തത്ത പറഞ്ഞു. "ഞാൻ ജനിച്ചുവീണത് ഈ വൃക്ഷത്തിലാണ്. ഇതിൽ വസിച്ചുകൊണ്ടാണ് എന്റെ എല്ലാ ഗുണങ്ങളും കഴിവുകളും ഞാൻ നേടുന്നത്. ഈ വൃക്ഷത്തെ ആശ്രയിച്ചാണ് ശത്രുവിന്റെ ആക്രമണത്തിൽ നിന്നു ഞാൻ രക്ഷ പ്രാപിച്ചത്. ഇത്രയും കാലം എന്നെ സംരക്ഷിച്ച, പരിപാലിച്ച ഈ വൃക്ഷത്തെ എങ്ങനെയാണ് എനിക്ക് ഉപേക്ഷിക്കാൻ കഴിയുന്നത്".

"നിന്റെ കാരുണ്യം ഞാൻ കണ്ടറിയുന്നു. അതെന്നെ പ്രസന്നനാക്കിയിരിക്കുന്നു. ഞാൻ എന്താണ് നിനക്കു ചെയ്യേണ്ടത്?" - (വൃദ്ധതാപസന്റെ ചോദ്യം കേട്ട് തത്ത പറഞ്ഞു).

"അങ്ങ് ദേവേന്ദ്രനാണെന്ന് ഞാൻ തിരിച്ചറിയുന്നു. അങ്ങയ്ക്ക് കഴിയാത്തത് എന്തുണ്ട്. ഈ വൃക്ഷത്തെ ഇതിന്റെ പൂർവ്വസ്ഥിതിയിലാക്കാൻ അങ്ങ് അനുഗ്രഹിച്ചാൽ എനിക്ക് സന്തോഷമായി".

വൃദ്ധതാപസൻ ദേവേന്ദ്രനായി നിന്ന് വൃക്ഷത്തിൽ അമൃതകണം തളിച്ചു. ക്ഷണനേരത്തിനുള്ളിൽ വൃക്ഷം വീണ്ടും തളിർത്ത് പഴയതു പോലെ ഇടതൂർന്ന ഇലകളും കായ്കളും കൊണ്ട് സമ്പന്നമായി.

അതു കണ്ടു ആ വൃക്ഷത്തെ ഉപേക്ഷിച്ചു പോയ പക്ഷികളും കീടങ്ങളും, ഇഴജന്തുക്കളും സന്തോഷത്തോടെ വൃക്ഷത്തിലേക്ക് തിരിച്ചെത്തി.

തത്തയ്ക്ക് വൃക്ഷത്തിനോടു തോന്നിയ കരളലിവും കടപ്പാടും നമുക്ക് ഓരോരുത്തർക്കും നമ്മുടെ പ്രകൃതിയോടു തോന്നിയാൽ, അതുമതി പ്രകൃതിസംരക്ഷണം അനായാസമാകും.

* * *


വാസ്തു

# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

## തെക്കോട്ടുമുഖമുള്ള വീടുകൾ




മുകളിൽ കാണിച്ചിരിക്കുന്ന വീടിന്റെ പ്ലാൻ ശ്രദ്ധിക്കുക. തെക്കോട്ടാണ് മുഖം. തെക്കുവശത്താണ് റോഡും. തെക്ക് കിഴക്കോട്ടു പോയാൽ കുറച്ച് വീടുകൾ മാത്രമേയുള്ളൂ. തെക്കുപടിഞ്ഞാറോട്ടു പോയാൽ പ്രധാന റോഡും കവലയും. എപ്പോഴും വീട്ടിലേയ്ക്കുവരുന്നത് പടിഞ്ഞാറുനിന്നാണ്. ആയതിനാൽ ഗേറ്റും തെക്കുപടിഞ്ഞാറാണ്. കാർപോർച്ചും വീടിന്റെ പടിഞ്ഞാറുവശത്താണ്. വീടിന്റെ തെക്കു പടിഞ്ഞാറുള്ള വരാന്തയിലേക്ക് പടിഞ്ഞാറുനിന്നാണ് ചവിട്ടുപടി.

വരാന്തയിൽ നിന്നും കടക്കുന്ന പ്രധാനമുറി തെക്കുപടിഞ്ഞാറാണ്. തെക്ക് കിഴക്കെ മൂലയിൽ കിടപ്പുമുറിയും വീടിന്റെ തെക്കുവശത്ത് റോഡും, വീടിന്റെ മുഖം തെക്കോട്ട് ആയതുകൊണ്ടാണ് ഗേറ്റ് തെക്കുപടിഞ്ഞാറുഭാഗത്ത് വച്ചിരിക്കുന്നത്. ഗേറ്റ് ഒരിക്കലും തെക്കുപടിഞ്ഞാറ് വരരുത്. അത് തെക്ക് കിഴക്കോട്ട് മാററണം. വീടിന്റെ വരാന്തയിലേക്ക് കയറുന്ന ചവിട്ടുപടി പടിഞ്ഞാറു നിന്നാണ്. അത് തെക്കുനിന്നും പ്രധാന വാതിലിനു നേരെയാക്കണം. തെക്ക് ദർശനമുള്ള വീടിന്റെ വരാന്തയും ലീവിങ് റൂമും തെക്ക് കിഴക്കായിരിക്കണം. ബെഡ് റൂം തെക്കു പടിഞ്ഞാറായിരിക്കണം. ബെഡ് റൂമിന്റെ പടിഞ്ഞാറെ ജനൽ വഴി പോക്കുവെയിൽ അകത്തു വരുന്നത് നല്ലതാണ്. പോക്കുവെയിൽ കൊണ്ടാൽ പൊന്നാകും എന്നാണ് പഴഞ്ചൊല്ല്. പല വീടുകളിലും തെക്കു വശത്തുള്ള വരാന്തയിൽ നിന്നും പടിഞ്ഞാറോട്ടോ, കിഴക്കോട്ടോ മാത്രം ഇറങ്ങാൻ പാകത്തിനാണ് ചവിട്ടു പടി കെട്ടുന്നത്. തെക്കോട്ടിറങ്ങുന്നത് നല്ലതല്ല എന്നാണ് പലരുടെയും വിശ്വാസം. ഒരു വീട്ടിൽ നിന്നും കിഴക്കോട്ടിറങ്ങണമെങ്കിൽ ചവിട്ടുപടി വീടിന്റെ മദ്ധ്യത്തിന്റെ വടക്കായിരിക്കണം. അതുപോലെ

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

പടിഞ്ഞാറോട്ടിറങ്ങണമെങ്കിൽ ചവിട്ടുപടി വീടിന്റെ മദ്ധ്യത്തിന്റെ വടക്കായിരിക്കണം. ഒരിക്കലും പടിഞ്ഞാറുതെക്കു വരരുത്. വീട്ടിലേക്കു കയറുന്ന ചവിട്ടുപടി വടക്കാണെങ്കിൽ വടക്ക് മദ്ധ്യത്തിന്റെ കിഴക്കായിരിക്കണം. വീട്ടിലേക്കു കയറുന്ന ചവിട്ടുപടി തെക്കാണെങ്കിൽ തെക്കുവശത്തിന്റെ മദ്ധ്യത്തിന്റെ കിഴക്കായിരിക്കണം. ഒരിക്കലും തെക്കു പടിഞ്ഞാറാവരുത്.

ഉദയം അല്ലെങ്കിൽ അസ്തമയം എല്ലാ മുറികളിലേക്കും വരാൻ പാകത്തിന് വാതിലുകളും, ജനലുകളും, ക്രമീകരിക്കണം. ഒരു കാരണവശാലും ഒരു മുറിയുടെയും തെക്കുപടിഞ്ഞാറെ മൂലയിൽ വാതിൽ വരരുത്. കേരളത്തിൽ ഉദ്ദേശം 10 മാസത്തോളം തെക്കുപടിഞ്ഞാറൻ കാറ്റാണ്. ഇതു മുറികളുടെ അകത്തുകൂടി കടന്നു പോയാൽ പല ആരോഗ്യപ്രശ്നങ്ങളും ഒഴിവാക്കാവുന്നതാണ്. വീടു പണിയുമ്പോൾ കഴിയാവുന്നത്ര സ്ഥലം വടക്കും, കിഴക്കും ഒഴിച്ചിടണം. തെക്കോട്ടു മുഖമുള്ള വീടിന്റെ കാർപോർച്ച് കിഴക്കുവശത്തായിരിക്കണം.

*****

ERNAKULAM KARAYOGAM
TDM HALL COMPLEX, D.H. ROAD,
KOCHI -682016
e-mail : ekmkgm@gmail.com,
Web : ernakulamkarayogam.com

KARAYOGAM OFFICE &
OTHER INSTITUTIONS
PHONE. NO. AND E- MAIL
e-mail : radheyamguesthouse@gmail.com,
prasanthihostel2009@gmail.com,
eknmpolycliniclab@gmail.com,
chaithramtdm@gmail.com

| SL.N | NAME | PHONE NUMBER |
|---|---|---|
| 1. | OFFICE : | Land No : 0484-2361160,<br>9447171160<br>Mob : +91 8281588833 |
| 2. | SUPERVISOR'S | Mob: 9387306581 |
| 3. | MANGALYAM MATRIMONY | Land No : 0484 -2361160,<br>0484 - 2369589<br>Mob : 9447171160 |
| 4. | AYUSHYAM MEDICALS | Land no : 0484-2361160,<br>9447171160<br>Mob : 9446488833, Extn : 127 |
| 5. | AYUSHYAM POLYCLINIC & MEDICAL CENTER | Land No : 0484 - 2366160<br>Mob: 9447171160, Extn : 126 |
| 6. | PRASANTHI HOSTEL AND HOME FOR AGED, PALARIVATTOM | Land No : 0484 - 2345061<br>Mob : 9488081355 |
| 7. | RADHEYAM GUEST HOUSE GURUVAYOOR | Land No : 0487-2504700<br>Mob: 8547871161 |
| 8. | AMBULANCE SERVICE | Mob : 9387306579 |
| 9. | CLINIC ON WHEELS | Mob : 9188640743 |
| 10. | CHAITHRAM | Land No : 0484-2361161 |

ക്ഷേത്രങ്ങളിലൂടെ



# കാടാമ്പുഴ ശ്രീ ഭഗവതിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഈശ്വരഭക്തിയുള്ളവരിൽ അമ്മേ രക്ഷിക്കേണമേ എന്നുപറയാത്തവരാരും ഉണ്ടാകില്ല. എന്തു കാര്യത്തിനും ജഗദംബികയെ ആശ്രയിക്കുന്നവാരണ് നാം എല്ലാവരും. നമ്മുടെ പൂർവ്വികരും ഭഗവതിയെ ഉപാസിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തിയിരുന്നു. വിദ്യയാണ് ദേവി, വാക്കാണ് ദേവി. വിദ്യയെയും വാക്കുകളെയും നാം ഏതു രീതിയിൽ ഉപയോഗിക്കുന്നുവോ അതനുശരിച്ചായിരിക്കും നമ്മുടെ അനുഭവങ്ങൾ. വിദ്യയെയും വാക്കുകളെയും നല്ല രീതിയിൽ പ്രയോജനപ്പെടുത്തുവാൻ ധാരാളം മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ പൂർവ്വികർ നൽകിയിട്ടുണ്ട്. ആ മാർഗ്ഗനിർദ്ദേശങ്ങളുടെ മൂല്യങ്ങളുൾക്കൊണ്ടുള്ള നല്ല അനുഭവങ്ങളാണ് നമുക്ക് ക്ഷേത്രാരാധനയിലൂടെ ലഭിക്കുന്നത്. ക്ഷേത്രത്തിലെ ആരാധനാമൂർത്തി ഏതു ഭാവത്തിൽ കുടികൊള്ളുന്നുവോ ആ ഭാവചൈതന്യങ്ങൾക്കനുസരിച്ചുള്ള ആരാധനാക്രമങ്ങളാണ് ഓരോ ക്ഷേത്രങ്ങളിലും ചിട്ടപ്പെടുത്തിയിട്ടുള്ളത്. സൗമ്യമൂർത്തീഭാവമായാലും രൗദ്രമൂർത്തിഭാവമായാലും ക്ഷേത്രാരാധനയിലൂടെ ഭക്തന്റെ മനസ്സിൽ സ്നേഹവാത്സല്യവും ആത്മധൈര്യവും നിറയുന്നു. ഈശ്വരീയചിന്തകൾ ഭക്തനെ സത്പ്രവർത്തികൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു. അത് ജീവിതവിജയത്തിലേക്കുള്ള വഴി കാട്ടുന്നു. കേരളത്തിലുടനീളം ധാരാളം ദേവീക്ഷേത്രങ്ങളുണ്ട്. മലപ്പുറം ജില്ലയിലെ കോട്ടക്കലിനടുത്ത് കാടാമ്പുഴയിൽ ആദിപരാശക്തിയായ ജഗദംബിക കിരാതരൂപിണിയായി, പാർവ്വതീദേവിയായി കുടികൊള്ളുന്ന ഒരു അതിപുരാതനദേവീക്ഷേത്രമാണ് കാടാമ്പുഴ ശ്രീ ഭഗവതിക്ഷേത്രം കാടാമ്പുഴ ഭഗവതിയുടെ ഇഷ്ടവഴിപാടും ഏറ്റവും പ്രധാനവഴിപാടുമായ പൂമൂടലിനാൽ പ്രസിദ്ധമായ ക്ഷേത്രമാണിത്.

കാടാമ്പുഴ ശ്രീ ഭഗവതിക്ഷേത്രത്തിന്റെ ഉല്പത്തിയെപ്പറ്റി ലിഖിതമായ രേഖകളൊന്നും ലഭ്യമല്ല. മഹാഭാരതകഥയിലെ അർജ്ജുനനുമായി ബന്ധപ്പെട്ട ഐതിഹ്യമാണ് ഈ ക്ഷേത്രത്തെപ്പറ്റി പ്രചാരത്തിലുള്ളത്. അർജ്ജുനൻ പാശുപതാസ്ത്രം നേടുന്നതിനായി പരമശിവനെ തപസ്സുചെയ്തു. അർജ്ജുനന്റെ തപസ്സിൽ പരമശിവൻ സംപ്രീതനാവുകയും ചെയ്തു. പാശുപതാസ്ത്രം എന്ന ദിവ്യായുധം നൽകുന്നതിനു മുമ്പ് തന്റെ ഭക്തനെ അതിനർഹനാക്കുവാൻ പരമശിവൻ നിശ്ചയിച്ചു. അർജ്ജുനന് താൻ അസ്ത്രവിദ്യയിൽ അഗ്രഗണ്യനാണ് എന്ന് ഒരു ഗർവ്വുണ്ടായിരുന്നു. ഈ അഹംഭാവം ഇല്ലാതായാൽ മാത്രമേ പാശുപതാസ്ത്രം എന്ന ദിവ്യായുധം സ്വീകരിക്കുവാൻ അദ്ദേഹം അർഹനാവുകയുള്ളൂ. അർജ്ജുനന്റെ അഹംഭാവത്തെ ഇല്ലാതാക്കുവാൻ വേണ്ടി ശ്രീ പാർവ്വതി പരമേശ്വരന്മാർ കിരാതരൂപധാരികളായി അർജ്ജുനൻ തപസ്സനുഷ്ഠിച്ചിരുന്ന സ്ഥലത്തെത്തി. പാശുപതാസ്ത്രം നേടിയാൽ പിന്നെ അർജ്ജുനനെ അസ്ത്രവിദ്യയിൽ പരാജയപ്പെടുത്തുക എന്നത് അസാദ്ധ്യമാണ് എന്നു മനസ്സിലാക്കിയ ദുര്യോധനൻ അദ്ദേഹത്തിന്റെ തപസ്സുമുടക്കുവാൻ മൂകാസുരനെ നിയോഗിച്ചു. മൂകാസുരൻ ഒരു പന്നിയുടെ രൂപത്തിൽ അവിടെയെത്തി. പന്നിരൂപത്തിൽ മൂകാസുരൻ അർജ്ജുനനെ ഉപദ്രവിക്കുവാനടുക്കുന്നതു കണ്ട് പരമശിവൻ അമ്പെയ്തു. തന്നെ ഉപദ്രവിക്കുവാൻ വരുന്ന പന്നിയെകണ്ട് അർജ്ജുനനും അമ്പെയ്തു. രണ്ടു അമ്പുകളുമേറ്റ് പന്നി ചത്തു വീണു. പന്നിയെ വധിച്ചതിന്റെ അവകാശവാദം ഉന്നയിച്ച് പരമശിവനും അർജ്ജുനനും തമ്മിൽ തർക്കമായി തർക്കം മൂത്ത് യുദ്ധമായി. യുദ്ധത്തിൽ അർജ്ജുനന്റെ അമ്പേറ്റ് പരമശിവന്റെ ശരീരത്തിൽ നിന്നും രക്തം പൊടിയുന്നതു കണ്ട് പാർവ്വതീ ദേവിക്ക് സഹിച്ചില്ല. ദേവി അർജ്ജുനൻ പരശിവനു നേരേ അയയ്ക്കുന്ന അമ്പുകളെല്ലാം പുഷ്പങ്ങളായിപ്പോകട്ടെയെന്ന് ശപിച്ചു. അർജ്ജുനൻ എയ്ത അമ്പുകളെല്ലാം പുഷ്പങ്ങളായി പരമശിവനിൽ പതിക്കുന്നതു കണ്ട അർജ്ജുനൻ ഇത് കിരാതനല്ല, കിരാതരൂപം ധരിച്ച പരമശിവനും പാർവ്വതി ദേവിയുമാണ് എന്നു മനസ്സിലാക്കി തന്റെ തെറ്റിനു മാപ്പപേക്ഷിച്ച് സാഷ്ടാംഗം പ്രണമിച്ചു. ശിവപാർവ്വതിമാർ ഭക്തനിൽ പ്രസന്നനായി. അർജ്ജുനനെ പാശുപതാസ്ത്രം നൽകി അനുഗ്രഹിച്ചു.

കാട്ടിലൂടെ സഞ്ചരിച്ച കിരാതിനി രൂപധാരിയായ ദേവിക്ക് ദാഹം ഉണ്ടായി. പരമശിവൻ അമ്പെയ്തു. അമ്പുകൊണ്ട സ്ഥലത്ത് ഗംഗാജലപ്രവാഹമുണ്ടാവുകയും ആ ജലത്താൽ ദേവി ദാഹം തീർത്ത് അവിടത്തന്നെ കുടികൊള്ളുകയും ചെയ്തു. അങ്ങനെ കാട്ടിൽ അമ്പുതറച്ച് അവിടെ ജലം പുഴയായി ഒഴുകിയ സ്ഥലത്ത് ദേവി കുടികൊണ്ടതിനാൽ കാടും അമ്പും പുഴയും ചേർന്ന സ്ഥലം കാടാമ്പുഴ എന്നു പ്രസിദ്ധമാവുകയും ചെയ്തു. മനുഷ്യ ജീവിതത്തിലെ എല്ലാ വിധ ആപത്തുക്കളിൽ നിന്നും മോചനം നേടാനുള്ള ദിവ്യായുധവും ദിവ്യ ഔഷധവുമാണ് ദേവി ആരാധനയിലൂടെ ലഭിക്കുന്നത് എന്നും പുരാണങ്ങളിൽ പ്രദിപാദിച്ചിട്ടുണ്ട്. ജീവിതവിജയത്തിനായി ദേവിയെ ഉപാസിച്ച വിശിഷ്ടവ്യക്തികൾ ധാരാളമാണ്. പണ്ടുകാലത്ത് രാജാക്കൻമാർ ഭരണനൈപുണ്യത്തിനും ആയോധനാഭ്യാസങ്ങൾക്കും യുദ്ധവിജയത്തിനും വേണ്ടി ദേവിയെ ഉപാസനാ മൂർത്തിയായും കുടുംബപരദേവതയായി സങ്കല്പിച്ച് ഉപാസിച്ചിരുന്നു.

വിഗ്രഹവും ശ്രീകോവിലിന് മേൽക്കൂരയും ഇല്ലാത്ത് ക്ഷേത്രമാണ് കാടാമ്പുഴ ശ്രീ ഭഗവതി ക്ഷേത്രം. ദേവി ഇവിടെ വനദുർഗ്ഗയായും കുടികൊള്ളുന്നും എന്നു വിശ്വസിക്കുന്നു. ഇവിടെ ദേവീപ്രതിഷ്ഠ നടത്തിയത് ശ്രീ ആദിശങ്കരാചാര്യസ്വാമികളാണ്. ദേവിയുടെ ഉഗ്രഭാവശക്തിയെ കുറയ്ക്കുവാൻ വേണ്ടി പ്രതിഷ്ഠാവേളയിൽ സുദർശനമന്ത്രവും നരസിംഹമന്ത്രവും ജപിച്ച് പ്രീതിപ്പെടുത്തുകയും ദേവിയുടെ അമിത തേജസ്സിനെ നിയന്ത്രിച്ച് ശ്രീകോവിലിന്റെ മദ്ധ്യത്തിലുള്ള ദ്വാരത്തിലേക്ക് സന്നിവേശിപ്പിച്ച് ശാന്തസ്വരൂപിണിയാക്കി എന്നുമാണ് വിശ്വാസം. ദേവി ഒരിക്കലും ഉഗ്രരൂപിണിയാകാതിരിക്കുവാൻ സുദർശനത്തെയും നരസിംഹമൂർത്തിയെയും ദേവിക്കഭിമുഖമായി പ്രതിഷ്ഠിച്ചു. ദേവിയുടെ ഉഗ്രശക്തിയെ ശങ്കരാചാര്യർക്കു ഉൾക്കൊള്ളാനായത് ഈ രണ്ടു പ്രതിഷ്ഠകൾക്കു ശേഷമാണ്. പ്രതിഷ്ഠാകർമ്മങ്ങൾക്കു ശേഷം അദ്ദേഹമാണ് ആദ്യമായി ദേവിക്ക് പൂമൂടൽ നടത്തിയത്. ഇന്നും പൂമൂടൽ കാടാമ്പുഴ ദേവിയുടെ പ്രധാന വഴിപാടാണ്. ഒരു ദിവസം

ഒരാൾക്കുമാത്രമേ ഈ വഴിപാടു നടത്തുവാൻ സാധിക്കുകയുള്ളൂ.

ഒരു ഉയർന്ന കുന്നിൻ പ്രദേശത്തിന്റെ അടിവാരത്തെന്നപോലെയാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം കാണപ്പെടുന്നത്. പടിക്കെട്ടുകളിറങ്ങി താഴേക്കെത്തിയാണ് ക്ഷേത്രത്തിലെത്തേണ്ടത്. വൃശ്ചികമാസത്തിലെ കാർത്തിക ദിനത്തിലാണ് ഇവിടെ പ്രതിഷ്ഠ നടത്തുന്നത്. വൃശ്ചികത്തിലെ കാർത്തിക നാൾ പ്രതിഷ്ഠാദിനമായി ആചരിക്കുന്നു. ഇവിടെ ഉത്സവമില്ല. കരുണാമയിയായ കാടാമ്പുഴയിലമ്മ സ്വരിതപാർവ്വതിയാണ്. നിത്യവും മൂന്നു പൂജകളുണ്ട്. പ്രധാനപ്രതിഷ്ഠ ഭഗവതിയാണ്, സ്വയംഭൂ ചൈതന്യമാണ്. ശ്രീകോവിലിനു മുന്നിലെ ഉയർന്നു നില്ക്കുന്ന തറയിൽ ഒരേ വിഗ്രഹത്തിൽ തെക്കോട്ടുദർശനമായി നരസിംഹമൂർത്തിയും വടക്കോട്ടു ദർശനമായി സുദർശന ചക്രവും പ്രതിഷ്ഠിച്ചിരിക്കുന്നു. അദൃശ്യസാന്നിദ്ധ്യമായി ഗണപതിയുമുണ്ട്. മുട്ടറുക്കൽ ഇവിടുത്തെ മറ്റൊരു പ്രധാന വഴിപാടാണ്. ആയിരക്കണക്കിനു നാളികേരമാണ് മുട്ടറുക്കലിനായി നിത്യേന ദേവിയുടെ മുന്നിലെത്തുന്നത്. ചില സമയങ്ങളിൽ നാളികേരങ്ങളുടെ എണ്ണം പതിനായിരത്തിനും മേലെയാകും. ശ്രീകോവിലിൽ ദേവിയുടെ കണ്ണാടിപ്രതിഷ്ഠക്കു മുന്നിലുള്ള കല്ലിൽ പൂജാരിമാർ മുട്ടറുക്കലിനുള്ള നാളികേരം വഴിപാടുകാരുടെ നാളും പേരും പറഞ്ഞു ഉട



ക്കുന്നു. നാളികേരം ഉടയുന്നതനുസരിച്ച് ദോഷങ്ങളും മാറുന്നു എന്നാണ് വിശ്വാസം. ഈ ക്ഷേത്രപരിസരങ്ങൾ വൃക്ഷനിബിഡമായി ഒരു വനപ്രതീതിയിൽ തന്നെയാണ് കാണുന്നത്. ചുറ്റും കാട്ടുപ്രദേശങ്ങളായിരുന്നതിനാൽ കാട് ചെത്തിപ്പൂക്കളാണ് പൂമൂടലിന് എടുക്കുന്നത്. ഇന്നും ചെത്തിപ്പൂക്കൾ കൊണ്ടുതന്നെയാണ് പൂമൂടൽ വഴിപാടു നടത്തുന്നത്. ദേവി ഇവിടെ രാവിലെ ജ്ഞാനദുർഗ്ഗയായും ഉച്ചക്ക് സ്വയം വര പാർവ്വതിയായും വൈകുന്നേരം ആദിദുർഗ്ഗയായും വിരാജിക്കുന്നു. ഉച്ചപൂജ സമയത്താണ് പൂമൂടൽ വഴിപാടു നടത്തുന്നത്. ദേവിയുടെ തിടമ്പ് എടുത്തു മാറ്റിയ ശേഷം ദേവിയുടെ മുന്നിലെ വെള്ളി താമ്പാളത്തിൽ നാളും പേരും പറഞ്ഞു പൂജാരി ചെത്തിപ്പൂക്കൾ വർഷിക്കും. ഇരുപതുമിനിറ്റോളം ദൈർഘ്യമുള്ള പൂജയാണിത്. ദേവീസ്തുതുകളാൽ അർച്ചന തുടരുന്നു. ഈ പൂജ നടക്കുമ്പോൾ ശ്രീകോവിൽ അടക്കാറില്ല. മുന്നിൽ പട്ടുവിരിച്ചിട്ടുണ്ടാകും. അതിനാൽ ഈ സമയം ഭക്തർക്ക് ദർശനം സാധിക്കില്ല. പൂ മൂടൽ കഴിഞ്ഞ്, ചെത്തിപ്പൂക്കൾകൊണ്ട് മൂടിയിരിക്കുന്ന അമ്മയെ ഒന്നു കണ്ടു തൊഴുക എന്നത് ഒരു അസുലഭസൗഭാഗ്യം തന്നെയാണ്. പൂമൂടൽ കഴിഞ്ഞ് പട്ടുമാറ്റുമ്പോൾ ക്ഷേത്രാന്തരീക്ഷം പോലും ദേവീ സ്തുതികളാൽ ഭക്തിസാന്ദ്രമാകുന്നുവോ എന്നു തോന്നിപ്പോകും. അന്തരീക്ഷം മുഴുവൻ അമ്മയുടെ ചൈതന്യം നിറഞ്ഞു നില്ക്കും. കാടാമ്പുഴയിലമ്മക്ക് പൂമൂടൽ നടത്തുക എന്നത് ഒരു ജന്മപുണ്യം തന്നെയാണ്.

ശ്രീകോവിലിന്റെ വടക്കുഭാഗത്ത് നാഗകന്യമാരുടേയും തെക്കുഭാഗത്ത് പൂർണ്ണപുഷ്പാസമേതനായ ശാസ്താവിന്റേയും പ്രതിഷ്ഠകളുണ്ട്. ഈ ക്ഷേത്രത്തിലെ മൂന്നു പൂജകളിൽ മൂന്നാമത്തെ പൂജ അസ്തമയത്തിനു മുമ്പ് നടത്തണം. എന്നതാണ് ഇവിടുത്തെ രീതി. പൂജകൾക്കു ശേഷം ദേവി കിരാതമൂർത്തിയായ ഭഗവാന്റെ അടുത്തേക്ക് പോകുന്നു എന്നാണ് സങ്കല്പം. അത്താഴപൂജക്കുശേഷം 7 മണിയോടുകൂടി ക്ഷേത്ര നട അടയ്ക്കുന്നു.

കരുണാമയിയായ കാടാമ്പുഴയിലമ്മയെ കണ്ടു തൊഴുത് ജീവിതപാതകളിലെ തടസ്സങ്ങൾ നീക്കി അനുഗ്രഹിക്കേണമേ എന്നു പ്രാർത്ഥിച്ച് മുട്ടറുക്കൽ വഴിപാടുകളും നടത്തി മടങ്ങുമ്പോൾ ഏതൊരു ഭക്തന്റെയും മനസ്സ് അമ്മയുടെ സ്നേഹവാത്സല്യാനുഗ്രഹങ്ങളാൽ ആനന്ദപൂർണ്ണമായിട്ടുണ്ടാകും. കാടാമ്പുഴയിലമ്മയെ തൊഴുത് അൻപുള്ള മനസ്സോടെ മടങ്ങുവാൻ അമ്മ എല്ലാവർക്കും അവസരം തന്നനുഗ്രഹിക്കട്ടെ.

****



# ശ്രീമഹാഭാഗവതം

## ഭാഗവത ദർശനം.

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

## ത്രിതീയ സ്കന്ധം

കൃഷ്ണദ്വൈായന വ്യാസൻ ഈ സമൂഹത്തിന്റെ നന്മക്കുവേണ്ടി ബുദ്ധിയുടെ തലത്തിൽ നിന്നുകൊണ്ടുതന്നെ സാധാരണക്കാർക്കു മനസ്സിലാകുന്ന ഹൃദയത്തിന്റെ ഭാഷയായ ഭക്തിമാർഗ്ഗം ഭാഗവതത്തിലൂടെ അവതരിപ്പിക്കുകയാണ് ഉണ്ടായതെന്നു പറഞ്ഞുവല്ലോ. നാരദന്റെ ഉപദേശപ്രകാരം പ്രായോഗികമായ തലത്തിലേക്ക് വ്യാസൻ തന്റെ കൃതിയിൽ രൂപാന്തരം നടത്തി. അങ്ങനെ മനുഷ്യമനസിന്റെ തലങ്ങളിലേക്കു സഞ്ചരിച്ചു. കഥകളിലൂടെയും ഉപകഥകളിലൂടെയും ഭഗവദ്ഭക്തി വർദ്ധിപ്പിക്കുമ്പോൾ മാനസ്സികപരിവർത്തനം വരുമെന്ന് വ്യാസനറിയാം. പരീക്ഷിത്തിന്റെ ചോദ്യങ്ങൾക്കുത്തരമായി ശൗനകമുനി നൽകുന്ന സൃഷ്ടിയുടെ വർണ്ണനയിലൂടെ സാമാന്യജനങ്ങൾക്കു മനസിലാക്കിക്കൊടുക്കുകയാണ് ആ ഋഷീശ്വരൻമാർ.

മഹാഭാരതയുദ്ധം നടക്കുന്ന സമയത്ത് വിദുരർ ദുര്യോധനന്റെ കടുത്ത വാക്കുകളിൽ മനംനൊന്ത് നഗരം വിട്ട് പുണ്യ സ്ഥലങ്ങൾ സന്ദർശിക്കുവാൻ പോവുകയായിരുന്നു ചെയ്തത്. ഇന്ദ്രിയങ്ങളെ ജയിച്ച് പ്രാഭാസ തീർത്ഥത്തിലെത്തി. വഴിയിൽവെച്ച് അദ്ദേഹം പന്ധവചരിതവും കേട്ടു. ബന്ധുനാശം മുഴുവൻ ഗ്രഹിച്ചു യമുനാതീരത്തു വെച്ച് മുൻജന്മത്തിൽ ബ്രഹസ്പതിയുടെ ശിഷ്യനും കൃഷ്ണഭക്തനുമായ ഉദ്ധവരെ കണ്ടു. അദ്ദേഹത്തിൽനിന്നും കൃഷ്ണൻ മറഞ്ഞതുമെല്ലാം അറിഞ്ഞു. വിദുരരുടെ ചോദ്യങ്ങൾകേട്ട് ഉദ്ധവർക്ക് സങ്കടമിരട്ടിച്ചു. കൊച്ചുകുഞ്ഞായിരിക്കുമ്പോൾ മുതൽ കൃഷ്ണന്റെ പൂജ നടത്തിയിരുന്ന ഉദ്ധവർക്ക് ഭഗവാന്റെ വേർപാട് അസഹ്യമായിരുന്നു. ഭഗവാന്റെ മഹത്വവും ലീലകളും വിശദമായി വർണ്ണിക്കുകയാണ് പിന്നീടു വ്യാസൻ ചെയ്യുന്നത്. ഭഗവാനോടൊപ്പം വൈകുണ്ഠത്തിലേക്കു പോകാൻ ഉദ്ധവർ തയ്യാറായെങ്കിലും ഭഗവാനനുവദിച്ചില്ല. തനിക്കു ജ്ഞാനോപദേശം നൽകിയതും അദ്ദേഹം പറഞ്ഞു. തനിക്കുകൂടി അതു പറഞ്ഞുതരണമെന്നു വിദുരർ അപേക്ഷിച്ചു.

ഭക്തിപൂണ്ടപേക്ഷിച്ചാനുത്തമശ്ലോകാൽ ഭവാ
നുൾത്താരിലുറപ്പിച്ച തത്ത്വജ്ഞാനാർത്ഥം മമ
ചിത്തകാമ്പുണരുമാറിങ്ങുപദേശിക്കണം
മർത്ത്യജന്മത്തിൻ ഫലം സിദ്ധിപ്പാനനുഗ്ര
ഹാൽ

എന്നാണ് പറഞ്ഞിരിക്കുന്നത്. ഉദ്ധവർ എന്ന മഹാത്മാവിനെ ലോകത്തിലുള്ള എല്ലാ ആളുകൾക്കും നന്മ വരുത്തുന്നതെങ്ങനെയെന്നു പഠിപ്പിക്കുന്നതിനാണ് കൃഷ്ണൻ ഉദ്ധവരെ ഇവിടെ നിറുത്തിയിട്ടു പോയതെന്നാണ് പറയപ്പെടുന്നത്. അതായിരുന്നു ഭഗവാന്റെ ആഗ്രഹവും. ചിലരൊക്കെ ഈശ്വരൻ എന്ന സർവ്വവ്യാപിയെ തങ്ങൾക്കു നഷ്ടം വരുമ്പോൾ മാത്രം പ്രാപിക്കാനും ആരാധനാലയങ്ങളിൽ പോയി അർച്ചന നടത്താനും ഉള്ള ഒന്നായി കാണുന്നുണ്ട്. ഈശ്വരചൈതന്യം അതല്ല. മനുഷ്യജന്മത്തിന്റെ മഹനീയ കർമ്മങ്ങളെ പൂർത്തിയാക്കി ധാർമ്മിക മൂല്യങ്ങൾക്കനുസരിച്ച് ഫലേച്ഛ കൂടാതെ കർമ്മം ചെയ്ത് ഭഗവത്പാദം പൂകുകയെന്നതാണ് മാനവജീവിത ലക്ഷ്യം. ഇതാണ് വിദുരർക്കറിയേണ്ടത്. എന്നാൽ ഇതിനു താൻ യോഗ്യനല്ലെന്നും

മൈത്രേയനാണ് യോഗ്യനെന്നും ഉദ്ധവർ പറഞ്ഞു. ഇതുതന്നെയാണ് ഭഗവാൻ ഭഗവദ്ഗീതയിലും പറഞ്ഞിട്ടുള്ളത്.

ഇദം തേ നാതപസ്കായ നാഭക്തായ
കദാചന
ന ചാശുശ്രുഷവേ വാച്യം ന ച മാം
യോളഭ്യസുയതി

ആത്മസംയമനമില്ലാത്തവനെ ഒരിക്കലും ഉപദേശിക്കരുത്. ഭക്തിയില്ലാത്തവനേയും പാദസേവ ചെയ്യാത്തവനേയും കേൾക്കാൻ താല്പര്യമില്ലാത്തവനേയും ഒരിക്കലും ഉപദേശിക്കരുത്. അത്യന്തം ഗോപ്യമായ തത്ത്വങ്ങൾ പറയുന്ന ആളും കേൾക്കുന്നയാളും ഒരേപോലെ പ്രധാന്യമർഹിക്കുന്നുവെന്ന സത്യം നാം എപ്പോഴും ഓർമ്മിക്കണം. എന്നാൽ മാത്രമേ പ്രയോജനം ഉണ്ടാവുകയുള്ളൂ. ആദ്ധ്യാത്മിക തത്ത്വത്തേക്കുറിച്ച് പഠിക്കുന്നവർ ജ്ഞാനയജ്ഞം കൊണ്ടു തന്നെ ആരാധിക്കുന്നതായും ഭഗവാൻ പറയുന്നു. ഇങ്ങനെ ജ്ഞാനിയായ വിദുരർ മൈത്രേയനെ നോക്കി നടന്നു മൈത്രേയാശ്രമത്തിലെത്തി. വിദുരർ ചോദിച്ചു:

ചോദിച്ചാൽ ഭഗവൽ സൂക്ഷ്മാത്മ തത്ത്വാർത്ഥ
ത്തേയും
താദൃശമായ ജഗൽ സർഗ്ഗാമൃങ്ങളുമെല്ലാം
നിന്തുരുവടിയരുൾ ചെയ്യണം കേൾക്കാമെങ്കിൽ
അ:രാനന്ദം വളർന്നത്വം നീങ്ങും വണ്ണം

വിദുരരുടെ ചോദ്യം സമൂഹത്തിന്റെ ചോദ്യമാണ്. എല്ലാവരും കർമ്മങ്ങൾ ചെയ്യുന്നത് നല്ലതു വരാനാണ്. എന്നാൽ മിക്കവാറുമെല്ലാവർക്കും പകരം ദുഃഖമാണുണ്ടാവുക. എങ്ങനെയാണ് ഈ ലോകത്തിൽ ജീവികളുണ്ടാകുന്നത്. ഭഗവാന്റെ അവതാരോദ്ദേശം ഇങ്ങനെ നീണ്ടുപോകുന്നതിന്റെ ചോദ്യങ്ങൾക്കാണ് മൈത്രേയൻ മറുപടി പറയേണ്ടി വന്നത്. വ്യാസന് ശൂദ്ര സ്ത്രിയിലുണ്ടായ വിദുരർ ജ്ഞാനിയാണെന്നും കൃഷ്ണനോടുള്ള ഭക്തിമൂലം പരമജ്ഞാനം ഉപദേശിക്കണമെന്നും ഭഗവാൻ പറഞ്ഞിട്ടുണ്ടെന്നും മൈത്രേയൻ പറയുന്നു. സൃഷ്ടി നടക്കുന്നതിനു മുൻപു തന്നെ ഭഗവാനിൽ ലോകം ലയിച്ചിരുന്നു. മായകൊണ്ടാണ് ഈശ്വരൻ പ്രപഞ്ചസൃഷ്ടി നടത്തുന്നത്. കാലശക്തി മൂലം 3 ഗുണങ്ങൾ, സത്വം, രജസ്, തമസ് എന്നിവ ഉണ്ടായി. ഈ മൂന്നു ഗുണങ്ങൾ ലോക സൃഷ്ടിക്കു കാരണമായി. മൂന്നു തരം അഹം തത്ത്വങ്ങളാണ്, സാത്വികം, രാജസം, താമസം. ഇതിൽ സാത്വികത്തിൽ നിന്നും ദേവന്മാരും രാജസത്തിൽ നിന്നും ഇന്ദ്രിയങ്ങളും താമസത്തിൽ നിന്നും ഭൂതഗണങ്ങളും ഉണ്ടായി. ആകാശത്തിന് ശബ്ദഗുണവും വായുവിന് ശബ്ദം, സ്പർശം എന്നിവയും അഗ്നിക്ക് ശബ്ദം, സ്പർശം രൂപം ഇവ മൂന്നും, ജലത്തിന് ഇവക്കു പുറമേ രസവും, ഭൂമിക്ക് ഈ നാലിനും പുറമേ ഗന്ധവും കൂടിയുണ്ട്.

ഇവിടെ ഋഷികളിൽ നിന്നും വ്യത്യസ്തമായി സാധാര്ണക്കാരായ ഭക്തരുടെ ആവശ്യം പറയുന്നു. ഭക്തന്മാർക്ക് ജീവിത്മാവും പരമാത്മാവും ഒന്നാണെന്നറിഞ്ഞു ഭക്തിയിൽ മുഴുകുന്ന ഭക്തിമാർഗ്ഗത്തിനു പ്രയാസമില്ല. ഇങ്ങനെ ഭഗവാന്റെ മായാവിലാസം വിവരിച്ചപ്പോൾ വിദുരർ ചോദിച്ചു, എങ്ങനെയാണ് ഭഗവാൻ മായയോടു ചേരുന്നത്. സർവ്വതിലും ജീവനായിരിക്കുന്നതു ഭഗവാനായതുകൊണ്ട് ഒരു ജീവന് ഭാഗ്യദോഷവും ക്ലേശവും ഉണ്ടാകുന്നതെന്തുകൊണ്ടാണ്. ഇവിടെ ഭഗവാന്റെ ലീലാവിലാസങ്ങൾ കൊണ്ടു വരുന്നതാണ്. ഭഗവദ് നാമങ്ങൾ കേൾക്കുകയും ഭഗവാന്റെ കഥകൾ കേൾക്കുകയും ചെയ്യുമ്പോൾ ഭക്തിയുണ്ടാകും. ഭഗവാൻ ഭക്തനെ ക്ലേശിപ്പിക്കില്ല. അല്പജ്ഞാനികൾക്കാണ് സുഖദുഃഖങ്ങളേക്കുറിച്ചുള്ള സംശയം. അങ്ങനെവരുമ്പോൾ സംശയിച്ചു ക്ലേശിക്കുന്നു. ഭഗവാനെ സ്നേഹിച്ചു ഇന്ദ്രിയങ്ങളിൽ നിന്നും മാറുമ്പോൾ പരമാനന്ദം ഉണ്ടാകും. സത്യസന്ധതയില്ലാതെ പരദൂഷണവും പറഞ്ഞ് മറ്റുള്ളവരോട് സംസ്കാരശൂന്യമായ പെരുമാറ്റവും കൊണ്ട് മനശുദ്ധി നഷ്ടപ്പെട്ടവർക്കുള്ളതല്ല മഹദ്തത്ത്വങ്ങൾ. ഭഗവാൻ ഗീതയിൽ പറയുന്നു, ദൈവീകാനുഗ്രഹമുള്ളവരാണ്

അഹിംസാ സത്യമക്രോധഃ
ത്യാഗഃ ശാന്തിരപൈശുനം
ദയാ ഭൂതേഷ്വലോലുപ്ത്വം
മാർദ്ദവം ഹ്രീരചാപലം

പരദ്രോഹം ചെയ്യാതിരിക്കൽ, കള്ളത്തരമില്ലായ്മ, ക്രോധമില്ലായ്മ, ത്യാഗമനോഭാവം, മനക്ഷോഭമില്ലായ്മ, പരദൂഷണം പറയാതിരിക്കൽ, ഭൂതദയ, മൃദുത്വം, വിനയം, ചാപല്യമില്ലായ്മ ഇങ്ങനെയുള്ള ഗുണങ്ങളുണ്ടെങ്കിൽ ദൈവീകാനുഗ്രഹം മനുഷ്യനിലുണ്ടാകുമെന്ന് വ്യാസൻവീണ്ടും വീണ്ടും നമ്മളോടു പറയുകയാണ്.

ഭൂമി വെള്ളത്തിനടിയിൽ നിന്നും രക്ഷിക്കാൻ ഭഗവാൻ വരാഹവതാരമെടുത്തു. മഹാവിഷ്ണുവാണ് വരാഹരൂപമെടുത്തു വന്നതെന്നറിഞ്ഞ ഹിരണ്യാക്ഷൻ ഭഗവാനോടു യുദ്ധത്തിനു വന്നു. ഭഗവാൻ സുദർശനചക്രത്താൽ ഹിരണ്യാക്ഷനെ വധിച്ചു. ഭഗവാൻ ഭൂമിയെ വെള്ളത്തിനു മുകളിലാക്കി മറഞ്ഞു. തന്നെ ഭജിക്കുന്നവർക്ക് അനുഗ്രഹം കൊടുക്കുന്നു. വിദുരരുടെ ഒരു ചോദ്യവമിതാണ്. എന്തുകൊണ്ട് ഈ യുദ്ധം. അവിടെയാണ് ദിതിയുടേയും കശ്യപമഹർഷിയുടേയും കഥയുടെ വിവരണം. സന്ധ്യാവന്ദനത്തിനിരുന്ന കശ്യപനോട് ഭാര്യയായ ദിതി തന്റെ ആഗ്രഹം പറഞ്ഞു. ദിതിയുടെ സന്താനോല്പാദനം എന്ന ആഗ്രഹം കശ്യപൻ സാധിച്ചുകൊടുത്തു. അവർക്ക് ഇരട്ട പുത്രന്മാരുണ്ടാകുന്നത് അസുരന്മാരായിരിക്കുമെന്നും അവരെ ഭഗവാൻ വധിക്കുമെന്നും പറഞ്ഞു. വിഷമിച്ച ദിതിയോട് ഒരു പുത്രൻ ഭക്തനായിരിക്കുമെന്നും പറഞ്ഞു. കൂടാതെ വരുന്ന 21 തലമുറകളെ ഉദ്ധരിക്കുന്നവനായിരിക്കുമെന്നും അനുഗ്രഹിച്ചു. ദിതിക്കു സന്തോഷമായി.

ദിതിയുടെ ഗർഭത്തിലുണ്ടായ അസുരന്മാരാണ് ഹിരണ്യകശിപുവും ഹിരണ്യാക്ഷനും. അവർ ബ്ര)ഹ്മാവിനെ തപസ്സു ചെയ്തു വരങ്ങൾ വാങ്ങി. എപ്പോഴും യുദ്ധം ചെയ്യാൻ തയാറാണ് ഹിരണ്യാക്ഷൻ. അയാൾ നാരദനിൽ നിന്നും ഭഗവാനെവിടെയുണ്ടെന്നു മനസ്സിലാക്കി. അപ്പോൾ ഭഗവാൻ ഭൂമിയെ ഉയർത്താനായി ജലത്തിലായിരുന്നു. അങ്ങനെ ഭൂമിയെ ഉയർത്തുന്ന വരാഹമൂർത്തിയെ കണ്ടു. അവിടെ വെച്ച് അയാൾ ഭഗവാനെ യുദ്ധത്തിനു വിളിച്ചു. ഇതു കണ്ട ബ്രഹ്മാവ് ഭഗവാനോട് അയാളെ വധിക്കുവാൻ പറഞ്ഞു. സുദർശനചക്രമുപയോഗിച്ച് ഭഗവാൻ അയാളെ വധിച്ചു. ഇതിഹാസങ്ങളും പുരാണങ്ങളും രചിച്ചതിന്റെ ഉദ്ദേശം ഇതു വായിക്കുന്ന സാധാരണക്കാർക്ക് മാനസികമായ ഒരു ധാർമ്മികബോധം ഉടലെടുക്കുന്നതിനാണ്. അഹങ്കാരിയും ആരേയും വെല്ലു വിളിച്ചു ശരീര ബലം കാണിച്ചു നടന്നിരുന്ന ഹിരണ്യാക്ഷന്റെ പതനം നമുക്കു മനസ്സിലാക്കാവുന്നതാണ്. ആരേയും ജീവിക്കാനനുവദിക്കാത്ത ക്രൂരമായ ചിന്തയുടെ പ്രതീകമാണ് ഹിരണ്യാക്ഷൻ. ഇതു തന്നെയാണ് മഹാവിഷ്ണുവിന്റെ ദ്വാരപാലകരായിരുന്ന ജയവിജയന്മാർക്കും സംഭവിച്ചത്. ആരേയും ബഹുമാനിക്കാതെ അഹങ്കാരിയായ ഇവർ ദിവ്യനായ സനൽകുമാരനെ പോലും ബഹുമാനിച്ചില്ല. ഇവരുടെ അഹങ്കാരത്തിനു കിട്ടിയ ശാപമാണ് പിന്നീടവർ ഹിരണ്യാക്ഷനും ഹിരണ്യകശിപുമായി ജനിച്ചതെന്നും പറയപ്പെടുന്നു. ഇവരുടെ അഹങ്കാരം ശമിക്കാൻ വീണ്ടും വീണ്ടും അവർ ജന്മമെടുക്കുമെന്നു കാണിച്ചിരിക്കുന്നു. ഇവിടെയാണ് അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന ദുഷ്പ്രവർത്തികൾ കാലാകാലങ്ങളായി നിലനിൽക്കുമെന്നു നാം മനസിലാക്കേണ്ടത്. മനുഷ്യനെ നല്ല ചിന്തയിലേക്കു നയിക്കാൻ നല്ല നല്ല അവസരങ്ങൾ പ്രകൃതി ഉണ്ടാക്കി തരുന്നു. അതിനെയാണ് നാം അനുഭവങ്ങളെന്നു പറയുന്നത്. ചിലർ എത്ര അനുഭവം വന്നാലും പഠിക്കില്ല. അനുഭവമാണ് ഗുരു. ഇവിടെ വരാഹമൂർത്തിയുടെ രൂപത്തിൽ ഭഗവാൻ ഇവർക്ക് ഓരോ ജന്മത്തിലും ഓരോ അവസരം കൊടുത്തുവെന്നുള്ള കാര്യം നാം ശ്രദ്ധിക്കണം. ഗുണാംശങ്ങൾ കൂടുതലുള്ള സനൽകുമാരൻ വീണ്ടും വീണ്ടും മാനവികതയുടെ തലങ്ങളിൽ ശോഭിച്ചിരുന്ന പ്രഹ്ലാദനും വിഭീഷണനുമൊക്കെയായി അവതരിച്ചുവെന്നും പറയുന്നു. ഇവിടെ മനുഷ്യന്റെ വിചിത്രമായ ചിന്താധാരയെ സദ്സംഗത്തിലൂടെ എങ്ങനെ മാനുഷികമൂല്യങ്ങളുടെ ചിന്തയായി മാറ്റാൻ സാഹായിക്കുന്നുവെന്നു വിവരിക്കുന്നു. ഇവിടെ ഭഗവാന്റെ ഉദ്ദേശവും അവിടുന്നു നടത്തിയ അവതാരവുമെല്ലാം മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കുവാൻ വേണ്ടി, അതായത് നല്ലതു ചെയ്യുന്നവർക്ക് നന്മ പ്രദാനം ചെയ്യുന്ന പ്രപഞ്ചശക്തി നമ്മുടെ കൂടെയുണ്ടെന്ന വിശ്വാസം ജനങ്ങളിലേക്കെത്തിക്കും എന്നതായിരുന്നു വ്യാസൻ ശുകനിലൂടെ പരീക്ഷിത്തിനു നൽകിയ ഉപദേശം.

സൃഷ്ടി ഭേദങ്ങളെക്കുറിച്ചുള്ള വിദുരരുടെ ചോദ്യത്തിന് ഉത്തരമായി പറയുന്നിടത്ത് കപിലനേക്കുറിച്ചും കപിലോപദേശത്തേക്കുറിച്ചും വിവരിക്കുന്നുണ്ട്. നാം ചെയ്യുന്ന കർമ്മങ്ങൾ പലതും നമ്മൾ വീണ്ടുവിചാരമില്ലാതെയും എന്നാൽ ചിന്തിച്ച് കാര്യകാരണസഹിതം ചെയ്യുകയും ചെയ്യുന്നുമുണ്ട്. നല്ലതായി നടക്കുമ്പോൾ നാം ചെയ്തതാണെന്നും അതല്ലെങ്കിൽ മറ്റുള്ളവരുടെ കുറ്റം കൊണ്ടാണെന്നും പറയുന്ന ഒരു സ്വഭാവമുണ്ട്. ഇങ്ങനെ ചെറിയ കുട്ടികൾ മുതൽ പലരും ചെയ്യും. സ്വയം കുറ്റമേറ്റെടുക്കാൻ വയ്യാതെ കുറ്റം മറ്റുള്ളവരുടെ മേൽ കെട്ടിവെക്കും ഇതെല്ലാം എന്തുകൊണ്ടാണ്. അജ്ഞതയും ആത്മവിശ്വ

സമില്ലായ്മയും കൊണ്ട്. ആരെയെങ്കിലും വിശ്വസച്ചേ മതിയാകൂ. അത് നമ്മളേക്കാൾ ജ്ഞാനിയും മഹാത്മാവുമാണെങ്കിൽ നല്ലത്. ആ ശക്തിവിശേഷം വിശ്വാസത്തിന്റെ മഹത്വമാണ്. ഇത്തരം രചനയിലൂടെ ഉദ്ദേശിക്കുന്നത് അതുതന്നെയാണ്.

മനുവിന്റേയും ശതദേവിയുടേയും പുത്രിയായ ദേവഹൂതി മഹാതപസ്വിയായ കർദ്ദമനെ വിവാഹം ചെയ്തു. അവർക്ക് രണ്ടു പെൺകുഞ്ഞുങ്ങൾ ജനിച്ചു. മക്കൾ വിവാഹിതരാകുമ്പോൾ അവർ വിട്ടുപോകുമെന്നും കർദ്ദമൻ സംന്യാസിയായി പോകുമെന്നും മനസ്സിലാക്കിയ ദേവഹൂതി ജ്ഞാനം ആർജ്ജിച്ചിട്ടില്ലല്ലോ എന്നു പറഞ്ഞ് വേദനിച്ചു. കർദമഹർഷിയുടെ ഉപദേശപ്രകാരം ദേവഹൂതി വൃതം നടത്തി. അങ്ങനെ ഭഗവാന്റെ അനുഗ്രഹത്താൽ അംശാവതാരമായി കപിലവൻ ജനിച്ചു. കപിലദേവനും ദേവഹൂതിയും തമ്മിലുള്ള സംഭാഷണം നമുക്കിവിടെ ഈ സ്കന്ധത്തിൽ മനസ്സിലാക്കാം.

നിർവാണ്ണാ നിതരാം ഭൂമന്നസദിന്ദ്രിയ
തർഷണാത്
യേന സംഭവ്യമാനേന പ്രപന്നാണ്ഡം
തമ പ്രഭോ

വഞ്ചകരായ ഇന്ദ്രിയങ്ങളെ സന്തോഷിപ്പിച്ച് ഞാൻ കാലം കഴിച്ചു. ഇന്നു ഞാനതിൽ നിന്നും മാറി. ഈ മായാമോഹങ്ങളിൽ നിന്നെന്നെ രക്ഷിക്കണം. മായാമോഹങ്ങളിൽനിന്നും രക്ഷനേടാൻ ഞാൻ അങ്ങയെ ശരണം പ്രാപിക്കുന്നു. ഇവിടെയാണ് നാം നമ്മുടെ ബന്ധമോക്ഷങ്ങൾക്കു കാരണം മനസ്സാണെന്നു മനസ്സിലാക്കുന്നത്. നമ്മുടെ മനസ്സ് പലതിലും ആമഗ്നമായി ആസക്തിയാൽ ബന്ധനത്തിൽ പെടുന്നു. ഭൗതിക വസ്തുക്കളിൽ മുഴുകിയിരിക്കുമ്പോൾ മനുഷ്യന് സ്വയം മനസ്സിലാക്കാനോ മറ്റുള്ളവരെ മനസ്സിലാക്കാനോ കഴിയുന്നില്ല. അതുകൊണ്ട് നന്മവരണമെന്നാഗ്രഹിക്കുന്നവർ വിഷയാസക്തിക്ക് അമിത പ്രാധാന്യം കൊടുക്കരുത്. ഇവിടെയാണ് സത്സംഗത്തിന്റെ പ്രാധാന്യം.

മുക്തിയും മനോജയവുമുണ്ടെങ്കിൽ
സദ്യോഗത്താൽ
ഭക്തിയും ഭവിക്കുന്നു മർത്ത്യയോനികൾ
ക്കെല്ലാം
എന്നു കിളിപ്പാട്ടിലും,

ചേതഃ ഖലസ്യ ബന്ധായ മുക്തയേ
ചാത്മനോമതം

ലൗകിക കാര്യങ്ങളിൽ മനസ്സ് ആസക്തമാകുമ്പോൾ അതുതന്നെ ബന്ധകാരണമാകുമെന്ന് ഭാഗവതം മൂലം പറയുന്നു. ഭഗവാനിൽ മനസ്സ് അർപ്പിക്കുമ്പോൾ മുക്തി ലഭിക്കും. മനസ്സ് അസന്തുഷ്ടിയിലും ആഗ്രഹങ്ങളിലും പെട്ട് ഉഴലുമ്പോൾ നമുക്കു സമാധാനമില്ല. അതുകൊണ്ട് സമാധാനം ലഭിക്കണമെങ്കിൽ ഈശ്വരനെ ഭജിക്കുക. പുണ്യചിന്തകൾ മാത്രമേ കലുഷിതമായ മനസ്സിന് സൗഖ്യം പ്രദാനം ചെയ്യുകയുള്ളൂ. മറ്റുള്ളവരുടെ നിർബ്ബന്ധത്താലല്ല സത്സംഗം നടത്തേണ്ടത്. പ്രേരണയാൽ സത്ഗംഗത്തിനു പോയാൽ നാം വാച്ചിൽ നോക്കിയിരിക്കും. അവർക്ക് വിശപ്പും ദാഹവും കൂടുതലായിരിക്കും. അവർ അങ്ങനെ തന്നെ നമ്മളേയും അലട്ടിക്കൊണ്ടിരിക്കും. സ്വയം നന്നാവണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ബന്ധനം അജ്ഞത മൂലമാണെന്നു മനസ്സിലാക്കി പ്രവർത്തിക്കുക. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടത് നല്ലയാളുകളോടു സത്സംഗം നടത്തണമെന്നതാണ്. അമ്മയുടെ സംശയം മകനോടു ചോദിക്കുകയും മകന്റെ അറിവ് അമ്മക്കു വിശദീകരിച്ചു കൊടുക്കുകയുമാണ് കപിലോപദേശമെന്നത്. ആധുനിക യുഗത്തിൽ അമ്മയേക്കാൾ അറിവുണ്ടെന്നു ഭാവിക്കുക മാത്രമല്ല അജ്ഞതയോടു കൂടി ചിലർ പെരുമാറുകയും ചെയ്യുന്നു. ഇവിടെ അമ്മയുടെ അനുഗ്രഹത്താൽ മോ ക്ഷം ഉപദേശിക്കുന്നു. അമ്മ ചോദിക്കുന്നു:

ഭക്തി ലക്ഷണങ്ങളും യോഗലക്ഷണങ്ങളും
ഒക്കെ നീ വഴിപോലെ വിസ്താരാൽ ചൊല്ലീടണം

മകൻ പറയുന്നു:

ഏതാവനേകലോകേ ള സ്മിൻ പുംസാ നിഃ
ശ്രേയസോദയഃ
തീവ്രേണ ഭക്തിയോഗേന മനോ മയ്യർപ്പി
തം സ്ഥിരം

അതി കഠിനമായി ഭക്തി ഭഗവാനിൽ അർപ്പിക്കുക. ഭക്തി ഉണ്ടായാൽ പിന്നെ മുക്തിയും വന്നീടുന്നു.

ഭഗവദ് ഭക്തിയുടെ വർണ്ണനയാണിനി നടത്തുന്നത്.

പാലന പരായണനാത്മാവാം നാരായണൻ
വേദാന്ത പൊരുളായി ദിവ്യരൂപാംഗങ്ങളെ

പാദാദി കേശാന്തം തന്മാനസമുറപ്പോളം
ശീലിച്ചുകൊള്ളുന്നാകിലെത്രയുമത്യുത്തമം
വീണ്ടും പറയുന്നു:

പുണ്യ പാപങ്ങൾ രണ്ടും കർമ്മ ദോഷ
ങ്ങളാലെ
വന്നു കൂടീടും ന്യൂനം സംസാരഭ്രമണ
ത്താൽ

സർവ്വ വ്യാപിയായ ചൈതന്യം പുരുഷനും പ്രകൃതി ജഢവുമാണ്. ജഢങ്ങളായ പഞ്ചഭൂതങ്ങൾളും ലോകവുമൊക്കെ പ്രകാശിക്കുന്നത് ആത്മാവിന്റെ പ്രകാശത്താലാണ്. ഇവിടെ സത്വ രജസ് തമോ ഗുണങ്ങളും പ്രതിപാദിക്കുന്നുണ്ട്.

വൈകാരം രാജസം താമസമെന്നേവം
മൂന്നു
ഭാഗമായ് നിൽക്കും മായാജാതങ്ങൾ
ഭൂതങ്ങൾ പോൽ

സത്വഗുണമുള്ളത് നിശ്ചലമാണ്. സാത്വികത്തിൽ നിന്നു മനസ്സും രാജസത്തിൽ നിന്നു ഇന്ദ്രിയങ്ങളും ഉണ്ടായി. ത്രിഗുണങ്ങൾ ഒരു വ്യക്തിയിൽ ഉണ്ടായ അളവനുസരിച്ച് മനസ്സിന്റെ തലങ്ങൾ വ്യത്യസ്ഥമാണ്. ഭഗവദ് മാഹാത്മ്യത്തെ എല്ലായിടത്തും ദർശിക്കുകയാണെങ്കിൽ നമുക്കു സ്വയം മാറാൻ കഴിയും. സർവ്വ ചരാചരങ്ങളിലും ശ്രേഷ്ഠമായ ജന്മം മനുഷ്യ ജന്മമാണ്. അതിൽ ബ്രഹ്മജ്ഞാനിയാണ് ഏറ്റവും മഹത്തരം. കപിലൻ വീണ്ടും പറയുകയാണ്, മനുഷ്യൻ ജീവിതത്തിൽ ശാശ്വതമായതും അനശ്വരമായതും എന്താണെന്നു മനസ്സിലാക്കുന്നില്ല. ലൗകിക ജീവിതത്തിൽ നേടുന്ന എല്ലാ ഭൗതികനേട്ടങ്ങളും ശാശ്വതമായി കാണുന്നു. ഈശ്വരൻ തന്റെ മായകൊണ്ട് മനുഷ്യനെ ദുരാഗ്രഹിയാക്കുകയാണോ എന്നു തോന്നും. ആധുനിക മനുഷ്യൻ സ്വന്തം സുഖത്തിനുവേണ്ടി ശ്രമിക്കുന്നു. അധാർമ്മികതയുടെ മുഖവുമായി ജീവിതം തള്ളി നീക്കുന്നു. ഗ്രഹസ്ഥാശ്രമിയായാലും അതിൽ മുഴുകി ജീവിതം തീർക്കാതെ ഭഗവദ് പൂജയായി കരുതി പ്രവർത്തിക്കണം. ഇവിടെ കർമ്മം ഫലേച്ഛ കൂടാതെ ആസക്തിയില്ലാതെ ചെയ്തു തീർക്കണം. അപ്പോഴും ധാർമ്മികമൂല്യങ്ങൾ പ്രാധാന്യം നൽകണം.

തസ്മാന്ന കാര്യഃ സംന്ത്രസോ ന
കാർപ്പണ്യം ന സംഭ്രമ
ബുദ്ധ്വാ ജീവഗതിം ധീരോ മുക്ത
സംഗശ്ച രേദിഹ

എന്തുപേക്ഷിച്ചാലാണ് മുക്തി ലഭിക്കുക അതിൽ പിടിച്ച് തൂങ്ങാതെ അതിനെ ത്യജിക്കാൻപഠിക്കണം. ഭൗതിക സുഖങ്ങളിൽ ആസക്തനാകാതെ ഇവയെ എപ്പോൾ വേണമെങ്കിലും ത്യജിക്കാനുള്ള തയാറെടുപ്പ് നടത്തണം. ഗ്രഹസ്ഥാശ്രമിക്കും ഭഗവദ്പൂജ സാധ്യമാണ്. സ്വന്തം കർമ്മങ്ങൾ അനുഷ്ഠിച്ച് പൂജ ചെയ്യുകയെന്നതാണ് ഇവിടെ നാം ചെയ്യേണ്ടത്. ഇങ്ങനെ ജീവിതമൂല്യങ്ങളെ അനുഷ്ഠിച്ചുകൊണ്ട് ഭഗവാനിൽ അഭയം പ്രാപിക്കാൻ വേണ്ട അറിവ് അമ്മക്കു മകൻ നൽകി

നിർണ്ണയം വരും വണ്ണം ആത്മതത്ത്വാർത്ഥ
ത്തേയും
തന്നിലമ്മാറു കാട്ടി കൊടുത്തു തെളിയിപ്പി
ച്ചന്യൂനാന്ദം വളർന്നഞ്ജസാ രമിപ്പിച്ചാൻ
ന ലോലുപായോപദിശേന്ന ഗൃഹാരൂഢ
ചേതസേ
നാ ഭക്തായ ച മേ ജാതു നമദ് ഭക്ത
ദിഷാമപി

എന്നോടും എന്റെ ഭക്തരോടും ദേഷ്യമുള്ളവർക്ക് ഇത് ഉപദേശിക്കരുത്. ഗീതയിൽ ഭഗവാൻ പറയുന്നതുപോലെ മാനസ്സികമായും ബുദ്ധിപരമായും വളർച്ച എത്തിയവർക്കു മാത്രമേ ഭഗവദ് ചിന്താധാരകളെ മനസ്സിലാക്കാനും പ്രവർത്തിക്കാനും കഴിയുകയുള്ളൂ. അറിവിന്റെ അവതാരമായ സ്വന്തം പുത്രനായ കപിലനെ നമസ്കരിച്ചുകൊണ്ട് തന്നെ ഇഹലോകദുഃഖത്തിൽ നിന്നും മോചിപ്പിക്കാനുള്ള അവസരമൊരുക്കിയതിന് നന്ദി പറഞ്ഞകലുകയാണ്.

കപിലമുനിയുടെ ജ്ഞാനാർച്ചന കേൾക്കുന്നവരും വിചാരിക്കുന്നവരുമായ ആളുകൾക്ക് ഭഗവദ് ഭക്തിയുണ്ടാകുമെന്ന് ഇവിടെ പറയുന്നു.

യ ഇദ മനുശൃണോതി യോ ഉ ദിധത്തേ
കപില മുനേഞ്ഞമ്മത മാത്മയോഗ ഗുഹ്യം
ഭഗവതി കൃതധീ സുധർണ്ണകേതാ
വുപലഭതേ ഭഗവദ് പാദാരവിന്ദം

ഇന്നു കാണുന്ന അസംതൃപ്തിയും ഭയാശങ്കയും മനുഷ്യമനസിൽനിന്നും അകറ്റേണ്ടതിന് എന്തെല്ലാം,ം ചെയ്യണമെന്ന് ഇവിടെ വ്യാസൻ നമുക്കു പറഞ്ഞു തരുന്നുണ്ട്. പരീക്ഷിത്തിനു മോക്ഷം ലഭിക്കാനുതകുന്ന ശുകമുനിയുടെ വാക്കുകൾ വഴി ഈ കലിയുഗത്തിലെ ഒറ്റമൂലിയാണ് കപിലോപദേശം. ഭക്തി മനുഷ്യന് മനശുദ്ധി ഉണ്ടാക്കും എന്ന ദിവ്യമായ വസ്തുത കപിലമുനി അമ്മക്കു നൽകുന്ന ഉപദേശത്തിലൂടെ നമുക്കു പറഞ്ഞു തരുന്നു. ഈ തൃതീയ സ്കന്ധം ഇവിടെ അവസാനിക്കുന്നു.

*****

# രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം

കല്പകം സോമരാജൻ ഫോൺ : 9895453072

**(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)**

എന്നാൽ ആദിപരാശക്തിയുടെ പത്തുഭാവങ്ങളായ ദശമഹാവിദ്യയിലെ പ്രധാന ഭഗവതിയാണ് താരാദേവി എന്നു കാണുന്നു. ദുർഗ്ഗ, പാർവതി, മഹാകാളി എന്നീ പരാശക്തീരൂപങ്ങളുടെ താന്ത്രിക ഭാവങ്ങളിൽ ഒന്നാണ് താരാദേവി. താരിണി എന്ന നാമത്തിലും ദേവി അറിയപ്പെടുന്നു. സംരക്ഷിക്കുന്നവൾ എന്നത്രെ ഈ ദേവീ നാമത്തിനർത്ഥം. (താര് എന്നാൽ സംസ്കൃതത്തിൽ സംരക്ഷിക്കുക എന്നാണ് ഇതിന്റെ തത്ഭവപദമാണ് താര എന്നു പറയുന്നത്). താര് എന്ന വാക്കിന് നക്ഷത്രം എന്നാണ് പല ഭാഷകളിലും അർത്ഥം. സ്വയം സുന്ദരവും ശക്തിയുക്തവും എല്ലാ ജീവവസ്തുക്കൾക്കും ആധാരവുമാണ് താര എന്നു ചുരുക്കം. കാളീശക്തിക്ക് സമാനരൂപത്തിലാണ് താരാദേവിയെ ആരാധിക്കുന്നത്. പ്രകൃതി ദുരന്തങ്ങളെ നിയന്ത്രിക്കുവാനും, അവയിൽ നിന്നു രക്ഷ നേടുവാനും താരാദേവിയെ ഉപാസിക്കണമെന്ന് പറയപ്പെടുന്നു.

രാമായണത്തിലുടെനീളം ഋഷിപത്നിമാരായുംസന്യാസിനിമാരായുംഅനേകശ്രേഷ്ഠകഥാപാത്രങ്ങളുണ്ട്. അനസൂയ, അരുന്ധതി, അഹല്യ എന്നിങ്ങനെ സുചരിതകളായ കഥാപാത്രങ്ങൾ കഥാഗതിയിൽ പല സന്ദർഭങ്ങളിലും വനജീവിതചര്യകൾ അറിയാത്ത സീതാദേവിക്ക് താങ്ങും തണലുമായി വർത്തിക്കുന്നു. ശാരീരിക ക്ലേശങ്ങളിൽ നിന്നു മുക്തി നേടാനും, അംഗലാവണ്യം അണയാതിരിക്കാനും പര്യാപ്തമായ വിശിഷ്ടങ്ങളായ പല കറിക്കൂട്ടുകളും ഇവർ സീതക്കായി നൽകുന്നുണ്ട്. അത്രിമഹർഷിയുടെ പത്നിയാണ് അനസൂയ. രാമലക്ഷ്മണൻമാർ സീതാസമേതം വനവാസകാലത്ത് അത്രിമഹർഷിയുടെ ആശ്രമം സന്ദർശിക്കുകയും അനസൂയ ദേവി അവരെ സന്തോഷപൂർവ്വം സ്വീകരിച്ച് വേണ്ട ഉപചാരങ്ങൾ നൽകി എന്നും രാമായണം പറയുന്നു.

അരുന്ധതി, സപ്തർഷികളിൽ ഒരാളായ വസിഷ്ഠമഹർഷിയുടെ ഭാര്യ. വനവാസകാലത്ത് രാമലക്ഷ്ണൻമാർ ദേവീസമേതം ഇവരുടെ ആഥിത്യം സ്വീകരിച്ചിരുന്നതായി കാണുന്നു. അടുത്തത് പ്രസിദ്ധയായ അഹല്യ എന്ന ഗൗതമമുനിപത്നി ശ്രീ രാമപാദ സ്പർശത്താൽ കല്ലായിരുന്ന അഹല്യ ശാപമോചിതയായെന്നും എണ്ണമറ്റവാക്കുകളാൽ ഭവാനെ സ്തുതിച്ചുവെന്നും ശ്രുതി. എടുത്തു പറയേണ്ട വൃദ്ധസന്യസിനിയാണ് ശബരി. ഏറെ നാളായി ശ്രീരാമദർശനത്തിനായി കാത്തു കഴിയുന്ന വൃദ്ധതപസ്വിനി. സീതാന്വേഷണ സമയത്ത് ശ്രീരാമലക്ഷ്മണൻമാർ ശബര്യാശ്രമം സന്ദർശിക്കുന്നു. ശബരി ഭക്ത്യാദരപൂർവം അവരെ സ്വീകരിച്ച് സത്കരിച്ച് സൗമ്യോപദേശങ്ങൾ നൽകുന്നു എന്നു കഥ. ശബരീസത്കാരം ആദരപൂർവ്വം സ്വീകരിച്ച് സന്തുഷ്ടനായ ഭഗവാൻ ആ ആശ്രമം ഇരിക്കുന്നിടം ശബരിമല എന്ന പേരിൽ അറിയപ്പെടുമെന്നും ആചന്ദ്രതാരം ശബരിയുടെ കഥ നില നില്ക്കുമെന്നും അനുഗ്രഹിച്ചു എന്നും കാണുന്നു. മറ്റൊരു സ്ത്രീകഥാപാത്രം അഞ്ജനയാണ്. ശ്രീഹനുമാന്റെ മാതാവ്. പുഞ്ജിസ്ഥലി എന്ന അപ്സരസ്സ് ശാപമേറ്റു വാനരനാരിയായി ജനിച്ചു. കുഞ്ജരൻ എന്ന വാനരന്റെ പുത്രിയാണ് അഞ്ജന. കേസരിയായിരുന്നു ഇവരുടെ ഭർത്താവ്. ഹിമാലയപ്രാന്തമായിരുന്ന ഇവരുടെ വാസസ്ഥലം ശിവാംശശക്തിയുള്ള അവതാരത്തിന് ജന്മം കൊടുക്കുമ്പോൾ ശാപമോക്ഷം കിട്ടും എന്നായിരുന്നു വരം. ആഞ്ജനേയാഗമനത്തോടെ അഞ്ജനാദേവി ശാപമോക്ഷപ്രാപ്തയായി എന്ന് പറയുന്നു.

ഇനി സുന്ദരകാണ്ഡത്തിലെ സ്ത്രീകഥാപാത്രങ്ങളെകുറിച്ച് ചിന്തിക്കാം. സമുദ്രതരണസമയത്ത് സുരസയെയും, ഛായാഗ്രഹിണിയെയും കാണുന്നുണ്ട്. ഇവരെയെല്ലാം കടന്ന് ശ്രീഹനുമാൻ ലങ്കയിൽ കാൽകുത്തുന്നു.

അപ്പോഴാണോരു ചോദ്യം
നീയരെടോ അസുരസുരനര പശുമൃഗാതി
ജന്തുക്കൾ ആരും തന്നെ

ഞാനറിയാതെ ഇവിടെ വരുന്നില്ല എന്നു പറഞ്ഞ് ലങ്കക്കു കാവലായി നിൽക്കുന്ന ആ

സ്ത്രീ രത്നം ഹനുമാനെ ഊക്കിൽ അടിക്കുന്നു. ഹനുമാനും അതേ ശക്തിയിൽ തിരിച്ചടിക്കുന്നു. നിശാചരവേഷരൂപഭാവങ്ങളോടുകൂടിയ അവർ അടിയേറ്റ് ചോരപൊടിഞ്ഞ് താഴെ പതിക്കുന്നു. അവിടെ നിന്നെഴുന്നേൽക്കുന്നത് ഹനുമാനെ അനുഗ്രഹിക്കുവാനാണ്. ശ്രീ ഭഗവതി ലങ്കക്കുകാവലായി നില്ക്കുകയാണ്. പക്ഷെ "ഒരു കപിയൊടൊരു ദിവസമടിതടിതികൊൾകിൽ നീ" ഈ ശാപത്തിൽ നിന്ന് മുക്തയായി തീരുമെന്ന് വിരിഞ്ചാനുഗ്രഹം ഉണ്ടെന്നു പറഞ്ഞ് ഹനുമാനെ അനുഗ്രഹിക്കുന്നു. വൈകാതെ നീ ജാനകീദേവിയെ കണ്ടുമുട്ടുമെന്ന് ഹനുമാനെ ആശ്വസിപ്പിച്ച് ലങ്കാലക്ഷ്മി സ്വരൂപത്തിൽ സ്വർഗ്ഗപ്രാപ്തയാകുന്നു.

കൈകസി മറ്റൊരു പ്രധാന കഥാപാത്രമാണ്. ദൈത്യരാജകുമാരിയായ കൈകസി രാവണമാതാവാണ്. വിശ്രവസ്സിനു കൈകസിയിൽ ജനിച്ച പുത്രൻമാരാണ് രാവണൻ. വിഭീഷണൻ കുംഭകർണ്ണൻ എന്നിവരും പിന്നെ ശൂർപ്പണഖ എന്ന പുത്രിയും ശക്തനായ സുമാലിയുടെ നാലു പുത്രിമാരിൽ ഇളയവളായിരുന്നു കൈകസി. ഏറ്റവും ശക്തനായവൻ തന്റെ മകൾക്കു ഭർത്താവായി വരണമെന്നും ലോകത്തിലേക്കും വച്ച് ഏറ്റവും ശക്തനായ പുത്രൻ അവൾക്കുണ്ടാകണമെന്നു ശഠിച്ച സുമാലി തന്നെക്കാൾ ശക്തരായി ആരെയും കാണാതെ നിരാശനായി. കൈകസിയാകട്ടെ മുനിമാരുടെ ഒത്താശയോടെ ഒടുവിൽ വൈശ്രവണനെ സ്വഭർത്താവായി തിരഞ്ഞെടുത്തു. ത്രിജഡ എന്ന നിശാചരിയെ ആദ്യം പരിചയപ്പെടാം. ലങ്കയിൽ രാവണന് വിശ്വസ്ഥയായി കഴിയുന്ന സ്ത്രീ. എന്നാൽ സീതക്കു കാവലായി ഇവർ ഇരിക്കുന്ന സമയത്ത് മറ്റെല്ലാ നിശാചരികളും രാജാജ്ഞ മാനിച്ച് രാവണനെ വേൾക്കുവാൻ സീതാദേവിയെ പ്രേരിപ്പിക്കുമ്പോൾ തൃജഡ മാത്രം രാവണൻ രാമനാൽ വധിക്കപ്പെടുമെന്നും ശ്രീരാമദേവൻ കാലതാമസംവിനാ ലങ്കയിലെത്തി ദേവിയെ മോഹിപ്പിക്കുമെന്നും ആശ്വസിപ്പിക്കുന്നു. ഈ തൃജഡാ വാക്കുകൾ മറ്റു രാക്ഷസികളെ അമ്പരപ്പിക്കുന്നു എന്നു കാവ്യത്തിൽ കാണാം. തീരെ അപ്രാധാന്യത്തിൽ മകരി എന്നൊരു സ്ത്രീയേയും ഇനിനിടയിൽ കാണാം. ഹനുമാൻ യാത്രാമദ്ധ്യേ ദാഹവിവശനായി ഒരു തടാക തീരത്ത് വെള്ളത്തിനായി എത്തുന്നുണ്ട്. ഈ തടാകതീരത്ത് നിവസിക്കുന്ന കഥാപാത്രമാണ് മുനിശാപത്താൽ നിശാചരിയായി മാറിയ ഈ അപസരസ്ത്രീ-മകരി. ഹനുമൽ കരങ്ങളാൽ മരണം വരിക്കുമ്പോൾ പൂർവരൂപം തിരിച്ചു കിട്ടും. ഇതാണ് ശാപമോക്ഷവചനം. ദാഹജലത്തിനായി എത്തുന്ന ഹനുമാനെ മകരി ആക്രമിക്കുന്നു. പ്രത്യാക്രമണത്തിൽ മരണപ്പെടുന്ന മകരി പൂർവരൂപം പ്രാപിക്കുന്നു. വളരെ പ്രധാനമായൊരു ദൗത്യം ഈ സ്ത്രീ കഥാപാത്രം നിർവഹിക്കുന്നുണ്ട്. എന്തെന്നാൽ കപടവേഷധാരിയായ കാലനേമിയെ കുറിച്ച് ഹനുമാനെ ധരിപ്പിക്കുന്നു. കഥാഗതിക്ക് ഇത് അത്യന്താപേക്ഷിതമാണ്.

ഇനി വരുന്നത് രാവണ സഹോദരൻമാരുടെ പ്രിയയായ ഏകസഹോദരി ശൂർപ്പണഖയിലേക്കാണ്. രാക്ഷസസ്ത്രീകളായി ചിത്രീകരിച്ചിട്ടുള്ളവർ എല്ലാവരും തന്നെ വ്യക്തിപ്രഭാവമുള്ള കഥാപാത്രങ്ങളാണ് ത്രിജഡ. രാമായണകാവ്യത്തിൽ കൈകേയിക്കു തുല്യമായൊരു സ്ഥാനമുണ്ടിവർക്ക്. വിശ്രവസ്സിന്റെ ഏകപുത്രി ശൂർപ്പം എന്ന വാക്കിനർത്ഥം മുറം എന്നാണ്. അപ്പോൾ മുറം പോലെ നഖമുള്ളവൾ ശൂർപ്പണഖ എന്നു വ്യാഖ്യാനം. വാല്മീകി രാമായണത്തിലെ ശൂർപ്പണഖയെ എല്ലാ ദുർഗ്ഗുണങ്ങളും നിറച്ച് ഭീഭത്സരൂപിയായിട്ടാണ് കവി ചിത്രീകരിച്ചിരിക്കുന്നത്. ധർമ്മാധർമ്മതാരതമ്യവിചിന്തനമാണോ ഈ ശൂർപ്പണഖാവതരണം കൊണ്ട് ആദികവി നിർവഹിച്ചിരിക്കുന്നതെന്നു തോന്നും ഈ കഥാഭാഗങ്ങൾ പഠിക്കുമ്പോൾ. എല്ലാ സത്ഗുണങ്ങളും നിറഞ്ഞ മര്യാദാപുരുഷൻ കഥാനായകൻ ശ്രീരാമചന്ദ്രൻ. ഇതിന്റെ മറുവശംപോലെ എല്ലാ ദുർഗുണങ്ങളുടേയും വിളനിലമായ സ്ത്രീ കഥാപാത്രം ശൂർപ്പണഖ. മായാവിദ്യകൾ നിർലോഭമായി പ്രവർത്തിക്കുവാൻ കഴിവുള്ള, ഏതുരൂപവും അനായേസേന കൈകൊള്ളാൻ കഴിവുള്ള ഒരു നിശാചരസ്ത്രീ. ഭൂമിയിൽ പതിഞ്ഞിരിക്കുന്ന രാമപാദങ്ങളുടെ പാടുകണ്ട് കൗതുകം പൂണ്ട് ഇവൾ രാമാശ്രമത്തിൽ എത്തുന്നു. സുന്ദരരൂപനായ രാമനിൽ ആകൃഷ്ടയായി വിവാഹാഭ്യർത്ഥന നടത്തുന്നു. എന്നാൽ രാമൻ താൻ ഭാര്യാസമേതനാണെന്നും ഏകനായ സഹോദരനെ സമീപിക്കുവാനും പറയുന്നു. ലക്ഷ്മണനാകട്ടെ താൻ രാമദാസനാണെന്നും ദാസിയാകാൻ തക്കവളല്ല നീയെന്നും പറഞ്ഞ് നിരാകരിച്ച് അവളെ വീണ്ടും രാമസമീപത്തേക്ക് അയക്കുന്നു. ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും നടത്തി ഇച്ഛാഭംഗവരുത്തി എന്നാൽ പ്രത്യാശാകിരണം നിലനിർത്തി തന്റെ അഭിമാനത്തെ മുറിവേൽപ്പിക്കുമ്പോൾ ശൂർപ്പണഖ തന്റെ ആഗ്രഹസിദ്ധിക്കു വിഘാതമായി മുന്നിൽ നില്ക്കുന്നു. സ്ത്രീ രൂപത്തെ ആക്രമിക്കുന്നു. ആ സമയം രാമാജ്ഞയാൽ കുപിതനായ ലക്ഷ്മണൻ അവളെ അംഗവിച്ഛേദത്താൽ വീണ്ടും അപമാനിതയാക്കുന്നു. ചീറ്റിയൊഴുകുന്ന ചുടുനിണത്തോടെ സോദരസമീപത്തേക്ക് ഇവൾ പാഞ്ഞെത്തുന്നു. ഖരാദികളും അനേക രാക്ഷസ സൈന്യവും

ഒടുങ്ങി തീരുന്നു. അതിനുശേഷം ലങ്കേശനെ അഭയം പ്രാപിക്കുകയാണ് ശൂർപ്പണഖ. സീതാ പഹരണത്തിനും അതുവഴി രാമരാവണയുദ്ധത്തിനുമുള്ള എല്ലാം ഒരുക്കൂട്ടലുകളും വളരെ തന്ത്രത്തിൽ ഇവൾ ചെയ്യുന്നു. വാല്മീകിയുടെ ശൂർപ്പണഖ വിരൂപയാണ്. എന്നാൽ എഴുത്തച്ഛന്റെ ശൂർപ്പണഖയെ സുന്ദരരൂപേ എന്നാണ് ശ്രീരാമദേവൻ സംബോധനചെയ്യുന്നത്. കമ്പരാമായണത്തിലെ ശൂർപ്പണഖ അതീവ സുന്ദരിയാണ്. നീണ്ടിടം പെട്ടകണ്ണുകളോടുകൂടിയ ഇവളുടെ പൂർവനാമം മീനാക്ഷിയന്നായിരുന്നു എന്നും പറഞ്ഞു കാണുന്നു. മായാനിപുണയും വശീകരണചതുരയുമായ ശൂർപ്പണഖയ്ക്കുരൂപം മാറുക എന്നത് നിഷ്പ്രയാസമായിരുന്നു. ഇക്കാര്യം പല രാമായണങ്ങളിലും പലതരത്തിലും ആലേഖ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ശൂർപ്പണഖയുടെ ഭർത്താവ് അധർമ്മിയും അധികാരമോഹിയുമായിരുന്നത്രേ.ഇത് മനസ്സിലാക്കിയ രാവണൻ സഹോദരീഭർത്താവായ ദുഷ്ടബുദ്ധിയെ ഇല്ലായ്ചെയ്യുന്നു. ഭർത്തൃഘാതകനോടുള്ള ഒടുങ്ങാത്ത വൈരാഗ്യമാണ് ശൂർപ്പണഖയിൽ എക്കാലത്തും നിലനിന്നിരുന്നത്. ഈ പകയുടെ പരിസമാപ്തിയാണ് രാമരാവണയുദ്ധവും രാവണവധവുമെന്ന് ചില രാമായണ പാഠങ്ങൾ പറയുന്നു. രാമദർശനത്തിൽ ഇവൾ അനുരക്തയായതൊന്നുമല്ല, മറിച്ച് രാമശക്തി തിരിച്ചറിഞ്ഞ ഇവൾ രാമനല്ലാതെ മറ്റാർക്കും രാവണനെ വധിക്കുവാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കുന്നു. ഈ തിരിച്ചറിവിൽ രാമരാവണയുദ്ധത്തിനു വേണ്ട എല്ലാ കരുനീക്കങ്ങളും നടത്തി വിജയം കണ്ടെത്തുകയാണ് ശൂർപ്പണഖ എന്ന് മറ്റൊരു ഭാഷാരാമായണപാഠം. ഇനി പറയുന്നത് മണ്ഡോദരിയെ കുറിച്ചാണ്. ലങ്കാധിപന്റെ പ്രിയ പത്നി. അതീവസുന്ദരിയും, സുചരിതയും, സുശീലയുമായ കഥാപാത്രം അസുരശില്പിയായ മയന് ഹേമ എന്ന അപ്സരസ്ത്രീയിൽ ജനിച്ച സന്താനം പുരാണപ്രസിദ്ധരായ പഞ്ചകന്യകമാരിൽ ഒരാൾ ... രാവണപത്നി. പൂർവ്വജന്മത്തിൽ മധുര എന്ന ശിവഭക്തയായിരുന്നു മണ്ഡോദരി. സോമവാര വ്രതാനുഷ്ഠാനവും ശിവപൂജയുമൊക്കെ മുടങ്ങാതെ നടത്തിയിരുന്ന കാലം. എന്നാൽ കഷ്ടമെന്നു പറയട്ടെ മധുരയെ പാർവതീശാപം ഒരു മണ്ഡൂകമാക്കി മാറ്റുന്നു. അങ്ങനെ പന്ത്രണ്ടു വർഷം ഒരു പൊട്ടക്കിണറ്റിൽ തവളയായി കിടന്ന മധുരയെ, ശ്രീ പരമേശ്വരൻ അനുഗ്രഹിച്ച് ശാപമുക്തയാക്കുന്നു. അങ്ങനെ ശ്രീമഹാദേവന്റെ അനുഗ്രഹത്താൽ അവൾ നിത്യകന്യകാപദവിയിലേക്കും ഉയരുന്നു. ശാപമോക്ഷം ലഭിച്ച മധുര ഒരു പെൺകുഞ്ഞാകുന്നു. ഈ പെൺകുഞ്ഞിനെ മയനും, ഹേമയും എടുത്തുവളർത്തി മണ്ഡുകത്തിൽ നിന്നും രൂപം മാറിയതിനാൽ മണ്ഡോദരി എന്ന് ആ കുഞ്ഞിനു നാമകരണം ചെയ്യുന്നു. അതിസുന്ദരിയായി വളർന്നു വന്നു. മണ്ഡോദരിയെ ലങ്കാധിപൻ രാവണൻ പരിണയിക്കുന്നു. രാവണന്റെ പതനം വരെ അദ്ദേഹത്തെ സേവിച്ച് ആ സതീരത്നം ലങ്കയിൽ ജീവിക്കുന്നു. ഭർത്താവിന്റെ പല കുചേഷ്ടിതങ്ങളും മുന്നിൽ കണ്ടിട്ടും അതിലൊന്നും മണ്ഡോദരി പ്രതികരിക്കുന്നില്ല. സമാധാനോപദേശങ്ങൾ പല സന്ദർഭങ്ങളിലും നൽകുന്നുണ്ട്. മണ്ഡോദരി അതീവ സുന്ദരിയായിരുന്നു. ലങ്കയിലെത്തിയ ഹനുമാൻ പോലും ആദ്യ ദർശനത്തിൽ മണ്ഡോദരിയെ സീതാദേവിയാണോ എന്നു തെറ്റിദ്ധരിക്കുന്നതായി വാൽമീകി രാമായണത്തിൽ സൂചനയുണ്ട്. ഇന്ദ്രജിത്ത്, അതികായൻ, അക്ഷയ കുമാരൻ എന്നിവർ രാവണ മണ്ഡോദരീ ദമ്പതിമാരുടെ പുത്രൻമാരാണ്. യുദ്ധകാണ്ഡത്തിൽ രാവണൻ ശിവപൂജചെയ്യുന്ന സന്ദർഭമുണ്ട്. ഈ യജ്ഞം വിജയിച്ചാൽ പിന്നെ രാവണൻ അജയ്യനാണ്. യജ്ഞവിഘ്നം ഒരു തരത്തിലും സാധിക്കുന്നില്ല. അത്രയും മനസ്സിനെ ജയിച്ചവനാണ് രാവണൻ. എങ്കിലും അവസാനശ്രമമായി പ്രാർത്ഥനാ നിമഗ്നയായിരുന്ന മണ്ഡോദരിയെ വലിച്ചിഴച്ചു പുറത്തുകൊണ്ടുവരുന്നു. വാനരപീഢനമേറ്റ മണ്ഡോദരി ഭർത്താവിനെ വിളിച്ച് കേഴുന്നു. മണ്ഡോദരിയുടെ കരച്ചിൽ ഉയർന്നതും എല്ലാം പരിത്യജിച്ച് രാവണൻ ഗുഹയിൽ നിന്ന് വാളുമൂരിപ്പിടിച്ച പുറത്തു ചാടുന്നു. അങ്ങനെ യജ്ഞം മുടങ്ങുന്നു. ഇനി യുദ്ധം പരാജയമെന്ന് രാവണനും സുനിശ്ചയമാണ്.ഇവിടെയൊക്കെയാണ് രാവണന്റെ വ്യക്തിപ്രഭാവം ജ്വലിച്ചു നിൽക്കുന്നത്. മണ്ഡോദരി എന്ന പ്രിയ പത്നിയോടുള്ള രാവണന്റെ സ്നേഹാദരവുകൾ. ഇതിൽപരം ഒരു സ്ത്രീക്ക് എന്താണ് ലഭിക്കേണ്ടത്. പഞ്ചകന്യകമാർ. ഹൈന്ദവ വിശ്വാസപ്രകാരം അഹല്യ, ദ്രൗപതി, സീത, താര, മണ്ഡോദരി എന്നീ സ്ത്രീ ജനങ്ങൾ പഞ്ചകന്യകമാർ എന്നു പറയപ്പെടുന്നു. (ചില പാഠങ്ങളിൽ സീതക്കു പകരം കുന്തി എന്നും കാണുന്നുണ്ട്). ഇവരെല്ലാം വിവാഹിതരും ഇവർക്കു മക്കളുമുണ്ട്. പക്ഷേ ചില സാഹചര്യങ്ങളിൽ തങ്ങൾക്കു കിട്ടിയ വരപ്രസാദം ഇവരെ നിത്യകന്യകമാരാക്കുന്നു.

''അഹല്യദ്രൗപതി സീത
താരമണ്ഡോദരിതഥാ-
പഞ്ചകന്യാസ്മരേനിത്യം
മഹാപാതകനാശനം''

***

# ബോറടി നല്ലതാണ്

യു.എസ്. രവീന്ദ്രൻ 9496120978

ഒരു അലക്കുപൊടിയുടെ പരസ്യമുണ്ട്. അഴുക്ക് നല്ലതാണ്. രണ്ടു കുട്ടികൾ പന്തുകളിക്കുന്നതാണ് പരസ്യത്തിന്റെ തുടക്കം. അഴുക്ക് പറ്റിയ പന്ത് അതിൽ ഒരു കുട്ടിയുടെ വൃത്തിയുള്ള സ്ക്കൂൾ യൂണിഫോമിൽ വന്നു തട്ടുന്നു. യൂണിഫോം മുഴുവൻ അഴുക്കു പറ്റുന്നു. ആദ്യം കുട്ടിക്ക് വിഷമം തോന്നുമെങ്കിലും കളിയുടെ ആവേശത്തിൽ രണ്ടു കുട്ടികളുടെയും യൂണിഫോമുകളിൽ അഴുക്കു പുരണ്ട് വൃത്തികേടാകുന്നു. എന്നാൽ കുട്ടികൾ തമ്മിലുള്ള സൗഹൃദം കൂടുതൽ വളരുന്നു. വീട്ടിൽ വരുമ്പോൾ അമ്മമാർ ആശ്വസിപ്പിച്ച് പരസ്യം ചെയ്യുന്ന അലക്കുപൊടിയിൽ തുണികഴുകി വൃത്തിയാക്കി കൂടുതൽ വെണ്മയുള്ള താക്കുന്നു. അഴുക്ക് നല്ലതാണ് എന്ന പരസ്യവാചകം പറയുന്നു.

അതുപോലെ എല്ലാവർക്കും വല്ലപ്പോഴുമൊക്കെ തോന്നിയിട്ടുണ്ടാകും ഹൊ എന്തൊരു ബോറടി എന്ന്. ഈ കൊറോണ കാലത്ത് പ്രത്യേകിച്ച് ടി.വി. കണ്ടും മൊബൈലിൽ പരതിക്കൊണ്ടും കുറേ സമയം കഴിയുമ്പോൾ അതും ഒരു ബോറടിയാകുന്നു. എപ്പോഴെങ്കിലും ബോറടി തോന്നിയിട്ടുണ്ടെങ്കിൽ അത് നല്ലതാണെന്ന് യോർക്ക് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി പ്രൊഫസർ ഡോക്ടർ ജോൺ ഈസ്റ്റവുഡ് അദ്ദേഹത്തിന്റെ ബോറടിയുടെ മനശാസ്ത്രം എന്ന പുസ്തകത്തിൽ പറയുന്നു. ശരീരത്തിൽ എവിടെയെങ്കിലും വേദനയുണ്ടെങ്കിൽ അത് ഒരു രോഗലക്ഷണമാണ്. അപ്പോൾ നമ്മൾ ചികിത്സിക്കുന്നു. ഭേദമാക്കുന്നു. അതുപോലെ മനസ്സ് അസ്വസ്ഥമാകുമ്പോഴാണ് ബോറടി തോന്നുന്നത്. അതിനെ മറികടക്കാൻ ഒരു ഉപായം കണ്ടെത്തും. നമ്മൾ മനസ്സിനോട് സംസാരിക്കും. നമ്മളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ ഓരോന്നായി പുറത്തു വരും. കൂടുതൽ കൂടുതൽ പഠിക്കാൻ ശ്രമിക്കും. പുതിയ കണ്ടെത്തലുകളിലെത്തും. കൊറോണ കാലത്തെ അടച്ചുപൂട്ടൽ കൊണ്ട് എത്ര പുതിയ കർഷകന്മാരാണ് ഉണ്ടായത് എന്നറിയാമോ? എത്ര പുതിയ ചിത്രകാരന്മാരാണ് ഉണ്ടായത്? എന്നറിയാമോ മടിച്ച് മടിച്ച് നിന്ന പലരും സാഹിത്യലോകത്തും പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം ബോറടിയിൽ നിന്നുണ്ടായതാണ്.

ഇന്നത്തെ ശാസ്ത്രയുഗത്തിൽ എല്ലാവരും എല്ലാ സമയവും ഏതെങ്കിലും ഒരു യന്ത്രത്തോട് സംവദിച്ചുകൊണ്ടിരിക്കുകയായിരിക്കും. ഒന്നുകിൽ കമ്പ്യൂട്ടറിനോട്, അല്ലെങ്കിൽ മൊബൈൽ ഫോണിനോട് അല്ലെങ്കിൽ ടി.വി.യോട് ഇങ്ങനെ സംവദിച്ച് സംവദിച്ച് മനസ്സും ഒരു യന്ത്രം പോലെ ആയി തീർന്നിരിക്കുന്നു. മനസ്സിന് സ്വന്തമായി സ്വതന്ത്രമായ ഒരു നിമിഷം പോലും കിട്ടുന്നില്ല. ശാസ്ത്രം നമ്മുടെ ശ്രദ്ധയും മനസ്സും പിടിച്ചു പറ്റിയിരിക്കുകയാണ്.

നമ്മുടെ ശ്രദ്ധ വേറെ ഒന്നിലും പതിയുന്നില്ല. സങ്കീർണമായ സ്വന്തം ചിന്താമണ്ഡലങ്ങളിൽ വിഹരിക്കേണ്ട സമയം മറ്റു യന്ത്രങ്ങളുമായി സമ്പർക്കം പുലർത്താൻ ഉപയോഗിച്ച് നമ്മുടെ ചിന്താശക്തി ഉപയോഗിക്കപ്പെടാതെ പോകുന്നു. മനപ്പൂർവ്വം നഷ്ടപ്പെടുത്തിക്കളയുന്നു. സാങ്കേതിക ശാസ്ത്രം തലച്ചോറുമായി കെട്ടു പിണഞ്ഞ് മനസ്സ് എപ്പോഴും കൂടുതൽ കൂടുതൽ എന്തിനോ വേണ്ടി അന്വേഷിച്ച് ഒരിക്കലും സംതൃപ്തിയില്ലാത്തതായി തീരുന്നു. മൊബൈലിൽ എപ്പോഴും എന്തിനോവേണ്ടി പരതികൊണ്ടിരിക്കുന്നവരെ ശ്രദ്ധിച്ചു കാണുമല്ലോ. മൊബൈൽഫോൺ കയ്യിലെടുക്കാതെ കുറച്ചു നേരം പുറമേ ഇറങ്ങി നടന്നു നോക്കൂ. എത്ര ആശ്വാസമായിരിക്കും എന്നാൽ ഇതു പറയുവാൻ എളുപ്പമാണ്. ബാത്ത് റൂമിൽ

പോകുന്ന സമയത്തു കൂടി മൊബൈൽഫോൺ കയ്യിൽ കൊണ്ടുപോകുന്നവരുണ്ട്. ഫോൺ ഓഫാക്കി വച്ച് ഏതെങ്കിലും ഒരു നല്ല പുസ്തകം എടുത്തു വായിക്കുവാൻ തുടങ്ങുക. ആദ്യമൊക്കെ നീരസം തോന്നും. ഇത് പരിശീലിച്ചു കഴിഞ്ഞാൽ ഫോൺ അത്ര ആവശ്യമാണെന്ന് തോന്നുകയില്ല. എന്നു മാത്രമല്ല മനസ്സിനെ പുതിയ നല്ല ചിന്തകളിൽ കൊണ്ടെത്തിക്കാനും സാധിക്കും. ബോറടിയിൽ നിന്നും വ്യത്യസ്ഥമായതെന്താണ് നമ്മുടെ സ്വന്തം ചിന്തകളിൽ വിഹരിക്കൽ തന്നെയാണത്. താല്പര്യമുള്ള ഹോബികളിൽ ഏർപ്പെടുക. കൂട്ടിലിട്ട പക്ഷികൾ ഏകാന്തത അനുഭവപ്പെടുമ്പോൾ സ്വന്തം തൂവലുകൾ പറിച്ചു കളയുന്നതായി വായിച്ചിട്ടുണ്ട്. അധികസംരക്ഷണമെന്ന നിലയിൽ രക്ഷിതാക്കൾ കുട്ടികൾക്ക് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. അവർക്ക് ഇഷ്ടമുള്ളത് ചെയ്യാൻ അനുവദിക്കുകയില്ല. ബക്കറ്റിൽ വെള്ളം നിറയ്ക്കുന്നതുപോലെ ഉപദേശങ്ങളും പണികളും കൊടുത്തു കൊണ്ടിരിക്കും. അവരുടെതായ വഴികൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കുകയില്ല. അമിതമായ നിയന്ത്രണം ഏർപ്പെടുത്തിയാൽ അവരുടെതായ വഴിയിൽ ലോകത്തെ അഭിമുഖീകരിക്കുവാനുള്ള കഴിവ് നഷ്ടപ്പെട്ടു പോകുന്നു. അവർക്ക് സാമൂഹ്യസേവനത്തിനുള്ള നല്ല വഴികൾ തുറന്നുകൊടുക്കുക. രക്ഷിതാക്കളുടെ 'അരുതു' 'അരുതു'കളിൽ നിന്നും ബോറടിക്കുന്ന കുട്ടികൾ ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്കുള്ള മാറ്റത്തിൽ നിന്നും മുഖം തിരിച്ചു നിൽക്കുന്നു. അങ്ങനെയല്ലാത്ത കുട്ടികളുണ്ടെങ്കിൽ അവർ 19-ാം നൂറ്റാണ്ടിലെ ബിഥോവന്റെ സംഗീതം ഇപ്പോഴും ശ്രവിച്ചുകൊണ്ട് രക്ഷിതാക്കളുടെ കൂടെ സുഖമായി കഴിഞ്ഞുകൊള്ളും കുറേ ബോറടിക്കുമ്പോൾ പുതിയ പുതിയ കണ്ടെത്തലുകൾ ഉണ്ടാകും. ബോറടി നല്ലതാണ്.

****




Advt

# കോവിഡിന് ശേഷമുള്ള ആരോഗ്യ പ്രശ്നങ്ങൾ

## (POST COVID 19 HEALTH ISSUES)

ഡോ. ദേവീദാസൻ വെള്ളോടി – 9747480903

നിങ്ങൾ കോവിഡ്-19ൽ നിന്ന് സുഖം പ്രാപിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ചില ലക്ഷണങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്ക് പോസ്റ്റ്-കോവിഡ് അവസ്ഥ എന്നറിയപ്പെടാം.

കോവിഡ് വന്നു ചികിത്സിച്ചവർക്ക്, കോവിഡ് അണുബാധയ്ക്ക് മതിയായ ആന്റിബോഡികൾ ലഭിക്കുന്നു. അത് കോവിഡ് വീണ്ടും വരുവാനുള്ള സാധ്യത തടയുന്നു. എന്നിരുന്നാലും, ഈ പ്രതിരോധശേഷി എത്രത്തോളം നിലനിൽക്കും എന്നത് ഇപ്പോഴും അനിശ്ചിതത്വത്തിലാണ്.

രോഗികൾക്ക് വീണ്ടും രോഗം ബാധിച്ച വിവിധ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിനാൽ, കോവിഡിന് ശേഷമുള്ള പരിചരണം കൂടുതൽ പ്രാധാന്യമർഹിക്കുന്നു. പ്രത്യേകിച്ച് ഉയർന്ന അപകടസാധ്യതയുള്ള വിഭാഗത്തിൽ പെടുന്നവർക്ക് അല്ലെങ്കിൽ അവരുടെ പ്രതിരോധ സംവിധാനത്തെ അധികമായി സംരക്ഷിക്കുന്നതിന് വേണ്ടത്ര പ്രതിരോധ നടപടികൾ കൈക്കൊള്ളാൻ കഴിയാത്തവർക്ക് മാസ്ക് ധരിക്കുക, സാനിറ്റൈസർ ഉപയോഗം, പതിവായി കൈ കഴുകുക, സാമൂഹിക അകലം പാലിക്കുക തുടങ്ങിയ മതിയായ പ്രതിരോധ നടപടികൾ ശുപാർശ ചെയ്യുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അണുബാധയിൽ നിന്ന് സുഖം പ്രാപിച്ച അത്തരം രോഗികൾ കർശനമായി പാലിക്കണം.

കോവിഡ് വന്നവർക്കു ഉണ്ടാകാവുന്ന പ്രശ്നങ്ങളും അതിന് ആയുർവേദ രീതിയിലുള്ള പരിഹാരങ്ങളുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

### 1. കോവിഡ്-19 രോഗിയെ സുഖപ്പെടുത്തിയതായി കണക്കാക്കുന്നത് എപ്പോഴാണ്, അവന്റെ സാധാരണ ജീവിതം പുനരാരംഭിക്കാൻ കഴിയുക

WHO യുടെ അഭിപ്രായത്തിൽ, മിതമായ covid-19 ഉള്ള മുതിർന്നവർ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ട് എട്ടു ദിവസത്തിൽ കൂടുതൽ പകർച്ചവ്യാധിയായി തുടരും. ഗുരുതരമായ രോഗങ്ങൾ അല്ലെങ്കിൽ രോഗപ്രതിരോധശേഷിയില്ലാത്ത മിക്ക മുതിർന്നവരും രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ട് 20 ദിവസത്തിൽ കൂടുതൽ പകർച്ചവ്യാധിയായി തുടരും. ശ്വാസകോശത്തിന്റെയും മറ്റ് ടിഷ്യൂകളുടെയും നാശത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ കോവിഡിന് അനുയോജ്യമായ ജീവിതരീതി നിലനിർത്തിക്കൊണ്ട് ഒരു രോഗിക്ക് തന്റെ പതിവ് പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിയും. രോഗത്തിന്റെ കൂടുതൽ കഠിനമായ രൂപങ്ങളാൽ ബുദ്ധിമുട്ടുന്ന രോഗികൾക്കും നേരത്തെയുള്ള അസുഖങ്ങളുള്ളവർക്കും വീണ്ടെടുക്കൽ കാലയളവ് നീണ്ടുനിൽക്കും.

### 2. കോവിഡിന് ശേഷമുള്ള രോഗി അനുഭവിക്കുന്ന സങ്കീർണതകൾ എന്തൊക്കെയാണ്?

കടുത്ത കോവിഡ്-19 രോഗത്തിന് ശേഷം സുഖം പ്രാപിച്ച് രോഗികൾക്ക് ക്ഷീണം, ശരീര

വേദന, ചുമ, തൊണ്ടവേദന, ശ്വസിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയ വിവിധ ലക്ഷണങ്ങളും രോഗലക്ഷണങ്ങളും തുടർന്നും അനുഭവപ്പെട്ടേക്കാം. മ്യൂക്കോർമൈക്കോസിസ് എന്നറിയപ്പെടുന്ന കറുത്ത ഫംഗസ് അണുബാധയും പിടിപെടാം. അതിനാൽ, കോവിഡ് കഴിഞ്ഞ് സുഖം പ്രാപിക്കുന്ന രോഗികളുടെ തുടർന്നുള്ള പരിചരണത്തിനും ക്ഷേമത്തിനും ഒരു സമഗ്ര സമീപനം അത്യാവശ്യമാണ്.

**3. കോവിഡ് - 19 ഏറ്റവും കൂടുതൽ ബാധിക്കുന്ന അവയവങ്ങൾ ഏതാണ്?**

കോവിഡ്-19 ഏറ്റവും കൂടുതൽ ബാധിക്കുന്ന അവയവമാണ് ശ്വാസകോശം ഹൃദയം, വൃക്കകൾ എന്നിവയുടെ പ്രവർത്തനത്തെയും ഇതു ബാധിക്കുന്നുണ്ട്.

**4. ആളുകളിൽ കോവിഡ്-19 പ്രതിരോധശേഷി എത്രത്തോളം നിലനിൽക്കും?**

പ്രതിരോധ കുത്തിവയ്പ്പിലൂടെയുള്ള പ്രതിരോധശേഷി ഒമ്പത് മാസം വരെ നീണ്ടുനിൽക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെങ്കിലും, ചില രാജ്യങ്ങളിലെ ഫ്ളൂ-ഷോട്ട് പോലെ എല്ലാവർക്കും വർഷത്തിലൊരിക്കൽ ഒരു ബൂസ്റ്റർ ഡോസ് ആവശ്യമുണ്ടോ എന്നറിയാൻ ധാരാളം പഠനങ്ങൾ നടക്കുന്നു.

**5. കോവിഡ്-19 ശ്വാസകോശത്തെ എങ്ങനെ ബാധിക്കുന്നു?**

കോവിഡ്-19 ശ്വാസകോശത്തെ നേരിട്ട് ബാധിക്കുകയും അൽവിയോലെയ്കളെ (ചെറിയ വായു സഞ്ചികൾ) നശിപ്പിക്കുകയും ചെയ്യുന്നു. കോവിഡ്-19 വൈറൽ സ്ട്രെയിൻ നേരിട്ട് ശ്വാസകോശത്തെ ബാധിക്കുകയും അതിന്റെ ശേഷി കുറയ്ക്കുകയും ഓക്സിജൻ ശ്വസിക്കുന്നത് പരിമിതപ്പെടുത്തുകയും ARDS (Acute Resperatory Destress Syndrom), ന്യൂമോണിയ എന്നിവയിലേക്ക് നയിക്കുകയും ചെയ്യുന്നു. അടിസ്ഥാന രോഗങ്ങളും ശ്വാസകോശ സംബന്ധമായ സങ്കീർണതകളും അല്ലെങ്കിൽ രണ്ടും ഉള്ള വ്യക്തികളിൽ ഇത് പ്രത്യേകിച്ച് മാരകമാണ്.



**6. കോവിഡ്-19 വാക്സിനിലെ ചില പൊതുവായ പാർശ്വഫലങ്ങൾ എന്തൊക്കെയാണ്?**

ഏറ്റവും സാധാരണമായ പാർശ്വഫലങ്ങളിൽ ഒരു കൈ വേദന, ക്ഷീണം, തലവേദന, വേദന, പനി എന്നിവ ഉൾപ്പെടുന്നു. പാർശ്വഫലങ്ങൾ ഒരു നല്ല അടയാളമാണ്- രോഗപ്രതിരോധ ശേഷി പ്രവർത്തനക്ഷമമാക്കുന്നതിലൂടെ വാക്സിൻ പ്രവർത്തിക്കുന്നുവെന്ന് അവ സൂചിപ്പിക്കുന്നു.

**7. എന്തുകൊണ്ടാണ് കോവിഡ്-19 വാക്സിൻ കഴിച്ചതിനു ശേഷം ചിലർക്ക് പനി വരുന്നത്?**

വാക്സിനിൽ അടങ്ങിയിരിക്കുന്ന ഒരു ആന്റിജൻ ആണ് ഈ രോഗപ്രതിരോധ പ്രതികരണം ആരംഭിക്കുന്നത്. ശരീരത്തിലെ പ്രതിരോധ കോശങ്ങളുടെ രക്തചംക്രമണം വർദ്ധിപ്പിക്കുന്നതിന് ശരീരത്തിലെ രക്തയോട്ടം വർദ്ധിക്കുന്നു. ഇത് ശരീര താപനിലയിൽ വർദ്ധനവിന് ഇടയാക്കും. ഇത് പനി പോലെ കാണപ്പെടാം.

**8. ചൂടുള്ളതും ഈർപ്പമുള്ളതുമായ കാലാവസ്ഥയിൽ കോവിഡ്-19 പടരുമോ?**

ഇതുവരെയുള്ള തെളിവുകളിൽ നിന്ന്, ചൂടുള്ളതും ഈർപ്പമുള്ളതുമായ കാലാവസ്ഥയുള്ള പ്രദേശങ്ങൾ ഉൾപ്പെടെ എല്ലാ പ്രദേശങ്ങളിലും കോവിഡ്-19 വൈറസ് പകരാം. കാലാവസ്ഥ കണക്കിലെടുക്കാതെ നിങ്ങൾ താമസിക്കുകയാണെങ്കിൽ, അല്ലെങ്കിൽ കോവിഡ്-19 റിപ്പോർട്ട് ചെയ്യുന്ന പ്രദേശത്തേക്ക് യാത്ര ചെയ്യുകയാണെങ്കിൽ ആവശ്യമുള്ള സംരക്ഷണ നടപടികൾ സ്വീകരിക്കുക.

**9. കൊറോണ വൈറസ് രോഗം പകരുന്നത് വെള്ളത്തിലൂടെയാണോ?**

കോവിഡ്-19 വെള്ളത്തിലൂടെ പകരുന്നില്ല. കൂടാതെ, നിങ്ങൾ ഒരു നീന്തൽക്കുളത്തിലോ കുളത്തിലോ നീന്തുകയാണെങ്കിൽ, നിങ്ങൾ

ക്ക് കോവിഡ്-19 വെള്ളത്തിലൂടെ ലഭിക്കില്ല. പക്ഷേ നിങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു നീന്തൽക്കുളത്തിലേക്ക് പോയാൽ എന്ത് സംഭവിക്കാം, നിങ്ങൾ മറ്റ് ആളുകളുമായി അടുത്തിടപഴകുകയും ആരെങ്കിലും രോഗബാധിതനാണെങ്കിൽ, തീർച്ചയായും നിങ്ങളെ ബാധിച്ചേക്കാം.

### 10. ഭക്ഷണത്തിലൂടെ കോവിഡ് പടരുമോ?

ആളുകൾക്ക് ഭക്ഷണത്തിൽ നിന്ന് കോവിഡ്-19 പിടിപെടാൻ കഴിയുമെന്നതിന് നിലവിൽ തെളിവുകളൊന്നുമില്ല. കോവിഡ്-19ന് കാരണമാകുന്ന വൈറസിനെ ഭക്ഷണത്തിൽ കാണപ്പെടുന്ന മറ്റ് വൈറസുകൾക്കും ബാക്ടീരിയകൾക്കും സമാനമായ താപനിലയിൽ കൊല്ലാൻ കഴിയും

### 11. പൂർണ്ണമായി പ്രതിരോധ കുത്തിവയ്പ്പ് നടത്തിയ ശേഷം ആർക്കെങ്കിലും കോവിഡ്-19 അണുബാധ വന്നിട്ടുണ്ടോ?

കോവിഡ്-19 അണുബാധ വരുന്ന മിക്ക ആളുകളും വാക്സിനേഷൻ എടുത്തിട്ടില്ല. എന്നിരുന്നാലും, അണുബാധ തടയുന്നതിൽ വാക്സിനുകൾ 100% ഫലപ്രദമല്ലാത്തതിനാൽ, പൂർണ്ണമായും വാസ്കിനേഷൻ ലഭിച്ച ചില ആളുകൾക്ക് ഇപ്പോഴും കോവിഡ്-19 വരുന്നുണ്ട്. എന്തായാലും രണ്ട് ഡോസ് വാക്സിൻ എടുത്തവർക്ക് അണുബാധയുടെ തീവ്രത കുറവാണ്.

### 12. പോഷകാഹാര ഡയറ്റ്

പഴങ്ങൾ, പച്ചക്കറികൾ, മുട്ടകൾ, സുരക്ഷിതമായ കോഴി എന്നിവയുൾപ്പെടെയുള്ള പ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ സമീകൃത പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുന്നത് വളരെ പ്രധാനമാണ്. ചില രോഗികൾക്ക് വിശദീകരക്കാനാവാത്ത ശരീരഭാരം അനുഭവപ്പെടുന്നു. അതിനാൽ, രോഗിയുടെ പോഷക നില അനുസരിച്ച് ശരീരഭാരം അനുസരിച്ചു കലോറി നൽകണം.

പേശികളുടെ നഷ്ടം തടയുന്നതിനും ശ്വസന പേശികളുടെ ശക്തി വർദ്ധിപ്പിക്കുന്നതിനും അമിനൊ ആസിഡുകളുടെ അനുബന്ധം 50% ആയി വർദ്ധിപ്പിക്കുന്നതിനൊപ്പം പ്രതിദിനം 1.2-1.3 ഗ്രാം/കിലോഗ്രാം പ്രോട്ടീൻ കഴിക്കുന്നത് ശുപാർശ ചെയ്യുന്നു. ധാരാളം വെള്ളം കുടിക്കണം. നിർജ്ജലീകരണം ഉണ്ടാകരുത്. ചൂടുവെള്ളം കുടിക്കുന്നത് തൊണ്ടയിലെ ചൊറിച്ചിലോ വരണ്ട ചുമയോ ഉള്ള രോഗികൾക്ക് സഹായകരമാകുമെന്ന് ശുപാർശകൾ സൂചിപ്പിക്കുന്നു. കാരണം ഇത് രക്തചംക്രമണം മെച്ചപ്പെടുത്തുകയും മൂക്കിലെ തടസ്സം കുറയ്ക്കുകയും ചെയ്യും.

### 13. വിശ്രമം, വ്യായാമം, മെഡിറ്റേഷൻ

കോവിഡ്-19 അണുബാധയ്ക്ക് ശേഷവും നിങ്ങളുടെ ശരീരം ദുർബലവും അണുബാധകൾക്കും സങ്കീർണതകൾക്കും വിധേയവുമാണ്. ശരിയായ വിശ്രമവും ഉറക്കവും നിങ്ങളുടെ ശരീരം വേഗത്തിൽ വീണ്ടെടുക്കാൻ സഹായിക്കും.

ശ്വാസകോശസംബന്ധമായ ബുദ്ധിമുട്ടുകൾ മെച്ചപ്പെടുത്താൻ ശ്വസനവ്യായാമങ്ങൾ പരിശീലിക്കാൻ കോവിഡ് രോഗികൾക്ക് നിർദ്ദേശിക്കുന്നു. ശ്വസന വ്യായാമങ്ങൾ ചെയ്യുന്നത് നിങ്ങളുടെ നെഞ്ചിൽ നിന്ന് കഫം നീക്കം ചെയ്യാൻ സഹായിക്കും.

ദിവസം മുഴുവൻ കിടക്കയിൽ കിടക്കരുതെന്നും ഡോക്ടർമാർ രോഗികൾക്ക് ശുപാർശ ചെയ്യുന്നു. കൂടാതെ ഭക്ഷണത്തിനായി ഒരു കസേരയിൽ ഇരിക്കാനും ശാരീരിക ശക്തിയും പ്രവർത്തനവും മെച്ചപ്പെടുത്താൻ ചെറിയ നടത്തം പോലുള്ള പ്രവർത്തനങ്ങൾ നടത്താനും ശ്രമിക്കുന്നു.

പ്രാണായാമം പോലുള്ള യോഗ-ആസനങ്ങൾ ഉൾപ്പെടെയുള്ള യോഗ, ധ്യാനം തുടങ്ങിയ ചികിത്സാ മാധ്യമങ്ങൾക്ക് ആരോഗ്യം വീണ്ടെടുക്കാനും മെച്ചപ്പെടുത്താനും കോവിഡ്-19 അണുബാധയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ നേരിടാനും സഹായിക്കും. ശ്വാസകോശ സംബന്ധമായ രോഗങ്ങളായ ന്യൂമോണിയ പോലുള്ള രോഗികൾക്ക് വ്യായാമം പുനരാരംഭിക്കുന്നതിന് മുമ്പ് ഒരാഴ്ചയോ 10 ദിവസമോ വിശ്രമിക്കണം.

### 14. അനാരോഗ്യകരമായ ശീലങ്ങളിൽ നിന്ന് ഒഴിവാക്കുക

പുകവലി, മദ്യപാനം എന്നിവ ഒഴിവാക്കുക, കാരണം അവ രണ്ടും കോവിഡ് അണുബാധയ്ക്കുള്ള അപകട ഘടകങ്ങളായി കണക്കാക്കുകയും ശരീരത്തിന്റെ രോഗശാന്തി ശ്രമങ്ങൾക്ക് ഹാനികരവുമാണ്.

### 15. മരുന്നുകളും പരിശോധനകളും

നിങ്ങളുടെ ഡോക്ടർ നിർദ്ദേശിക്കുന്ന കോമോർബിഡിറ്റികൾക്കായി പതിവായി മരുന്നുകൾ കഴിക്കുക.

കഠിനമായ അണുബാധയോ ശ്വസന പ്രശ്നങ്ങളോ ഉള്ള രോഗികളോട് കോവിഡ് രഹിതമെന്ന് പ്രഖ്യാപിച്ചതിന് ശേഷമുള്ള ആദ്യ ആഴ്ചകളിൽ അവരുടെ താപനില, SPO2 അളവ്, രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാര എന്നിവ സ്വയം നിരീക്ഷിക്കാൻ ആവശ്യപ്പെടുന്നു.

### കോവിഡ്-19 അണുബാധയിൽ നിന്ന് സുഖംപ്രാപിച്ച രോഗികൾക്ക് നിർദ്ദേശിച്ചിട്ടുള്ള വിവിധ പരിശോധനകൾ ഇവയാണ്

IgG ആന്റിബോഡി ടെസ്റ്റുകൾ IgG ആന്റിബോഡി ടെസ്റ്റുകൾ നിങ്ങളുടെ രക്തത്തിലെ ആന്റിബോഡികളെ വിലയിരുത്തുന്നു, നിങ്ങൾ എത്രത്തോളം രോഗപ്രതിരോധ ശേഷിയുള്ളവരാണെന്ന് കണ്ടെത്താൻ പൂർണ്ണമായ രക്ത എണ്ണം (CBC) നിങ്ങളുടെ രക്തത്തിലെ വിവിധ തരം കോശങ്ങൾ (RBCs, WBCs, പ്ലേറ്റ്ലെറ്റുകൾ) വിലയിരുത്താൻ CBC പരിശോധനകൾ നടത്തുന്നു. നിങ്ങൾ കോവിഡ് അണുബാധയോട് എങ്ങനെ പ്രതികരിച്ചു എന്ന കണക്കാക്കാൻ ഈ പരിശോധന നിങ്ങളുടെ ഡോക്ടറെ സഹായിക്കും.

### ഗ്ലൂക്കോസ്, കൊളസ്ട്രേൾ പരിശോധനകൾ

കോവിഡ്-19 അണുബാധ രോഗിയുടെ ഗ്ലൂക്കോസിന്റെയും രക്തസമ്മർദ്ദത്തിന്റെയും അളവിൽ മാറ്റങ്ങൾക്ക് കാരണമാകുന്നു. നിങ്ങൾ ടൈപ്പ് - 1 അല്ലെങ്കിൽ ടൈപ്പ്-2 പ്രമേഹം. കൂടുതലുള്ള കൊളസ്ട്രോൾ അല്ലെങ്കിൽ ഹൃദയസംബന്ധമായ സങ്കീർണതകൾക്ക് സാധ്യതയുള്ള അവസ്ഥകൾ ഉണ്ടെങ്കിൽ, ഈ പരിശോധനകൾക്ക് വിധേയമാകുകയും രക്തത്തിലെ ഗ്ലൂക്കോസിന്റെയും കൊളസ്ട്രോളിന്റെയും അളവ് നിരീക്ഷിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്.

### വിറ്റാമിൻ ഡി ടെസ്റ്റ്-

വിറ്റാമിൻ ഡി നിങ്ങളുടെ രോഗപ്രതിരോധപ്രവർത്തനത്തെ സഹായിക്കുന്ന ഒരു അവശ്യപോഷകമാണ്. അതിനാൽ, കോവിഡ് അണുബാധയിൽ നിന്ന് വേഗത്തിൽ വീണ്ടെടുക്കുന്നതിന് അതിന്റെ അനുബന്ധം അത്യന്താപേക്ഷിതമാണ്.

### നെഞ്ച് സ്കാനിംഗ്-

കോവിഡ്-19 നൽ നിന്ന് സുഖം പ്രാപിച്ച ഭൂരിഭാഗം രോഗികളും ശ്വാസകോശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പരാതിപ്പെടുന്നു. ഉയർന്ന റെസല്യൂഷൻ കമ്പ്യൂട്ട്ഡ് ടോമോഗ്രാഫി (എച്ച് ആർസിടി) സ്കാനുകൾ രോഗത്തിന്റെ തീവ്രതയും കോവിഡ് അണുബാധ മൂലമുണ്ടാകുന്ന ശ്വാസകോശസംബന്ധമായ അവശേഷിക്കുന്ന നിലയും നിർണ്ണയിക്കാൻ നിർദ്ദേശിക്കുന്നു.

### കാർഡിയാക് സ്ക്രീനിംഗ്

കോവിഡ് -19 അണുബാധ ശരീരത്തിൽ വ്യാപകമായ വീക്കം ഉണ്ടാക്കുന്നുവെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇത് ഹൃദയപേശികളുടെ മുറിവിന് കാരണമാകുന്നു. ഇത് മയോകാർഡിറ്റിസ് പോലുള്ള സങ്കീർണതകൾക്ക് കാരണമാകുന്നു. ഇത് കോവിഡ് രോഗികളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഏററവും സാധാരണ പ്രശ്നങ്ങളിലൊന്നാണ്.

### 16. രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ എന്തെല്ലാം.

ആയുർവേദത്തിൽ ധാരാളം മരുന്നുകൾ രോഗപ്രതിരോധ ശേഷിക്കായി പറയുന്നുണ്ടെങ്കിലും ഇന്ദുകാന്തം കഷായമോ അതിന്റെ ടാബ്ലെറ്റോ ആണ് ഏറ്റവും അധികം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കോട്ടക്കൽ ആര്യ വൈദ്യശാലയുടെ പഠനത്തിൽ ഏററവും കൂ



ടുതൽ ഗുണം കണ്ടിട്ടുള്ളത്. ച്യവനപ്രാശം, അഗസ്ത്യരസായനം, കൂശ്മാണ്ട രസായനം എന്നിവയ്ക്കാണ്.

**17. കോവിഡിന് ശേഷമുള്ള ശരീര ക്ഷീണത്തിന് എന്ത് ചെയ്യാം.**

സിങ്ക്, ഡി 3, മറ്റു വിറ്റാമിനുകൾ എന്നിവ ക്രമമായി കഴിക്കണം. ദിവസേന ഒരു ഇളനീർ നല്ലതാണ്. ഗോരോചനാദി ഗുളിക ക്ഷീണം ഇല്ലാതാക്കും. എളുപ്പം ദഹിക്കുന്ന ഭക്ഷണങ്ങൾ മാത്രം കഴിക്കുക. ശരിയായി ഉറങ്ങുക. മിതമായി വ്യായാമം ചെയ്യുക.

**18. ചുമക്കു എന്ത് ചെയ്യാം.**

ചുമക്കുമ്പോൾ കഫം വരുന്നുണ്ടെങ്കിൽ ഇൻഫെക്ഷൻ ഇല്ലെന്ന് ഉറപ്പ് വരുത്തണം. വ്യോഷാദി വടകം നല്ലതാണ്. ഡ്രൈ കോഫിന് ഇരട്ടിമധുരം പൊടിച്ചത്. ഏററവും ചെറിയ ഡോസിൽ (1gm) പല തവണയായി കഴിച്ചാൽ ചുമ കുറയും. ഇപ്പോൾ ഇതിന്റെ ഗുളികയും മരുന്ന് ഷോപ്പിൽ കിട്ടും. ദിവസേന 2-3 തവണ ആവി പിടിക്കണം. ചൂട് വെള്ളം, ചൂടുള്ള ഭക്ഷണം എന്നിവ കുടിക്കുക. തല കുളിക്കരുത്. രാസ്നാദി പൊടി രണ്ടു നേരം നിറുകയിൽ തിരുമ്മുക.

**19. തൊണ്ട വേദനക്ക് എന്ത് ചെയ്യാം.**

ചുക്ക്, മല്ലി, ഏലക്ക എന്നിവയിട്ട് തിളപ്പിച്ച വെള്ളം ചെറുചൂടിൽ കുടിക്കുക. രാസ്നാദി പൊടി മോരിൽ ചാലിച്ചു തൊണ്ടക്കു പുറത്തു പുരട്ടിയിടുക. ആയുർവേദ വൈദ്യന്റെ അടുത്തു നിന്നു നിർദ്ദേശാനുസരണം മരുന്നുകൾ കഴിക്കുക. പനി ചെറുതായി ഉണ്ടെങ്കിൽ സുദർശനം തുടങ്ങിയ മരുന്നുകൾ വേണ്ടിവരും.

**20. ശ്വാസന വൈഷമ്യം, കിതപ്പ് എന്നിവക്ക് എന്ത് ചെയ്യാം.**

നീണ്ടു നിന്ന CHEST ഇൻഫെക്ഷൻ കാരണം ശ്വാസകോശങ്ങൾക്ക് പ്രവർത്തന ക്ഷമത കുറഞ്ഞിരിക്കും. നേരത്തെ തന്നെ ചുമ, ശ്വാസം മുട്ടൽ, പുകവലി വലിക്കുന്നവരിലുള്ള കഥകെട്ട് എന്നിവ ഉള്ളവർ പ്രത്യേകം ശ്രദ്ധിക്കണം.

നീണ്ടു നിൽക്കുന്ന ചികിത്സ വേണ്ടിവരും. എണ്ണയിൽ വറുത്ത ഭക്ഷണം, മധുരം, പാൽ, തൈര്, വെണ്ണ എന്നിവ കഴിക്കരുത്. ചൂടുവെള്ളം ചെറുചൂടിൽ കുറച്ചു കുറച്ചായി കുടിക്കുക. ശ്വാസം മുട്ടൽ, കഫകെട്ട് എന്നിവക്കുള്ള മരുന്നുകൾ മുടങ്ങാതെ കഴിക്കുക. SPO2 ഇടക്കിടെ നോക്കണം. മറ്റു പ്രയാസങ്ങൾ ഇല്ലെങ്കിൽ ഒരു മാസം കൊണ്ട് ഏറെക്കുറെ സുഖപ്പെടും. കൃത്യമായി വൈദ്യസേവനം തേടണം.

ആരോഗ്യകരമായ ഭക്ഷണരീതിയും ജീവിത രീതിയും തുടരുന്നതിനാലും മിതമായ വ്യായാമം ചെയ്യുന്നതിനാലും കൃത്യമായ മരുന്ന് സേവയാലും കോവിഡ് അനന്തര ആരോഗ്യ പ്രശ്നങ്ങളെ മറി കടക്കുവാൻ കഴിയും.

***

മിനിക്കഥ

# അച്ഛനും തുച്ഛനും

ഉണ്ണിവാരിയത്ത്

ചെറുപ്പക്കാരൻ വയസ്സനോടു പറഞ്ഞു.

“നിങ്ങൾ കാലത്തിന്റെ പിറകെ നടന്നവരാണ്. ഞങ്ങൾ കാലത്തിനൊപ്പം നടക്കുന്നു. ചിലപ്പോൾ ഞങ്ങൾ കാലത്തെ മറികടന്നെന്നും വരും. അതുകൊണ്ട് ഉപദേശമൊന്നും വേണ്ട. നിങ്ങളിൽ നിന്ന് എത്രയോ അകലെ കാലം മുന്നോട്ടു പോയിരിക്കുന്നുവെന്നു പറഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാവാത്തതെന്താ?”

വയസ്സൻ മിണ്ടിയില്ല. അച്ഛനെപ്പോലും ചോദ്യം ചെയ്യാൻ മടിക്കാത്ത മക്കൾ അന്യനായ തന്നെ തുച്ഛനെന്നു പുച്ഛിക്കാതിരിക്കുമോ?

# സംഭവാമി യുഗേ യുഗേ, ഗൂഢാർത്ഥം

പ്രൊഫ. ജി.ആർ.സി. നായർ - ഫോൺ - 9846174300

ഭഗവദ്ഗീതയുടെ നാലാം അദ്ധ്യായത്തിൽ നിന്നുള്ള ചുവടെയുള്ള രണ്ട് വാക്യങ്ങൾ വളരെ പ്രസിദ്ധമാണ്, അവ പതിവായി ഉദ്ധരിക്കപ്പെടുന്നു. പലരും, അവയുടെ വാക്യാർത്ഥം മാത്രമേ മനസ്സിലാക്കിയിട്ടുള്ളുവെന്നും അതിന്റെ നിഗൂഢമായ അഥവാ മറഞ്ഞിരിക്കുന്ന അർത്ഥം മനസിലാക്കിയിട്ടില്ലെന്നും ഞാൻ കരുതുന്നു. ആ വാക്യങ്ങളും പൊതുവായി മനസ്സിലാക്കുന്ന അർത്ഥവും ചുവടെ നൽകുന്നു.

യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം (ഭ.ഗീ 4.7)

അർത്ഥം: ഹേ ഭാരതാ, എപ്പോഴെല്ലാം, എവിടെയെല്ലാം ധർമ്മത്തിനു തളർച്ചയും അധർമ്മത്തിനു ഉയർച്ചയും സംഭവിക്കുന്നുവോ, അപ്പോഴെല്ലാം ഞാൻ സ്വയം അവതരിക്കുന്നു.

പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർഥായ സംഭവാമി യുഗേ യുഗേ (ഭ.ഗീ 4.8)

അർത്ഥം സജ്ജനങ്ങളുടെ സംരക്ഷണത്തിനും, ദുഷ്ടന്മാരുടെ സംഹാരത്തിനും, ധർമ്മം നിലനിർത്തുന്നതിനും ഓരോ യുഗവും, മഹാവിഷ്ണു ഒരു അവതാരമെടുത്ത് ഭൂമിയിലേക്ക് വരും, നീതിമാന്മാർക്ക് ആരാണൊ പ്രശ്നം സൃഷ്ടിക്കുന്നത് അവരെ ഇല്ലാതാക്കാനും ധർമ്മം പുനസ്ഥാപിക്കാനുമായി.

ഇതാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ വാഗ്ദാനം ചെയ്യപ്പെട്ട ഈ പ്രവൃത്തിയെ എടുത്തു കാണിക്കുന്നതിനായി ഉദ്ധരിക്കുന്ന ഒരു ഉദാഹരണം, ത്രേതായുഗത്തിൽ മഹാവിഷ്ണു ശ്രീരാമാവതാരത്തിൽ ഭൂമിയിലേക്ക് വന്ന്, രാവണൻ എന്ന അസുരനിൽ നിന്നും സീതയെ വീണ്ടെടുത്ത്, അവനെ നിഗ്രഹിച്ച് അവന്റെ സ്ഥാനത്ത് രാവണന്റെ അനുജനും, തികഞ്ഞ വിഷ്ണുഭക്തനും, ധർമ്മിഷ്ഠനുമായ വിഭീഷണനെ രാജാവാക്കി, ധർമ്മം പുനസ്ഥാപിച്ചു എന്നതാണ്. മറ്റൊന്ന്, ദ്വാപര യുഗത്തിന്റെ അന്ത്യകാലത്ത് അതുപോലെ തന്നെ, ശ്രീകൃഷ്ണാവതാരത്തിൽ വന്ന് കംസനെ കൊന്ന്, കൗരവരെ നിഗ്രഹിക്കാനും ധർമ്മ ഭരണം പുനസ്ഥാപിക്കാനുമായി പാണ്ഡവരെ തുണക്കുകയും ചെയ്തു. അത്തരം നിരവധി സംഭവങ്ങളുണ്ട്. 5,123 വർഷം മുമ്പ് ശ്രീകൃഷ്ണൻ തിരിച്ച് പോയതു മുതൽ കലിയുഗമാണ്. (ശ്രീകൃഷ്ണൻ പതിനൊന്നാം വയസ്സിൽ കംസനെ കൊന്ന്, എൺപത്തിയൊമ്പതാം വയസ്സിൽ മഹാഭാരത യുദ്ധാരംഭത്തിൽ വിശുദ്ധ ഭഗവദ്ഗീത ഉപദേശം ചെയ്ത്, മുപ്പത്തിയേഴ് വർഷം കൂടി ജീവിച്ചു, നൂറ്റിയിരുപത്തി ആറാം വയസ്സ് വരെ.)

ഒരു ഗ്രന്ഥത്തിലെ വാക്യങ്ങളുടെ അർത്ഥം, ഒരാളുടെ വീക്ഷണം, സമീപനം, പരിശീലനം, പരിണാമത്തിന്റെ ഘട്ടം എന്നിവയെ ആശ്രയിച്ച്, കേവലം അക്ഷരാർത്ഥം മുതൽ വളരെ നിഗൂഢമായ തലം വരെ എവിടെ വേണോ ആകാം. മിക്ക കുട്ടികളും, തുടക്കക്കാരും ഗ്രന്ഥങ്ങളിൽ അന്ധമായ വിശ്വാസമുള്ളവരും അക്ഷരാർത്ഥത്തിൽ മാത്രം മനസ്സിലാക്കുകയും അത് സ്വീകരിക്കുകയും ചെയ്തേക്കാം. അവരുടെ ശ്രദ്ധയിൽപ്പെട്ടാലും, പൊരുത്തക്കേടുകളെ ചോദ്യം ചെയ്യാൻ അവർ ധൈര്യപ്പെടുന്നില്ല. അക്ഷരാർത്ഥത്തിൽ ആഖ്യാനങ്ങൾ എടുക്കുന്ന ആളുകൾ, ഹിമാലയത്തിൽ നിന്ന് ലങ്കയിലേക്ക് മൂവായിരം കിലോമീററിലധികം, ഒരു മലയെ സ്വന്തം ഉള്ളംകൈയ്യിൽ വച്ച് കൊണ്ട് ഒരാൾ ചാടി എന്ന് കേട്ടാൽ പോലും അത് അങ്ങനെ തന്നെ വിഴുങ്ങും. അത്തരം വായനക്കാർ വേദാന്ത ചർച്ചകൾ മനസ്സിലാക്കാൻ പ്രാപ്തരായിട്ടില്ല എന്നർത്ഥം. എന്നാൽ അതേ വിവരണം കേട്ടാൽ തീർച്ചയായും അന്വേഷണാത്മകമായി ചേദ്യം ചെയ്യുകയും യുക്തി

സഹമായ ഉത്തരങ്ങൾക്കായി കാത്തിരിക്കുന്നവരും, സ്വീകാര്യമല്ലാത്തവയെ തിരസ്കരിക്കുകയും ചെയ്യുന്നവരേ വേദന്തികളാകാൻ യോഗ്യരായിട്ടുള്ളൂ. അന്ധമായ വിശ്വാസത്തെ ഹിന്ദുമതം ഒട്ടും പ്രോത്സാഹിപ്പിക്കുന്നില്ല. ചോദ്യം ചെയ്യാനും ബോധ്യപ്പെടാനും ഹിന്ദുമതം അതിന്റെ ഭക്തരെ പ്രോത്സാഹിപ്പിക്കുന്നു. എല്ലാ മതപരമായ ആശയങ്ങളും കാരണങ്ങളാൽ പരീക്ഷിക്കപ്പെടണമെന്ന് സ്വാമി വിവേകാനന്ദൻ ഉദ്ബോധിപ്പിക്കുന്നു. അദ്ദേഹം പറഞ്ഞു നിങ്ങളുടെ മുത്തച്ഛൻ വിശ്വസിച്ചതിനാലോ ഏതെങ്കിലും പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനാലോ വിശ്വസിക്കരുത്. നിങ്ങൾക്ക് പൂർണ്ണമായി ബോധ്യപ്പെടുമ്പോൾ വിശ്വസിക്കുക. അതാണ് വേദാന്തവിദ്യാർത്ഥികൾക്ക് ശുപാർശ ചെയ്യപ്പെടുന്ന ചിന്താഗതി. ഇതേ സ്വാതന്ത്യം ഭഗവദ്ഗീതയിൽ അർജ്ജുനന് ഭഗവാൻ ശ്രീകൃഷ്ണൻ പോലും നൽകുന്നുണ്ട്.

ഇതിതേ ജ്ഞാനമാഖ്യാതം ഗുഹ്യാദ്ഗുഹ്യ
തരം മയാ
വിമൃശ്യൈ ദതശേഷേണ യഥേച്ഛസി തഥാ
കുരു(ഭ.ഗീ 18:63)

അർത്ഥം ഇപ്രകാരം രഹസ്യങ്ങളിൽവെച്ച് ഏറ്റവും രഹസ്യമായ ജ്ഞാനം ഞാൻ നിനക്കുപദേശിച്ചു കഴിഞ്ഞു. അതിനെക്കുറിച്ച് പൂർണ്ണമായ വിചിന്തനം ചെയ്ത് നീ ഇച്ഛിക്കുന്നതു പോലെ ചെയ്യൂ.

ഒരാളുടെ ആദ്ധ്യാത്മിക ജീവിതനിലവാരം എങ്ങനെ ഉയർത്താമെന്ന് ഇവിടെ ഭഗവാൻ നല്ല പോലെ വിശദീകരിച്ചിട്ടുണ്ട്. ഒരാളുടെ സ്വന്തം ബുദ്ധി ഉപയോഗിച്ച് ഈ വിഷയത്തിൽ സ്വതന്ത്രമായി ആലോചിക്കാനും, അവ സ്വീകരിക്കണോ അതോ നിരസിക്കണോ എന്ന് ധൈര്യത്തോടെ തിരഞ്ഞെടുക്കാനും അദ്ദേഹം പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നു. ഇവിടെ ശ്രീകൃഷ്ണൻ അർജ്ജുനനോട് താൻ തിരഞ്ഞെടുക്കുന്നതു പോലെ ചെയ്യാൻ പറയുന്നു. അതിനർത്ഥം ദൈവത്തിന്റെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിച്ചേ തീരൂ എന്നില്ല എന്നാണ്. ഹിന്ദു ദൈവങ്ങൾ പൊതുവെ സൂചിപ്പിക്കുക അഥവാ അഭിപ്രായപ്പെടുക മാത്രമാണ് ചെയ്യുന്നത് എന്നത് ശ്രദ്ധേയമാണ്. മറ്റു പല മതങ്ങളിൽ നിന്നും തികച്ചും വിരുദ്ധമായി, ഉറച്ച് കൽപ്പനകളൊന്നും നൽകാറില്ല.

ഗുരുവിൽ നിന്ന് ശ്രവിച്ച ശേഷം, ശിഷ്യന്മാർ അതിനെക്കുറിച്ച് സ്വതന്ത്രമായി ചിന്തിക്കുകയും അവരുടെ എല്ലാ സംശയങ്ങളും ചോദിക്കുകയും അവയെക്കുറിച്ച് ആഴത്തിൽ ധ്യാനിക്കുകയും, യുക്തിയിലൂടെയോ അവബോധജന്യമായ ചിന്തയിലൂടെയോ ബോധ്യപ്പെടുകയും വേണം. ബുദ്ധിമാന്മാരായ കുട്ടികൾ, അവരുടെ സാധാരണയായി വിമത ചിന്ത വളരുന്ന കൗമാരത്തിൽ മാതാപിതാക്കൾ പറയുന്നതോ ആത്മീയ ഗ്രന്ഥങ്ങളിൽ എഴുതിയതോ എല്ലാം കണ്ണുമടച്ച് വിഴുങ്ങുന്നത് നിർത്തിയേക്കാം. അവർ ചോദ്യം ചെയ്തു തുടങ്ങുമ്പോൾ അതിന് ഉത്തരം കൊടുക്കുവാൻ എല്ലാവർക്കും സാധ്യമാവണമെന്നുമില്ല. അപ്പോൾ അവർ ദൈവത്തെ തള്ളി പറയുകയും നിരീശ്വരവാദികൾ ആയിപ്പോവുകയും ചെയ്യുക സാധാരണമാണ്. അത്തരം ആളുകൾ വേദാന്തചിന്തയിൽ നോക്കുമ്പോൾ, ആത്മീയമായി പുരോഗമിച്ച് ദൈവത്തെ അന്ധമായി വിശ്വസിക്കുന്നവരെക്കാൾ ഒരുപടി താഴെ അല്ല, നേരെ മറിച്ച്, മുകളിലാണെന്നാണ്. എന്റെ അഭിപ്രായം. അത്തരം സംശയാലുക്കൾ തന്നെ ആയിരുന്നു കാലാന്തരത്തിൽ സ്വാമി വിവേകാനന്ദനും, അരൊബിന്ദോയും സ്വാമി ചിന്മയാനന്ദനും മറ്റുമായി തീർന്നതെന്ന് മനസ്സിലാക്കുക. ആഴത്തിലുള്ള അർത്ഥങ്ങൾ സ്വയം മനസ്സിലാക്കാൻ അവർക്ക് വളരെ ബുദ്ധി മുട്ടാകുമ്പോൾ അവരെ അത്തരം ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നൽകാൻ പ്രാപ്തിയുള്ളവരുടെ അടുത്തേക്ക് വിടുകയോ, അത്തരം പുസ്തകങ്ങൾ നല്കുകയോ ആണ് അതിന് വേണ്ടത്. ഈ ലേഖനത്തിൽ പ്രധാനമായും അത്തരം സാധ്യമായ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ആണ്.

അവർ ചോദിച്ചേക്കാം, ഉദ്ധരിച്ച ഉദാഹരണങ്ങൾ അനുസരിച്ച് ദൈവം ഒരു യുഗത്തിൽ ഒരിക്കൽ മാത്രം വരികയാണെങ്കിൽ, ലക്ഷക്കണക്കിന് വർഷങ്ങൾ നീണ്ടു നിൽക്കുന്ന മുഴുവൻ യുഗത്തിലും ധർമ്മഭരണം ഉറപ്പാക്കാൻ ഇത് മതിയാകുമോ ഹിന്ദുമതം അനുസരിച്ച് സമയം എണ്ണമറ്റ ചക്രങ്ങളിൽ ഒഴുകുന്നു. സമയചക്രത്തെ കൽപ്പം എന്ന് വിളിക്കുന്നു. അതിന് പതിനാല് മന്വന്തരങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ മന്വന്തരവും എഴുപത്തിരണ്ട് ചതുർയുഗങ്ങളായി തിരിച്ചിരിക്കുന്നു. ചുതർ യുഗങ്ങൾ എന്നാൽ നാല് യുഗങ്ങൾ, സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിവ ആ ക്രമത്തിൽ

ആവർത്തിക്കുന്നു. കലിയുഗത്തിന്റെ ദൈർഘ്യം 4,32,000 വർഷങ്ങൾ നീളുന്നു. ദ്വാപരയുഗം അതിന്റെ ഇരട്ടിയാണ്, 8,64,000 വർഷം ത്രേതാ യുഗം, കലിയുഗത്തിന്റെ മൂന്ന് ഇരട്ടിയാണ്, അല്ലെങ്കിൽ 12,96,000 വർഷം നീണ്ടുനിർക്കും, തുടർന്ന് സത്യയുഗത്തിന് നാല് ഇരട്ടി, അഥവാ 17,28,000 വർഷമാണ്. ഇപ്പോൾ ഇത് കലിയുഗം 5,121 വർഷമാണ്. 8,64,000 വർഷക്കാലം നീണ്ടുനിന്ന ദ്വാപരയുഗത്തിൽ ജനിച്ച അവതാരമായ ശ്രീകൃഷ്ണൻ വെറും 126 വർഷം ഭൂമിയിൽ ജീവിച്ചു. ഈ നാല് യുഗങ്ങളെയും ഒന്നിച്ച് ചേർത്ത് നാല് ദശലക്ഷം വർഷങ്ങൾ നീണ്ടു നിൽക്കുന്ന ചതുർയുഗമെന്നാണ് വിളിക്കുന്നത്. അതിൽ സാധാരണയായി ദൈവത്തിന്റെ നാല് അവതാരങ്ങൾ ഭൂമിയിലേക്ക് വരുന്നു. അതിനാൽ ഇത് ഒരു ദശലക്ഷം വർഷത്തിൽ ഒരു അവതാരം എന്ന ശരാശരി നിരക്കിലാണ്. ഇത് പര്യാപ്തമാണോ?

നമുക്ക് ചുറ്റുമുള്ള ലോകത്ത്, അനവധി അധർമ്മങ്ങൾ ഓരോ ദിവസവും, അല്ല, ഓരോ മിനിറ്റിലും സംഭവിക്കുന്നത് നാം ശ്രദ്ധിക്കുന്നു. വാസ്തവത്തിൽ, വളരെയധികം അധാർമ്മിക സംഭവങ്ങൾ നടക്കുന്നതായി കാണുമ്പോൾ, ധർമ്മപ്രവർത്തനങ്ങൾ അപൂർവമാണ്, അവ വളരെ കുറവ് മാത്രം നാം കാണുന്നു. അതിനാൽ അവതാരം ഇപ്പോൾ വരാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കാൻ ഒരാൾക്ക് തോന്നാം. ശ്രീരാമൻ ശ്രീകൃഷ്ണൻ തുടങ്ങിയവരുടെ കാര്യത്തിലെന്നപോലെ ദൈവം ഇവിടെ ഒരു ചെറിയ കുട്ടിയായി ജനിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണ്. അദ്ദേഹം കൊല്ലേണ്ട ശക്തനായ ദുഷ്ടന്റെ മുന്നിൽ തന്നെ ഇവിടെ വളരുകയാണോ വേണ്ടത്. ചെറിയ കുട്ടിക്ക് ഇത് വളരെ അപകടകരമല്ലേ ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും കാര്യത്തിൽ, വാസ്തവത്തിൽ ഇരുവരും തലനാരിഴക്കാണ് രക്ഷപ്പെടുന്നത്. കൃഷ്ണന്റെ കാര്യത്തിൽ, അദ്ദേഹം കൊല്ലേണ്ട രാജാവിന്റെ ജയിലിൽ തന്നെയാണ് ജനിച്ചത്. ജയിലിൽ കംസന്റെ കയ്യിൽ നിന്ന് അത്ഭുകരമായിട്ടാണ് രക്ഷപ്പെട്ടത്. കാരണം ജനനസമയത്ത് നിഗൂഢമായി വാതിൽ സൂക്ഷിപ്പുകാർ എല്ലാവരും ഉറങ്ങിപ്പോയി. അതിനാൽ ആ കുട്ടിയെ സുരക്ഷിതമായി കടത്താൻ സാധിച്ചു. അതുപൊലെ ശ്രീരാമൻ, രാവണന്റെ മകൻ ഇന്ദ്രജിത്തിനോട് യുദ്ധം ചെയ്യുമ്പോൾ ശ്രീരാമനും സഹോദരൻ ലക്ഷ്മണനും, നാഗാസ്ത്രം പാമ്പായി മാറുന്ന ഒരു മാന്ത്രിക അമ്പ്) ഏൽക്കുകയും ദീർഘനേരം അബോധാവസ്ഥയിലാവുകയും ചെയ്തു. പാമ്പുകളുടെ സ്വാഭാവിക ശത്രുവായ ഗരുഡന്റെ (മഹാവിഷ്ണുവിന്റെ വാഹനം) വരവ് കാരണം അവരും കഷ്ടിച്ച് രക്ഷപ്പെട്ടു.

അടുത്ത ചോദ്യം ഇതിലും കൂടുതൽ അസൗകര്യമുണ്ടാക്കുന്നതാണ്. അദ്ദേഹം യഥാർത്ഥത്തിൽ എവിടെ നിന്നാണ് ഇറങ്ങി വരുന്നത് അങ്ങനെ ഇവിടെ വരുമ്പോൾ അദ്ദേഹം അവിടെ ഉണ്ടായിരിക്കില്ലേ അതിനർത്ഥം നമ്മിൽ ആരെയും പോലെ ഒരു സമയത്ത് ഒരിടത്ത് മാത്രമേ അദ്ദേഹം ലഭ്യമാകൂ എന്നല്ലേ എന്നാൽ അത് ദൈവത്തിന്റെ പ്രധാന ഗുണങ്ങളിലൊന്നായ സർവ്വവ്യാപി എന്ന ആശയവുമായി പൊരുത്തപ്പെടുന്നില്ലല്ലോ പ്രപഞ്ചത്തിന്റെ എല്ലാ മുക്കിലും മൂലയിലും ദൈവം എപ്പോഴും ഉണ്ടെന്നാണല്ലോ പറയപ്പെടുന്നത്. ഇനി എന്തിനാണ് അദ്ദേഹം സ്വയം ഇറങ്ങി വരുന്നത്. കറങ്ങുന്ന സുദർശന ചക്രമോ, അതിശക്തമായ ബ്രഹ്മാസ്ത്രമോ പോലുള്ള തന്റെ അതിശക്തമായ ആയുധങ്ങളൊന്ന് അയച്ച് ശത്രുവിനെ ദൂരത്തു നിന്ന് തന്നെ കൊല്ലാൻ അദ്ദേഹത്തിന് കഴിയില്ലേ തന്റെ എതിരാളിയായ ശിശുപാലനെ ഒരിക്കൽ കൊല്ലാൻ അദ്ദേഹം അതേ ചക്രം ഉപയോഗിച്ചിരുന്നല്ലോ. എന്തുകൊണ്ടാണ് അദ്ദേഹത്തിന് ശാരീരിക സംഘട്ടനം നടത്തേണ്ടി വരുന്നത്. അവിടുന്ന് സർവ്വശക്തനാണെന്ന സങ്കൽപ്പവുമായി അത് അൽപ്പം പോലും പൊരുത്തപ്പെടുന്നുമില്ല.

ഒരു രാജാവിനെ പരിഗണിക്കുക, എന്തെങ്കിലും ചെറിയ തെറ്റ് ചെയ്തതിന് ശേഷം എവിടെയെങ്കിലും ഓടിപ്പോയ തന്റെ ഒരു ദാസനെ, മുൻകോപത്തോടെ കൊല്ലാൻ തന്നെ തീരുമാനമെടുത്തുവെന്ന് കരുതുക. ആ രാജാവ് തന്നെ ദാസനെ അന്വേഷിച്ച് പിടികൂടാൻ പുറപ്പെടുകയില്ലല്ലോ. ആ രാജാവ് തന്നെ ശാരീരിക പോരാട്ടത്തിൽ ഏർപ്പെടുകയും ദാസനെ സ്വയം കൊല്ലുകയും ചെയ്യുന്നില്ല. അദ്ദേഹം തന്റെ കൊട്ടാരത്തിൽ നിന്ന് ദാസനെ കണ്ടെത്തി അവനെ കൊല്ലാൻ ഒരു ഉത്തരവ് നൽകുന്നു. അത് ദാസന്റെ വിധി നിർണ്ണയിക്കുന്നു. അവൻ ഒളിച്ചിരിക്കുന്നിടത്ത് നിന്ന് അവനെ വേട്ടയാടാൻ അയാൾ ഒരു കൊലയാളിയെ നിയോഗിക്കുകയല്ലേ ചെയ്യുക രാജാവിനു വേണ്ടി ആ കൊലയാളി, അവൻ എവിടെത്തന്നെ ഒളിച്ചിരുന്നാലും

അവിടെയെത്തി പിടിച്ച് കൊന്നിരിക്കും. ഒരു രാജാവിന് തന്നെ അത്തരത്തിലുള്ള ശക്തിയുണ്ട്. ദൈവമാകട്ടെ രാജാക്കന്മാരുടെ രാജാവും സർവ്വശക്തനുമാണ്. അതിനാൽ തീർച്ചയായും ദൈവം വളരെ കൂടുതൽ ശക്തനാണ്. അപ്പോൾ പിന്നെ അദ്ദേഹത്തിന് അവിടെ നേരിട്ട് പോയി, അക്രമിയുടെ അടുത്ത് ചെന്ന് ഒരു ശിശുവായി ജനിച്ച് വളർന്ന് നേരിട്ടുള്ള ശാരീരിക പോരാട്ടത്തിൽ തന്നെ അവനെ കൊല്ലേണ്ട ഒരാവശ്യവും ഇല്ലല്ലോ.

അതിനാൽ സർവ്വശക്തനും സർവ്വവ്യാപിയുമാണെന്ന ദൈവത്തിന്റെ ഗുണവിശേഷങ്ങളെല്ലാം ഈ വ്യാഖ്യാനത്താൽ നിരാകരിക്കപ്പെടുന്നു. ഹിന്ദുമതം മാത്രമല്ല, ലോകത്തിലെ എല്ലാ മതങ്ങളും ദൈവത്തിന്റെ അടിസ്ഥാനഗുണങ്ങളായി കരുതുന്നവയാണ് ഇവ രണ്ടും. അതിനാൽ ഇത് യുക്തിസഹജമായ ചിന്തകർക്ക് സ്വീകാര്യമാവില്ല. ഇത്തരം ജൽപ്പന്നങ്ങൾ ബുദ്ധിയുള്ള ഒരാളും അംഗീകരിക്കാൻ പോകുന്നില്ല. അയാൾ നിരീശ്വരവാദിയായി തീർന്നാൽ എന്തതിശയം മാത്രമല്ല ഹിന്ദുക്കളുടെ ഏറ്റവും വലിയ തത്വചിന്തകനായ വേദവ്യാസൻ എഴുതിയ ഈ വാക്യങ്ങൾക്ക് തീർച്ചയായും ആഴത്തിലുള്ള നിഗൂഢമായ അർത്ഥമുണ്ടായിരിക്കണം.

അപ്പോൾ എന്താണ് കൂടുതൽ യുക്തിഭദ്രമായ വിശ്വസനീയമായ വ്യാഖ്യാനം സംഭവാമി യുഗെ യുഗെയുടെ യഥാർത്ഥ അർത്ഥമെന്താണ്. ഇതിനർത്ഥം, ഇത് യുഗയുഗങ്ങളായി സംഭവിച്ചുകൊണ്ടേ ഇരിക്കുന്നതാണ് എന്നാണ്, ഓരോ യുഗത്തിലും ഇത് ഒരിക്കൽ സംഭവിക്കുമെന്നല്ല. അർജ്ജുനനോട് യുദ്ധക്കളത്തിൽവച്ചാണ് ശ്രീകൃഷ്ണൻ ഇക്കാര്യം പറഞ്ഞത്. സദ്ഗുണങ്ങളുടെ ഇടിവും സദഗുണമുള്ള ആളുകൾക്ക് തടസ്സവും, കാലാകാലങ്ങളിൽ സംഭവിക്കുകയും, അപ്പോഴെല്ലാം നീതിമാന്മാരെ ദൈവം പരിപാലിക്കുകയും ചെയ്യുന്നുവെന്നാണ് അദ്ദേഹം വെളിപ്പെടുത്തിയത്. ലോകത്ത് ഓരോ നിമിഷത്തിലും അധാർമ്മിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. തന്മൂലം ധർമ്മം പുനസ്ഥാപിക്കുന്നത് നിരന്തരമായ പ്രവർത്തിയാണ്. അതിനാൽ ഇത് ഓരോ നിമിഷവും ദൈവത്തിന്റെ ശ്രദ്ധക്ഷണിക്കുന്നു, അല്ലാതെ ഇത് യുഗത്തിൽ ഒരിക്കൽ ചെയ്യേണ്ടുന്ന പ്രവർത്തിയേയല്ല.

അധർമ്മം എപ്പോൾ, എവിടെ സംഭവിക്കുന്നുവെന്ന് നാം കൃത്യമായി അറിയണം, അപ്പോൾ, അവിടെ ആണ് ദൈവം കൃത്യമായി വന്ന് ഇടപെടേണ്ടത്. മുൻപേ പറഞ്ഞ ഒരു രാജാവ് കുറ്റക്കാരനായ തന്റെ ദാസനെ, ശിക്ഷയായി കൊല്ലുന്ന ഉദാഹരണത്തിൽ, ഒരു പ്രത്യേക ദിവസം രാജാവ് തന്റെ കൊട്ടാരത്തിൽ വച്ച്, ആ ദാസനെ കൊല്ലാനുള്ള ആജ്ഞ നൽകി. പക്ഷേ കുറ്റവാളിയെ കൊല്ലുന്നത് ഉടനെയോ നിരവധി ദിവസങ്ങൾക്ക് ശേഷമോ സംഭവിക്കാം. അതും രാജാവ് നേരിട്ടല്ല മറിച്ച് ആ ചുമതല ഏൽപ്പിച്ചിരുന്ന ഒരു കൊലയാളി ആണ് അത് ചെയ്യുന്നത്. അപ്പോൾ അധർമ്മം യഥാർത്ഥത്തിൽ എവിടെയാണ് സംഭവിച്ചത്. കൊല്ലാൻ രാജാവ് ഉത്തരവിട്ട കൊട്ടാരത്തിലാണോ അതോ ദാസനെ യഥാർത്ഥത്തിൽ വധിച്ച സ്ഥലത്ത്, ചിലപ്പോൾ മൈലുകൾ അകലെയാണോ അത് സംഭവിച്ചത്. ഇനി എപ്പോഴാണ് അധർമ്മം സംഭവിച്ചത് രാജാവ് തന്റെ ആജ്ഞ പ്രഖ്യാപിച്ചപ്പോഴാണോ അല്ലെങ്കിൽ ദിവസങ്ങൾക്കു ശേഷം വാസ്തവത്തിൽ അയാൾ കൊല്ലപ്പെടുമ്പോഴാണോ അവസാനം ആരാണ് അധർമ്മം ചെയ്തത്, ആജ്ഞ കൊടുത്ത രാജാവാണോ, അതോ അത് നിറവേറ്റിയ കൊലയാളിയാണോ ഈ മൂന്നു ചോദ്യങ്ങൾക്കും കൃത്യമായ ഉത്തരം വേണം. എപ്പോൾ, എവിടെ ആര് അധർമ്മം ചെയ്തു ചിന്തിക്കുക.

ഇനി കൊല്ലാൻ ആജ്ഞാപിക്കുന്നതിനുപകരം രാജാവ് തന്റെ പഴയ ദാസനോട് അല്പം അനുകമ്പ കാണിക്കുകയും, അവനെ വെറുതെ വിടാൻ നിർദ്ദേശിക്കുകയും ആണ് ചെയ്തതെന്ന് സങ്കൽപ്പിക്കുക. അപ്പോൾ ഈ കൊല അല്ലെങ്കിൽ അധർമ്മം ഒരിക്കലും സംഭവിക്കുന്നതേയില്ല. കൊട്ടാരത്തിൽ രാജാവ്, സ്വന്തം മനസ്സിൽ ബോധപൂർവ്വം തീരുമാനമെടുത്തു. യഥാർത്ഥ വധശിക്ഷ നടപ്പാക്കിയ കൊലയാളി, രാജാവിന്റെ നിർദ്ദേശം അനുസരിക്കുക മാത്രമായിരുന്നു. സ്ഥലവും സൗകര്യവും അനുസരിച്ച് ആജ്ഞ പ്രാവർത്തികമാക്കാൻ കുറച്ച് സമയമെടുത്തേക്കാം. അതിനാൽ കൊല എന്ന അധർമ്മം ചെയ്തത്, ആ രാജാവ് കൊട്ടാരത്തിൽ വച്ച്, സ്വന്തം മനസ്സിൽ അതിനുള്ള തീരുമാനമെടുത്ത നിമിഷത്തിലാണ്.

അതിനാൽ ആരെങ്കിലും മനസ്സിൽ ബോധപൂർവ്വമായി അധാർമ്മികമായ തീരുമാനമെടുക്കുമ്പോൾ ആണ് അധർമ്മം സംഭവിക്കുന്നുതെന്ന്

വ്യക്തമാണ്. ഒരു നിർദ്ദിഷ്ടപ്രവർത്തനം അതിന്റെ ഉദ്ദേശമനുസരിച്ചാണ് ഹിംസയോ (അധർമ്മം) അല്ലെങ്കിൽ അഹിംസയോ (ധർമ്മം) ആകുന്നതെന്ന് ഹിന്ദുമതം പറയുന്നു. ആരെയെങ്കിലും കൊല്ലാനോ ആരെയെങ്കിലും വേദനിപ്പിക്കാനോ ഉദ്ദേശിച്ച് ഒരാൾ എന്തെങ്കിലും ചെയ്യുമ്പോൾ അത് ഹിംസയാണ്. ഉദ്ദേശമാണ് നിർണ്ണായകം. ഒരു വ്യക്തിയുടെ ഹൃദയം മുറിക്കുവാൻ ഒരു ഡോക്ടർ കത്തി എടുക്കുമ്പോൾ അത് അധർമ്മമല്ല, കാരണം കൊല്ലാനല്ല, നേരെ മറിച്ച് ഒരു ജീവൻ രക്ഷിക്കലാണ് ഉദ്ദേശം.

നിയമത്തിൽ പോലും ആരെങ്കിലും കൊല്ലപ്പെടുമ്പോൾ, പ്രതിക്ക് കൊല്ലാനുള്ള ഉദ്ദേശമോ ആവശ്യമോ ഉണ്ടായിരുന്നുവെന്ന് അഭിഭാഷകൻ തെളിയിക്കണം. അല്ലാത്തപക്ഷം അത് വെറുമൊരു അപകടം അല്ലെങ്കിൽ സ്വയം സംരക്ഷണത്തിനുള്ള പ്രവൃത്തിയായി കണക്കാക്കാം. എന്നാൽ കൊല്ലാൻ ഉദ്ദേശമുണ്ടായിരുന്നുവെങ്കിൽ മാത്രമേ അത് കൊലപാതകമാണെന്ന് ആരോപിക്കാനാവൂ. യഥാർത്ഥത്തിൽ ദാസനെ കൊന്നയാൾ തന്റെ നിയുക്ത ചുമതല നിർവഹിക്കുകയായിരുന്നു. അദ്ദേഹം തന്റെ സ്വധർമ്മം മാത്രമാണ് ചെയ്തത് അതിനായിട്ടാണ് അദ്ദേഹത്തെ നിയമിക്കുകയും, കൃത്യമായി ശബളം നൽകുകയും ചെയ്യുന്നത്. (മഹാഭാരത യുദ്ധത്തിൽ അർജ്ജുനനെ ശ്രീകൃഷ്ണൻ ഓർമ്മിപ്പിച്ചത് ഇതാണ്. ഒരു സൈനികനെന്ന നിലയിൽ ശത്രുപക്ഷത്തുള്ള സൈനികരെ കൊല്ലുക എന്നത് അർജ്ജുനന്റെ സ്വധർമ്മമാണെന്നായിരുന്നു.

അതിനാൽ ഈ സാഹചര്യത്തിൽ, രാജാവ് മനസ്സിൽ തീരുമാനമെടുത്തു. ഇത്ര കഠിനമായ ശിക്ഷയ്ക്ക് അർഹൻ അല്ലാത്ത ഒരാളെ കൊല്ലാൻ ആരെങ്കിലും തീരുമാനിക്കുമ്പോൾ അത് അവന്റെ മനസ്സിലെ ധർമ്മത്തിന്റെ തകർച്ചയാണ്. ഈ വാക്യം പറയുന്നത് യദാ യദാ ഹി...തദാ (എവിടെയാണോ....അവിടെത്തന്നെ). അതിനാൽ എപ്പോൾ, എവിടെയാണ് ധർമ്മക്ഷയം സംഭവിക്കുന്നത്, അല്ലെങ്കിൽ സംഭവിക്കുവാൻ പോകുന്നത്. അപ്പോൾ അവിടെത്തന്നെ, ദൈവം അത് തടയാൻ ഇടപെടുന്നു. അല്ലാതെ സംഭവിച്ചതിന് ശേഷം, അല്ലെങ്കിൽ യുഗത്തിന്റെ അവസാനത്തിൽ കേടുപാടുകൾ തീർക്കാനല്ല. രോഗശമനത്തെക്കാൾ നല്ലത് അത് തടയുന്നതാണ് എന്ന നിയമം അനുസരിച്ചാണ് ദൈവം പ്രവർത്തിക്കുന്നത് എന്ന് തോന്നുന്നു. ഒരു വ്യക്തിയുടെ മനസ്സിൽ അധർമ്മം സംഭവിച്ചതിന് ദൈവത്തിന്റെ ഇടപെടലും അതേ മനസ്സിൽ അതേ സമയം തന്നെ ആയിരിക്കണമല്ലോ.

ഓരോ സന്ദർഭത്തിലും മനുഷ്യന്റെ സ്വധർമ്മം, വ്യക്തികളുടെ ജീവിതത്തിലെ ബന്ധവും, ഘട്ടവും മറ്റും അനുസരിച്ച് സനാതന ധർമ്മത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ആശയക്കുഴപ്പമൊന്നുമില്ല. അതിന്റെ ഏതെങ്കിലും ലംഘനത്തിന് ആരെങ്കിലും ശ്രമിച്ചാൽ, ചില അപൂർവ്വ സന്ദർഭങ്ങളിൽ ഒഴികെ അയാൾക്ക് തന്നെ, ചെയ്യാൻ പോകുന്നത്, ധർമ്മമാണോ അതോ അധർമ്മമാണോ എന്ന് കൃത്യമായി അറിയാം.

അത്തരം സമയങ്ങളിൽ നമ്മുടെ മനസ്സാക്ഷി നമുക്ക് കൃത്യമായി സൂചന അല്ലെങ്കിൽ മുന്നറിയിപ്പ് നൽകാറുണ്ടെന്ന് നാമെല്ലാവരും ശ്രദ്ധിച്ചുകാണും. ഒരു കൊലപാതകി ആരെയെങ്കിലും കൊല്ലാൻ തീരുമാനിക്കുകയോ കള്ളൻ മറ്റൊരാളുടെ സ്വത്ത് മോഷ്ടിക്കാൻ പദ്ധതിയിടുകയോ അല്ലെങ്കിൽ ഒരാൾ ഒരു കള്ളം പറയാൻ ശ്രമിക്കുമ്പോൾ പോലും, അയാൾക്ക് മനസ്സാക്ഷി കുത്ത് ഉണ്ടാകാറുണ്ട്. മനസ്സാക്ഷി എന്നത് സ്വന്തം ആത്മാവല്ലാതെ മറ്റൊന്നുമല്ല. അത് ബ്രഹ്മൻ അഥവാ ദൈവം തന്നെയാണ്. (അഹം ബ്രഹ്മാസ്മി) അതിനാൽ സ്ഥിരമായി കൃത്യസമയത്ത് തന്നെ മനസ്സാക്ഷി ഇടപെടുകയും ചെയ്യുന്നു. അത്തരം ദിവ്യ ഇടപെടൽ അല്ലെങ്കിൽ മുന്നറിയിപ്പ് സംഭവിച്ചാൽ ഭൂരിപക്ഷം അവസരങ്ങളിലും ആളുകൾ അതിൽ നിന്ന് വിട്ടുനിൽക്കുന്നു. അതായത് ഈ വാക്യത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്നത് പോലെ, ഈ ദൈവിക ഇടപെടൽ മൂലം വളരെയധികം അധർമ്മങ്ങൾ സംഭവിക്കുന്നത് തടയപ്പെടുന്നു. ബാക്കിയുള്ള ചുരുക്കം ചില അവസരങ്ങളിൽ അധർമ്മം സംഭവിക്കാം. കാരണം ദൈവത്തിന്റെ മുന്നറിയിപ്പ് വകവയ്ക്കാതെ ആ വ്യക്തി നിർദ്ദിഷ്ട അധാർമ്മിക പ്രവർത്തനം ചെയ്യാൻ ശഠിക്കുന്നു അറിഞ്ഞുകൊണ്ട് തന്നെ തെറ്റ് ചെയ്യുന്നു. അതിനാൽ ഭഗവദ്ഗീതിയുടെ ഈ അധ്യായത്തിലെ ഈ രണ്ട് വാക്യങ്ങളുടെ നിഗൂഢമായ അർത്ഥം ഇതാണെന്ന് നമുക്ക് അനുമാനിക്കാം.

https://www.ramakrishna.org/Dr_Jani.htm

* * *

# ഭാരതത്തിന്റെ ശാസ്ത്രപൈതൃകം - 2

സി. രാമചന്ദ്രൻ - 9995820684

വേദകാലശാസ്ത്രചിന്തയുടെ ഒരു തുടർച്ച ജൈന - ബൗദ്ധകാലഘട്ടങ്ങളിലും കാണാനാവുന്നുണ്ട്. മൗര്യസാമ്രാജ്യം മുതൽ ഗുപ്തസാമ്രാജ്യം വരെയും അതു നീളുന്നുമുണ്ട്. അലക്സാണ്ടറുടെ പടയോട്ടങ്ങളോടൊപ്പം യവനചിന്തകളും ഭാരതത്തിലേക്കു പ്രവഹിച്ചു. ഇതിനോടൊപ്പം ഭാരതം സന്ദർശിച്ചുപോയ ഒരു നിര സഞ്ചാരികളായ മെഗസ്തനീസ്, ഫാഹിയാൻ, ഹുയൻസാങ്, അൽബിറൂനി, ഇബിൻ ബതൂത്ത തുടങ്ങിയവരുടെ യാത്രാവിവരണങ്ങളിൽ നിന്നും നിലനിന്നിരുന്ന സാങ്കേതികതയുടെയും ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെയും ആധികാരിക ചിത്രങ്ങളുണ്ടാക്കാനാവും. അതാകട്ടെ ഉയർന്ന സാംസ്കാരിക നിലവാരം പുലർത്തുന്ന ഒരു സമൂഹത്തിന്റേതാണുതാനും.

തക്ഷശില ഒരുപക്ഷെ ലോകത്തിൽത്തന്നെ നിലവിൽ വന്ന ആദ്യത്തെ സർവകലാശാല ആയിരുന്നിരിക്കണം. ഹൂണന്മാരുടെ ആക്രമണത്തിൽ തകർക്കപ്പെടുന്നതുവരെ അതിന്റെ പ്രഭാവം നിലനിന്നു. പിന്നീട് നളന്ദ വരുന്നു. ഇന്ത്യസന്ദർശിച്ച ചില സഞ്ചാരികളുടെ വിവരണങ്ങളിൽ കാണുന്നത്, വിവിധരാജ്യങ്ങളിൽ നിന്നുള്ള 8000-ൽപ്പരം വിദ്യാർത്ഥികളും 1500-ൽപ്പരം അധ്യാപകരും അവിടെ ഉണ്ടായിരുന്നു എന്നാണ്.

ആയുർവേദത്തിനു വളർച്ചയുണ്ടായത് ബുദ്ധ-ജൈന കാലഘട്ടങ്ങളിലാണ്. ആത്രേയ മഹർഷിയുടേയും അദ്ദേഹത്തിന്റെ ശിഷ്യൻ അഗ്നിവേശമഹർഷിയുടേയും ആശയങ്ങൾ പരിഷ്കരിക്കുന്നതിൽ നാഗാർജ്ജുനന്റെ സംഭാവനകളുമുണ്ടാകുന്നുണ്ട്. ത്രിദോഷ സങ്കല്പങ്ങളും പഞ്ചഭൂതസിദ്ധാന്തവും അന്നത്തെ അന്വേഷണത്വരയുടെ ദൃഷ്ടാന്തവുമാണ്. കണ്ണുവൈദ്യവും ബാലചികിത്സയും വിഷവൈദ്യവും, ശസ്ത്രക്രിയയും മറ്റും നിലവിലുണ്ടായിരുന്നു. സസ്യങ്ങളെ ഇടിച്ചുപിഴിഞ്ഞും അരിച്ചുതിളപ്പിച്ചും, തിളപ്പിച്ചുവറ്റിച്ചും, തകർത്തു പൊടിയാക്കിയും, ഉരുട്ടി ഗുളികയാക്കിയും ഔഷധങ്ങളുണ്ടാക്കിയിരുന്നു. അഷ്ടാംഗഹൃദയം എന്ന ഗ്രന്ഥരചന ഈ കാലഘട്ടത്തിലാണത്രേ ഉണ്ടായത്. ഇതിന് പത്തുപതിനഞ്ചു വ്യാഖ്യാനങ്ങളുമുണ്ട്. പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനവുമുണ്ടായിട്ടുണ്ട്.

ആയുർവേദത്തിന്റെ അടിസ്ഥാന സങ്കല്പങ്ങളും ശരീരവിജ്ഞാനവും ഇന്ന് കാലഹരണപ്പെട്ടിട്ടുണ്ട്. നിരന്തരം പരിഷ്കരിക്കപ്പെടുന്ന അറിവുവച്ച് പരിഷ്കരിക്കപ്പെടുവാൻ യാഥാസ്ഥിതിക സമൂഹം വിമുഖമായതുകൊണ്ടു കൂടിയാണത് മരവിച്ചുപോയത്. ന്യൂട്ടന്റെ സിദ്ധാന്തങ്ങളിൽ ഭൗതികവിജ്ഞാനം മരവിച്ചുപോകാത്തതിനാലാണ് അത് വളർന്നത്. കോച്ചിംഗ് ക്ലാസിൽ പോകാതെ ഇന്നുവന്ന് ന്യൂട്ടൻ പ്രിഡിഗ്രി പരീക്ഷയെഴുതിയാൽ പാസാകുകയില്ല.

ആയുർവേദത്തിനു പുറത്തുള്ള ഒരു ചികിത്സാ സമ്പ്രദായമാണ് സിദ്ധവൈദ്യം. ലവണങ്ങളും യൗഗികങ്ങളും രസത്തിന്റെ സംയുക്തങ്ങളും മറ്റുമടങ്ങിയ രാസവസ്തുക്കൾ കൊണ്ടാണ് ഇതിന്റെ ഔഷധ നിർമ്മാണം. സിദ്ധനാഗാർജ്ജുനൻ,വൃന്ദകണ്ഡൻ, ചക്രപാണിദത്തൻ, ശംഭു തുടങ്ങിയ ആചാര്യന്മാരാണ് ഇത് വികസിപ്പിച്ചത്.

നാഡിമിടിപ്പു പരിശോധിച്ചു രോഗം നിർണയിച്ചു ചികിത്സിക്കുന്ന മറ്റൊരു സമ്പ്രദായവും നിലവിലുണ്ടായിരുന്നു. സാക്ഷാൽ രാവണൻ ആണത്രേ അതിന്റെ ഉപജ്ഞാതാവ്. (മണിച്ചിത്രത്താഴ് സിനിമയിൽ തിലകൻ മോഹൻലാലിനെ രാവണൻ എന്നു വിശേഷിപ്പിച്ചത് ഓർമ്മിക്കുക). ആയുർവേദവും സിദ്ധവൈദ്യവും നാഡീചികിത്സയും യുനാനിയും ഹോമി

യോപ്പതിയും, നാട്ടുവൈദ്യവും നിലനിൽക്കുന്ന ഒരു സങ്കീർണ്ണസ്ഥിതിയിലേക്കാണ് യൂറോപ്യന്മാരിലൂടെ അലോപ്പതി കടന്നുവരുന്നത്. യൂറോപ്പിൽ അന്നു നിലനിന്നിരുന്ന ചികിത്സാരീതിയാണ് അത്. ഇന്നും ആ പേര് പലരും ഉപയോഗിക്കുന്നുണ്ടെങ്കിലും ആധുനിക വൈദ്യശാസ്ത്രം തികച്ചും വ്യത്യസ്തമാണ്. അത് ആധുനിക ഗതാഗതത്തോടും ആധുനിക വാർത്താവിനിമയത്തോടുമൊപ്പം വികസിച്ച, വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രീയ ചികിത്സാസമ്പ്രദായമാണ്. ശാസ്ത്രത്തിന്റെ ഏതുരംഗത്തുള്ള കണ്ടുപിടിത്തവും വൈദ്യശാസ്ത്രരംഗത്തിന് മുതൽക്കൂട്ടായി മാറുന്നു.

ഭാരതത്തിന്റെ മറ്റൊരു പൈതൃകം, യോഗാസനങ്ങളിലൂടെയും പ്രാണായാമങ്ങളിലൂടെയും, ശരീരത്തെയും മനസ്സിനെയും ശുദ്ധവും ശക്തവുമായി സംസ്കരിച്ചെടുക്കുക എന്ന പദ്ധതിയാണ്. പതഞ്ജലിയുടെ യോഗസൂത്രമാണ് ആധാരം. ശരീരചലനം കൊണ്ടു നടത്തിയ പരീക്ഷണനിരീക്ഷണങ്ങളെ ശ്ലാഘിക്കാമെങ്കിലും അടിസ്ഥാനപരമായ അശാസ്ത്രീയതയും മതാത്മകതയും അതിനെയും വിശ്വാസങ്ങളുടെ ഇരുട്ടുമുറിയിലേക്കു തള്ളുന്നു.

ഭാരതത്തിന്റെ ഒരു പ്രത്യേകത അത് ശിലായുഗത്തിൽ നിന്ന് നേരിട്ട് അയോയുഗത്തിലേക്ക് പ്രവേശിക്കുന്നു എന്നതാണ്. വെങ്കലം പിന്നീടാണ്. വടക്കെ ഇന്ത്യയിൽ നിന്നു ഖനനം ചെയ്തെടുത്ത പുരാവസ്തുക്കളിൽ ഇരുമ്പിനോടൊപ്പം അത് സ്ഫുടം ചെയ്തെടുക്കുന്ന ഉപകരണങ്ങളും കണ്ടെടുത്തിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ നിന്നും, സമാനമായ അനുഭവങ്ങളുണ്ട്. ഇന്ത്യയിലുണ്ടാക്കിയ ഇരുമ്പായുധങ്ങൾ വിദേശങ്ങളിലും അന്നു പ്രചരിച്ചിരുന്നു. ഇരുമ്പു മാത്രമല്ല ചെമ്പും ഓടും പിച്ചളയും തുടർന്ന് സമാന്തരമായി രംഗത്തുവന്നു. ആയുധങ്ങളും ഉപകരണങ്ങളും ഗൃഹോപകരണങ്ങളും മാത്രമല്ല അപൂർവ്വമായ ലോഹവിഗ്രഹങ്ങളും അന്നു നിർമ്മിച്ചിരുന്നു.

ഇന്ത്യൻ കലാകാരന്മാർ വാർത്തെടുത്ത പഞ്ചലോഹവിഗ്രഹങ്ങൾ ഇന്നും ലോകമെമ്പാടുമുള്ള കാഴ്ചബംഗ്ലാവുകളെ അലങ്കരിക്കുകയും വിഗ്രഹമോഷ്ടാക്കളെ ആകർഷിക്കുകയും ചെയ്യുന്നു. ഇന്ത്യൻ ലോഹവിദ്യയുടെ ഒരു പ്രതീകമാണ്, കുത്തബ്മിനാറിനു സമീപത്തെ അയസ്തംഭം. 1500 വർഷങ്ങളായി അത് മാറിമാറി വരുന്ന വേനലുകളേയും വർഷങ്ങളേയും മഞ്ഞുകാലത്തേയും അതിജീവിച്ച് തരിമ്പും തുരുമ്പില്ലാതെ നിലനിൽക്കുന്ന ഇരുമ്പു നിർമ്മിതിയാണ്. മധ്യകാലത്ത് യൂറോപ്പിൽ ലഭ്യമായിരുന്ന വുട്സ് സ്റ്റീൽ തെക്കെ ഇന്ത്യയിൽ നിന്ന് അറബികൾ വാങ്ങി കച്ചവടം ചെയ്തിരുന്നതാണ്. കേരളത്തിനും ലോഹനിർമ്മാണപാരമ്പര്യം അവകാശപ്പെടാം. വെങ്കലപാത്രനിർമ്മാണത്തിന്റെയും പവിത്രമോതിരത്തിന്റെയും ആറന്മുള കണ്ണാടിയുടേയും മറ്റും പാരമ്പര്യം അഭിമാനത്തോടെ അവകാശപ്പെടാവുന്നവയാണ്. ഇന്ത്യൻ സാങ്കേതിക വിജ്ഞാനത്തിന്റെ ദുര്യോഗം, വസ്തുനിഷ്ഠമായ അന്വേഷണങ്ങളുടെ അഭാവവും അറിവിന്റെ നിഗൂഢവൽക്കരണവുമായിരുന്നു. ഇരുമ്പ്, ചെമ്പ്, ഈയം തുടങ്ങിയ സാധാരണ ലോഹങ്ങളെ അവർണ്ണരായും വെള്ളി, സ്വർണ്ണം എന്നിവയെ സവർണ്ണരായും അന്നത്തെ വരേണ്യവർഗ്ഗം സങ്കല്പിച്ചെങ്കിൽ അത് അന്നത്തെ നിലയ്ക്ക് സ്വാഭാവികം മാത്രമാണ്. നീചലോഹങ്ങളെ സ്വർണ്ണമാക്കി മാറ്റാമെന്ന് അവർ കരുതിയിരുന്നു. അതോടൊപ്പം വാർദ്ധക്യത്തെ അതിജീവിച്ച് യൗവ്വനം നിലനിർത്തുവാനുള്ള മരുന്നിനെക്കുറിച്ചുള്ള വ്യാമോഹവുമുണ്ടായിരുന്നു. ഇതു രണ്ടും നടന്നില്ലെങ്കിലും രസതന്ത്രപരമായ പരീക്ഷണങ്ങൾ നടക്കുവാനും രാസവസ്തുക്കളുമായി ഇടപഴകുവാനും ഇതവസരമൊരുക്കി. വരാഹമിഹിരന്റെ ബൃഹത്സംഹിതയിൽ സുഗന്ധതൈലങ്ങൾ വാറ്റിയെടുക്കുന്നതിനെക്കുറിച്ചും കലർപ്പുകളുണ്ടാക്കുന്നതിനെക്കുറിച്ചും വിവരിക്കുന്നുണ്ട്. ഇതിനായി വികസിപ്പിച്ച ഉപകരണങ്ങളും കൗതുകമുണർത്തുന്നു.

ക്രിസ്തുവിന് ആയിരം വർഷങ്ങൾക്കുമുമ്പുതന്നെ ചില്ലു ഗ്ലാസുകൾ ഭാരതത്തിൽ ഉപയോഗിച്ചിരുന്നു എന്നതിനു തെളിവുകളുണ്ട്. പ്രാകൃതാവസ്ഥയിലായിരുന്ന അത് ക്രമേണ വികസിച്ചുവന്നു. ബ്രാഹ്മണങ്ങളിലും അർത്ഥശാസ്ത്രങ്ങളിലും ചില്ലിനെക്കുറിച്ച് പരാമർശമുണ്ട്. ഏതായാലും പലതരം കളിമൺ പാത്രങ്ങൾ ഭാരതത്തിൽ പരക്കെ ഉത്പാദിപ്പിച്ചുപയോഗിച്ചിരുന്നു. ഇതിന്റെ കൂട്ടത്തിൽ കറുത്തു മിനുത്ത പ്രത്യേക തരത്തിലുള്ള ഒന്ന് ഗവേഷകരുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയമാണ്.

* * *

# ബ്രഹ്മവും ജഗത്തും

**സി. നാരായണൻ മുംബൈ**

ഭഗവത്ഗീതയിൽ ഭഗവാൻ ക്ഷേത്രം എന്നും ക്ഷേത്രജ്ഞനെന്നുമുള്ള രണ്ടു തത്ത്വങ്ങളെ പറ്റി പറയുന്നു.

"ഇദം ശരീരം കൗന്തേയ
ക്ഷേത്രമത്യഭിധീയതേ
ഏതത് യോ വേത്തി തം പ്രാഹുഃ
ക്ഷേത്രജ്ഞ ഇതി തദ്വിദഃ"

അല്ലയോ അർജ്ജുനാ, ഭോഗായതനമായിരിക്കുന്ന ഈ ശരീരത്തെ ക്ഷേത്രമെന്നും അതിൽ സചേതനനായി ഇരിക്കുന്ന തത്ത്വത്തെ ക്ഷേത്രജ്ഞനെന്നു ഇതിന കുറിച്ചറിയുന്ന വിദ്വാന്മാർ പറയുന്നു.

ഇതിൽ ക്ഷേത്രമെന്നതിനെ അചേതനമായ ജഗത്തെന്നു വിളിക്കാം. ആ ക്ഷേത്രത്തിൽ ചൈതന്യമായി വിളങ്ങുന്ന തത്ത്വത്തെ ബ്രഹ്മമെന്നും വിളിക്കാം.

അങ്ങനെ ഒറ്റനോട്ടത്തിൽ രണ്ടു ലോകങ്ങളുണ്ടെന്ന് നമുക്ക് അംഗീകരിച്ചേ തീരൂ എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ ഭൗതികശാസ്ത്രജ്ഞൻ ഇന്ദ്രിയവിഷയങ്ങളുടെ ലോകമല്ലാതെ ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യമായ ഒരു ലോകമുണ്ടെന്ന് അംഗീകരിക്കാനേ തയ്യാറല്ല അവർ പറയുന്നത് ഇന്ദ്രിയങ്ങളുടെ അറിവിനെ മൈക്രോസ്ക്കോപ്പുപോലുള്ള ഉപകരണങ്ങളെകൊണ്ട് ശക്തിപ്പെടുത്തുകയും ഗണിതശാസ്ത്രത്തെ വേണ്ട വിധം ഉപയോഗിക്കയും ചെയ്താൽ പ്രപഞ്ചത്തിന്റെ രഹസ്യം മുഴുവനും അറിയാൻ കഴിയുമെന്നാണ്. ആ വാദത്തിൽ കഴമ്പില്ലെന്ന് മനസ്സിലാക്കാൻ വലിയ പ്രയത്നമൊന്നും വേണ്ട. കണ്ണിന്റെ കാര്യക്ഷമത എത്ര വർദ്ധിപ്പിച്ചാലും ദൂരെയുള്ള ശബ്ദത്തെ ശ്രവണപഥത്തിൽ കൊണ്ടു വരാൻ പറ്റില്ലല്ലോ. ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യമായത് മനസ്സിന്റെ വെറും ഭ്രമമാവാനേ വഴിയുള്ളൂ എന്നും അവയന്വേഷിക്കുന്നതിൽ കൂടെ ഒന്നും നേടാനാവില്ലെന്നുമുള്ള അഭിപ്രായത്തിൽ അവർ ഉറച്ചു നില്ക്കുന്നു.

എന്നാൽ ഇന്ദ്രിയങ്ങളാൽ അറിയാൻ കഴിയാത്ത ആ തത്ത്വം വേദത്തിൽ പ്രതിപാദിക്കപ്പെട്ടതായതുകൊണ്ടും ആരാധനായോഗ്യരായ മുനീശ്വരന്മാർ, അവരാൽ അത് സാക്ഷാത്കരിക്കപ്പെട്ടിട്ടുണ്ട് എന്നു ആണയിടുന്നതിനാലും നമുക്ക് അതിനെ തള്ളി കളയാനാവില്ല.

"പ്രത്യക്ഷാനുമിത്യാവാ
യസ്തൂപായോ ന ബുദ്ധ്യാതേ
ഏനം വിദന്തി വേദേന
തസ്മാത് വേദസ്യ വേദതാ" (പ്രത്യക്ഷ പ്രമാണത്താലോ അനുമാനാദികളാലോ അറിയാൻ വയ്യാത്തതിനു പ്രമാണമായിരിക്കുന്നതിനാലാണ് വേദത്തിനും പ്രാമാണ്യം ലഭിക്കുന്നത്)

മാത്രമല്ല അത് നമ്മുടെ അദ്ധ്യാത്മീകവും അധിദൈവികവും അതിഭൂതവുമായ എല്ലാ ദുഃഖങ്ങളുടെ നിവൃത്തിയും, നാം അനവരതം അന്വേഷിച്ചുകൊണ്ടിരിക്കുന്ന സുഖപ്രാപ്തിയും ഉറപ്പ് നൽകുന്നു. കൂടാതെ അത് നമ്മുടെ സത്യം വെളിവാക്കുന്ന ആത്മവിദ്യയാണെന്നു പറയുമ്പോൾ അതിനെ വേണ്ടത്ര പ്രാധാന്യം കൊടുത്തേ മതിയാവൂ.

അതു പോലെ

ഇന്ദ്രിയജന്യമായ ഒരു ലോകം ഉണ്ടെന്ന് വേദാന്തിക്കും നിഷേധിക്കാനാവില്ല. കാരണം അതു നമുക്ക് കാണപ്പെടുന്നുണ്ട്. അതിനെ നമുക്ക് സ്പർശിക്കാനും രുചിക്കാനും കഴിയുന്നുണ്ട്. അങ്ങിനെ ഉള്ള ഒന്നിനെ ഇല്ലെന്നു എങ്ങനെയാണ് പറയുക.

അങ്ങനെ രണ്ടുതരം ലോകമുണ്ടെന്നംഗീകരിച്ചേ പറ്റൂ. പിന്നീട് ഇവ രണ്ടും സത്യമാണോ, രണ്ടും അസത്യങ്ങളാണോ, അല്ലെങ്കിൽ ഇവയിൽ ഒന്നു മാത്രമാണോ സത്യം എന്നാണ് ആത്മാർത്ഥതയുള്ള ഒരു സത്യാന്വേഷി ആലോചിക്കേണ്ടത്.

ഇതിൽ ഭൗതിക ശാസ്ത്രജ്ഞൻ ഭൗതികമായ ഒരേയൊരു ലോകത്തിൽ മാത്രം വിശ്വസിക്കുന്നതിനാൽ നമുക്ക് വേദാന്തശാസ്ത്രം എന്താണ് പറയുന്നത് എന്നു നോക്കാം.

വേദാന്തം ഇന്ദ്രിയഗോചരമായ ഒരു ലോ

കത്തിന്റെ പ്രതീതി നിഷേധിക്കുന്നില്ല. അങ്ങനെയൊന്ന് പ്രത്യക്ഷത്തിൽ ഉണ്ടെന്ന് അവർ അംഗീകരിക്കുന്നു. പക്ഷേ ഇന്ദ്രിയങ്ങൾക്കപ്പുറം ഒരു തത്ത്വത്തെ നമുക്ക് അനുഭവയോഗ്യമാണെന്ന് അവർ ഊന്നിപ്പറയുന്നു. ഈ രണ്ടു ലോകങ്ങളുടേയും സമന്വയം കണ്ടെത്തി രണ്ടും, വ്യത്യസ്തമായി കാണുന്നുണ്ടെങ്കിലും അവ രണ്ടല്ല ഒന്നുതന്നെയാണ് എന്നു സ്ഥാപിക്കലാണ് വേദാന്തശാസ്ത്രത്തിന്റെ ദൗത്യം. രണ്ടല്ല എന്നതിന്റെ സാങ്കേതിക പദമാണ് അദ്വൈതം എന്നത്. ഇവിടെ നമ്മുടെ അന്വേഷണത്തിനു വിഷയമാക്കാൻ രണ്ടു തത്ത്വങ്ങളുണ്ടെങ്കിലേ അതിന്റെ ഫലമായ അദ്വൈതസിദ്ധി സാദ്ധ്യമാവൂ. വേദാന്തി രണ്ടും ഒന്നു തന്നെയാണെന്ന ഒരു സമവാക്യമാണ് സിദ്ധാന്തിക്കുന്നത്. അല്ലെങ്കിൽ അദ്വൈതം എന്ന വാക്കിനു പകരം ഏകത എന്ന വാക്കുപയോഗിക്കേണ്ടി വരും. അദ്വൈതം എന്ന വാക്കു തന്നെ രണ്ടിന്റെ പ്രതീതി അംഗീകരിക്കുന്നുണ്ട്.

വേദാന്തം ഈ രണ്ടു തത്ത്വങ്ങളിൽ ഒന്നിനെ സത്യമെന്നും മറ്റേതിനെ മിത്ഥ്യയെന്നും വിളിക്കുന്നു. അവരുടെ പദാവലിയിൽ മിത്ഥ്യയെന്നാൽ ശരിക്കും ഇല്ലാത്തതും എന്നാൽ വ്യവഹാരത്തിനു ഉപകരിക്കുന്നതുമാണ്. സത്യം എന്നാൽ അവികാരിയും ത്രികാലങ്ങളിലും ബാധിക്കപ്പെടാത്ത ഉണ്മയുമാണ്.

ഈ രണ്ടിൽ അവികാരിയും സദാ അബാധിതവുമായ സത്യത്തെ അവർ ബ്രഹ്മമെന്നും വെറും വ്യാവഹാരികമായ മിത്ഥ്യയെ ജഗത്തെന്നും വിളിക്കുന്നു. എല്ലാ സത്യാന്വേഷിയും ഓർമ്മിക്കേണ്ട ഒരു വസ്തുത ഈ രണ്ടു ലോകങ്ങളും നമുക്ക് അനുഭവവേദ്യമാകുന്നത് അന്തഃക്കരണത്തിൽ കൂടെയാണ് എന്നതാണ് ഇന്ദ്രിയങ്ങളുടെ ലോകമായ ജഗത്ത് അന്തഃക്കരണത്തിലാണ് അറിയപ്പെടുന്നത് എന്ന കാര്യം എല്ലാവർക്കും ബോദ്ധ്യമാണ്. എന്നാൽ പരം എന്നു പറയപ്പെടുന്ന ബ്രഹ്മവും അന്തഃക്കരണത്താൽ അനുഭവയോഗ്യമാണ്. ഇതിനും ഉപോദ്ഗതമായി എത്രയോ വാക്ക്യങ്ങൾ ശ്രുതിയിലും സ്മൃതിയിലുമുണ്ട്.

"ദൃശ്യതേ ത്വഗ്രയാബുദ്ധയാസൂക്ഷ്മയാ"

"മാനസൈവമാവാപ്തവ്യം"

എന്നിങ്ങനെ ശ്രുതിയിലും

"ബുദ്ധിഗ്രാഹ്യമതീന്ദ്രിയം"

ബുദ്ധിയാൽ ഗ്രഹിക്കപ്പെടുന്നതും ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യവുമെന്ന് ഗീതയിലും പറയപ്പെടുന്നുണ്ട്.

ആദ്യം പറഞ്ഞ നികൃഷ്ട ലോകം സാധാരണ ബുദ്ധിയിലും പരവും പ്രകൃഷ്ടവുമായ ബ്രഹ്മം ശുദ്ധീകരിക്കപ്പെട്ട് ബുദ്ധിയിലും അനുഭവപ്പെടുന്നു. ബുദ്ധി, മനസ്സ്, അഹങ്കാരം, ചിത്തം എന്നിവയുടെ സംഘാതമാണ് അന്തഃക്കരണമെന്നതിനാൽ മിക്കവാറും ഈ നാലെണ്ണത്തിൽ ഒന്നു മാത്രം പറയപ്പെട്ടാലും അതിനെ അന്തഃക്കരണം എന്നറിയണം.

ഇനി ഈ രണ്ടു തത്ത്വങ്ങളെ കൂടുതൽ അറിയാൻ ശ്രമിക്കാം

"അസ്തി ഭാതി പ്രിയം രൂപം നാമസ്തേ
അംശ പഞ്ചകം
ആദ്യത്രയം ബ്രഹ്മരൂപം
ജഗത് രൂപം തതോ ദ്വയം"

എന്നിങ്ങനെ വേദ്യമായ പ്രപഞ്ചത്തെ ഉപനിഷത്ത് വിഭജിക്കുന്നുണ്ട്. അസ്തി, ഭാതി, പ്രിയം എന്നിവ ബ്രഹ്മത്തിന്റെയും രൂപം നാമം എന്നിവ രണ്ട് ജഗത്തിന്റെയും അംശങ്ങളാണ് എന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്. ഇതിൽ പറഞ്ഞ അഞ്ചല്ലാതെ നമ്മുടെ അനുഭവ പ്രപഞ്ചത്തിൽ വേറെയൊന്നും ഉൾപ്പെടുന്നില്ല. ഇതിന്റെയൊരോന്നിന്റെയും പ്രകൃതം നമുക്കൊന്നു പരിശോധിക്കാം.

**അസ്തി**

ഏതു വസ്തുവും "ഉണ്ട്" എന്ന രീതിയാണ് നമുക്കനുഭവപ്പെടുന്നത്. ഘടം ഉണ്ട്, പുഷ്പം ഉണ്ട്, വൃക്ഷം ഉണ്ട് എന്നിങ്ങനെ എല്ലാ വസ്തുവിലും അനസ്യൂതമായി "ഉണ്ട്" എന്ന തത്ത്വം പ്രകടമായിരിക്കുന്നു. അതിനു ഒരിക്കലും നാശമില്ല എന്ന വസ്തുത നമുക്കെളുപ്പം മനസ്സിലാക്കാവുന്നതേയുള്ളൂ. കാരണം ഏതെങ്കിലും ഒരു വസ്തു നശിക്കുമ്പോൾ ആ വസ്തുവിന്റെ രൂപം മാത്രമാണ് നശിക്കുന്നത്. ഒരു ഘടം താഴെ വീണു പൊട്ടിയാൽ നമ്മുടെ മനസ്സിലെ ഘടത്തെ ആധാരമാക്കിയുള്ള ഉണ്മ മാത്രമാണ് നശിക്കുന്നത്. ഘടത്തിന്റെ കഷ്ണങ്ങളെന്ന വസ്തുക്കളിൽ ഉണ്ട് എന്ന ബോധം ഒരു കോട്ടവും തട്ടാതെ ഉടനെ സ്ഥാപിതമായിത്തീരുന്നു മാത്രമല്ല, ഘടം നശിക്കുമ്പോൾ പുഷ്പത്തിൽ ഉള്ള ഉണ്മക്ക് ഒന്നും സംഭവിക്കുന്നില്ല അതായത് ഉണ്മ പ്രകടമാകുന്ന വാഹനത്തിനു മാത്രമേ നാശമുള്ളൂ. ഉണ്മക്ക് നാശമില്ല. ഉണ്മക്ക് ഇല്ല എന്ന അവസ്ഥയില്ല എന്ന് ഭഗവാനും ഗീതയിൽ പറയുന്നുണ്ട്.

"നാഭാവോ, വിദ്യതേ സതഃ"

സത്തിന്, അതായത് ഉണ്മക്ക് അഭാവം എന്ന അവസ്ഥയില്ല. സൃഷ്ടിക്കു മുമ്പും ഉണ്മ എന്ന തത്ത്വം ഉണ്ടായിരുന്നു. അതായത് സൃഷ്ടിക്കപ്പെട്ടത് ഉണ്മയല്ല. ഉണ്ട് എന്ന തത്ത്വത്തിന്മേലുള്ള ഘടാദി ആരോപണങ്ങൾ മാത്രമാണ്.

"സദേവ സൗമ്യ ഇദമഗ്രമാസീത്"

തുടക്കത്തിൽ അതായത് സൃഷ്ടിക്കു മുമ്പ് നിർവിശേഷമായ ഉണ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പറഞ്ഞ രൂപത്തിലാണെന്ന് ബ്രഹ്മത്തിന്റെ അസ്തി എന്ന ഭാവം നമുക്കുളവാകുന്നത്. ഇതിനെ സത്യം, സത്, എന്നിങ്ങനെയും പരാമർശിക്കപ്പെടുന്നു.

**ഭാതി"**

ഭാതി എന്നാൽ പ്രകാശിക്കുന്നത് എന്നർത്ഥം. ബ്രഹ്മം ചിന്മാത്രമാണ്. ശുദ്ധമായ ചൈതന്യമാണത്. പ്രപഞ്ചത്തിലെ ബോധസ്വരൂപമായ ഒരേയൊരു തത്വം ബ്രഹ്മമാണ്. ബാക്കിയെല്ലാം അറിയപ്പെടുന്നത് ബ്രഹ്മത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണ്. "തമേവ ഭാന്തമനുഭാതി സർവ്വം" (മുണ്ഡകോപനിഷദ്) അതു മാത്രം സ്വയം പ്രകാശിക്കുന്നു, ബാക്കിയെല്ലാം അതിനാൽ ഉദ്ദീപിക്കപ്പെടുന്നു. നമ്മുടെ ഒക്കെ മനസ്സിലേയോ ബുദ്ധിയിലേയോ അറിവ് എന്ന പ്രതിഭാസം ബ്രഹ്മത്തിന്റെ അനുഗ്രഹം കൊണ്ടാണുണ്ടാകുന്നത്. നമ്മുടെ ഓരോ വസ്തുജ്ഞാനത്തിലും ബ്രഹ്മത്തിന്റെ ചിത് എന്ന അംശമാണ് പ്രകടമാകുന്നത്.

"പ്രതിബോധവിദിതം മതം
അമൃതത്വം ഹി വിന്ദതേ."

(കേനോപനിഷാദ്)

ബോധം ബോധം പ്രതി വിദിതം, എന്നുവെച്ചാൽ ഓരോ അറിയലുകളിലൂടെയും നമുക്ക് അമൃതസ്വരൂപമായ ബ്രഹ്മത്തെ മനസ്സിലാക്കാം.

ഇതുകൊണ്ട് ഉണ്മയും ചൈതന്യവും ഒരേ തത്ത്വം തന്നെയാണെന്നു നമുക്കു മനസ്സിലാകുന്നു.

**പ്രിയം**

പ്രിയം എന്നാൽ ബ്രഹ്മത്തിന്റെ ആനന്ദാംശത്തെയാണെന്ന് കാണിക്കുന്നത്. ബ്രഹ്മത്തെ സാക്ഷാത്ക്കരിച്ചിട്ടുള്ള ഋഷീശ്വരൻമാർ അത് ആനന്ദഘനമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ അനുഭവപ്രപഞ്ചത്തിൽ സുഖസ്വരൂപമായ ഒരേയൊരു വസ്തു ബ്രഹ്മമാണെന്നാണ് ഉപനിഷത്തുകൾ ഉദ്ഘോഷിക്കുന്നത്.

"ആത്മനസ്തു കാമായ സർവമിദം
പ്രിയം ഭവതി"

(ബൃഹദാരണ്യകം)

നമുക്ക് ആനന്ദത്തിന്റെ അനുഭൂതി ഉണ്ടാവുന്നത് ആത്മാവിന്റെ അല്ലെങ്കിൽ ബ്രഹ്മത്തിന്റെ സാന്നിദ്ധ്യം മൂലമാണ്. "രസോ വൈ സഃ" എന്നാണ് ഉപനിഷത് പറയുന്നത്. ആനന്ദമെന്നാൽ ബ്രഹ്മമെന്നു നാം മനസ്സിലാക്കണം.

ഈ ആനന്ദം നമ്മുടെ സ്വരൂപമാണ്, അതായത് നമ്മുടെ സ്വകീയമായ ധർമ്മമാണ്. അതുകൊണ്ടാണ് ആനന്ദത്തെ മനസ്സ് കലവറ കൂടാതെ സ്വീകരിക്കയും ദുഃഖത്തിന്റെ ഉച്ചാടനത്തിനു തിരക്കു കൂട്ടുകയും ചെയ്യുന്നത്. ഈ ആനന്ദത്തിനു വേണ്ടി നാം എപ്പോളും കൊതിച്ചു കൊണ്ടിരിക്കുന്നു. അതായത് നാം നമ്മുടെ സ്വരൂപത്തിൽ തന്നെ എപ്പോളും ഇരിക്കാനാഗ്രഹിക്കുന്നു. സ്വരൂപത്തിൽ നിന്ന് തന്നെ കുറച്ചിട തെറ്റിയാൽ പോലും പൂർവാവസ്ഥ പ്രാപിക്കാൻ ശ്രമിക്കുന്നു.

അങ്ങനെ ബ്രഹ്മത്തിനു ലക്ഷണങ്ങളായി അസ്തി ഭാതി പ്രിയം എന്നുള്ളവയായതിനാൽ അതിനെ സത്ചിദാനന്ദം എന്നും പറയുന്നു. അതേ അർത്ഥമുള്ള സത്യം ശിവം സുന്ദരം എന്നാണ് അതിനുള്ള വേറെയൊരു ഉപനിഷത് വചനം

ഇനി ജഗത്തിന്റെ പ്രകൃതത്തെ പരിശോധിക്കാം. അതിന്റെ വിശേഷതകൾ മിക്കവാറും ബ്രഹ്മത്തിന്റെ ലക്ഷണങ്ങളുടെ വിപരീതമായി തോന്നും.

ബ്രഹ്മം സചേതനവും ജഗത്ത് ജഡവുമാണ്. ബ്രഹ്മം അറിയുന്ന തത്ത്വമാണെങ്കിൽ ജഗത് അറിയപ്പെടുന്ന ഒന്നാണ്. ബ്രഹ്മം ആനന്ദസ്വരൂപമാണെങ്കിൽ ജഗത്ത് ദുഃഖത്തിനു കാരണമാകുന്നു.

ഈ വിഷയങ്ങളുടെ ലോകത്തിന്റെ ഒരു പ്രധാന ലക്ഷണം അതിലെ ഓരോ വസ്തുവിനേയും നമുക്കു വിഷയീകരിക്കാമെന്നതാണ്. അങ്ങിനെയാകുമ്പോൾ പഞ്ചഭൂതങ്ങൾ പ്രാണൻ മനസ്സ്, ബുദ്ധി അഹങ്കാരം മനസ്സിലെ എല്ലാ വിചാരങ്ങളും ജഗത്താണ് ചുരുക്കത്തിൽ ഇത് എന്നിങ്ങനെ ചൂണ്ടിക്കാണിക്കാൻ പറ്റുന്നതെല്ലാം ജഗത്തിന്റെ ഭാഗങ്ങളാണ്.എന്നാൽ ഇവ രണ്ടും തമ്മിലുള്ള പ്രധാന വ്യത്യാസം

ബ്രഹ്മം സത്യമാണെങ്കിൽ ജഗത് അനൃതമാണ് എന്നതാണ്.

ജഗത്ത് ഉണ്ടെന്നു തോന്നുന്ന സമയത്തും ശരിക്കും ഇല്ലാത്തതാണ്. ഉദാഹരണത്തിനു ജഗത്തിലെ ഒരു പുഷ്പം എന്ന വസ്തുവിനെ നമുക്ക് അപഗ്രഥിക്കാം. അത് നാം പരിശോധിക്കുന്ന സമയത്ത് ഉണ്ടെന്ന നിലയിൽ പ്രകാശിക്കുന്നുണ്ട്. എന്നാൽ അത് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്നില്ല എന്നു നമുക്കറിയാം. ഇനി കുറച്ചു ദിവസങ്ങൾക്കു ശേഷം അതില്ലാതാവുമെന്നും നമുക്കറിയാം. അപ്പോൾ ഭൂതകാലത്ത് ഇല്ലാതിരുന്നതും ഭാവിയിൽ തീർച്ചയായും ഇല്ലാതാവുന്നതും വർത്തമാനകാലത്ത് ഉണ്ടെന്നപോലെ വിളങ്ങുന്നതുമായ വസ്തു വാസ്തവത്തിൽ ഇല്ലാത്തതും, ഉണ്ടെന്ന പ്രതീതി മാത്രം ജനിപ്പിക്കുന്നതുമാണ്. എന്നാൽ മുയലിന്റെ കൊമ്പു പോലെയോ വന്ധ്യാപുത്രനെ പോലെയോ തീരെയില്ലാത്തതല്ല. കാരണം ഇപ്പോൾ നമുക്ക് പ്രത്യക്ഷമാണ്. അതിനെയാണ് മിത്ഥ്യ അല്ലെങ്കിൽ അനിർവചനീയം എന്നു പറയുന്നത്. അതിനു സ്വതന്ത്രമായ ഒരു അസ്തിത്വമില്ലെന്നു നമുക്കു കാണാം. നീല എന്ന നിറത്തിനു അതിനാധാരമായ ഒരു വസ്ത്രമോ, പൂവോ സ്ഫടികമോ ആയ എന്തെങ്കിലും ഒരു വസ്തുവില്ലാതെ പ്രകടമാകാൻ കഴിയില്ലല്ലോ. അതു പോലെ ഒരു ദൃശ്യം ആയ ജഗത്ത് ഉണ്മയായ ബ്രഹ്മത്തിൽ ആരോപിക്കപ്പെട്ടതു മാത്രമാണെന്നാണ് വേദാന്ത ദർശനം. അതിന്റെ അസ്തിത്വത്തെ ഒന്നു അപഗ്രഥിച്ചാൽ നമുക്കതു മനസ്സിലാകും. ആദ്യം പറഞ്ഞ പുഷ്പത്തിന്റെ കാര്യം തന്നെയെടുക്കൂ. പുഷ്പം ഉണ്ട് എന്നു പറയുമ്പോൾ ഉണ്മ എന്ന ബ്രഹ്മതത്ത്വത്തിൽ പുഷ്പം എന്ന വിശേഷം ആരോപിച്ചതാണെന്നു കാണാം. വേറെ തരത്തിൽ പറയുമ്പോൾ നാം പുഷ്പത്തിന്റെ അസ്തിത്വം പുഷ്പം എന്ന അവബോധമായാണ് പ്രകാശിക്കുന്നത്. അങ്ങിനെ ഘടബോധം വസ്ത്രബോധം, വൃക്ഷബോധം എന്നിങ്ങനെയാണ് എല്ലാ വസ്തുവും അതിന്റെ അസ്തിത്വം സ്ഥാപിക്കുന്നത്. ഇതിൽ പുഷ്പബോധം എന്നതിൽ ബോധം എന്ന ബ്രഹ്മാംശത്തിൽ പുഷ്പം എന്ന മിത്ഥ്യാപദാർത്ഥം ആരോപിച്ചിരിക്കയാണെന്നു കാണാം. കാരണം ബോധം എന്ന തത്ത്വം ഒരു വികല്പവുമില്ലാതെ എപ്പോഴും നിൽക്കുമ്പോൾ ഘടബോധം, വസ്ത്രബോധം വൃക്ഷബോധം എന്നിങ്ങനെ ബോധത്തിന്റെ വിശേഷണങ്ങൾ മാത്രം മാറിക്കൊണ്ടിരിക്കും. അതിനു ബാധിക്കപ്പെടുക എന്നു പറയും. സത്യം അബാധിതമായിരിക്കണം ഇവിടെ പുഷ്പബോധത്തിൽ പുഷ്പം എന്ന വിശേഷണം ബാധിക്കപ്പെടുന്നതായും ബോധം എന്നത് അബാധിതമായും നിൽക്കുന്നതു കാണാം അതായത് ബ്രഹ്മം നാശരഹിതവും ജഗത് ബാധിക്കപ്പെടുന്നതായുമുള്ള തത്ത്വങ്ങളാണ്. ഒരു മൺകുടമാകുമ്പോൾ ഈ രഹസ്യത്തിനെ

> വാചാരംഭണം വികാരോ നാമധേയം
> മൃത്തികത്യേവ സത്യം
> (ഛാന്ദോഗ്യം

എന്നു പറയുന്നു.

അതായത് (ഘടം) എന്ന വസ്തുവിന് അതിന്റെ നാമം ആധാരമായിട്ടുള്ളൂ അതിനു പാദാനകാരമായ മണ്ണിനു മാത്രമേ ശരിക്കുള്ള അസ്തിത്വമുള്ളൂ. ജഗത്ത് സത്യത്തിൽ ഇല്ലാത്തതും വ്യവഹാരദശയിൽ മാത്രം ഉണ്ടെന്നു തോന്നുന്നതുമാണ്.

ഇനി വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം ഉദിക്കുന്നു. ഞാൻ എന്ന തത്ത്വം ഇതിലേതിൽ പെടും. അത് സത്യവും ശിവവുമായ ബ്രഹ്മതത്ത്വമാണോ അതോ എല്ലാ വർഷവും ആഘോഷിക്കാറുള്ള ഒരു പ്രത്യേക ജന്മദിനത്തിൽ ജനിച്ച്, ഭാവിയിൽ ഒരു ദിവസം ഇല്ലാതാവാൻ പോകുന്ന,പുഷ്പം, ഘടം, വൃക്ഷം എന്നൊക്കെപ്പോലെ ജഗത്തിൽ പെട്ട ഒന്നാണോ ഇക്കാര്യത്തിൽ നമുക്ക് എന്തഭിപ്രായമാണെങ്കിലും വേദാന്തത്തിനു അക്കാര്യത്തിൽ ഒരു സംശയവുമില്ല. ഞാനെന്ന തത്വം ബ്രഹ്മം തന്നെയാണ് അതിന്റെ നിശ്ചിതമായ അഭിപ്രായം 'അഹം ബ്രഹ്മസ്മി' 'തത്ത്വമസി' തുടങ്ങിയ മഹാവാക്യങ്ങളിലൂടെ ശ്രുതി ആ സത്യം നിസ്സംശയം സ്ഥാപിക്കുന്നു. ശ്രുതിപ്രമാണം, യുക്തി, അനുഭവം എന്നീ മൂന്നു വിധത്തിലാണ് വേദാന്തശാസ്ത്രം ഒരു സിദ്ധാന്തം സ്ഥാപിക്കുന്നത്.

ഇപ്പറഞ്ഞ സത്യവും അറിയേണ്ടത് അങ്ങനെത്തന്നെയാണ്. പിന്നെയെന്തുകൊണ്ടാണ് നാം സംസാരദുഃഖം അനുഭവിക്കുന്നത്? അജ്ഞാനം എന്ന വിചിത്രമായ ഒരു തത്ത്വം കൊണ്ടാണ് എന്നാണ് വേദാന്തം പറയുന്ന ഉത്തരം. ബ്രഹ്മചൈതന്യം അന്തഃക്കരണത്തിൽ പതിക്കുമ്പോൾ അതിന്റെ പ്രതിബിംബം അഹങ്കാരം

എന്ന ഒരു സത്തക്ക് ജന്മം കൊടുക്കുന്നു.

ഈ അഹങ്കാരം സ്ഥൂലസൂക്ഷ്മശരീരങ്ങളോട് ചേർന്ന് ജീവൻ എന്ന ഒരു തത്ത്വമായി ജന്മമെടുക്കുന്നു. (വേദാന്തിയുടെ അടിസ്ഥാനപരമായ ഒരാശയം ഒന്നും സത്യത്തിൽ ജനിക്കുന്നില്ല എന്നാണ്.) ആ ജീവനാണ് ശരീരമായി താദാത്മ്യം പ്രാപിച്ച് ശരീരത്തിന്റെ ജനനമരണങ്ങളും ക്ലേശങ്ങളും തന്റേതായി കണ്ട് മോഹത്തിൽ കെട്ടിമറയുന്നത്. ജീവന്റെ സത്ത അമൃതമായ ബ്രഹ്മം തന്നെയാണ്. എന്നാൽ അന്തഃക്കരണ സംബന്ധം കൊണ്ട് താൻ ജഗത്തിന്റെ ഭാഗമാണെന്ന് സ്വയം തെറ്റിദ്ധരിച്ച് ജനനമരണങ്ങളാകുന്ന സംസാരത്തിൽ മുങ്ങിത്താഴുന്നു.

ജഗത്തിനെയെന്ന പോലെ ബ്രഹ്മത്തെ അറിയുന്നതും അന്തഃക്കരണമാണെന്ന് തുടക്കത്തിലേ നമ്മൾ കണ്ടുവല്ലോ. ജീവനു തന്റെ സത്യം അറിയാൻ അന്തഃക്കരണത്തെ ശുദ്ധമാക്കി, ശോധിതമായ അന്തഃക്കരണത്താൽ തനിക്ക് ജഗത്തുമായി ഒരു ബന്ധമില്ലെന്നും ബ്രഹ്മമാണ് തന്റെ സത്യമെന്ന് മനസ്സിലാക്കുകയേ നിവൃത്തിയുള്ളൂ അപ്പോൾ അത് താൻ ജന്മങ്ങളായി അനുഭവിച്ചിരുന്ന ഘോരമായ സംസാര ദുഃഖം വെറും ഭ്രമമായിരുന്നെന്ന് മനസ്സിലാക്കുന്നു.

നമ്മുടെ മനസ്സ് ജന്മനാ ബഹിർമുഖമാണ്. അതിനു വിഷയങ്ങളെ അനുഭവിക്കാനാണ് എപ്പോളും വാസന. കാരണം നാം ജന്മമെടുത്തിട്ടുള്ളതു തന്നെ പ്രാരബ്ധ കർമ്മങ്ങളുടെ ഭക്തിക്കു വേണ്ടിയാണല്ലോ. അതുകൊണ്ട് മനസ്സ് ബഹിർമുഖമായാണ് നാം ജനിച്ചിട്ടുള്ള. ഉപനിഷദ് പറയുന്നത് നോക്കൂ.

പരാഞ്ചി ഖാനി വ്യത്യണത് സ്വയംഭൂ
തസ്മാദ് പരാങ് പശ്യതി നാന്തരാത്മൻ
കഷ്ചിത് ധീരഃ പ്രത്യഗാത്മാനമൈക്ഷത്
ആവൃത്ത ചക്ഷുഃ
അമൃതത്വമിച്ഛൻ

ഈശ്വരൻ നമ്മുടെ ഇന്ദ്രിയങ്ങളെ ബഹിർമുഖമാക്കിവെച്ച് നമ്മെ കഷ്ടപ്പെടുത്തുന്നു. അതുകൊണ്ട് നാം അന്തരാത്മാവിനെ ഉപേക്ഷിച്ച് പുറത്തേക്ക് പ്രത്യഗാത്മാവിനെ കണ്ട് അമൃതത്വമുണ്ണുന്നു.

അന്തഃക്കരണത്തെ ശുദ്ധമാക്കുക എന്നു പറഞ്ഞാൽ അതിലെ മാലിന്യങ്ങളെ കഴുകി കളയുക എന്നർത്ഥം. അത് വളരെ ബൃഹത്തും ശാസ്ത്രീയവുമായ ഒരു കർമ്മ പദ്ധതിയാണ്. വിവേകം വൈരാഗ്യം ഷഡ്ഗസമ്പത്തി, മുമുക്ഷുത്വം എന്ന സാധനചതുഷ്ടയം ഉൾക്കൊള്ളാനുണ്ട്.

ഇതിനായി മറ്റൊരു ആത്മീയ ഗ്രന്ഥത്തിലും വിവരിച്ചിട്ടില്ലാത്ത കർമ്മയോഗം എന്ന സാധനാമാർഗ്ഗം ഭഗവാൻ തന്റെ ഗീതയിൽ മനുഷ്യരാശിയോടുള്ള അനുകമ്പകൊണ്ട് വളരെ വിസ്തരിച്ചു പറയുന്നുണ്ട്.

കായേന മനസാ ബുദ്ധ്യാ
കേവലൈരിന്ദ്രിയൈരപി
യോഗിനഃകർമ്മ കുർവന്തി
സംഗം ത്യക്ത്വാത്മശുദ്ധയേ
(ഗീത 5-ാം അദ്ധ്യായം)

ഫലത്തിൽ ഇച്ഛ വെക്കാതെ ഈശ്വരാർപ്പണമായി വർണ്ണാശ്രമങ്ങൾ വിധിക്കുന്ന സ്വധർമ്മം അനുഷ്ഠിക്കലാണ് അതിന്റെ കാതൽ.

അങ്ങനെ മനസ്സ് ബ്രഹ്മജ്ഞാനമുൾക്കൊള്ളാൻ തയ്യാറായാൽ കർമ്മങ്ങളെ സന്ന്യസിച്ച് ധ്യാനത്താൽ ബ്രഹ്മതത്വത്തെ സാക്ഷാത്ക്കരിക്കണം

ആരുരുക്ഷേ മുനേയോഗം
കർമ്മ കാരണമുച്യതേ
യോഗാരൂഢസ്യ തസ്യൈവ
ശമഃ കാരണമുച്യതേ
ഗീത 6-ാം അദ്ധ്യായം)

സമ്യഗ്ജ്ഞാനത്തെ ഇച്ഛിക്കുന്ന മുമുക്ഷുവിന് കർമ്മയോഗം മനസ്സ് ശാന്തമാക്കാനുള്ള ഒരുപായമാകുന്നു. മനസ്സ് പരിപാകപ്പെട്ടാൽ അദ്ദേഹത്തിനു സന്ന്യാസത്തെ വരിക്കാം.

അങ്ങനെ ശോധിത മനസ്സോടെ ബ്രഹ്മത്തെ ധ്യാനിക്കുന്ന യോഗി തന്റെ സ്വരൂപം ബ്രഹ്മമാണെന്ന് സാക്ഷാത്ക്കരിക്കുന്നു.

യുഞ്ജന്നേവം സദാത്മാനം യോഗീ വിഗതകൽമഷഃ

സുഖേന ബ്രഹ്മസംസ്പർശമത്യന്തം സുഖമശ്നുതേ

ഇങ്ങനെ മനസ്സിലെ കന്മഷത്തെ നീക്കിയ യോഗി എല്ലായ്പ്പോളും മനസ്സിനെ ശാന്തമാക്കി തന്റെ സത്യവും സ്വരൂപമായ ബ്രഹ്മനിർവൃത്തി അനുഭവിക്കുന്നു.

*****

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി – 9447077203

അവിദ്യാ ക്ഷേത്രം ഉത്തരേഷാം പ്രസുപ്ത തനുവിച്ഛിന്ന ഉദാരാണാം (2-4)

അവിദ്യ മറ്റു ക്ലേശങ്ങളുടെ വിളഭൂമിയാണ്. അവ ഉറങ്ങിക്കിടക്കുന്നതായാലും,

ക്ഷീണിതമായാലും, ഇടവിട്ടുള്ളതായാലും, പൂർണ്ണമായും നിറഞ്ഞതായാലും

നമ്മൾ പാടത്ത് വിത്തു വിതയ്ക്കും. ഇവിടെ അവിദ്യയാണ്, വിപരീത ജ്ഞാനമാണ്, പാടം വിളഭൂമി. അതിൽ അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നീ വിത്തുകൾ വിതയ്ക്കുന്നു. ഓരോ ക്ലേശത്തേപ്പറ്റിയും അടുത്ത സൂത്രങ്ങളിൽ വരാൻ പോകുന്നതിനാൽ അവയെക്കുറിച്ച് വ്യതിരിക്തമായി അപ്പോൾ ചിന്തിക്കാം.

ഈ വിത്തുകൾ നാല് അവസ്ഥകളിലൂടെ കടന്നുപോവും. ഒന്ന് പ്രസുപ്തം. അതായത് ഉറങ്ങിക്കിടക്കൽ. ഒരു പ്രവർത്തനവും ഇല്ലാത്ത അവസ്ഥ. അങ്ങിനെ ഒരു വിത്ത് ഭൂമിയിലുണ്ടെന്ന് അറിയുക പോലുമില്ല. ബാല്യ അവസ്ഥയിൽ കാമവാസന പ്രത്യക്ഷപ്പെടുന്നില്ല. കാരണം അവയെ ഉണർത്തുന്നതിനാവശ്യമായ ശാരീരികവും മറ്റു തരത്തിലുള്ള അനുകൂലമായ ഘടകങ്ങളില്ല. സാഹചര്യങ്ങൾ ഒത്തു വരുമ്പോൾ (വേണ്ട അളവിൽ വെള്ളവും വളവും സൂര്യപ്രകാശവും ലഭിക്കുമ്പോൾ) അതു മുളച്ചു വരും. പക്ഷെ ദുർബല (തനു)മായിരിക്കും. ക്ലേശങ്ങളും ഇതുപോലെ നമ്മെ ബാധിക്കാൻ ശക്തമാവുന്ന ഒരു ഘട്ടമുണ്ട്.

പിന്നെ അതിൽ ധാരാളം കൊമ്പുകളും ചില്ലകളും മൊട്ടുകളും പ്രത്യക്ഷപ്പെടും. വളർന്നുകൊണ്ടിരിക്കുന്ന അവസ്ഥ. ഈ സമയത്ത് അവയ്ക്ക് ചെറിയ ദോഷങ്ങളൊക്കെ ചെയ്യാൻ കഴിയും. ഇതാണ് വിച്ഛിന്നം എന്ന അവസ്ഥ.

പൂർണ്ണവളർച്ച എത്തിയ അവസ്ഥയാണ് ഉദാരം എന്നത്. എന്തും ചെയ്യാൻ പ്രാപ്തമായ അവസ്ഥ. മണ്ണിലെ വെള്ളവും വളവും യഥേഷ്ടം വലിച്ചെടുത്ത് സകലത്തിനെയും വെല്ലുവിളിച്ച് തലയുയർത്തി നില്ക്കുന്ന വൃക്ഷത്തിന്റെ അവസ്ഥ.

എന്നാൽ വിവേകഖ്യാതി (തിരിച്ചറിവ്) ഉള്ള സാധകന്റെ ചിത്തത്തിലെ സുപ്തമായ ക്ലേശങ്ങൾ വറുത്ത വിത്തു പോലയാണ്. അനുകൂല സാഹചര്യത്തിലും അവ മുളക്കില്ല. അവൻ മോക്ഷത്തിന് അധികാരിയാണ്. അവന് പുനർജന്മം ഇല്ല.

സാധാരണക്കാർക്ക് ബാധകമാവാത്തതിനാലാവണം, പതഞ്ജലി വറുത്ത വിത്തിനെ (ദഗ്ധ ബീജം) പ്പറ്റി പരാമർശിക്കുന്നില്ല. അവിദ്യയുള്ളവരാണല്ലോ സാധാരണക്കാർ. ജ്ഞാനികൾക്ക് അവിദ്യ ബാധകമല്ലതാനും.

ബീജാനി അഗ്ന്യുപദഗ്ധാനി
ന രോഹന്തി യഥാ പുന
ജ്ഞാന ദഗ്ധൈസ്തഥാ ക്ലേശൈർ
നാത്മാ സമ്പദ്യതേ പുനഃ

തീയിൽ വറുത്ത വിത്ത് പിന്നെ കിളിർക്കില്ല.

ജ്ഞാനത്തീയിൽ വെന്ത ക്ലേശം പിന്നെ ബാധിക്കില്ല.

ക്ലേശങ്ങൾ മുളച്ചു പൊങ്ങുമ്പോൾ പ്രതിപക്ഷ ഭാവന കൊണ്ട് അവയെ ദുർബലമാക്കുന്ന അവസ്ഥയാണ് തനുത്വം. എന്നാൽ മേനക വിശ്വാമിത്രനെ സ്വാധീനിച്ചതു പോലുള്ള സാഹചര്യമുണ്ടായാൽ അത് ബാധിച്ചേക്കാം.

ഇടക്ക് മുറിഞ്ഞു പോവുകയും ഇടക്ക് തലപൊക്കുകയും ചെയ്യുന്നതാണ് വിച്ഛിന്നം. രാഗം ഉള്ളിടത്ത് ദ്വേഷം വിട്ടുനില്ക്കും. രാഗം തന്നെ ഒരിടത്ത് കാണുമ്പോൾ മറ്റിടത്ത് കണ്ടെന്നു വരില്ല. ഒരു സ്ത്രീയിൽ വിരക്തിയോ ഇഷ്ടമോ തോന്നിയാലും മറ്റൊരാളിൽ പ്രീതിയോ വെറുപ്പോ തോന്നിക്കൂടായ്കയില്ല.

വിഷയത്തിൽ മുഴുകുന്നതാണ് ഉദാരാവസ്ഥ അപ്പോൾ ക്ലേശങ്ങൾ തീവ്രരൂപത്തിൽ ജാഗ്രത്തായിരിക്കും. രാഗമോ ദ്വേഷമോ തീവ്രവും ജാഗ്രത്തുമാവുമ്പോൾ എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥ വരും.

മനുഷ്യൻ വേനൽക്കാലത്ത് ചൂടു മുറുകുമ്പോൾ തണുപ്പുള്ള സ്ഥലം തേടുന്നു. ഏയർ കണ്ടീഷനറുകൾക്കു demand കൂടുന്നു. തണുപ്പു കാലത്ത് ഹീറ്ററുകൾക്കാണ് ഡിമാൻഡ്. ഇത് സ്വാഭാവികമാണെന്ന് പെട്ടെന്ന് തോന്നാം. എന്നാൽ ശ്രദ്ധിച്ചാൽ ഇവയ്ക്കു പിന്നിൽ ക്ലേശത്തിന്റെ മനശാസ്ത്രമാണെന്നു മനസ്സിലാകും. നമുക്ക് രാഗദ്വേഷങ്ങളെ മറികടക്കാൻ താല്പര്യമില്ല. അഭിനിവേശത്തേയും വ്യാഖ്യാനങ്ങളിലൊന്നും കാണുന്നില്ലെങ്കിലും വ്യത്യസ്തമായ ഒരു ചിന്ത അസ്ഥാനത്തില്ലെന്നു തോന്നുന്നു. അവിദ്യയെ തുടർന്നു വരുന്ന ക്ലേശങ്ങൾ അവിദ്യയെന്ന പാടത്ത് മുളക്കാതെയും മുളച്ചും വളർന്നും നില്ക്കുന്ന വിവിധ സസ്യങ്ങളായി കണ്ടു കൂടെ അതായത് സാധാരണ നിലയിൽ തന്നെ അസ്മിത പ്രസ്തുപ്തവും (പ്രകടമാവാത്ത) രാഗം ദ്വേഷത്തെക്കാൾ തനുവും (സ്വാധീനവും കുറഞ്ഞതും) ദ്വേഷം വിച്ഛിന്നവും (രാഗത്തേക്കാൾ പ്രബല്യവും അഭിനിവേശത്തേക്കാൾ കുറഞ്ഞതും) അഭിനിവേശം ഉദാരവും ആയിക്കൂടെ അതായത് ഏറ്റവും വലിയ ക്ലേശം ഏതവസ്ഥയിലും അഭിനിവേശമല്ലേ? ജീവൻ നില നിറുത്താൻ, മരണത്തിൽ നിന്നും രക്ഷപ്പെടാൻ ഉള്ള അഭിനിവേശമല്ലേ ഉദാരമായ പ്രബലമായ ക്ലേശം. ദ്വേഷം രാഗത്തേക്കാളും ശക്തമായ ക്ലേശമല്ലേ? അസ്മിത പുറത്തു കാണപ്പെടാത്ത എന്നാൽ എല്ലാറ്റിന്റെയും അടിയിലുള്ള ക്ലേശ വിശേഷമല്ലേ ? സൂത്രകൃതിയായതിനാൽ ഇത്തരമൊരു പുതു വ്യഖ്യാനം അസ്ഥാനത്താവില്ല എന്നു തന്നെ കരുതണം.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2021 ഒക്ടോബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീമതി. പി. പത്മം, ഒലീവ് ഹൈറ്റ്സ് 9 A, കെ.പി. വള്ളോൻ റോഡ്, കൊച്ചി - 20 | 15,000/- |
| 2. | ഡോ. കെ..കെ. ആർ. വാര്യർ. കതിർ, 39/3200, രവിപുരം റോഡ്, കൊച്ചി - 16 | 5,000/- |
| 3 | ശ്രീ. എൻ.കെ. പദ്മനാഭ മേനോൻ, നെടുവേലിൽ പത്മവിഹാർ, ലായം റോഡ്, കൊച്ചി - 11 | 5,000/- |
| 4 | ശ്രീ. നാരായണൻ പി., അനസൂയ, ചർച്ച് ലാൻഡിംഗ് റോഡ്, കൊച്ചി | 5,000/- |
| 5 | ശ്രീ. വേണുഗോപാൽ സി. ഗോവിന്ദ്, G-75, 1st Cross Road,Street 1A, പനമ്പിള്ളി നഗർ, കൊച്ചി - 36 | 5,000/- |

## അയ്യപ്പ ഭാഗവത പാരായണം

2021 നവംബർ മാസം 16 തീയതി മുതൽ 18 തീയതി വരെ മണ്ഡലകാലത്തോടനുബന്ധിച്ച് ശ്രീമതി ഇന്ദിരാഭായിയുടെ നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7.30 മുതൽ അയ്യപ്പഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഭക്തജനങ്ങളേയും സ്വാഗതം ചെയ്യുന്നു.

ജനറൽ സെക്രട്ടറി

ലേഖനം

# അംബ

ഡോ. ശാന്തകുമാരി - 9495362735

## ആമുഖം

**കാ**ലഘട്ടത്തിന്റെ ചൈതന്യം ആവാഹിക്കുന്ന കൃതികളെ മാത്രമേ നാം യഥാർത്ഥ സാഹിത്യകൃതികളായി അംഗീകരിക്കാറുള്ളൂ. വിശേഷിച്ചും നാടകങ്ങളെ. നാടകത്തിൽ സാമൂഹികാംശവും കാവ്യാത്മകതയും ഉണ്ടായിരിക്കണം എന്നും നാം വിചാരിക്കാറുണ്ട്. ഇവ കൂടാതെ ചിത്തവൃത്തിപരങ്ങളായ സംഘട്ടനങ്ങൾക്ക് പ്രാധാന്യം നല്കിയാൽ നാടകം ഉത്തമമായി എന്ന് നാം കരുതുന്നു. മുകളിൽപ്പറഞ്ഞ പ്രതീക്ഷകളുമായി പൂർണ്ണമായി പൊരുത്തപ്പെടുന്നില്ലെങ്കിലും ജീവിക്കുന്നവരും ജീവിക്കാവുന്നവരുമായ ചില കഥാപാത്രങ്ങളെ അവലംബിച്ച് രചിച്ച ഒരു നാടകമാണ് ഉള്ളൂരിന്റെ 'അംബ'. അംബോപാഖ്യാനത്തെ മാത്രം ഇതിവൃത്തമായി ഗ്രഹിച്ച് മഹാഭാരതം ആദിപർവ്വത്തിലും ഉദ്യോഗപർവ്വത്തിലും കാണുന്ന പ്രതിപാദത്തിൽ നിന്ന് പറയത്തക്ക മാറ്റമൊന്നും വരുത്താതെ, പാശ്ചാത്യസമ്പ്രദായത്തിൽ ദു:ഖപര്യവസായിയായ ഒരു നാടകം രചിക്കാമെന്നും രചിക്കേണ്ടതാണെന്നും (അംബ ആമുഖം പേ 4) തോന്നിയതിന്റെ ഫലമാണ് ഈ നാടകം എന്ന് മഹാകവി തന്നെ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

ആദിപർവ്വത്തിലെ ശന്തനുപാഖ്യാനം ഭീഷ്മോത്പ്പത്തി സത്യവതീലാഭോപാഖ്യാനം, ചിത്രാംഗദോപാഖ്യാനം വിചിത്രവീര്യനിര്യാണം, ഭീഷ്മസത്യവതീസംവാദം എന്നീ കഥാഭാഗങ്ങളെയും ഉദ്യോഗപർവ്വത്തിലെ അംബോപാഖ്യാനത്തേയും ആധാരമാക്കിയാണ് ഈ നാടകകഥ രൂപപ്പെടുത്തിയിട്ടുള്ളത്. ഈ സംഭവങ്ങൾക്കു പുറമേ നാടകീയതയ്ക്കു വേണ്ട ചില നവീന കല്പനകളും അംബയുടെ ഘടനാപൂർത്തിക്ക് നിദാനമായിട്ടുണ്ട്.

**ഭാവി സൂചന:**

ആരംഭത്തിൽ തന്നെ മഹാഭാരതത്തിൽ അംബയുടെ കഥ പ്രകാശിതമാവുന്നത് ഭീഷ്മമുഖത്തിൽ നിന്നാണ്. ബാണമേന്തിക്കണ്ടാലും കൊല്ലാനായി ഇങ്ങോട്ടെതിർത്തു വന്നാലും പാഞ്ചാലസോമകകുലം മുടിക്കും എന്ന് ആദ്യമേ പറഞ്ഞുവെച്ചിരിക്കേ, ശിഖണ്ഡിയെ കൊല്ലാതിരിക്കാൻ എന്താണ് കാരണം എന്ന ദുര്യോധന്റെ ചോദ്യത്തിന് മറുപടിയായി ഭീഷ്മർ കഥ പറയുന്ന രീതിയിലാണ് മഹാഭാരതത്തിലെ അംബോപാഖ്യാനത്തിന്റ ചുരുൾ വിടരുന്നത്. നാടകത്തിന്റെ തുടക്കം മറ്റൊരു തരത്തിലാണ്. കോസലരാജാവിന്റെ മുഖം പതിവിന് വിപരീതമായി ദു:ഖ കലുഷിതമായിക്കണ്ട റാണി, ദു:ഖകാരണം ആരായുന്നതിനു മറുപടിയായി കാശ്മീരിൽ നിന്നും വന്ന ഒരു ജോത്സ്യൻ മകളുടെ ജാതകം പരിശോധിച്ച് ഭാവി പ്രവചിച്ച വൃത്താന്തം രാജാവ് പത്നിയെ അറിയിക്കുന്നു. ജാതകഫലം ഇതായിരുന്നു. മൂത്ത മകൾ വിവാഹം കഴിക്കില്ല. മറ്റു രണ്ടു മക്കളും വിവാഹം ചെയ്താലും താമസിയാതെ വിധവകളാകും. അവർക്ക് ഭർത്താവിൻ നിന്നല്ലാതെ സന്താനങ്ങളുണ്ടാകും. രാജദമ്പതികൾക്ക് ഈ വിധിപ്രഖ്യാപനം വല്ലാത്തൊരാഘാതമായി. ജ്യോതിഷം ചിലപ്പോൾ ഫലിക്കാതിരിക്കാമല്ലോ എന്ന് അവർ തെല്ലൊന്നാശ്വസിക്കുന്നുണ്ട്. ജ്യോത്സ്യന്റെ പ്രവചനം അവരിൽ അത്ഭുതവും സൃഷ്ടി

ച്ചു. കാരണം സാല്യനുമായുള്ള പ്രേമവൃത്താന്തം അംബ പരസ്യമായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ സാല്യൻ അഭികാമ്യനല്ല എന്നാണ് മാതാപിതാക്കളുടെ അഭിപ്രായം. പക്ഷെ വിവാഹശേഷം സ്വഭാവം മാറികൂടെന്നില്ലല്ലോ. മകളുടെ പ്രേമമാർഗ്ഗത്തിന്നവർ തടസ്സങ്ങൾ സൃഷ്ടിച്ചില്ലെന്നു മാത്രമല്ല, കാമുകസമാഗമത്തിന് സൗകര്യം നല്കുകയും ചെയ്തിരുന്നു. രാജാവിന്റെ യുക്തിയും സമാധാനവും ഇതായിരുന്നു. ഒരു കൈത്തോടാണെങ്കിൽ അതിനെ ഏതു വഴിക്കും തിരിച്ചു വിടാം. ഒരു വൻപുഴ, മഴക്കാലത്ത്, അണമുറിച്ച് ആർത്തലച്ച് ഇരുകരയുമിടിച്ചു തള്ളി കുതിച്ചു ചാടി മുൻപോട്ടു പായുകയാണെങ്കിൽ അതിന്റെ ഗതി ദൂരെയൊരിടത്തു കൈകെട്ടി നിന്ന് കണ്ടുകൊണ്ടിരിക്കാം. അതൊഴുകുന്ന വഴിക്ക് ഒഴുകിക്കൊള്ളട്ടെ എന്നു വയ്ക്കാനല്ലേ നേരമുള്ളൂ. വാത്സല്യാധിക്യം അംബയെ അനിയന്ത്രിതയാക്കിയിരിക്കുന്നതിന്റെ സൂചന ഈ സമാശ്വാസത്തിൽ കാണാം. കാശി രാജവംശത്തിലെ പരമ്പരാഗതമായ ആചാരമനുസരിച്ചുള്ള വിവാഹമാണെങ്കിൽ, വരന്റെ ബന്ധുക്കൾ വധുവിന്റെ ജാതകം ആവശ്യപ്പെടും. അതപകടമായാൽ സ്വയംവരം തന്നെയാകട്ടെ എന്നവർ നിശ്ചയിക്കുന്നു. സാലനല്ലാതെ, ഇനിയാരെങ്കിലും സ്വയംവരത്തിനിടയ്ക്ക് അംബയെ ബലാത്ക്കാരമായി അപഹരിക്കുന്നതിലും, പിതാവിന് അസന്തുഷ്ടിയില്ല. അപ്പോഴും വീരജാമാതൃലാഭം ഉണ്ടായി എന്ന് സമാധാനിക്കാമല്ലോ. സാല്യന്റെ സ്വഭാവത്തിലുള്ള ശങ്കയോ അനന്തരാവകാശിയായി ശക്തനായ ജാമാതാവിനെ ലഭിക്കാനുള്ള ത്വരയോ ആയിരിക്കണം രാജാവിനെ ഈ ചിന്തയിലെത്തിച്ചത്. ഈ ചിന്തകളിലും പ്രവർത്തികളിലും നിഴലിച്ച് നില്ക്കുന്നത് വിധിയുടെ അലംഘനീയതയാണല്ലോ. ഇങ്ങനെ നാടകാരംഭത്തിൽ തുടർന്നു വരാനിരിക്കുന്ന സംഭവങ്ങളുടെ രൂപരേഖ പ്രദർശിപ്പിച്ചത് പരിണാമഗുപ്തിക്ക് വിഘാതമായില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഈ വ്യതിയാനം ഉചിതമായി എന്ന് പറയാനാവില്ല.

## സുപ്രധാനമായ ഒരു ഉപകഥാപാത്രം

മഹാഭാരതത്തിലില്ലാത്ത രണ്ടു കഥാപാത്രങ്ങൾ അംബയിലെ രണ്ടാം രംഗത്ത് പ്രത്യക്ഷപ്പെടുന്നു. അംബയുടെ തോഴി ലളിതയും പരിചാരിക താരയുമാണവർ. താരയെ നാടകത്തിലെ മറ്റൊരു രംഗത്തും പ്രവേശിപ്പിച്ചിട്ടില്ല. പക്ഷെ ലളിതയ്ക്ക് നാടകത്തിൽ മൂല്യത്വം നൽകിയിരിക്കുന്നു. രാജകുമാരിയുടെ മനസ്സും പ്രകൃതവും മനസ്സിലാക്കി പെരുമാറുന്ന ലളിത നായികയുടെ ഉപദേഷ്ടാവെന്ന നിലയിൽ പലയിടത്തും പ്രത്യക്ഷപ്പെടുന്നു. രണ്ടാംരംഗത്തിൽ, കാമപാരവശ്യംകൊണ്ട് മതിമറന്നിരിക്കുന്ന അംബയോട് സാലന്റെ ഹൃദയം കണ്ടിട്ടുണ്ടോ എന്ന് ലളിത ചോദിക്കുന്നത് അർത്ഥഗർഭമായിരിക്കുന്നു. മാത്രമല്ല, സാല്യന്റെ ദാസിയായിട്ടല്ല. സഹചാരിയായിട്ടാണ് അംബ ജീവിക്കാൻ നിശ്ചയിച്ചിരിക്കുന്നത് എന്ന കാര്യം സമാഗമസമയത്ത് സാലനെ ഓർമ്മിപ്പിക്കാനും കൂടി ലളിതക്ക് തന്റേടമുണ്ട്. സ്വന്തം സൗന്ദര്യത്തിലും വസ്ത്രധാരണത്തിലും അതിയായ ഭ്രമമുള്ള അംബ, പ്രമദവനത്തിലേക്ക് പോകുന്നതിന് മുമ്പ് ലളിതയോടും ഒരുങ്ങാൻ പറയുന്നു. സാലൻ തന്നെയാണോ വിവാഹം ചെയ്യാൻ പോകുന്നത് എന്ന ലളിതയുടെ ചോദ്യം അവളുടെ സ്വഭാവദാർഢ്യത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. ആ ചോദ്യം അംബയെ ചൊടിപ്പിക്കുന്നില്ലെന്നു മാത്രമല്ല സ്വന്തം വശീകരണപാടവത്തിൽ അതിയായ വിശ്വാസമുള്ള ഒരു ഉത്തമനായികയായി മാറുകയാണ്, അംബ. അദ്ദേഹത്തിന്റെ ദൃഷ്ടി മുഴുവൻ എന്നിലേ പതിയൂ; അത്രയേ പാടുള്ളുന്നർത്ഥം. അംബയുടെ ഈ കാമപാരവശ്യത്തിനു മുന്നിൽ ഭയപ്പെടുന്ന ലളിത അവളുടെ ഓരോ കാൽവെയ്പ്പിലും പ്രത്യേകം ശ്രദ്ധിക്കുന്നു. പിന്നീട് നാം ലളിതയെ കാണുന്നത് ഈ ആപൽകാലത്ത് നീയെങ്കിലും എന്റെ വയസ്യയായി സകല ദുഖങ്ങളിലും പങ്കുകൊണ്ട് എന്നോടുകൂടി സഞ്ചരിക്കുന്നല്ലോ. അത് എനിക്ക് എത്രമാത്രം ആശ്വാസപ്രദമാണെന്ന് നീ അറിയുന്നുണ്ടോ? എന്ന് ചോദിക്കുന്ന ആലംബഹീനയായ നായികയുടെ മുന്നിലാണ്. ജന്മം തന്ന മാതാപിതാക്കളെക്കാളും പ്രാണ

നു തുല്യം സ്നേഹിച്ചിരുന്ന കാമുകനേക്കാളും ഭീഷ്മരേക്കാളും എന്തിനധികം ലോകത്തിൽ മറ്റാരേക്കാളും ഈ തോഴിയേയാണ് ആപത് ബന്ധുവായി അംബ കണ്ടിരുന്നത്. തോഴിയാകട്ടെ ആ വിശ്വാസത്തെ ഇളക്കിയതുമില്ല. അംബയുടെ ഓരോ നീക്കത്തിലും ലളിത ശ്രദ്ധാലുവാണ്. ഭീഷ്മരെ വധിക്കുന്നവനെ മാത്രമേ താൻ ഭർത്താവായി സ്വീകരിക്കൂ എന്ന് ഔദ്ധത്യത്തോടെ വാദിക്കുന്ന അംബയോട് അജയ്യനാണ് ഭീഷ്മർ അതുകൊണ്ടാണ് അവർ അദ്ദേഹത്തോട് എതിരിടാൻ മടിക്കുന്നത്. ഭവതി പ്രേയസിയാവുക എന്നുള്ളത് അവർക്കെല്ലാം അഭിമാനം തന്നെ. പക്ഷെ ഭീഷ്മരുമായുള്ള യുദ്ധത്തിൽ പ്രാണൻ പോയാൽ അവർ പിന്നെ ഭവതിയുമായുള്ള ദാമ്പത്യസൗഖ്യം എങ്ങനെ അനുഭവിക്കും. എന്നിങ്ങനെ ആശാപഥത്തിന്റെ ദുസ്സാദ്ധ്യതയെക്കുറിച്ച് ഓർമ്മിപ്പിക്കാനും തോഴി മടിക്കുന്നില്ല. ദേവിയെ ധിക്കരിക്കാനാവാതെ കുഴയുകയും ഉപദേശം കേൾക്കാത്ത അംബയുടെ മുമ്പിൽ നിസ്സഹായയായി നില്ക്കുകയും ചെയ്യുന്ന ലളിത വലിയൊരു പ്രശ്ന സാമ്രാജ്യത്തിലേയ്ക്ക് തന്റെ സ്വാമിനി വഴുതി വീഴുന്നത് കണ്ടുനിന്ന് ഹൃദയം തകരുന്നവളാണ്. മറ്റൊരു ഗതിയുമില്ലാതെ, തപോവീര്യവും ശാപാനുഗ്രഹശക്തിയും പരീക്ഷിക്കാനായി ആശ്രമത്തിലെത്തുന്ന അംബയെ ലളിതയും അനുഗ്രമിക്കുന്നു. പ്രതികാരത്തിന്റെ നീർച്ചുഴിയിൽ കിടന്ന് തുടിക്കുന്ന ദേവിയുടെ സംരക്ഷയെക്കുറിച്ചുള്ള ചിന്ത മാത്രമായിരുന്ന ആ മനസ്സിൽ അതുകൊണ്ടല്ലേ പിന്നെ ഹോത്രവാഹകന്റെ പേരുപറയുമ്പോഴേയ്ക്കും ഈശ്വരൻ നമ്മെ പരിത്യജിച്ചിട്ടില്ല. ഈ സംഭവം കേവലം ഒരു ആകസ്മികമാണെങ്കിലും ഇതിനിടിയിൽ അവിടുത്തെ കടാക്ഷവീക്ഷണം കാൺമാനില്ലേ എന്ന് ലളിത ചോദിക്കുന്നത്. അനന്തരം ആശ്രമത്തിൽ വന്നെത്തുന്ന പരശുരാമന്റെ കൂടെ ഭീഷ്മരുടെ അടുത്തേയ്ക്ക് പറഞ്ഞയച്ചതും തുടർന്ന് കുരുക്ഷേത്രത്തിൽ വെച്ച് നിരാശയുടെ ആഴങ്ങളിലേക്ക് വീഴുന്ന അംബയുടെ അടുത്തു നിന്ന് തന്റെ കല്പിതകഥാപാത്രത്തെ കവി മാറ്റിനിർത്തിയതും അംബയുടെ ഏകാന്തയാത്രയ്ക്ക ശക്തി വർദ്ധിപ്പിച്ച് ട്രാജഡിയുടെ തീവ്രത വർദ്ധിപ്പിക്കുന്നുണ്ട്.

പിന്നീട് ഹിമവത്പ്രാന്തത്തിൽ ബാഹുദാനദിയുടെ തീരത്തുന്നും അംബലളിതമാർ വീണ്ടും സന്ധിക്കുന്നു. ശിഖിവാഹനൻ നല്കിയ മാല ഭീഷ്മരെ വധിക്കാനുള്ളതാണെന്നറിയുമ്പോൾ ഭവിഷ്യമോർത്ത് നടുങ്ങുന്ന ലളിത ദേവനെ തപസ്സുകൊണ്ട് വിളിച്ചുണർത്തി അപമാനിച്ചതു കേൾക്കാൻ പോലും വയ്യാത്ത മാനസികാവസ്ഥയിലേയ്ക്ക് വീണ ലളിത, ആ മാല ലോകത്തിൽ എന്തെല്ലാം ആപത്തു വരുത്തി വെയ്ക്കും എന്ന് ഉൽകണ്ഠാകുലയാകുന്ന ലളിത, അംബയുടെ അഗ്നിപ്രവേശം കേട്ട് നിശ്ചേഷ്ടയായി ലളിത അങ്ങനെ ഉജ്ജ്വലമായ നാടകീയസന്ദർഭങ്ങളിലെല്ലാം ഈ കഥാപാത്രത്തിന് സുപ്രധാനമായ പങ്കുണ്ട്. ഈ പുതിയ കഥാപാത്രത്തിന്റെ അവതരണം അംബയുടെ കഥാഘടനയുടെ കെട്ടുറപ്പിന് അനിവാര്യമായ രീതിയിൽ ബന്ധിപ്പിക്കാൻ ഉള്ളൂരിന് കഴിഞ്ഞിട്ടുണ്ട്. അവസാനം അഗ്നിപ്രവേശനത്തിൽ നിന്ന് അംബയെ രക്ഷിക്കാനുള്ള ത്വരയോടെ ഭീഷ്മരെ കണ്ടു പിടിച്ച് ഓടിയെത്തുന്ന ലളിത ഈ നാടകത്തിന്റെ പ്രതിസന്ധി ഘട്ടത്തെ നിയന്ത്രിക്കുക കൂടി ചെയ്യുന്നു. കരുണയിലെ ഉപഗുപ്തനേയും നളിനിയിലെ ദിവാകരനേയും ഓർമ്മിപ്പിച്ചുകൊണ്ട് അംബയുടെ അഗ്നിപ്രവേശനസമയത്ത് ഭീഷ്മർ പ്രത്യക്ഷപ്പെടുന്നു. ആരൊക്കെ തടഞ്ഞിട്ടും അംബ അഗ്നിയിൽ ചാടിയപ്പോൾ ആ തോഴിക്ക് ദു:ഖം സഹിക്കാനായില്ല. അവൾ ശോകമൂർച്ഛിതയായി ഭൂമിയിൽ പതിക്കുന്നു. തന്നെ സമാശ്വസിപ്പിച്ച ധീരനായ ഭീഷ്മരുടെ മുന്നിലും ലളിത വിപതിധൈര്യം വെടിഞ്ഞില്ല. ജീവിച്ചിരിക്കുമ്പോൾ ഓരോ നിമിഷവും തന്റെ ദേവിയുടെ ദു:ഖത്തിനും സമാധാനത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ചവളാണവൾ. അംബയുടെ മരണത്തിനു ശേഷം ഭീഷ്മർ ലളിതയെ ഹസ്തിനപുരത്തിലേക്ക് ക്ഷണിച്ചു. എന്നാൽ അധീരവ്രതൻപോലും പ്രകീർത്തിക്കുമാറ്, ദേവിയുടെ പരമഗതിക്കു വേണ്ടി ആശ്രമത്തിൽ കഴിയാൻ ലളിത തീരുമാനിക്കുന്നു. നാടകീയതയുടെ മുറുക്കത്തെ ഉടനീളം സഹായിക്കുന്ന തരത്തിലുള്ള ഒരു കഥാപാത്രമായി ലളിതയെ വികസിപ്പിച്ചെടുക്കുന്നതിൽ ഉള്ളൂർ വിജയച്ചിട്ടുണ്ടെന്നു പറയാം.

(തുടരും)

****

# ഭാരതത്തിന്റെ മുന്നേറ്റം

ഡോ. പത്മനാഭൻ - 9072015115

ഇന്ത്യ കുതിച്ചുകൊണ്ടേയിരിക്കുന്നു. ശാസ്ത്രഗവേഷണങ്ങളിലും ബഹിരാകാശ കാൽവയ്പുകളിലും സൈനിക ശക്തിയിലും സാമ്പത്തിക ശക്തിയിലും ഇന്ത്യ കുതിക്കുകയാണ്. ശാസ്ത്ര ഗവേഷണത്തിൽ ലോക രാജ്യങ്ങളുടെ പട്ടികയിൽ 2010-ൽ 37-ാം സ്ഥാനത്ത് ദക്ഷിണാഫ്രിയ്ക്കു തൊട്ടു പിറകിൽ നിന്ന ഇന്ത്യ 2019-ൽ 13-ാം സ്ഥാനത്തെത്തിയിരിക്കുന്നു. അതും ശാസ്ത്രഗവേഷണത്തിന്റെ മൂല്യത്തിൽ വളരെയധികം വർദ്ധനവ് നേടിയെടുത്തതിനു ശേഷം പ്രതിരോധ ശക്തിയിൽ ഇന്ത്യ ലോക ശക്തി രാജ്യങ്ങളുടെ കൂട്ടത്തിൽ 4-ാം സ്ഥലത്ത്. (അമേരിക്ക, ചൈന, റഷ്യ, ഇന്ത്യ) എത്തി നിൽക്കുകയാണ്. സൈനിക മേധാവിത്വം (യുദ്ധോപകരണങ്ങൾ തദ്ദേശീയമായി വികസിപ്പിച്ചതും മറ്റു രാജ്യങ്ങളിൽ നിന്നു വാങ്ങിയതും) ബഹിരാകാശ പരീക്ഷണങ്ങളിലും ഗോളാന്തര യാത്രകളിലും നേടിയ വൻ വിജയങ്ങൾ, കുതിപ്പുകൾ Make in India, ആത്മനിർഭർഭാരത് തുടങ്ങിയ അതിനൂതന കാൽവയ്പുകൾ, വിദ്യാഭ്യാസ ശ്രംഖലയിലെ മികവ്, Brics (Brazil, Russia, India, China, SouthAfrica) രാജ്യങ്ങളിൽ പ്രാമുഖ്യവും ആധിപത്യവും കാണിക്കുന്ന ഇന്ത്യയും ചൈനയും ബഹിരാകാശ ഗവേഷണങ്ങളിലും കിടപിടിക്കുന്ന രാജ്യങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. ദ്രവ്യത്തിന്റ പ്രത്യേകരൂപാന്തരമുപയോഗിച്ചുള്ള ക്രയോജനിക് എൻജിൻ പ്രയോജനപ്പെടുത്തിയുള്ള റോക്കറ്റ് വിക്ഷേപണത്തിന്റെ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ കഴിവുള്ള രാജ്യമായി ഇന്ത്യ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു. ശാസ്ത്രപുരോഗതിയുടെ അളവുകോലായ ശാസ്ത്രഗവേഷണത്തിലൂടെ ലഭിക്കുന്ന നിർണ്ണായക കണ്ടുപിടുത്തങ്ങൾ, നൂതനമാർഗ്ഗങ്ങൾ എന്നിവ ലോകത്തിലെ മികവുറ്റ പ്രസിദ്ധീകരണങ്ങളിൽക്കൂടി ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാൻ സാധിക്കുകയെന്ന നേട്ടം. അന്താരാഷ്ട്ര തലത്തിൽ ഏറ്റവും ഉയർന്ന സ്ഥാനമുള്ള ഗവേഷണ പ്രസിദ്ധീകരണ ജേർണലാണ് Nature. ഈ പ്രസിദ്ധീകരണത്തിൽ ഇടംപിടിക്കുന്ന ഗവേഷണ കണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളുമാണ് ക്രോഡീകരിച്ച് Nature Index എന്ന പേരിൽ വർഷം തോറും ശാസ്ത്ര ഗവേഷണങ്ങളുടെ അളവുകോലായി ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നത്. ലോകത്തിലെ എല്ലാ മികച്ച ഗവേഷണ നേട്ടങ്ങളും ശാസ്ത്രലോകത്ത് എത്രമാത്രം മുതൽക്കൂട്ടാകുന്നുവെന്ന അളവുകോൽ Nature Index.com എന്ന പേരിൽ വർഷം തോറും പ്രസിദ്ധീകരിക്കുന്നുണ്ട്. ലോകം മുഴുവനും ഉൾപ്പെടുത്തി ഓരോ രാജ്യങ്ങൾക്കും ഓരോ വർഷവും ലഭിക്കുന്ന സ്ഥാനം Nature Index.com-ൽ നിന്നു കണ്ടുപിടിക്കാനാകും. പക്ഷെ എല്ലാ രാജ്യങ്ങളുടേയും സ്ഥാനം നിർണ്ണയിക്കാൻ ഓരോ വർഷവും അവസാനിച്ചതിനുശേഷം രണ്ടു വർഷത്തോളമെടുത്താണ് കൃത്യതയാർന്ന സ്ഥാനം ഓരോ രാജ്യത്തിനും ലഭിക്കുന്നത്. ഇപ്പോൾ ലഭ്യമായിരിക്കുന്നത് 2017, 2018കളിലെ സ്ഥാന നിർണ്ണയമാണ്. ലോകത്തിലെ രാജ്യങ്ങളുടെ ഗവേഷണത്തിൽ നിന്നു ലഭിച്ചിരിക്കുന്ന വിഹിതം അനുസരിച്ച് അമേരിക്ക 2017-ൽ ലോകത്തിന് 19999.69 യൂണിറ്റുകൾ സമ്മാനിച്ചപ്പോൾ 2018-ൽ ആ വിഹിതം 20425.42 യൂണിറ്റുകളായിരുന്നു. രണ്ടാം സ്ഥാനത്ത് ചൈന 9270-61 യൂണിറ്റുകൾ 2017ലും 11383.07 യൂണിറ്റുകൾ 2018-ലും നേ

ടിയെടുത്തു. മൂന്നാം സ്ഥാനത്ത് ജർമ്മനി(4444.14, 4595.65), നാലാം സ്ഥാനത്ത് ബ്രിട്ടൻ (3695.92, 3762.93), അഞ്ചാം സ്ഥാനത്ത് ജപ്പാൻ (3105.12, 3090.91), പതിമൂന്നാം സ്ഥാനത്ത് ഇന്ത്യ (938.36, 963.33), പതിനെട്ടാം സ്ഥാനത്ത് റഷ്യ, ഉരുപത്തിമൂന്നാം സ്ഥാനത്ത് ബ്രസീൽ, മുപ്പത്തിയാറാം സ്ഥാനത്ത് ദക്ഷിണാഫ്രിക്ക എന്നിങ്ങനെ ബ്രിക്സ് രാജ്യങ്ങൾ നിലകൊള്ളുന്നു. Brics രാജ്യങ്ങളിൽ ചൈനയും ഇന്ത്യയും പ്രാമുഖ്യം കാണിച്ച് ബഹിരാകാശ ഗവേഷണത്തിലും കിടപിടിക്കുന്ന രാജ്യങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. ചൈനയിലെ പൗരന്മാർ കാണിക്കുന്ന അച്ചടക്കവും അഴിമതിരാഹിത്യവും ഇന്ത്യയിലെ പൗരന്മാർക്കുണ്ടായിരുന്നുവെങ്കിൽ നാം ഇതിലും എത്രയോ മുന്നിലെത്തുമായിരുന്നു. ഗവേഷണ രംഗത്ത് ഇന്ത്യയുടെ സംഭാവനയേക്കാൾ 10 മടങ്ങാണ് ചൈനയുടേത്. 20 മടങ്ങാണ് അമേരിക്കയുടേത്. ഈ സ്ഥിതി മാറ്റിയെടുത്ത് ഇന്ത്യയുടെ ഗവേഷണ വിഹിതം വർദ്ധിപ്പിച്ച് ഉയർന്ന സ്ഥാനം നേടിയെടുക്കാൻ കേന്ദ്രസർക്കാർ ഗവേഷകർക്ക് ഒട്ടേറെ പ്രോത്സാഹനങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ് 'make in India' എന്ന stogan ഗവേഷകർക്ക് ഉത്തേജനം നൽകുന്ന ആപ്തവാക്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഏറ്റവും അടിത്തട്ടിലുള്ള ആവേശം വളർത്തിയെടുക്കാൻ വേണ്ടിയാണ് 20 ലക്ഷം രൂപ വീതം മുതൽ മുടക്കുള്ള 'Atal Tinkering Laboratory' കൾ തിരഞ്ഞെടുത്ത സ്കൂളുകളിൽ കഴിഞ്ഞ 5 വർഷങ്ങളായി പ്രവർത്തിപ്പിച്ചുകൊണ്ടു പോരുന്നത്. വിദ്യാർത്ഥികളിൽ ഗവേഷണത്തിനുള്ള അഭിരുചി വളർത്തിയെടുക്കാൻ ഇത്തരം ലബോറട്ടറികളിലെ പ്രൊജക്ട്ടുകളിലൂടെ നേടിയെടുക്കാൻ വേണ്ടിയാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണത്തിന്റെ തോത് വർദ്ധിപ്പിക്കുവാൻ വേണ്ടി ഒട്ടേറെ ഗവേഷണഗ്രാന്റുകൾ കേന്ദ്രസർക്കാർ നല്ക്കുന്നുണ്ട്. ഇത്തരം grant കൾ ഗവേഷണത്തിനോടനുബന്ധിച്ചുള്ള ഉപകരണങ്ങൾ വാങ്ങാനും രാജ്യതലത്തിലും രാജ്യാന്തര തലത്തിലും നടക്കുന്ന ഗവേഷണകോൺഫറൻസുകളിൽ പങ്കെടുക്കാനും പ്രബന്ധങ്ങൾ അവതരിപ്പിക്കാനും മറ്റു ഗവേഷകരുമായി ആശയവിനിമയം നടത്താനും കൂട്ടായ ഗവേഷണ പ്രൊജക്റ്റുകൾ സംഘടിപ്പിച്ച് നൂതന ആശയങ്ങളും കണ്ടുപിടുത്തങ്ങളും അവയുടെ ഉടമസ്ഥാവകാശം (patency) സ്ഥാപിച്ചെടുത്ത് വ്യാവസായിക തലത്തിൽ നിർമ്മാണം തുടങ്ങാനും അതു വഴി make in India എന്ന സ്വപ്നം സാക്ഷാൽക്കരിക്കാനും made in China എന്ന ലേബലുള്ള ഉപകരണങ്ങൾ ക്രമേണ തിരസ്കരിക്കാനും ഇന്ത്യയുടെ ഉപകരണങ്ങൾ സുലഭമായി ലഭ്യമാക്കാനും അതുവഴി ഇന്ത്യയെ ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന ലേബൽ മാറ്റി പ്രൊഡ്യൂസർസ്റ്റേറ്റ് ആക്കി മാറ്റിയെടുത്ത് സമ്പന്ന രാജ്യങ്ങളിൽ ഇന്ത്യ മുൻപന്തിയിൽ എത്തിച്ചേരാൻ ഓരോ ഗവേഷകനും കഠിനാധ്വാനം ചെയ്യേണ്ടിയിരിക്കുന്നു. ഗവേഷകർക്കു വേണ്ടി കേന്ദ്രസർക്കാർ കൂടുതൽ കൂടുതൽ ആനുകൂല്യങ്ങൾ അനുദിനം പ്രഖ്യാപിച്ചുകൊണ്ടേയിരിക്കുന്നു. ഉദാഹരണത്തിന് ഒരു പുതിയ ഉൽപ്പന്നത്തിന്റെ patency (സൃഷ്ടികർത്താവിന്റെ അവകാശം) യ്ക്കു വേണ്ടി അപേക്ഷിക്കുമ്പോൾ ഒരു ഫീസ് നൽകേണ്ടതായിട്ടുണ്ട്. ഈയിടെ കേന്ദ്രസർക്കാർ patency യുടെ ഫീസ് 80% കുറച്ചു. ഇത്തരം പ്രചോദനപരമായ ആനുകൂല്യങ്ങൾ സർക്കാർ നൽകുമ്പോൾ യുവഗവേഷകർ ആവേശഭരിതരായി കഠിനാധ്വാനം ചെയ്ത് ഇന്ത്യയുടെ യശസ്സ് ഉയർത്തിപ്പിടിക്കാൻ എപ്പോഴും തയ്യാറാകേണ്ടതുണ്ട്. പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചെടുത്ത് കൺസ്യൂമർസ്റ്റേറ്റ് എന്ന പദവിയിൽ കഴിയുന്ന സംസ്ഥാന സർക്കാരുകളെ പ്രൊഡ്യൂസർ സ്റ്റേറ്റ് ആക്കി മാറ്റിയെടുത്താലെ നമ്മുടെ രാജ്യത്തെ ചൈനയേക്കാൾ മുന്നിലെത്തിക്കാൻ നമുക്കു സാധിക്കുകയുള്ളൂ. ഈ ഒരു കാഴ്ചപ്പാടിന് അനുകൂലമായിട്ടാണ് ഇന്ത്യുടെ സമ്പദ്വ്യവസ്ഥ മുന്നേറിക്കൊണ്ടിരിക്കുന്നതെന്ന സത്യം എല്ലാവർക്കും അഭിമാനിക്കാവുന്ന വാർത്ത തന്നെയാണ്. ചൈന ലോകത്തിന് സമ്മാനിച്ചതെന്ന് ലോകരാഷ്ട്രങ്ങൾ ആരോപിക്കുന്ന കോവിഡ് മഹാമാരി ഒട്ടു മിക്ക രാജ്യങ്ങളുടേയും സമ്പദ് വ്യവസ്ഥയെ തകിടം മറിച്ച് രാജ്യങ്ങളുടെ കടബാധ്യതകൾ പെരുകിക്കൊണ്ടിരിക്കുമ്പോൾ ഇന്റർനാഷണൽ മോണിട്ടരിഫണ്ട്

(ഐ.എം.എഫ്) ഇന്ത്യയ്ക്ക് ഏററവും മികച്ച് വളർച്ചയാണ് പ്രവചിച്ചിരിക്കുന്നത്. ഇന്ത്യ ഈ വർഷം 9.5% വളർച്ച കൈവരിക്കുമ്പോൾ ലോക സമ്പദ് വ്യവ വസ്ഥ 5.9% മാത്രമേ വളരുകയുള്ളൂ. അമേരിക്ക ഈ വർഷം 6% വളർച്ച നേടുമ്പോൾ ചൈനയുടെ വളർച്ച 8%വും അടുത്തവർഷം 5.6% ആയിരിക്കും. അതേ സമയം ഇന്ത്യുടെ വളർച്ച അടുത്ത വർഷം 8.5% ആയിരിക്കുമെന്ന് ഐ.എം.എഫ് കണക്കാക്കിയിരിക്കുന്നു. ഇന്ത്യയിലെ ഓഹരി വില സൂചികകളുടെ നേട്ടം ഈ വർഷത്തെ റെക്കോഡായി 51% ആയി കടന്നു. സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യ മുന്നേറുമ്പോൾ വിദേശനാണ്യ ശേഖരണത്തിലും ഇന്ത്യ വലിയ മുന്നേറ്റം നേടിയിരിക്കുന്നുവെന്നത് ഏവർക്കും അഭിമാനം നൽകുന്ന വാർത്തതന്നെയാണ്. ഇതിനെല്ലാമുപരി കോവിഡിനെ പ്രതിരോധിക്കുന്നതിൽ ഇന്ത്യ സ്വീകരിച്ച നടപടികളെ ഐ.എം.എഫ് പ്രത്യേകം പ്രശംസിച്ചിരിക്കുകയാണ്. ദ്രുതഗതിയിൽ (rapisl response) മികച്ച കോവിഡ് പ്രതിരോധ നടപടികൾ സ്വീകരിച്ച ഇന്ത്യ ഇതൊടൊപ്പം തൊഴിൽ പരിഷ്കരണം, സ്വകാര്യവൽക്കരണം എന്നീ നൂതന മാർഗ്ഗങ്ങൾ ഇന്ത്യയുടെ ഭാവി സുരക്ഷിതമാക്കാനുപകരിക്കുമെന്നും ഐ.എം. എഫ് പ്രകീർത്തിക്കുന്നു.

കോവിഡ് വ്യാപനത്തിനിടെ വിവിധ മേഖലകൾക്കു സാമ്പത്തിക പിന്തുണ നൽകി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സഹായം വർദ്ധിപ്പിച്ചു. ഇളവുകൾ നൽകി. ക്ഷേമ നടപടികൾ ഇന്ത്യ സ്വീകരിച്ചു എന്നിങ്ങനെ വളരെ പ്രചോദനാത്മകമായ പ്രശംസകളാണ് ഐ.എം.എഫ് ഇന്ത്യയ്ക്കു നൽകിയിരിക്കുന്നത്.

ചില മേഖലകളിലെ സ്വകാര്യവൽക്കരണം ഒരു നല്ല സാമ്പത്തിക മോഡലാണെന്ന് ഈ ലേഖകൻ ഇതിനു മുമ്പ് ഒരു ലേഖനത്തിൽ പ്രദിപാദിച്ചിരുന്നു. അതു ശരിയാണെന്നു തന്നെയാണ് ഐ.എം.എഫ് പോലുള്ള സാമ്പത്തിക വിദഗ്ദ്ധരടങ്ങിയ ലോകസ്ഥാപനങ്ങൾ സമർത്ഥിക്കുന്നതും.

സർക്കാർ നടപ്പാക്കുന്ന നല്ല കാര്യങ്ങളെയും ദീർഘവീക്ഷണത്തോടുകൂടിയ ചുവടു വയ്പുകളേയും പ്രകീർത്തിച്ച് സാധാരണ പൗരന്മാരെ ബോധവാന്മാരാക്കേണ്ട ചുമതല മാധ്യമങ്ങളുടേതാണ്. മാധ്യമങ്ങൾ (ദൃശ്യ, പ്രിന്റ്) കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ദീർഘവീക്ഷണത്തോടുകൂടിയ പരിഷ്കാരങ്ങളേയും നയങ്ങളേയും പ്രാധാന്യം കൊടുക്കാത ഒരു മൂലയിൽ ചെറിയ വാർത്തയാക്കി കൊടുക്കുകയും അതേ സമയം ആരോപണങ്ങളേയും അപവാദങ്ങളേയും പെരുപ്പിച്ചു കാണിക്കുകയും ചെയ്യുന്ന പ്രവണത ശരിയായ മാധ്യമധർമ്മമല്ലെന്ന് സാമാന്യബുദ്ധി നമ്മെ ഓർമ്മിപ്പിക്കും.

****

## 2021 ഒക്ടോബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ




സേതുലക്ഷ്മി
L/1641, പത്മാലയം,
രവിപുരം, കൊച്ചി - 16



ലക്ഷ്മി ബി. നായർ
L/0873 ഗോകുലം,
രവിപുരം റോഡ്,
കൊച്ചി - 16



മിനി ആർ. മേനോൻ
L/2 തത്തംമ്പിള്ളിൽ
(ശാന്തിഭവൻ)
വാരിയം റോഡ്,
കൊച്ചി - 682016



കെ. ഗോപിനാഥ്
L/2077 ജി. 3 അർച്ചന
അപ്പാർട്ട്മെന്റ്,
വീക്ഷണം റോഡ്,
കൊച്ചി-18



വി. പരമേശ്വര മേനോൻ
L/3871, അഞ്ജന,
കോസ്മോപോളിറ്റൻ
കാംപസ്, ടി.ഡി. റോഡ്,
കൊച്ചി 11

# ശരീരത്രയങ്ങൾ

ഡോ. കെ. ഹരിഹരൻ – 9847313322

ജഗത്ത് എന്നതുകൊണ്ട് നാം സാധാരണ ധരിക്കാറുള്ളതുപോലെ ബാഹ്യപ്രപഞ്ചമെന്നു മാത്രം മനസ്സിലാക്കിയാൽ പോരാ. അത് ഒരു വ്യക്തിയുടെ ശരീരം, മനസ്സ്, ബുദ്ധി എന്നീ മൂന്ന് അവസ്ഥകളിലുള്ള എല്ലാ അനുഭവങ്ങളുടേയും സഞ്ചയമാകുന്നു. ഇന്ദ്രിയങ്ങൾക്കു ഗോചരമാകുന്ന ശബ്ദാദിവിഷയപ്രപഞ്ചവും മനസ്സിലെ വികാരാനുഭൂതികളും ബുദ്ധിയിലെ ആശയാദർശനങ്ങളും എല്ലാം ജഗത്തിൽ ഉൾപ്പെടുന്നു.

പഞ്ചീകൃത മഹാഭൂതം
സംഭവം കർമ്മ സഞ്ചിതം
ശരീരം സുഖദുഃഖാനാം
ഭോഗം യതനമുച്യതേ

പഞ്ചീകൃതമായ മഹാഭൂതങ്ങളെക്കൊണ്ട് ഉണ്ടാക്കപ്പെട്ടതും മുജ്ജന്മകർമ്മത്താൽ നിർണ്ണയിക്കപ്പെട്ടതും ആയ ശരീരം സുഖദുഃഖങ്ങളുടെ അനുഭവനിലയമാണ്.

ഒരു പദാർത്ഥം സൃഷ്ടിക്കപ്പെടുന്നത് വ്യവസ്ഥിതമായ നടപടിക്രമങ്ങളിലൂടെയാണെന്ന് വേദാന്തം പറയുന്നുണ്ട്. ഭൗതികമായ ഈ ലോകത്തിൽ അടങ്ങിയിരിക്കുന്നത് അഞ്ച് സ്ഥൂലമായ മൂലകങ്ങൾ ആണ്. പൃഥ്വി, ജലം, അഗ്നി, വായു, ആകാശം. ഇതിൽ ഓരോ മൂലകത്തിലും മറ്റു നാലു മൂലകങ്ങളും അടങ്ങിയിട്ടുണ്ട്. അതിനാൽ ഒരു മൂലകവും ശുദ്ധം അല്ല. ഒരു മൂലകത്തിനെ മറ്റു മൂലകത്തിൽ നിന്നും വ്യത്യസ്ഥമാക്കുന്നത് അതിലെ കൂടുതൽ അടങ്ങിയിരിക്കുന്ന ആ പ്രത്യേക മൂലഘടകം ആണ്. വേദാന്തം പറയുന്നത് ഓരോ മൂലകങ്ങളും പഞ്ചഗുണരീതിയിലാണ് കാണപ്പെടുന്നതെന്നാണ്. ഓരോ മൂലകങ്ങളുടേയും ഘടനകൾ താഴെ പറയും പോലെയാണ്.

1. ആകാശഭൂതം = 1/2 ഭാഗം ആകാശം + 1/8 ഭാഗം വായു +1/8 ഭാഗം അഗ്നി + 1/8 ഭാഗം ജലം +1/8 ഭാഗം ഭൂമി
2. വായുഭൂതം = 1/2 ഭാഗം വായു + 1/8 ഭാഗം ആകാശം +1/8 ഭാഗം അഗ്നി + 1/8 ഭാഗം ജലം +1/8 ഭാഗം ഭൂമി
3. അഗ്നിഭൂതം = 1/2 ഭാഗം അഗ്നി + 1/8 ഭാഗം വായു +1/8 ഭാഗം ആകാശം + 1/8 ഭാഗം ജലം +1/8 ഭാഗം ഭൂമി
4. ജല ഭൂതം = 1/2 ഭാഗം ജലം + 1/8 ഭാഗം അഗ്നി +1/8 ഭാഗം വായു + 1/8 ഭാഗം ആകാശം +1/8 ഭാഗം ഭൂമി
5. ഭൂമി ഭൂതം = 1/2 ഭാഗം ഭൂമി + 1/8 ഭാഗം ജലം + 1/8 ഭാഗം അഗ്നി + 1/8 ഭാഗം വായു +1/8 ഭാഗം ആകാശം.

ആത്മചൈതന്യം പ്രതിബിംബിക്കുന്ന ജഡമായ ഉപാധികൾ അഥവ ശരീരങ്ങൾ ഉത്ഭവിച്ച് വളർന്നു വികസിക്കുന്നതെങ്ങനെയെന്ന് നോക്കാം. നമ്മുടെ ശരീരം മുൻപു പ്രസ്ഥാവിച്ചതുപോലെ ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ്. പക്ഷെ ഈ പഞ്ചഭൂതങ്ങളെ കൂട്ടിച്ചേർത്ത് ഒരു ശരീരം കൃത്രിമമായി പോലും നിർമ്മിക്കാൻ നമ്മുടെ വികസിത ശാസ്ത്രലോകത്തിന് സാധിച്ചിട്ടില്ല. കാരണം ഈ പഞ്ചഭൂതങ്ങളെ കൂടാതെ മനസ്സ്, ബുദ്ധി, ബോധം, ഊർജ്ജം എന്നിവ കൂടി ചേർന്നതാണ് ജീവൻ. അതായത് ശരീരത്തിന് ജീവൻ കൊടുക്കുന്നത് ജഡവസ്തുക്കൾ ആയ പഞ്ചഭൂതങ്ങൾ അല്ല, മറിച്ച്, സൂക്ഷ്മ

തത്ത്വങ്ങൾ ആയ മനസ്സ്, ബുദ്ധി, ബോധം, ഊർജ്ജം എന്നിവയുടെ പ്രതിപ്രവർത്തനഫലമാണ്. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ശരീരത്തെ നമ്മുടെ ഋഷിമാർ സ്ഥൂലശരീരം എന്നും മനസ്സ്, ബുദ്ധി, ബോധം എന്നിവയെ ഒന്നു ചേർത്ത് സൂക്ഷ്മ ശരീരമെന്നും പറയുന്നു. ഈ സൂക്ഷ്മ ശരീരം തന്നെയാണ് നാം ജീവൻ എന്നും ആത്മാവ് എന്നും അറിയുന്നത്. സനാതന ധർമ്മ ശാസ്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്ന ബ്രഹ്മാവ്, വിഷ്ണു, ശിവൻ, ശക്തി എന്നീ പ്രപഞ്ചശക്തികളുടെ വളരെ ചെറിയ ഒരു പ്രതിബിംബം മാത്രമാണ് നമ്മുടെ മനസ്സ്, ബുദ്ധി, ബോധം, ഊർജ്ജം എന്നിവ.

**മനസ്സ്, ബ്രഹ്മാവ്, സൃഷ്ടി** - ഇവയെല്ലാം ഒന്നു തന്നെ. നമ്മുടെ മനസ്സാണ് പുതിയ പുതിയ ചിന്തകളെ സൃഷ്ടിക്കുന്നത്. ആ ചിന്തകൾക്കനുസരിച്ചാണ് നമ്മുടെ ജീവിതം മുന്നോട്ടു പോകുന്നത്. ചിന്തിച്ചാൽ നാം ആരാണോ എന്താണോ എല്ലാം നമ്മുടെ മനസ്സിന്റെ സൃഷ്ടിയാണ്.

**ബുദ്ധി, വിഷ്ണു, സ്ഥിതി**- മനസ്സിൽ രൂപപ്പെടുന്ന ചിന്തകളെ നാം പിൻതുടരുന്നതും അത് സാക്ഷാത്കരിക്കാൻ വേണ്ടി പ്രയത്നിക്കുന്നതും, ആ പ്രയത്നത്തിൽ നേരിടുന്ന തടസ്സങ്ങളെ മറികടക്കാൻ ശ്രമിക്കുന്നതും എല്ലാം നമ്മുടെ ബുദ്ധിയുപയോഗിച്ചാണ്. പ്രശ്നങ്ങളിൽ നിന്നും നമ്മെ രക്ഷിച്ചെടുക്കുന്നതും നമ്മുടെ ബുദ്ധി തന്നെയാണ്.

**ബോധം, ശിവൻ, സംഹാരം**- 'ഞാൻ' എന്ന അറിവിനെയാണ് ബോധം അഥവ ആത്മാവ് എന്നു പറയുന്നത്. അതിന് ആരംഭമോ അവസാനമോ ഇല്ല.

**ഊർജ്ജം, ശക്തി, കർമ്മം**- കർമ്മം ചെയ്യുവാൻ ആവശ്യമായ ഊർജ്ജം ആണ് ശക്തി. ഊർജ്ജം ഇല്ലങ്കിൽ ഈ പ്രപഞ്ചത്തിൽ ഒരു ചലനവും ഉണ്ടാവുകയില്ല. മനസ്സിനും ബുദ്ധിക്കും സ്പന്ദിക്കണമെങ്കിൽ ഊർജ്ജം ആവശ്യമാണ്. ഈ ഊർജ്ജവും ബോധവും കൂടി ചേരുമ്പോഴാണ് ഒരു സൃഷ്ടി നടക്കുന്നത്. അതിനെയാണ് ശിവ-ശക്തി സംയോഗമെന്ന് നാം പറയുന്നത്.

ഒരു കുട്ടി ജനിക്കുമ്പോൾ ആ കുട്ടിക്ക് ബോധവും ഊർജജവും ഉണ്ടായിരിക്കും, പക്ഷെ ബുദ്ധിയും മനസ്സും ഉണ്ടായിരിക്കുകയില്ല. അഥവ ഉണ്ടെങ്കിൽ തന്നെ അവ പ്രവർത്തന രഹിതമായിരിക്കും. ബുദ്ധിയും മനസ്സും പ്രവർത്തിച്ചു തുടങ്ങുന്ന കാലം മുതൽക്കുള്ള കാര്യങ്ങൾ മാത്രമെ ആരുടെയും ഓർമ്മയിൽ ഉണ്ടാവുകയുള്ളൂ. ഏതൊരാൾക്കും അയാളുടെ നാലോ അഞ്ചോ വയസ്സുമുതൽ ഉള്ള കാര്യങ്ങൾ മാത്രമേ ഓർമ്മിച്ചു പറയാൻ സാധിക്കൂ.

പണ്ടത്തെ ഹൈന്ദവ ദാർശിനികന്മാർ മറ്റു പല മതചിന്തകന്മാരേക്കാളും ഗൗരവതരമായി, സൃഷ്ടിതത്ത്വത്തെക്കുറിച്ച് ചിന്തിച്ചിട്ടുള്ളതായി നമുക്ക് അനുമാനിക്കാം. ജീവന്റെ പ്രശ്നങ്ങളെ സൂക്ഷ്മമായി അപഗ്രന്ഥിച്ചുകൊണ്ടുള്ള അവരുടെ സമീപനം ഇന്നത്തെ ആധുനിക ശാസ്ത്ര സമ്പ്രദായങ്ങളേപ്പോലും മികവിലും തികവിലും നിഷ്പ്രഭമാക്കുന്നു. ആത്മചൈതന്യം പ്രതിബിംബിക്കുന്ന ജഡമായ ഉപാധികൾ അഥവാ ശരീരങ്ങൾ ഉത്ഭവിച്ചു വളർന്ന് വികസിക്കുന്നതെങ്ങനെയെന്ന് ആദ്ധ്യാത്മീകമായും ഭൗതികമായും ശാസ്ത്രീയമായും ഉള്ള ഒരവലോകനമാണ് നാം ഇനിയും ഇവിടെ വിവരിക്കാൻ ശ്രമിക്കുന്നത്.

ആദ്ധ്യാത്മിക ചിന്തയിൽ ശരീരങ്ങൾ സ്ഥൂലം, സൂക്ഷ്മം, കാരണം എന്നിങ്ങനെ മൂന്നു തലങ്ങളിലായാണ് സ്ഥിതിചെയ്യുന്നത്.

### ഗ്രോസ് അഥവ ഫിസിക്കൽ ബോഡി അല്ലെങ്കിൽ സ്ഥൂല ശരീരം

കർമ്മം ചെയ്യുന്നതിനും അതിന്റെ ഫലമനുഭവിക്കുന്നതിനും ഉള്ള ഉപകരണമാണ് സ്ഥൂലശരീരം. ജീവാത്മാക്കളുടെ കർമ്മഫലാനുഭവത്തിനു വേണ്ടിയാണ് പ്രപഞ്ചം നിലകൊള്ളുന്നത്. ഈ ഭൗതികശരീരം ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ്. പഞ്ചീകരണത്തിലൂടെയാണ് ഇവകൾ സംയോജിച്ചതും ഭൗതികശരീരം ഉണ്ടായിട്ടുള്ളതും. അതുകൊണ്ടു തന്നെ പഞ്ചീകരണത്തിന്റെ വിപരീതദിശയിൽ സങ്കല്പം ചെയ്തു മരണശേഷം ഭൗതിക ശരീരത്തെ സംസ്കരിക്കുന്നതാണ് ഹൈന്ദവ പാരമ്പര്യം. സംസ്കരിക്കുകയെന്നാൽ സംസ്കാരക്രിയകളിലൂടെ രൂപഭേദം വരുത്തി ഉൽക്കർഷീകരിക്കുകയെന്ന് അർത്ഥം.

മൃതശരീരം നിലത്തു കിടത്തുന്നത് ഭൂമിക്ക് സമർപ്പിക്കലാണ്. അടുത്ത ചടങ്ങ് കുളിപ്പിക്കൽ മൃതദേഹത്തെ കുളിപ്പിക്കുന്നതിലൂടെ ഭൂമിയു

ടെ ഉൽപത്തിസ്ഥാനമായ ജലത്തിന് സമർപ്പിക്കുന്നു. ജലത്തിന്റെ പ്രഭവസ്ഥാനം അഗ്നിയാണ്. അതുകൊണ്ട് ശരീരത്തെ കുളിപ്പിച്ചശേഷം അഗ്നിക്കു സമർപ്പിക്കുന്നു. അഗ്നി ജഡത്തെ വായുവിന് സമർപ്പിക്കുന്ന പ്രക്രിയയാണ് ജ്വലനം വായൂ താൻ ഏറ്റുവാങ്ങിയ ജഡാംശത്തെ തന്റെ പ്രഭവസ്ഥാനമായ ആകാശത്തിനു സമർപ്പിച്ച് ആത്മാവ് അതിൽ വലയം പ്രാപിക്കുന്നു.

നമുക്കെല്ലാവർക്കും സുപരിചിതമായ ശ്വസിക്കുന്നതിനും തിന്നുന്നതിനും കുടിക്കുന്നതിനും ചലിക്കുന്നതുമായ ഈ സ്ഥൂല ശരീരത്തെ, ആധുനിക ശാസ്ത്രത്തിന്റെ കണ്ണുകളിലൂടെ ചുരുക്കത്തിൽ ഒരവലോകനം നടത്താം. ജനിച്ചു വീഴുന്ന ഒരു കുഞ്ഞിന്റെ ശരീരത്തിൽ പ്രവർത്തനമാരംഭിക്കുന്ന ഒമ്പതു വ്യവസ്ഥകളും അതിനോടനുബന്ധിച്ചു അവയവങ്ങളെല്ലാം രൂപം കൊള്ളുന്നത് ഒരൊറ്റകോശം വിഭജിച്ചിട്ടാണ്. ഇങ്ങനെ 43 പ്രാവശ്യം വിഭജിച്ചിട്ടാണ് പൂർണ്ണമനുഷ്യരൂപത്തിലെത്തുന്നത്.എല്ലാ അർത്ഥത്തിലും നിർജ്ജീവമെന്ന് വിശേഷിപ്പിക്കാവുന്ന ഡി.എൻഎ തന്മാത്രയിൽ നിന്നാണ് ജീവനെന്ന പ്രതിഭാസം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഡി.എൻഎ വിഭജിക്കുന്നതുമൂലമാണ് കോശം വിഭജിക്കപ്പെടുന്നത്. ജൈവവസ്തുക്കളുടെ പ്രത്യുല്പാദനം പോലും നടക്കുന്നത് ഡിഎൻഎയുടെ വ്യവസ്ഥാപിത വിഭജനം വഴിയാണെന്നു നമ്മളെല്ലാം പഠിച്ചിട്ടുണ്ട്.

വിവിധ തരം കലകൾ കൂടിച്ചേരുമ്പോഴാണ് അവയവങ്ങൾ ഉണ്ടാകുന്നത്, ഓരോ കലയും അവയുടെ ധർമ്മം നിർവ്വഹിക്കുമ്പോഴാണ് അവയവത്തിന് മൊത്തം അതിന്റെ ധർമ്മം നിർവ്വഹിക്കാൻ കഴിയുന്നത്. വിവിധ അവയവങ്ങൾ സമ്മേളിക്കുകയും സഹകരിക്കുകയും ചെയ്യുമ്പോഴാണ് ഒരു വ്യവസ്ഥ (system) ഉണ്ടാകുന്നത്. ചുണ്ട്, നാവ്, പല്ലുകൾ, അന്നനാളം, ആമാശയം, കുടൽ, കരൾ, ആഗ്നേയ ഗ്രന്ഥി, ഉമിനീർഗ്രന്ഥി തുടങ്ങിയവ ചേർന്നാണ് ദഹനവ്യവസ്ഥ ഉണ്ടായിട്ടുള്ളത്. ഭക്ഷണം സ്വീകരിക്കുകയാണ് ഇതിന്റെ ധർമ്മം. ഇതിലെ പല അവയവങ്ങൾക്കും ദഹന വ്യവസ്ഥയിൽ പെടാത്ത ചില ധർമ്മങ്ങൾ കൂടിയുണ്ട്. ഡി.എൻ.എയിലെ നാലുതരം ന്യൂക്ലിയോടൈഡുകൾ വ്യത്യസ്ഥ അനുപാതത്തിലും രീതിയിലും അണിനിരന്നു കൊണ്ടാണ് ജൈവലോകത്തെ വൈവിദ്ധ്യങ്ങളെല്ലാം സൃഷ്ടിക്കുന്നത്. ജൈവസ്വഭാവങ്ങളെല്ലാം അടിസ്ഥാനപരമായി നിർണ്ണിയക്കുന്നത് ക്രോമസോമുകളാണ്. ഒരു ജീവിയുടെ ഓരോ സ്വഭാവത്തെയും നിയന്ത്രിക്കുന്ന ക്രോമസോമുകൾക്കുള്ളിലെ ഘടകങ്ങളാണ് ജീനുകൾ. ഒരു ജീൻ ഒരു ജൈവ സ്വഭാവത്തെ നിയന്ത്രിക്കുന്നു. ജൈവശരീരത്തിന്റെ ഘടനാപരമായ സവിശേഷതകളെല്ലാം നിയന്ത്രിക്കുന്നത് പ്രത്യേക പ്രോട്ടീനുകളാണ്. അവയിലെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് എൻസൈമുകളാണ്. മനുഷ്യശരീരത്തിലെ അടിസ്ഥാനവ്യവസ്ഥയാണ് അസ്ഥിവ്യവസ്ഥ. (SKELTON SYSTEM). അത് ശരീരത്തിനാവശ്യമായ താങ്ങു നൽകുകയും രൂപത്തിന്റെ അടിസ്ഥാനമായി വർത്തിക്കുകയും ചെയ്യുന്നു. പേശികൾ മിക്കതും ഉറപ്പിക്കപ്പെട്ടിരിക്കുന്നത് എല്ലിന്മേലാണ്. ഒരു കുഞ്ഞ് ജനിക്കുന്നത് ശരീരത്തിൽ മുന്നൂറ്റിഅമ്പത് എല്ലുകളോടെയാണ് എന്നാൽ പ്രായപൂർത്തി ആകുമ്പോഴേക്കും അവയുടെ എണ്ണം ഇരുനൂറ്റിആറായി തീരും. അസ്ഥികളുടെ പ്രധാനധർമ്മം സംരക്ഷണമാണ്. ഹൃദയം ശ്വസകോശം മുതലായ അവയവങ്ങളുടെ സംരക്ഷണം നെഞ്ചിൻ കൂടാണ്. അസ്ഥിയാണ് ശരീരത്തിന്റെ ചലനാത്മകത നിയന്ത്രിക്കുന്നത്. സന്ധികളിലൂടെയാണ് ചലനങ്ങൾ നടക്കുന്നത്. ശരീരത്തിൽ എണ്ണമററ സന്ധികളുണ്ട്. ശരീരത്തിലാകെ 660 പേശികളാണുള്ളത്. ഈ പേശികളെല്ലാം കൂടിയാണ് പേശീവ്യവസ്ഥ. ശരീരത്തിൽ ഊർജ്ജം ഉല്പാദിപ്പിക്കുന്നതും ശേഖരിക്കപ്പെടുന്നതും രാസപ്രവർത്തനങ്ങളിലൂടെയാണ്. ഈ രാസപ്രവർത്തനങ്ങൾക്ക് പൊതുവായി പറയുന്ന പേരാണ് ഉപാപചയം (METABOLISM). കോശങ്ങളിൽ വെച്ചു നടക്കുന്ന ഉപാപചയത്തിന് നാം ശ്വസിക്കുന്ന വായുവിലെ ഓക്സിജൻ അനിവാര്യമാണ്. ഉപാപചയം നടക്കുന്ന കോശങ്ങളിൽ ഓക്സിജൻ എത്തിക്കുകയും അവിടെനിന്നും കാർബൺഡയോക്സൈഡ് സ്വീകരിച്ച് ശ്വാസകോശത്തിലെത്തിക്കുകയും ചെയ്യുന്ന ജോലി നിർവ്വഹിക്കുന്നത് രക്തമാണ്. പൂർണ്ണമായും പേശീ നിർമ്മിതമായ ഹൃദയമെന്ന സങ്കീർണ്ണമായ അവയവം പെരിക്കാർഡിയം എന്ന ഒരു ഇരുപാളീസ്തരംകൊണ്ട് പൊതിയപ്പെട്ടിരിക്കുന്നു. ഒരു പമ്പും സംഭരണടാങ്കും അടങ്ങിയ അവയവമായ ഹൃദയം നിലയ്ക്കാതെ പ്രവർ

ത്തിച്ചുകൊണ്ടിരിക്കുന്ന ഒരു അത്ഭുതയന്ത്രമാണ്. ഭ്രൂണത്തിന് 22 ദിവസം പ്രായമാകുമ്പോൾ, സ്പന്ദിക്കുവാൻ തുടങ്ങുന്ന ഹൃദയം നിലയ്ക്കുന്നത് മരണത്തോടെ മാത്രമാണ്. വായിൽ വെച്ച് അരയ്ക്കപ്പെട്ട ഉമിനീർ കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ അന്നനാളത്തിലൂടെ ആമാശയത്തിലെത്തിച്ചേരുന്നു. ദഹന വ്യവസ്ഥയിലെ ഏറ്റവും വീതിയേറിയ ഭാഗമാണ് ആമാശയം. ദഹനരസത്തിൽ അടങ്ങിയിരിക്കുന്ന ആസിഡും പെപ്സിനും ചേർന്ന് എത്ര കഠിനമായ ഭക്ഷണത്തേയും ദഹിപ്പിക്കും. ദഹനവ്യവസ്ഥയിൽ ബന്ധപ്പെടുന്ന രണ്ട് അവയവങ്ങളാണ് കരളും ആഗ്നേയഗ്രന്ഥിയും. ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയായ കരളിന്റെ ഭാരം മൊത്തം ശരീരഭാഗത്തിന്റെ രണ്ടു ശതമാനത്തോളം വരും. അഞ്ഞൂറിലധികം ജീവൽപ്രധാനമായ ധർമ്മങ്ങൾ നിർവ്വഹിക്കുന്ന ഒരു അവയവമാണ് കരൾ.

ദഹനം ഒരു പരിധി വരെ കഴിഞ്ഞ ശേഷം ചെറുകുടലിലെത്തുന്ന ഭക്ഷണപദാർത്ഥങ്ങളിലെ അവശ്യവസ്തുക്കൾ ആഗീരണം ചെയ്യപ്പെടുന്നത് ചെറുകുടലിലാണ്. സങ്കോചനം വഴിയാണ് ഭക്ഷണപദാർത്ഥങ്ങൾ മുന്നോട്ടു നീങ്ങുന്നത്. മൂന്നു മുതൽ എട്ടുമണിക്കൂർ വരെ ഭക്ഷണ പദാർത്ഥങ്ങൾ കുടലിലുണ്ടാകും. ഈ സമയം അതിൽ നിന്നും സ്വീകരിക്കപ്പെടുന്ന ഊർജ്ജങ്ങളെല്ലാം രക്തത്തിലേക്കും ലിംഫിലേക്കും പോയിക്കഴിഞ്ഞിരിക്കും. ബാക്കിയുള്ള പദാർത്ഥങ്ങളെല്ലാം ചെറുകുടലിൽ നിന്ന് വൻകുടലിലേയ്ക്കു പ്രവേശിക്കുന്നു. അവിടെവെച്ച് ധാതുലവണങ്ങളടങ്ങിയ ജലത്തിന്റെ ആഗീരണം നടക്കുന്നു. ബാക്കി വരുന്നതാണ് മലം. വൻകുടലിന്റെ അവസാനഭാഗത്ത് അത് വിസർജ്ജനം കാത്തുകിടക്കുന്നു.

വൃക്കകളിലാണ് മൂത്രമുണ്ടാകുന്നത്. പതിനൊന്നു സെന്റീമീറ്റർ നീളവും ആറ് സെന്റീമീറ്റർ വീതിയും നാലു സെന്റീമീറ്റർ ഘനവുമുള്ള വൃക്കയുടെ ഭാരം ഏകദേശം 140 ഗ്രാമാണ്. വിഷവസ്തുക്കളെ മൂത്രത്തിലൂടെ നീക്കം ചെയ്യുകയാണ് വൃക്കയുടെ പ്രധാന ധർമ്മമെങ്കിലും മറ്റു പല ധർമ്മങ്ങളും അത് നിർവ്വഹിക്കുന്നുണ്ട്. വൃക്കയിൽ നിർമ്മിക്കപ്പെടുന്ന മൂത്രം ഒരു കുഴലിലൂടെ മൂത്രാശയത്തിലെത്തി അവിടെ സംഭരിക്കപ്പെടുന്നു. ഏകദേശം 400 മില്ലീലിറ്റർ ആകുമ്പോഴേക്കും നമുക്ക് മൂത്രശങ്കതോന്നും. മൂത്രവും ശുക്ലവും ഒരേ കുഴലിലൂടെയാണ് പുറത്തു പോവേണ്ടതിനാൽ അവയ്ക്ക് പറ്റുന്ന രീതിയിലുള്ള സംവിധാനങ്ങൾ പുരുഷമൂത്രനാളിയിലുണ്ടാകും.

ശരീരത്തിന്റെ പൊതുവായ നിയന്ത്രണമാണ് നാഡീവ്യവസ്ഥയുടെ (NERVOUS SYSTEM) ധർമ്മം. ഇതിന്റെ പ്രവർത്തനങ്ങളെ മുഴുവനുമായി രണ്ടായി സംഗ്രഹിക്കാം. ഒന്ന് വിവരങ്ങൾ സ്വീകരിക്കുക. രണ്ട്, അവയ്ക്ക് ഉചിതമായ പ്രതികരണം നൽകുക. വിവരങ്ങൾ സ്വീകരിക്കുന്നത് ശരീരത്തിനകത്തു നിന്നോ പുറത്തുനിന്നോ ആകാം. പുറത്തു നിന്നുമുള്ള അറിവുലഭിക്കുന്നത് പഞ്ചേന്ദ്രിയങ്ങൾ വഴിയാണ്.

ജൈവലോകത്തിലെ ഏറ്റവും സങ്കീർണ്ണമായ വസ്തുവാണ് മനുഷ്യമസ്തിഷ്കം. ശരീരത്തിന്റെ സകല ഭരണസാരത്ഥ്യങ്ങളും നിർവ്വഹിക്കുന്ന അവയവമാണ് മസ്തിഷ്കം. കേന്ദ്രനാഡീവ്യൂഹത്തിൽ മസ്തിഷ്കവും കൂടാതെ സുഷുമ്നയും ഉൾപ്പെടുന്നു. മസ്തിഷ്കവും ഉൾപ്പെടുന്നു. മസ്തിഷ്കവും ശരീരഭാഗങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന നാഡീയ പാലം കൂടിയാണിത്. ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുകയാണ് നാഡീവ്യവസ്ഥയുടെ ധർമ്മം. മൂന്നു തലങ്ങളിലായിട്ടാണ് നാഡീവ്യൂഹത്തിന്റെ പ്രവർത്തനങ്ങൾ. സുഷുമ്നാതലം, (spinal cord level), അധോമസ്തിഷ്കതലം (lower brain level), ഊർദ്ധമസ്തിഷികതലം (upper brain level), എന്നിവയാണവ. മാംസപേശികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത് സെറിബെല്ലം ആണ്.

ശരീരത്തിന്റെ ഓരോ ചലനത്തേയും ഇത് നിയന്ത്രിക്കുന്നു. മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗമാണ് ഊർദ്ധമസ്തിഷ്കം ബോധപൂർവ്വമുള്ള എല്ലാ പ്രവർത്തനങ്ങളുടേയും ഉൽപ്പത്തി സെറിബ്രത്തിൽ നിന്നാണ്. സംവേദനേന്ദ്രിയങ്ങളിലൂടെ വരുന്ന അറിവുകളെല്ലാം അവസാനമായി എത്തിച്ചേരുന്നത് ഇവിടെയാണ്. ബുദ്ധി, ഓർമ്മ, ചിന്ത, ബോധം, ജാഗ്രത മുതലായവയെല്ലാം സെറിബ്രത്തിന്റെ ഉൽപന്നമാണ്.

(തുടരും)

# പുരുഷാർത്ഥങ്ങൾ

എം.ആർ.എസ്. മേനോൻ

ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിങ്ങനെ നാലാണ് പുരുഷാർത്ഥങ്ങൾ. മനുഷ്യജീവിതം ശ്രേയസ്കരമാക്കുന്നതിന് ഭാരതീയ ഋഷിമാർ ഏർപ്പെടുത്തിയ വ്യവസ്ഥകളാണിവ. ധർമ്മമനുസരിച്ച് നേടിയ അർത്ഥത്തെ കൊണ്ട് കാമം (സുഖം) അനുഭവിച്ചു പരമലക്ഷ്യമായ മോക്ഷത്തിന് വേണ്ടി പ്രവർത്തിക്കുക എന്നർത്ഥം.

ലോകത്തിന്റെ സുഗമമായ നിലനിൽപ്പിന് ആധാരം ധർമ്മമാണ്. ധർമ്മം എന്താണ് എന്ന് ആണ് നാം ആദ്യം മനസ്സിലാക്കേണ്ടത്.

ക്രിസ്തുമതം, ഇസ്ലാം മതം, ബുദ്ധമതം എന്നൊക്കെ മററു മതങ്ങളെപ്പറ്റി നാം പറയുമ്പോൾ ഹിന്ദുമതം എന്ന് നാം ഉപയോഗിച്ച് തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. മതം എന്നാൽ അഭിപ്രായം എന്നാണർത്ഥം. ഇതിനെക്കാൾ വിശാലമായ അർത്ഥത്തിൽ സനാതനധർമ്മം എന്നാണ് നാം ഉപയോഗിച്ചു വന്നത്. എല്ലാ മതങ്ങളുടേയും അടിസ്ഥാന ആശയങ്ങൾ ഉൾക്കൊള്ളുന്നതാണ് ധർമ്മം എന്ന പദം. അത് മതത്തിനും അതിതമാണ്. എല്ലാത്തിനെയും ധാരണം ചെയ്യുന്നത് എന്താണോ അതാണ് ധർമ്മം എല്ലാ ജഗത്തിന്റെയും സൃഷ്ടിസ്ഥിതിലയങ്ങൾക്കും കാരണവും എല്ലാ പ്രാണികളുടെയും അഭ്യുന്നതിക്കും. നിശ്രേയസ്സിനും കാരണവും ആകുന്നതെന്തോ അതാണ് ധർമ്മം. അഭ്യുന്നതി എന്നാൽ ഓരോരുവ്യക്തിയുടെയും ജീവിതത്തിലെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന ഉയർച്ച എന്നർത്ഥം. ഈ ഉയർച്ചയുടെ അടിത്തറ ധർമ്മമായിരിക്കണം. നിശ്രേയസ്സ് എന്നാൽ മോക്ഷം, ധർമ്മം നിശ്രേയസ്സിനും കാരണമായിത്തീരണം.

മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം മൃഗങ്ങളെപ്പോലെ ജനിച്ച് ജീവിച്ച് മരിക്കലല്ല. പ്രപഞ്ചരഹസ്യങ്ങളെന്തെന്നറിഞ്ഞ് എല്ലാ ബന്ധങ്ങളിൽ നിന്നും മുക്തനാവുക എന്നതാണ് മോക്ഷം. മരണശേഷം നേടേണ്ട ഒന്നല്ല മോക്ഷം, ജീവിച്ചിരിക്കുമ്പോൾ അനുഭവിക്കാവുന്ന അവസ്ഥയാണത്. ധർമ്മം ആചരിച്ച് ജീവിച്ച് പരമപുരുഷാർത്ഥമായ മോക്ഷത്തെ നേടുക എന്നതാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം.

മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്ന് ചോദിച്ചാൽ സുഖം തേടുക എന്നതായിരിക്കും ഉത്തരം. ലോകത്തെവിയെടും ഉള്ള ഭൂരിപക്ഷ പേരുടെയും അഭിപ്രായം, എങ്ങിനെ ഈ സുഖം തേടും എന്ന ചോദ്യത്തിന് അർത്ഥത്തെ (ധനം) നേടി ആ അർത്ഥം കൊണ്ട് കാമത്തെ (സുഖങ്ങളെ) അനുഭവിക്കുക എന്നായിരിക്കും മറുപടി. പണമുണ്ടാക്കി സുഖമായി ജീവിക്കുക എന്നതാണ് ലക്ഷ്യം എന്ന് ചുരുക്കി പറയാം. എന്നാൽ പണം കൊണ്ട് നേടുന്ന ഈ സുഖം ശാശ്വതമാണോ. ഭൗതികമായി നേടുന്ന ഏത് സുഖവും താൽക്കാലിക സന്തോഷം മാത്രമാണു നൽകുന്നത്. മാത്രവുമല്ല അർത്ഥലാഭത്തിന് ഏത് മാർഗ്ഗവും സ്വീകരിക്കാമെന്നിരിക്കെ ഒരാൾ അർത്ഥം നേടുന്ന വഴി മറ്റുള്ളവർക്ക് ദു:ഖമുണ്ടാക്കുന്നതാവാം. "അവനവനാത്മസുഖത്തിനാചരിക്കുന്നതപരന് സുഖത്തിനായ് വരണം" എന്ന ശ്രീ നാരായണ ഗുരുദേവ വചനം നാമീയവസരത്തിൽ സ്മരിക്കണം. നാം അർത്ഥം തേടുന്ന വഴി ധർമ്മത്തിൻ അധിഷ്ഠമായിരിക്കണം അങ്ങനെ നേടുന്ന ധനം കൊണ്ട് അനുഭവിക്കുന്ന സുഖവും ധർമ്മത്തിൽ

അധിഷ്ഠിതമായിരിക്കണം അതിസുന്ദരിയും ബുദ്ധിമതിയും ആയ ഭാര്യ ഉണ്ടായിട്ടും കാമത്തിന് അധീനനായി പരദാരങ്ങളെ തേടിയ രാവണകഥ ഇതിനൊരുദാഹരണമാണ്. ഇന്ന് മനുഷ്യജീവിതം അധർമ്മത്തിൽ കൂടി അർത്ഥം നേടി അധർമ്മാധിഷ്ഠിതമായ സുഖം തേടുന്നു എന്നതാണ് ലോകം നേരിടുന്ന എല്ലാ ദുഖങ്ങൾക്കും കാരണം. ലോകത്തിൽ മനുഷ്യന് മാത്യമല്ല സർവ്വചരാചരങ്ങൾക്കും നിലനിൽപ്പിന് ആശ്രയിക്കേണ്ടിവരുന്നത് ധർമ്മത്തെയാണ്. ധർമ്മത്തിന്റെ സ്വരൂപം സൂക്ഷ്മമാണ്. ഭാരതീയ സംസ്കൃതിയുടെ അടിത്തറയാണ് ധർമ്മം. വേദമൂലം ധർമ്മം എന്നാണ് പ്രമാണം. ധർമ്മത്തിന്റെ സൂക്ഷ്മഭാവങ്ങളെ മനസ്സിലാക്കിത്തരാനാണ് ഇതിഹാസങ്ങൾ രചിച്ചത്. “രാമോ വിഗ്രഹവാൻ ധർമ്മ” ധർമ്മത്തിന്റെ വിഗ്രഹരൂപമായ രാമന്റെ കഥയിലൂടെ വാത്മീകി ധർമ്മസ്വരൂപത്തെ വ്യക്തമാക്കുന്നു. നിരവധി സന്ദർഭങ്ങളിൽ രാമായണം ധർമ്മത്തെ വ്യാഖ്യാനിക്കുന്നു ലോകത്ത് രചിച്ചിട്ടുള്ളതിൽ ഏററവും ബൃഹത്തായ കാവ്യമായ മഹാഭാരതം ധർമ്മാധർമ്മങ്ങളുടെ കഥയാണ്. ‘ധർമ്മോ രക്ഷതി രക്ഷിത’ എന്ന വാക്യം മഹാഭാരതത്തിൻ നിരവധി തവണ ആവർത്തിച്ചിട്ടുണ്ടു. മഹാഭാരതത്തിൻ ഉടനീളം ധർമ്മത്തിന്റെ നിർവ്വചനങ്ങൾ കാണാം. സർവ്വവേദാന്തസാരസംഗ്രഹം എന്ന് വിശേഷിപ്പിക്കപ്പെടുന്ന മഹാഭാരതാന്തർഗതമായ ശ്രീമദ്ഭഗവദ്ഗീത ആരംഭിക്കുന്നതുതന്നെ ‘ധർമ്മക്ഷേത്രേ കുരുക്ഷേത്രേ’ എന്നാണ്. ധർമ്മത്തിന് ഗ്ലാനി സംഭവിക്കുമ്പോൾ ഞാൻ അവതരിക്കുന്നു എന്നാണ് ഭഗവാൻ ഗീതയിൽ പ്രഖ്യാപിക്കുന്നത്. ധർമ്മം എന്ന പദത്തിന് തുല്യമായ അർത്ഥം നൽകുന്ന മറ്റൊരുപദം ലോകഭാഷകളിലൊന്നും ഇല്ല. ധർമ്മം എന്നതിലൂടെ അത്ര ഉന്നതമായ ആശയമാണ് ഭാരതം ലോകത്തിന് നൽകിയത്

(തുടരും).

****

## നാരായണീയ ദിനാഘോഷം

2021 ഡിസംബർ 13-ാം തീയതി (വൃശ്ചികം 28) നാരായണീയദിനത്തിൽ ശ്രീമതി ഇന്ദിരാഭായിയുടെ നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7 മണി മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു. എല്ലാവർക്കും സ്വാഗതം

ജനറൽ സെക്രട്ടറി

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

# മിന്നലാട്ടം

ജി. മാധവൻ നായർ

**ചി**ലരുടെ ജീവിതമങ്ങിനെയാണ്. എവിടേയും എത്തിച്ചേരുകയില്ല. ഒരു ശുഭചിന്ത പോലും വച്ചു പുലർത്താനാകില്ല. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു. വ്യക്തമായ ഒരുത്തരം ലഭിക്കില്ല. പലപ്പോഴും ജ്യോതിഷിയുടെ ഗണനം തകിടം മറിയുന്നു. അല്ലെങ്കിൽ തന്നെ അങ്ങകലെയുള്ള അദൃശ്യമായ സാധുഗ്രഹങ്ങളെ എന്തിനു പഴിക്കണം. ഭൂമുഖത്തു നിന്നും ശതകോടികൾ അകലെയുള്ള അവർ ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള അവസ്ഥാന്തരങ്ങൾക്ക് എങ്ങിനെ ഭാഗഭാക്കാകും. തർക്കവിഷയമാണ്. അതുകൊണ്ടിവിടെ നിർത്താം.

നാട്ടിൻ പുറത്ത് ജനിച്ച്, നാനാസ്ഥലങ്ങളിൽ പോയി പണി എടുത്ത് അവസാനം നഗരത്തിൽ സ്ഥിരതാമസമാക്കിയ സുകേശന്റെ വീടിനു സമീപം ആളുകൾ കൂടിനില്ക്കുന്നു. രാവിലെ പാലു വാങ്ങാൻ പോയ അയാൾ അത് കണ്ടിട്ട് പരിചിതനായ ഒരാളോടു ചോദിച്ചു എന്താണിവിടെ ഒരാൾ കൂട്ടം

നമ്മുടെ സുകേശൻ കഴിഞ്ഞ രാത്രി മരിച്ചു.

ഒട്ടും വിശ്വാസം വരാത്തതിനാൽ സംശയ നിവർത്തിക്കായി പൂർണ്ണവിവരമാരാഞ്ഞു.

ചികിത്സയെല്ലാം കഴിഞ്ഞ്, മിക്കവാറും ഭേദമായ രീതിയിൽ തിരിച്ചെത്തിയതാണ്. പക്ഷേ ഇന്നലെ രാത്രിയിൽ പെട്ടെന്നൊരു ചുമയും പനിയും വന്നു. വീടിനു പുറത്തിറങ്ങി, പൊടിയും, പുകയും മറ്റു വിഷവാതകങ്ങളൊന്നും ശ്വസിയ്ക്കരുതെന്ന് ഡോക്ടറുടെ നിർദ്ദേശമുണ്ടായിരുന്നുത്രെ. അതെല്ലാം അവഗണിച്ച് മിനിയാന്ന് ബൈക്കെടുത്ത് പഴയ ഓഫീസ്സിലേക്ക് പോയി എന്നു പറയുന്നു. അന്നു തന്നെ രോഗവും പിടിപെട്ടു.

വിവരമുള്ള പണിക്കർ സാർ, അവിടെ നിന്നിരുന്ന എല്ലാവരോടുമായിട്ടു പറഞ്ഞു. അധ്യാപകനായിരുന്ന അദ്ദേഹം വിശദീകരിക്കുകയും ചെയ്തു.

ശ്വാസകോശങ്ങളെ ബാധിച്ച രോഗാണു പെട്ടെന്നു തന്നെ ദുർബ്ബലമായ ശരീരത്തെ കീഴടക്കി. ഇങ്ങിനെയുള്ള ഒരവസ്ഥയിൽ സൂക്ഷിച്ചു വേണം പുറത്തിറങ്ങാൻ എന്നത് ലംഘിച്ചതിന്റെ തിക്ത ഫലമാണീമരണം എല്ലാവർക്കും ഇതൊരു പാഠമാണ്.

അത് കേട്ട്, അവിടെ നിന്നവരോരുത്തരായി അല്പം ഭയപ്പാടോടെ പിരിഞ്ഞുപോയി. അയാൾ വീട്ടിലെത്തി ഭാര്യയോടു വിവരങ്ങൾ ധരിപ്പിച്ചു. അവർക്കും നല്ല മനപ്രയാസമുണ്ടായി. മരണപ്പെട്ട സുകേശന്റെ അമ്മ അവരുടെ നല്ല ഒരു സുഹൃത്താണ്. എന്നും വെളുപ്പിന് ക്ഷേത്രത്തിൽ വച്ച് കാണുന്നതാണ്. അപ്പോൾ നാട്ടിലെ സംഭവവികാസങ്ങളെല്ലാം പരസ്പരം കൈമാറും. മക്കളുടെ കാര്യങ്ങളും സംഭാഷണത്തിൽ ഉരുത്തിരിഞ്ഞു വരും.

നന്നേ ചെറുപ്പത്തിൽ തന്നെ സൈനിക സേവനത്തിനു നിയോഗിക്കപ്പെട്ടവനാണ് സുകേശൻ. കഷ്ടപ്പാടും, ദാരിദ്ര്യവും നടമാടിയ ഒരു കുടുംബത്തിലായിരുന്നു അവന്റെ ജനനം. പത്താംക്ലാസ്സ് ജയത്തോടെ ഒരു സാങ്കേതികമായ തുടർവിദ്യാഭ്യാസം കൂടി നേടിയതിന്റെ പേരിലായിരുന്നു പട്ടാളത്തിൽ ജോലി തരമായത്. അവന്റെ ത്യാഗബുദ്ധിയോടുള്ള സമീപനത്താൽ കുടുംബത്തിന് നല്ല ഒരു സാമ്പത്തിക സംരക്ഷണം കൈവന്നു. രണ്ടു സഹോദരന്മാരുടെ പഠനത്തിൽ അത്രയ്ക്ക് സാമർത്ഥ്യം പ്രകടിപ്പിക്കാതിരുന്നതിനാൽ ചില ചില്ലറ ജോലികളിലേർപെട്ടു. അവരെല്ലാം വിവാഹിതരായതിനുശേഷമാണ് സുകേശൻ അതിനെ പറ്റി ചിന്തിച്ചത് തന്നെ. രോഗഗ്രസ്തനായ പിതാവിന്റെ നിർബ്ബന്ധത്തിനു വഴങ്ങി, അവൻ ആശയെ കല്യാണം കഴിച്ചു. അവൾക്ക്, അവനേക്കാൾ

മെച്ചപ്പെട്ട വിദ്യാഭ്യാസയോഗ്യതയുണ്ടായിരുന്നു. മത്സര പരീക്ഷയാൽ നല്ല വിജയം കൈവരിച്ചതിനാൽ സർക്കാരിന്റെ ഒരു വകുപ്പിൽ ഭേദപ്പെട്ട ഒരു ജോലി ലഭിച്ചു. ആ ജോലി കൈവന്നതോടെ അല്പമൊരഹന്തയും അതോടൊപ്പം തന്നിൽ നിന്നൊരകൽച്ചയും അവൾക്കു വന്നതായി അവനുതോന്നാതിരുന്നില്ല.

സൈനിക ജീവിതത്തിനിടയിൽ സ്നേഹിതന്മാരുടെ കൂട്ടായ്മയിൽ, അവധി ദിവസങ്ങളിൽ ചില സംഗീതസദസ്സുകൾ ഉണ്ടാകാറുണ്ട്. അപ്പോൾ ഭക്ഷണത്തിനു മുമ്പ് ഒരു ഉത്തേജനത്തിനായി ലേശം മദ്യപാനം എല്ലാവർക്കുമൊപ്പം അവനും നടത്താറുണ്ടായിരുന്നു. ഒരിക്കലും അതൊരു സ്വഭാവമായി മാറിയിട്ടില്ല. പ്രത്യേകിച്ചും വിവാഹശേഷം അപൂർവ്വമായി മാത്രമേ അത്തരം വേളകളിൽ പങ്കെടുക്കാറുള്ളൂ.

കഠിനമായ കാലാവസ്ഥയിലും കഴിഞ്ഞ കൂടാൻ കഴിയാത്ത കാനനപ്രദേശങ്ങളിലും അതുപോലെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മലകളുടെ ഉച്ചിയിൽ പ്രവർത്തിക്കുന്ന അവസരങ്ങളിലും കുടുംബത്തിനുവേണ്ടി അവൻ അങ്ങേയററം ക്ലേശിച്ചു. കർത്തവ്യബോധമുള്ള പട്ടാളക്കാരൻ, സ്നേഹനിധിയായ ഭർത്താവ് ത്യാഗസ്വരൂപനായ മകൻ സഹോദരൻമാരോടു സദാ സമ്പർക്കം പുലർത്തുന്ന പ്രിയ കൂടപ്പിറപ്പ് എന്നിവയെല്ലാം ഒത്തു ചേർന്ന മനുഷ്യരൂപം. രോഗത്തിനടിമപ്പെട്ട് അധിക നാൾ കിടപ്പിലാകാതെ അച്ഛൻ മരണമടഞ്ഞു.

നിർബ്ബന്ധിതമായി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ട് സമയമായതിനാൽ അപ്പോൾ അവന് നാട്ടിൽ പോകാൻ കഴിഞ്ഞില്ല. പിന്നീടവസരം വന്നപ്പോഴാണ് പരേതനുമായ ബന്ധപ്പട്ട ചില അനുഷ്ഠാനക്രിയകൾ നിർവ്വഹിക്കപ്പെട്ടത്.

അവധിക്കു വന്ന സമയത്ത് അവന്റെ ഭാര്യയും മകളും വീട്ടിലേക്കു വന്നില്ല. അവധികിട്ടുവാൻ പ്രയാസമാണെന്നറിയിച്ചതിനാൽ അവൻ അവളുടെ ജോലിസ്ഥലത്തേയ്ക്കു ചെന്നു. പെൻഷൻപറ്റി പിരിഞ്ഞ അധ്യാപകദമ്പതികളോടൊപ്പം വാടകവീട്ടിലാണവൾ കഴിഞ്ഞത്. പൊന്നോമനക്കു വേണ്ടുന്ന ഉടുപ്പുകളും സ്കൂളിലെ ആവശ്യത്തിനുള്ള പുസ്തകങ്ങളും മറ്റനുസാരികളുമെല്ലാം വാങ്ങിക്കൊണ്ടു പോയിരുന്നു. അന്യനാട്ടിലെ പലഹാരങ്ങൾ ആ കുട്ടിക്ക് പണ്ടേ പഥ്യമായിരുന്നു. അതും സുകേശൻ കരുതിയിരുന്നു. അച്ഛനെ കണ്ടപ്പോൾ മോള് അത്യധികം സന്തോഷത്തോടെ ഓടിവന്ന് കെട്ടിപിടിച്ചു. എന്നാൽ അമ്മയുടെ ഭാഗത്തു നിന്ന് അത്രയ്ക്ക് നല്ല ഒരു പ്രതികരണമുണ്ടായില്ല.

തിരിച്ചു വീട്ടിലെത്തിയപ്പോൾ അമ്മയുടെ അന്വേഷണങ്ങൾക്ക് യാഥാർത്ഥ്യം മറച്ചുവച്ചു കൊണ്ടാണ് മറുപടി നൽകിയത്. കൂടുതലൊന്നും ചോദിക്കാതെ തന്നെ ബുദ്ധിമതിയായ മതാവിന് എവിടെയോ ഒരു പാകപിഴ സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലായി. സഹോദരന്മാരോടും, കുട്ടികളോടുമൊപ്പം പ്രസന്നവദനനായി കുറച്ചു ദിവസങ്ങൾ കഴിച്ചു കൂട്ടി അവൻ, ജോലിസ്ഥലത്തേക്ക് മടങ്ങി.

ഇരുപത് വർഷം സേവനം പൂർത്തിയാക്കിയാൽ ജോലിയിൽ നിന്നും സ്വയം പിരിഞ്ഞു പോകാം എന്ന് ഒരു വ്യവസ്ഥയുണ്ട്. അർഹതപ്പെട്ട മുഴുവൻ പെൻഷൻ കിട്ടുകയും ചെയ്യും. കൂടാതെ നാട്ടിലെത്തിയാൽ വിമുക്തഭടനെന്ന പരിഗണനയിൽ സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും ഒരു ജോലികിട്ടുവാനും സാദ്ധ്യതയുണ്ട്. ഭാര്യയും, കുഞ്ഞുമായിട്ടുള്ള ഒരു കുടുംബജീവിതത്തിന് ഇത്രയും നാൾ കഴിഞ്ഞിട്ടില്ല. ഇനിയും വൈകാതെ മകളേയും സഹധർമ്മിണിയേയും അവളുടെ മാതാപിതാക്കളുടെ സംരക്ഷണേയിൽ നിന്നൊഴിവാക്കണം എന്നിരുന്നാലെ വരും കാലജീവിതത്തിനൊരർത്ഥമുണ്ടാകുകയുള്ളൂ.

അങ്ങിനെ സ്വയം ഇംഗിതത്തിനു വഴങ്ങി ഒദ്യോഗികജീവിതമവസാനിപ്പിച്ച് സ്വന്തം നാട്ടിലെത്തി. അച്ഛൻ ഗ്രാമപ്രദേശത്തുള്ള കുടുംബസ്വത്തെല്ലാം വിറ്റ്, നഗരത്തിലെത്തി, സ്ഥലം വാങ്ങി പണിയിച്ച വീടാണ്. സഹോദരൻമാരിൽ ഒരാൾ കുറച്ചകലെയാണ് താമസം. അമ്മയുടെ കൂടെ ഇളയസഹോദരനും അവന്റെ കുടുംബവുമുണ്ട്. ഭാര്യ ഇനി ഇങ്ങോട്ടു മാറ്റം വാങ്ങിവരികയാണെങ്കിൽ മറ്റൊരു വാസസ്ഥലം കണ്ടുപിടിക്കണം. അവൾക്ക് അതിൽ അങ്ങേയറ്റം നിർബന്ധമുണ്ട്. കൂട്ടുകുടുംബമായി കഴിച്ചു അതിൽ കടുത്ത കാലുഷ്യം കാണിക്കുന്ന അവൾ എപ്പോഴും അവന്റെ മുൻപിൽ ദുർമുഖിയായിട്ടാണ് നിലകൊണ്ടിരിക്കുന്നത്.

ഏതായാലും അവൾ മറ്റൊരു സ്ഥലത്താണ് ജോലി ചെയ്യുന്നത് എന്നതിനാൽ തല്ക്കാലം ഒരു വീടുമാറ്റത്തിന്റെ ആവശ്യമില്ല എന്ന അമ്മയുടെ ഉപദേശം അവൻ പരിഗണിച്ചു. ഒരു സ്ഥലമാറ്റം കിട്ടി, ഈ ഭാഗത്തേക്ക് വരുന്ന മുറക്ക് അവളുടെ ആവശ്യം അംഗീകരിക്കാമെന്നത് അവൾക്കൊട്ടും സ്വീകാര്യമായില്ല. അവിടുന്നങ്ങോട്ടുള്ള കലഹം പിണക്കത്തിലവസാനിച്ചു. വല്ലപ്പോഴും കുട്ടിയേയും അവളേയും കാണുന്നതിനായി ജോലിസ്ഥലത്തെത്തുമ്പോൾ തികച്ചും അവഗണനയായിരുന്നു. അവളുടെ അച്ഛനമ്മമാർ ഒരിക്കലും സഹകരണ മനോഭാവം കാട്ടിയിരുന്നുമില്ല.

വിരമിച്ച സൈനികനു, നിശ്ചയിച്ചിട്ടുള്ള സംവരണം തത്വം പാലിച്ച് കൊണ്ട് ഒരു സർക്കാർ ജോലി തരമായി. ഒരു ദേശസാൽകൃത ബാങ്കിലെ ക്ലാർക്ക് ജോലി. സുകേശൻ സന്തോഷത്തോടെ സ്വീകരിച്ചു. വീട്ടിൽ നിന്ന് കുറച്ചകലെ ആയതിനാൽ സ്വന്തമായിട്ടൊരു ബൈക്ക് വാങ്ങി. അതിൽ യാത്ര ചെയ്ത് ബസ്റ്റാൻഡിലെത്തും. അതവിടെ വച്ചശേഷം പിന്നീടുള്ള സഞ്ചാരം പൊതുവാഹനത്തിലായിരിക്കും. ദിവസങ്ങൾക്കകം ആ ബാങ്കിലെ സഹപ്രവർത്തകരുടെയിടയിൽ അവൻ ശ്രദ്ധേയനായി. ഏതു കാര്യത്തിനും പ്രാവീണ്യം കാട്ടുന്ന പ്രകൃതവും പ്രവർത്തനശേഷിയും അവനെ അവരുടെ പ്രിയങ്കരനാക്കി. നന്മയുടെ ഒരാൾരൂപമായിട്ടാണവനെ കൂടെയുള്ളവർ കണക്കാക്കിയത്.

ഒരിക്കൽ ധർമ്മപത്നിയേയും തനൂജയേയും കാണാൻ അവളുടെ താമസസ്ഥലത്തെത്തിയപ്പോൾ ആ വീട് അടച്ചിട്ടിരിക്കുയാണ്. നേരത്തെ അറിയിക്കാത്തതിനാൽ അവൾ അച്ഛനമ്മമാരോടൊപ്പം എങ്ങോപോയി. അടുത്ത വീട്ടിലെ സ്ത്രീ സുകേശൻ വരികയാണെങ്കിൽ കൊടുക്കണമെന്ന് പറഞ്ഞേൽപ്പിച്ച കത്ത് കൊണ്ടുവന്ന് ഏല്പിച്ചിട്ട് ഊതികെട്ടിയ ഒരു മുഖത്തോടെ വേഗം പിൻ വലിഞ്ഞു. ഗുരുവായൂർ ക്ഷേത്രത്തിൽ ഭഗവൽ ദർശനത്തിനു പോകുകയാണെന്നായിരുന്നു അതിലെ അറിയിപ്പ്. തീർത്തും നിരാശനായിട്ടാണ് അന്നു മടങ്ങിയത്.

തിരിച്ചു നാട്ടിലെത്തി നേരെ പോയത് സേവനത്തിൽ നിന്നും വിരമിച്ച സൈനികർക്കുള്ള കാന്റീനിലേക്കായിരുന്നു. വീട്ടു സാധനങ്ങൾ വാങ്ങിയ കൂട്ടത്തിൽ വളരെ നാളു കൂടി തനിക്കനുവദീനമായ മദ്യത്തിന്റെ മുഴുവൻ വീതവും വാങ്ങി ഗൃഹത്തിലെത്തി. മുറിയിൽ കയറിയശേഷം ഒരു കുപ്പി തുറന്ന് അതിൽ നിന്ന് ചുവന്ന ഉത്തേജകം മേശപ്പുറത്തിരിക്കുന്ന ഗ്ലാസ്സിന്റെ പകുതി വരെ പകർന്നു അവിടെയുണ്ടായിരുന്ന ബൗളിലേ വെള്ളം ഗ്ലാസ്സിലൊഴിച്ച് ഒരൊറ്റവലിയ്ക്കുള്ളിലാക്കി. തുടരെ തുടരെ കഴിച്ചശേഷം സുഷുപ്തിയിലേക്കു വീണു പോയ അവൻ ശയ്യയിലമർന്നു.

രാത്രിയിലെപ്പഴോ വന്ന് അമ്മ വിളിച്ചപ്പോൾ അവൻ ഞെട്ടിയുണർന്നു.

എടാ സുകേശാ നിനക്കെന്തുപറ്റി

നന്നേ വിഷമിച്ച് ഉള്ളിലുയർന്ന വിഷാദം മറച്ചു പിടിക്കാനാകാതെ പെറ്റതള്ളകണ്ണീരൊഴുക്കികൊണ്ട് വീണ്ടും ചോദിച്ചു.

നീ നന്നായി കുടിച്ചിട്ടുണ്ടല്ലോ? പെട്ടെന്നെന്തുണ്ടായി അങ്ങനെ ഒരു സ്വഭാവം നിനക്കില്ലായിരുന്നല്ലോ. എന്താണ് മോനേ കാര്യം.?

അമ്മയുടെ മുൻപിൽ പിടിച്ചു നിൽക്കാനാവാതെ അവൻ പൊട്ടിക്കരഞ്ഞു.

അമ്മ ക്ഷമിക്ക്, അവളെന്നെ അത്രയ്ക്ക് വേദനിപ്പിച്ചു. എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. എന്റെ പൊന്നമ്മയല്ലേ ഇനി ഉണ്ടാവില്ല.

ദിവസങ്ങൾ കഴിയുന്തോറും അവനിൽ മദ്യാസക്തി വർദ്ധിച്ചു വന്നു. ക്രമേണ മുഴുക്കുടിയൻ എന്ന പേരും ലഭിച്ചു. അങ്ങിനെ ഒരു ദിവസം കുടുംബക്കോടതിയിൽ നിന്നൊരു രജിസ്റ്റേഡ് കത്ത് കിട്ടി. അവൾ വിവാഹമോചനത്തിനായി, കൊടുത്ത കേസ്സിൽ കക്ഷിയായ അവനു വന്ന നോട്ടീസ്സായിരുന്നു അത്. അതൊടെ അതിരാവിലെ തന്നെ ലഹരി കഴിച്ചിട്ടായിരിക്കും വെളിയിലേക്ക് പോകുന്നത്. സഹോദരന്മാർ ഇടപെട്ട് എതിർത്ത് സംസാരിച്ചിട്ടും അവനത് നിർത്തിയില്ല. അമ്മയുടെ കണ്ണീരൊഴുക്കും പ്രാർത്ഥനയുമൊന്നും ഫലിച്ചില്ല. പെട്ടെന്നൊരു ദിവസം സുകേശൻ നടന്നുപോകുമ്പോൾ റോഡിൽ പെട്ടെന്ന് തലചുറ്റിവീണു കൂടി നിന്നവരിൽ ഒരു പരിചയക്കാരൻ ഒരോട്ടോ പിടിച്ച് അവനെ വീട്ടിലെത്തിച്ചു.

വല്ലപ്പോഴും മാത്രം ഭക്ഷണം കഴിച്ചിരുന്നതിനാൽ ആരോഗ്യ സ്ഥിതി വളരെ പരുങ്ങലിലായിരുന്നു എന്നാലും മദ്യപാനത്തിൽ നിന്നും

മുക്തനാകുവാൻ സുകേശൻ ഒരു ശ്രമവും നടത്തിയില്ല. അങ്ങിനെയിരിക്കെ ഒരു രാത്രിയിൽ മയക്കത്തിനിടയിൽ പെട്ടെന്നു ശർദ്ദിച്ചു. അത് കുറച്ചു നീണ്ടു നിന്നു. പലപ്പോഴും ഉണ്ടാകാറുള്ള ഒരു സംഗതിയായതിനാൽ ആരും അത്രങ്ങോട്ടു ഗൗനിച്ചില്ല. നേരം വെളുത്ത് അമ്മ വന്ന് നോക്കുമ്പോൾ അവൻ കിടക്കയിൽ കുഴഞ്ഞ് കിടക്കുകയാണ്. ശർദ്ദിലിന്റെ കൂട്ടത്തിൽ പീതവർണ്ണത്തിലുള്ള ശ്രവവും കടും ചുവപ്പു നിറത്തിലുള്ള രക്തവും കണ്ടു.

ഒട്ടും താമസിക്കാതെ അവനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടുത്തെ ചികിത്സ തുടങ്ങിയപ്പോൾ കരൾ രോഗചികിത്സാപ്രവീണനായ ഡോക്ടർ നിർദ്ദേശങ്ങൾ നൽകിയതിൽ ഏറ്റവും പ്രധാനപ്പെട്ടത്. മുഴുവനായിട്ടുള്ള മദ്യവർജ്ജനമായിരുന്നു. കരളിന്റെ പ്രവർത്തനം ഒട്ടുമുക്കാലും പ്രവർത്തനരഹിതമായിരുന്നു അതിന് കാരണമായത് ചികിത്സക്കിടയിൽ വന്ന മഞ്ഞപിത്തമാണ്. ഇനിയും ഒരു തുള്ളി മദ്യം പോലും കഴിക്കാനുള്ള അവസ്ഥ ആ ശരീരത്തിനില്ല എന്നുള്ള വസ്തുത അവൻ മനസ്സിലാക്കി.

ഏതാണ്ട് രോഗവിമുക്തനായി തിരികെ വീട്ടിലെത്തിയപ്പോൾ അവൻ അമ്മയുടെ മുൻപിൽ ഒന്നുമുരിയാടാതെ പകച്ചങ്ങിനെ നിന്നു. എന്താണു മോനേ, നിനക്കെന്തോ പറയാനുണ്ടല്ലോ, മടിക്കാതെ പറഞ്ഞോളൂ. അവളേയും മോളേയും കണ്ടിട്ട് ഏറെനാളായി എനിക്കവരെ കാണാൻ കൊതിയാകുന്നു. ഞാൻ പറഞ്ഞാൽ അവളനുസരിക്കില്ല. അത് കൊണ്ട് അമ്മ തന്നെ അവളെ വിളിച്ചൊന്നു പറയുമോ.? നിന്നോട് പറയണ്ട എന്നു വിചാരിച്ചതാണ് ആശുപത്രിയിൽ നീ കിടക്കുമ്പോൾ ഞാനവളെ വിളിച്ചിരുന്നു. ക്ഷമയോടെ എല്ലാം മൂളികേട്ടു. പക്ഷേ വരുന്ന കാര്യം ഒന്നും പറഞ്ഞില്ല. നീ ഇനി അത് മറന്നേക്ക്.

അമ്മ അതു കൂടി പറഞ്ഞപ്പോൾ അവന്റെ ഉള്ളൊന്നു പിടഞ്ഞു. കണ്ണുകളിൽ ഇരുട്ട് വീണു. ആഴമുള്ള ഒരു കയത്തിലേക്ക് വേഗത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയാണെന്നവനുതോന്നി.

മനസമാധാനത്തിനും, സമചിത്തത വീണ്ടെടുക്കുവാനുമായി ദേവലായങ്ങളിൽ പോയി പ്രാർത്ഥിക്കുവാൻ തുടങ്ങി. പതിവായി അമ്മ പുരാണഗ്രന്ഥപാരായണങ്ങൾ നടത്തുമ്പോൾ അരികിൽ തന്നെയിരുന്ന് ശ്രദ്ധിച്ചു. ആത്മീയതയുടെ പരിവേഷത്തിൽ തികച്ചും ശാന്തനായി അവൻ ദിവസങ്ങൾ തള്ളി നീക്കി. അതിനിടയ്ക്ക് ഒരു ദിവസം പെട്ടെന്ന് പനിയും വിറയലും വന്നു. പ്രശസ്ത ആശുപത്രിയിൽ എത്തിച്ചെങ്കിലും ചികിത്സകൾ ഒന്നും ഫലവത്തായില്ല വളരെ പെട്ടെന്നു തന്നെ അവനീലോകം വിട്ടു പോയി.

അയാൾ ഉച്ച കഴിഞ്ഞ് ഉറക്കത്തിനു വട്ടം കൂട്ടുന്നതിനാലാണ് കാക്കി കുപ്പായമണിഞ്ഞ സന്ദേശവാഹകന്റെ വരവ്. തനിക്കുള്ള കത്ത്. നൽകിയശേഷം വൃദ്ധനായ ആ മനുഷ്യനിൽ നിന്ന് സുകേശന് ഒരു രജിസ്റ്റർ ചെയ്ത കത്ത് ഉണ്ടായിരുന്നെന്നും, മരണപ്പെട്ടതിനാൽ നൽകുവാൻ കഴിഞ്ഞില്ല എന്നുമാണറിവായത്.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ അയാൾ നടന്നു വരുന്ന വഴി സുകേശന്റെ ഇളയ സഹോദരനെ കണ്ടു. സംസാരത്തിനിടയിൽ, വക്കിലാപ്പീസിൽ നിന്ന് സുകേശന്, വിവാഹ മോചനമനുവദിച്ചു എന്നുള്ള വിവരം അറിയിച്ചതായി പറഞ്ഞു. രജിസ്റ്റർ ആയി വന്ന കത്ത്, ആ സന്ദേശം ധരിപ്പിച്ചുകൊണ്ട് കുടുംബകോടതിയിൽ നിന്നുള്ള അറിയിപ്പായിരുന്നു എന്നു കൂടി അവൻ കൂട്ടിച്ചേർത്തു.

***


## THOTTEKKATT DIWAN'S MEMMORIAL HALL

### ERNAKULAM KARAYOGAM

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

1197 വൃശ്ചികം 1 - 30

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160

**ജ്യോതിഷാചാര്യൻ: അച്ചുതൻ നായർ**
Mob : 9447332125
email: achuthannair2000@gmail.com

# മാസഫലം

**2021 നവംബർ 16 മുതൽ ഡിസംബർ 15 വരെ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യത്തെ 15 നാഴിക) ഈ



കൂറുകാർക്ക് ശനി, സൂര്യൻ, കുജൻ പ്രതികൂലത്തിലും ശുക്രൻ അനുകൂലത്തിലും ആകയാൽ പുത്രധനലാഭം, സ്ത്രീസുഖലാഭം, സ്ഥാനലാഭം തുടങ്ങിയ ഗുണാനുഭാവങ്ങളും, ബന്ധുജനകലഹം, കാര്യവിഘ്നം, ധനനാശം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശിവൻ, ശാസ്താവ് ഇവർക്ക് എണ്ണ, മാല, പായസം, പുഷ്പാജ്ഞലി ശിവന് ധാര ഇവ നടത്തു കയും ചെയ്യുക.

ഇടവക്കൂർ (കാർത്തിക 2,3,4 പാദങ്ങൾ, രോഹിണി, മകയീര്യം 1,2



പാദങ്ങൾ) ഈ നാളുകാർക്ക് സൂര്യൻ, ശനി, രാഹു പ്രതി കൂലത്തിലും ശുക്രൻ അനുകൂല ഭാവത്തിലും ആകയാൽ സമ്പദ്സമൃദ്ധിയും ധനലാഭം, സുഖലാഭം, ജയം, സർവ്വ സൗഭാഗ്യസിദ്ധിയും, ദേഹാദ്ധ്വാനം, രക്തസ്രാവം, ദാരിദ്ര്യം, ധർമ്മപ്രവൃത്തികൾക്ക് തടസ്സം, പിതൃസ്ഥാനീയർക്ക് ദോഷം, ദുഖം, ദേഹപീഡ മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശിവൻ, ശാ സ്താവ്, നാഗക്ഷേത്രം ഈ ക്ഷേത്രങ്ങളിൽ എണ്ണ, മാല, പായസം, പുഷ്പാജ്ഞലി ശിവന് ധാര സർപ്പങ്ങൾക്ക് നൂറും, പാലും കദളി പ്പഴം, പാൽപ്പായസം ഇവ നടത്തുകയും ചെയ്യുക.

മിഥുനക്കൂർ (മകീര്യം 3,4, പാദങ്ങൾ, തിരുവാതിര, പുണർതം1,2,3 പ



ാദങ്ങൾ ഈ കൂറുകാർക്ക് ശനിയും, ശുക്രനും, രാഹുവും പ്രതികൂലത്തിലും സൂര്യൻ അനുകൂല ഭാവത്തിലും ആക യാൽ രോഗശമനം, ശത്രുനാശം, ശോകമോഹനിവൃത്തി യും കാര്യജയം, സൗഭാഗ്യസിദ്ധിയും ഭാര്യാദുഖം, ജ്വരം ഉചിതമല്ലാത്ത ചിന്തകൾ, സന്താനക്ലേശം, വിത്തനാശം, പശുനാശം മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ഗണപതിഹോമവും, ശാ സ്താവിന് അപ്പം, അട, പുഷ്പാഞ്ജലി, കരിക്ക് അഭിഷേകം ഇവ നടത്തുകയും ചെയ്യുക.

കർക്കിടകക്കൂർ (പുണർതം 4-ാം പാദം, പൂയ്യം, ആയില്യം) ഈ കൂറു



കാർക്ക് സൂര്യൻ, ശുക്രൻ, കുജൻ പ്രതികൂലത്തിലും, രാഹു അനുകൂലഭാവത്തിലും ആകയാൽ അപ്രതീക്ഷിത ഭാഗ്യവും, ശോഭനകർമ്മങ്ങൾക്ക് യാത്ര, സ്ത്രീസൗഖ്യം, പുത്രലാഭം മുതലായ ശുഭഫലങ്ങളും മരണക്ലേശങ്ങൾ, അരിഷ്ഠത, ധനനഷ്ടം, ആപത്ത്, മാർഗ്ഗഭംഗം, ജീവിതപങ്കാളിയ്ക്ക് രോഗങ്ങൾ മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശിവനും, സുബ്രഹ്മണ്യ നും, ഭദ്രകാളിക്കും എണ്ണ, മാല, പായസം, പുഷ്പാഞ്ജലി, ശിവന് ധാര, ഗണപതിഹോമം ഇവകൾ നടത്തി ദോഷശാന്തി വരുത്തുക.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1-ാം പാദം) ഈ നാളുകാർക്ക് സൂര്യൻ



പ്രതികൂല ഭാവത്തിലും, ശനി, ശുക്രൻ, ഇഷ്ടഭാവത്തിലും ആയതിനാൽ രോഗക്ലേശങ്ങൾ ഉദരരോഗങ്ങൾ, സ്ഥാന ഭ്രംശം, ബന്ധുക്കളെകൊണ്ട് ദു:ഖം, ശത്രുഭയം മുതലായ ദോഷഫലങ്ങളും, കാര്യജയം സുവർണ്ണ ആഭരണലാഭം, സന്തോഷം, സുഖങ്ങൾ വർദ്ധിക്കുക മുതലായ ഗുണാനുഭവങ്ങളും, ദോഷശാന്തിയ്ക്കായി ശിവക്ഷേത്രത്തിൽ ധാര, പിൻവിളക്ക്, മൃത്യു ഞ്ജയ മന്ത്രപുഷ്പാഞ്ജലി, വെള്ളനിവേദ്യം ഇവകൾ നടത്തി ദോ ഷശാന്തിവരുത്തുക.

കന്നിക്കൂർ ((ഉത്രം 2,3,4 പാദങ്ങൾ, അത്തം, ചിത്തിര, 1,2 പാദങ്ങൾ) ഈ



കൂറുകാർക്ക് സൂര്യനും, ശുക്രനും അനുകൂലഭാവത്തിലും, ശനിയും രാഹുവും, പ്രതികൂലഭാവത്തിലും ആകയാൽ ഗൃഹലാഭം, സ്ഥാനപ്രാപ്തി, ധനസിദ്ധി, അലങ്കാരവസ്തു ക്കളുടെ ലാഭം, ശത്രുനാശം മുതലായഗുണാനുഭാവങ്ങ ളും സന്താനക്ലേശം, ബുദ്ധിവൈകല്യം, ദ്രവ്യനാശം മുതലായ ദോ ഷങ്ങളുടെ ശാന്തിക്കായി ശാസ്താവിനും, ശിവനും എണ്ണ, മാല, പാ യസം, പുഷ്പാജ്ഞലി, ശിവന് ധാര, പിൻവിളക്ക് ഇവ നടത്തുകയും ചെയ്യുക.

തുലാക്കൂറ് (ചിത്തിര 3, 4 പാദങ്ങൾ, ചോതി, വിശാഖം 1,2,3



പാദങ്ങൾ) ഈ കൂറുകാർക്ക് ശുക്രൻ അനുകൂലത്തി ലും ചൊവ്വ, ശനി ഈ ഗ്രഹങ്ങൾ പ്രതികൂലത്തിലും ആകയാൽ സ്വജനവിരഹം, രക്തരോഗം, ഉഷ്ണരോഗം, ഭയം, വാക്ദോഷം, വഞ്ചന മുതലായ ദോഷങ്ങളും പ ുത്രോല്പത്തി, സജ്ജനസംസർഗ്ഗം, രാജാനുകൂല്യം, ഐശ്വര്യം മു തലായ സദ്ഗുണങ്ങളും, ദോഷശാന്തിക്കായി ശാസ്താവ്, ഭഗവതി, സുബ്രഹ്മണ്യസ്വാമി ക്ഷേത്രങ്ങളിൽ എണ്ണ, മാല, പായസം, പുഷ്പാഞ്ജലി, ശിവന് ധാര ഇവ ഇവ നടത്തുകയും ചെയ്യുക.

വൃശ്ചികക്കൂർ (വിശാഖം 4-ാം പാദം, അനിഴം, തൃക്കേട്ട) ഈ കൂ



റുകാർക്ക് ശുക്രൻ, ശനി അനുകൂലഭാവത്തിലും സൂര്യ കുജൻമാർ പ്രതികൂലത്തിലും ആകയാൽ സ്ഥാനപ്രാ പ്തി, അർത്ഥലാഭം, ഭൃത്യഗുണം, ധനലാഭം മുതലായ സദ്ഗുണങ്ങളും വിഭവനാശം, പ്രായസം, കോപവർദ്ധന, രോഗം യാത്രകൊണ്ട് ദുഖം, സ്വജനവിരഹം, സാമ്പത്തിക നഷ്ടം, ഉഷ്ണരോഗം, മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശിവൻ, സു ബ്രഹ്മണ്യൻ, ഭദ്രകാളി ക്ഷേത്രങ്ങളിൽ എണ്ണ, മാല, പായസം, പുഷ് പാഞ്ജലി ശിവന് ധാര ഇവ നടത്തുക.

ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1-ാം പാദം) ഈ കൂറുകാർക്ക്



ശനിയും സൂര്യനും പ്രതികൂലത്തിലും ശുക്രൻ അനുകൂല ത്തിലും ആകയാൽ വിഷയസുഖാനുഭവം, കുടുംബസുഖം, ധനലാഭം, വാക്ക് ഫലിക്കുക മുതലായ സദ്ഗുണങ്ങളും സ്ഥാനഭ്രംശം, ഇഷ്ടജനവേർപാട്, ശത്രുഭയം, ജ്വരരോഗം, ബന്ധുവിരോധം, ക്ലേശം, മുതലായ ദോഷങ്ങളുടെ ശാന്തിയ്ക്കായി ശാസ്താവിനും, ശിവനും എണ്ണ, മാല, പായസം, പുഷ്പാഞ്ജലി, ശിവന് ധാര ഇവ നടത്തുക.

മകരക്കൂർ ഉത്രാടം 2,3,4, തിരുവോണം, അവിട്ടം 1,2 പാദങ്ങൾ) ഈ



കൂറുകാർക്ക് സൂര്യനും, ശുക്രനും അനുകൂലത്തിലും, ശനി പ്രതികൂലത്തിലും ആകയാൽ കർമ്മസിദ്ധി, സ്ഥാനബ ഹുമാനാദി വിഭവങ്ങളും രോഗനാശവും രോഗക്ലേശങ്ങൾ, പുലകുളി, ദ്രവ്യനാശം മുതലായ ദോഷങ്ങളുടെ ശാന്തി യ്ക്കായി ശാസ്താക്ഷേത്രത്തിലോ, ഹനുമദ്ക്ഷേത്രത്തിലോ എണ്ണ, മാല, പായസം, പുഷ്പാഞ്ജലി ഇവ നടത്തുക.

കുംഭക്കൂർ (അവിട്ടം 3,4 പാദങ്ങൾ, ചതയം, പൂരുരുട്ടാതി 1,2,3



പാദങ്ങൾ) ഈ കൂറുകാർക്ക് ശനിയും, വ്യാഴവും അനിഷ്ട ത്തിലും ശുക്രൻ സൂര്യൻ അനുകൂലത്തിലും ആകയാൽ കർമ്മസിദ്ധി, നിർഭയത, സൗഖ്യം മുതലായ സദ്ഗുണങ്ങളും ജനവിരോധം, അർത്ഥനാശം, ശരീരത്തിന് ബലക്കുറവ്, വിളമ്പിതഗതി മുതലായ ദോഷശാന്തിയ്ക്കായി, വിഷ്ണുക്ഷേത്ര ത്തിലും ശാസ്താവിനും എണ്ണ, മാല പായസം, പുഷ്പാഞ്ജലി ഇവ നടത്തുക.

മീനക്കൂർ (പൂരുരുട്ടാതി 4-ാം പദം, ഉത്രട്ടാതി, രേവതി) ഈ കൂറു



കാർക്ക് ശനി, രാഹു ഇഷ്ടഭാവത്തിലും കുജശുക്രൻമാർ പ്രതികൂലത്തിലും ആകയാൽ സുഖ, സഖ്യം കീർത്തി, സമ്പത്തുക്കളുടെ ആഗമനം മുതലായ സദ്ഗുണങ്ങളും, ആപത്ത്, ദീനത, ധനനാശം, ജ്വരം, ദുഖം മുതലായ ദോ ഷങ്ങളുടെ ശാന്തിയ്ക്കായി ഗണപതി ഹോമം, ഭദ്രകാളി, സുബ്രഹ്മ ണ്യൻ ഈ ക്ഷേത്രത്തിൽ എണ്ണ, പാൽപായസം, പുഷ്പാഞ്ജലി ഇവ നടത്തുകയും വേണം.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/160cm, Atham, 2 Dosam Rahu & Sani),Fair, BSMS, Bachelor of Siddha Medicine & Surgery,Pref: Degree/ PostGraduate boys, Govt/IT Field Mob:9495089367, 9446606761


Email:sreezam777@gmail.com
Date of Birth:18-8-1996(8.36am)
Sishta Dasa:chandran :7-0-18




Contact Address:
MR.SASIKUMAR M
SREESAILAM MUTTATH
XXX II/113, THATEKATTU ROAD
NETTOOR P O
COCHIN - 682040

Nair Girl, 23/5'2",Magam, Fair, MBA, Mob:7012719182

Email:sasikumart529007@gmail.com
Date of Birth:28-6-1998
Sishta Dasa:



Contact Address:
MR.SIVAKUMAR K R
KANAYACHATH HOUSE
W. KADUNGALLOOR P O
ONDHALA
ALUVA
ERNAKULAM - 683110

Nair Girl,25/152cm,Uthradam,Fair, MA Sociology,looking for a job Pref: Graduate boys,Public Sector/Govt Sector, Private , Mob:9446090387, 8281719387


Email:yedugokulam@gmail.com
Date of Birth:2-7-1996(12.26pm)
Sishta Dasa:




Contact Address:
MR.YEDUNATHAN PILLAI K
A 003, SANTHI APARTMENTS
LUIZ LANE,
SOUHRIDA NAGAR
KADAVANTHRA
ERNAKULAM - 682020

Nair Girl,26/173cm, Bharani,Fair,,MS Engineering (M.Tech),Pref:Any Degree and above/ B.Tech,Ht-178 or above, Mob:9746746502


Email:parvathyvnair149@gmail.com
Date of Birth:23-6-1995(3.50pm)
Sishta Dasa:Sukra:13-7-19




Contact Address:
SMT.USHA VENUGOPAL
LAKSHMI NIVAS
KODANAD P O
PERUMBAVOOR
ERNAKULAM 683544

Nair Girl,25/158cm,Bharani, Wheatish, B.Tech, Pref: Govt Employee, Professionals, Bank employees,Teachers etc, Mob:9447053463


Email:madhupkb@gmail.com
Date of Birth:2-9-1996(9.16pm)
Sishta Dasa:Sukra:7-9-21




Contact Address:
MR.B.MADHU
404,CONFIDENT SYMPHONY
METRO GARDENS ROAD
NEAR PULINCHODE
METRO STATION
KUNNETHERY THIKAVU
ALUVA,ERNAKULAM -683106

Nair Girl,23/159cm,Pooradam, Medium, M.Sc Mathematics ,Pref: Govt Employee,Mob:9446431584, 9446431384

Email:adithya1967@gmail.com
Date of Birth:2-9-1998(4.18a.m)
Sishta Dasa:Sukra:14-5-3




Contact Address:
MR.A.SURESH KUMAR
ADITHYA
MARANA ROAD
ILLIKAPADY
EROOR P. O,TRIPUNITHURA
ERNAKULAM - 682306

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/162cm,Thiruvathira, PGDM,Pref:Well settled professionally qualified grooms either from home country or abroad,,Mob:9447819630 , 7994896619

Email:malavika.darsana1@gmail.com
Date of Birth:21-5-1996(4.55a.m)
Sishta Dasa:Rahu:5-7-27

മാ

| | | | |
|---|---|---|---|
| മ ശി | ല കു ബു | ര | ശു ച |
| | ഗ്രഹനില & അംശകം | | |
| | | | |
| ഗു മാ | | | സ |

ര ച, ശി, ബു, സ, ല
ശു ഗു മ, കു

Contact Address:
MR.DILEEP KUMAR
DARSANA
GARDENLAND
COCHINPALACE P.O
HILL PALACE, TRIPUNITHURA
ERNAKULAM -

Nambiar (Nair) Girl,26/160cm, Thiruvonam, Fair, B.Tech (CS), MIS(Australia),Pref: Professionals (Doctor/Engineer), Mob:9895129234, 9526181378

Email:av_ramesh@hotmail.com
Date of Birth:3-10-1995(7.58pm)
Sishta Dasa:Moon:8-2-28

| | | | |
|---|---|---|---|
| | ശി മാ ല | | |
| മ | ഗ്രഹനില & അംശകം | | |
| ച | | | |
| | ഗു | കു സ | ര ശു ബു |

Contact Address:
MR.RAMESH A V
KCRA-306, CIVIL LANE3,
NEAR CIVIL STATION,
KAKKANAD
KOCHI -682030

Nair Girl, 23/164cm, Bharani, Fair, M.Com, Pref: Highly educated professionaly qualified boys, Mob:9847087833, 8590642429

Email:seemar05051973@gmail.com
Date of Birth:7-1-1998(4.50pm)
Sishta Dasa:

ശി ശു ബു

| | | | |
|---|---|---|---|
| മ മാ | ച | | ല |
| ശി | ഗ്രഹനില & അംശകം | | |
| കു ശു ഗു | | | സ |
| ര ബു | | | |

കു, മ മാ, ച ഗു സ
ല ര

Contact Address:
MR.REJI KUMAR
MADHAVA MANDIRAM
PERUNNA P O
CHANGANACHERRY
KOTTAYAM - 686102

Nair Girl, 28/ 5ft4.5inch,Karthika, Fair, B.E Computer Science, Software Engineer,Pref: Professionals/Business, Mob:9497112211/ 9497221166

Email:revi@sinicon.net
Date of Birth:15-7-1993(4.45a.m- Qatar Time)
Sishta Dasa:Ravi:2-8-22

ശില ശു ഗു

| | | | |
|---|---|---|---|
| | | ച ശു ശി | ര ബു ല മാ |
| മ | ഗ്രഹനില & അംശകം | | |
| | | | കു |
| | സ | | ഗു |

ര ബു, ച, മാ
മ സ, കു

Contact Address:
MR,V.REVINDRAN
VEL MANOR(ANJALI)
BPL-KOOTTUPATHA
MARUTHARODE POST
PALAKKAD - 678007

Nair Girl, 26/154cm,Pooyam, B.Com, LLB(Hons.), Associate Lawyer, Pref:Professionally qualified boys, Mob:9443049860

Email:vijipuliyodath@gmail.com
Date of Birth:20-9-1995(8.30pm)
Sishta Dasa:Sani:2-9-10

ശു ശി മ

| | | | |
|---|---|---|---|
| | ശി ല | | |
| മ | ഗ്രഹനില & അംശകം | | ച |
| | | | മാ |
| | ഗു | കു സ | ര ശു ബു |

മാ, ര കു, ല, ബു
ച സ ഗു

Contact Address:
MR.P.VIJAYAKUMAR
NO.8,SRINIVASA NAGAR
NALLAMPALAYAM
GANAPATHY POST
COIMBATORE
TAMILNADU

മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ

ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

For matrimony registration on KarayogamMangalyam visit


https://karayogammangalyam.com/free/a1

കൂടുതൽ വിവരങ്ങൾക്ക്:-

**Ph: 9447171160**


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 26/180cm,Karthika,B.Com, MBA,Senior Executive -Wipro Ltd Infopark,Kakkanad,Pref: Graduate girls, Mob: 9447665088, 9495285351

Email:vishnuudayan505@gmail.com
Date of Birth:7-3-1995(9.30pm)
Sishta Dasa:Ravi:2-9-19





Contact Address:
MR.UDAYAKUMAR K
KAZHAMATHIL HOUSE
BHAGATH SING ROAD
VYTTILA P O
COCHIN - 682019

---

Nair Boy, 28/182cm, Makam, B.Tech (Civil) PGDM, L&T Hydrocarbon Engineering Pvt Ltd, Pref: Girls Graduation / Post Graduation / Professional and Employed, Mob:9176530290, 9445868164

Email:harinsree@yahoo.co.in
Date of Birth:14-9-1993(10.18pm)
Sishta Dasa:2-10-29





Contact Address:
COL V. HARIKUMAR
FLAT NO.7A,
MATHER IVORY HEIGHTS
14 PARAMBITHARA CROSS ROAD
PANAMPILLY NAGAR
KOCHI - 682036

---

Nair Boy, 31/5'10" ,Rohini, Fair, MBA, Cochin University, Manager- PUMA, Bangalore,Pref: Employed girls-Bangalore/Cochin prefered ,Mob: 9746396933,Ph:0484-2785568

Email:kelusmenon@gmail.com
Date of Birth:31-3-1990(6.55a.m)
Sishta Dasa:Moon:6-0-7





Contact Address:
MR.N.SUKUMARAN
NELLUVELIL HOUSE
THEKKUMBHAGOM
TRIPUNITHURA P O
ERNAKULAM - 682301

---

Nair Boy, 46/180cm, Aswathi, Sudhajathakam, Fair, Electrical Diploma, Electrical Department-Carborandum Universal Pvt Ltd, Mob: 9895133350, 9037063347, Ph:0484-2533350

Email:retnavihar@yahoo.com
Date of Birth:6-6-1975(12.15am)
Sishta Dasa:Ketu:5-4-15





Contact Address:
SMT.SAKUNTHALA K G
KARIKODE HOUSE
PADIVATTOM KARA
BEENA ANJUMANA ROAD
EDAPALLAY
ERNAKULAM - 682024

---

Nair Boy, 30/172cm,Moolam,B.Tech IT, Software Professional- Senior Consultant, Capgemini Netherlands Pref: girl- slim & fair,Post Graduate/Professional/PG Professionals/Research / PhD, Software Professionals from Ernakulam/Thrissur Districts,Mob:9947452715

Email:msmenonaji07@gmail.com
Date of Birth:14-1-1991(1.34pm)
Sishta Dasa:Ketu:0-10-1





Contact Address:
MR.SURESH MENON
F7, SABARI GARDENS
THAMARAKULANGARA ROAD
NF GATE
THRIPUNITHURA
KOCHI

---

Nair Boy, 27/171cm,Pooram, Fair, B.Com,ACCA(UK)Employed with Multinational Co,Pref: Graduate, Banking /IT/Accounting, Mob: 7907897168, Ph:0484-2624575

Email:bajitk@gmail.com
Date of Birth:26-3-1994(12.53pm)
Sishta Dasa:Sukra:1-6-18





Contact Address:
MR.AJITKUMAR
PUTHENVEEDU
PALACE ROAD
ALUVA
ERNAKULAM - 683101

# MANGALYAM MATRIMONIAL
# വധുവിനെ ആവശ്യമുണ്ട്



Nair Boy, 28/173cm,Pooruruttathi, Medium, MBA,Senior Associate (EY), Pref: Professionals, Bank Employees/ Teachers etc, Mob:9446093499


Email:bvijayan3808@gmail.com
Date of Birth:2-9-1993(3.53am)
Sishta Dasa:Guru:9-11-21




Contact Address:
MR.VIJAYAN
MALAVIKA
KURUPPANKULANGARA P O
CHERTHALA - 688539

Nair Boy, 40/168cm, Magam, Fair, B.Com / MBA, Business, Mob:09040992394


Email:sudhasnairssn@gmail.com
Date of Birth:25-9-1981(12.10pm)
Sishta Dasa:Ketu:4-7-19.30




Contact Address:
SMT.BABY VENUGOPAL
UTTRADAM HOUSE
PPN NAGAR
EDAPPALLY
ERNAKULAM 682024

Nair Boy, 30/177cm, Punartham, Normal,B.Com,Postal Assistant, Thodupuzha,Mob:9446717756


Email:mgvnair215@gmail.com
Date of Birth:5-12-1990(4.35am)
Sishta Dasa:




Contact Address:
MR.VIJAYAKUMARAN NAIR M G
MANIMAL HOUSE
EDAVETTY P O
THODUPUZHA
IDDUKKI - 685588

Nair Boy, 28/167cm, Avittom 1/2 (Kumbam), BSc MBA Associate, Blurt, Mob:9447223183

Email:rajeswarinair@gmail.com
Date of Birth:28-12-1992(12.00am)
Sishta Dasa:




Contact Address:
ADV. RAJESWARI
4A , AMBER PARK
COLOMBO JUNCTION
ERNAKULAM

## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**






ശബരിമല നിയുക്ത മേൽശാന്തി ശ്രീ പി. പരമേശ്വരൻ നമ്പൂതിരി, മാളികപ്പുറം മേൽശാന്തി ശംഭു നമ്പൂതിരി എന്നിവർക്ക് എറണാകുളം ശിവക്ഷേത്രത്തിൽ ഭക്തജനങ്ങൾ നൽകിയ സ്വീകരണത്തിൽ എറണാകുളം കരയോഗം പ്രസിഡണ്ട് എ. മുരളീധരൻ, ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) എന്നിവർ പൊന്നാടയണയിച്ച് ആദരിച്ചു. ചടങ്ങിൽ ഹൈക്കോടതി ജഡ്ജി ശ്രീ പി. ഗോപിനാഥമേനോൻ, ക്ഷേത്രം പ്രസിഡണ്ട് പി. രാജേന്ദ്രപ്രസാദ്, അഡ്വ. എ. ബാലഗോപാൽ എന്നിവർ പങ്കെടുത്തു.



എറണാകുളം കരയോഗാംഗമായ സംഗീതജ്ഞൻ ഗുരുവായൂർ കെ. മണികണ്ഠന് മമ്മിയൂർ ദേവസ്വത്തിന്റെ മമ്മിയൂർ കൃഷ്ണൻകുട്ടി നായർ സ്മാരക കലാപുരസ്കാരം മലബാർ ദേവസ്വംബോർഡ് ചെയർമാൻ എം. ആർ. മുരളി സമ്മാനിക്കുന്നു.



**എറണാകുളം കരയോഗം സാംസ്കാരിക വേദി**
**നവംബർ മാസ പരിപാടി**

## ഋതുഭേദങ്ങളുടെ സംഗീതം

**അവതരണം: സനൽപോറ്റി**

(ശ്രവ്യദൃശ്യമാധ്യമ അവതാരകൻ)

**നവംബർ 13ന് വൈകുന്നേരം 5.30 ന്**


**DATE OF PUBLICATION: 10-11-2021**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**
**M6-57945/2007**

**REGISTERED KL/EKM/514/2021-23**
**LICENSE NO. KL/CR/EKM/WPP-15/2021-23**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 13 | November 2021 | Issue No. 11

## എറണാകുളം കരയോഗം കഥകളി ക്ലബ്ബും മുദ്ര അസോസിയേഷൻ ഫോർ ആർട്ട് & കൾച്ചറും ചേർന്ന് സംയുക്തമായി നടത്തുന്ന നവംബർമാസ കഥകളി




പൗർണമി ആർട്ട് ഗ്യാലറിയുടെ ബാനറിൽ സൗമ്യ ബിനുരാജ് നിർമ്മിച്ച് ബിനുരാജ് കലാപീഠം സംവിധാനം ചെയ്തതാണ് **കൃഷ്ണായനം** എന്ന 43 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററി.ഡോ. സദനം കൃഷ്ണൻകുട്ടിയെക്കുറിച്ചുള്ള ഡോക്യുമെന്ററിയുടെ ആദ്യ പ്രദർശനം 17-11-2021 ന് 5.30 മണിക്ക് ടി.ഡി.എം നർമ്മദ ഹാളിൽ. തുടർന്ന് 6.30ന് ഗംഗാഹാളിൽ പൊതുസമ്മേളനം. മുഖ്യാതിഥി ശ്രീ. ഹൈബി ഈഡൻ എം.പി., ആമുഖപ്രഭാഷണം വി. കലാധരൻ. എറണാകുളം കരയോഗം ജനറൽ സെക്രട്ടറി ശ്രീ പി. രാമചന്ദ്രൻ (വേണു), ശശികല ദേവിദാസ് (കൺവീനർ കഥകളി ക്ലബ്.) എന്നിവർ ആശംസകൾ നേരും.



7.00 മണിക്ക് – **നളചരിതം 2-ാം ദിവസം**
**കാട്ടാളൻ-ദമയന്തി**

രംഗത്ത് കാട്ടാളൻ - ശ്രീ കലാനിലയം ബാലകൃഷ്ണൻ ദമയന്തി - ശ്രീ ആർ.എൽ.വി പ്രമോദ്, പാട്ട് - കലാനിലയം സജീവൻ & കലാ. കൃഷ്ണകുമാർ, ചെണ്ട - ശ്രീ. കലാ. ശ്രീഹരി, മദ്ദളം - ശ്രീ. ആർ.എൽ.വി. ജിതിൻ, ചുട്ടി - ശ്രീ കലാനിലയം വിഷ്ണു

**കഥാസാരം:-** ശ്രീ ഉണ്ണായി വാര്യരുടെ, നാലുദിവസമായി ചിട്ടപ്പെടുത്തിയിട്ടുള്ള നളചരിതം ആട്ടക്കഥയിലെ രണ്ടാം ദിവസത്തെ കഥയിലെ പ്രാധാന്യമുള്ള ഭാഗമാണ് കാട്ടാളൻ ദമയന്തി രംഗം. നളനാൽ വനത്തിൽ ഉപേക്ഷിക്കപ്പെട്ട ദമയന്തി പരിഭ്രാന്തയായി നളനെത്തിരഞ്ഞു കാട്ടിൽ സഞ്ചരിക്കുകയും ഒരു പെരുമ്പാമ്പ് കാലിൽ പിടിക്കുകയും ചെയ്യുന്നു. ആ സമയത്ത് സഹായത്തിനായി നളനെ വിളിച്ചു കരയുന്ന ദമയന്തിയുടെ ശബ്ദം വനാന്തരത്തിൽ വസിക്കുന്ന ഒരു വേടൻ കേൾക്കുന്നു. ശബ്ദം കേട്ട ദിക്കിലേക്ക് കാര്യമറിയാനായി തന്റെ ആയുധങ്ങളുമായി സഞ്ചരിക്കുന്ന കാട്ടാളൻ അഭൗമ സൗന്ദര്യത്തിനുടമയായ ദമയന്തിയെക്കണ്ട് മദിക്കുന്നു. എങ്കിലും ദമയന്തിയെ പിടിച്ച പാമ്പിനെ വധിച്ചു പരിരക്ഷിക്കുന്നു. തന്നെ രക്ഷിച്ച കാട്ടാളനോട് നന്ദിപൂർവ്വം സന്തോഷത്തോടെ തിരികെ പോവാൻ ആവശ്യപ്പെടുന്ന ദമയന്തിയോട് പ്രണയപരവശനായ കാട്ടാളൻ വനത്തിൽ തന്റെ പ്രേയസിയായി വാഴാൻ ആവശ്യപ്പെടുന്നു. സ്വന്തം പാതിവൃത്യത്തിനു ഭംഗം വരുത്താൻ ശ്രമിക്കുന്ന ആരായാലും ദഹിച്ചു പോകും എന്ന ഇന്ദ്രന്റെ വരം ദമയന്തി ആലോചിക്കുന്ന നിമിഷം വേടൻ ഒരു പിടി ചാരമായി മാറുന്നു. അതീവ ഹൃദ്യമായ പദങ്ങളെക്കൊണ്ട് സമ്പുഷ്ടമാണ് ഈ രംഗം.

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.